അധികാരം ജനങ്ങളിലേക്ക്

# ഒൻപതാം പദ്ധതി
# ജനകീയ പദ്ധതി




# വികസന റിപ്പോർട്ട്

## മലയിൻകീഴ് ഗ്രാമപഞ്ചായത്ത്




ദേശീയാസൂത്രണസമിതി അംഗം ശ്രീ. എസ്.കെ.ജയിൻ ജനകീയ ആസൂത്രണ പ്രവർത്തനങ്ങളെ സംബന്ധിച്ച് മനസ്സിലാക്കുന്നതിനായി മലയിൻകീഴ് ഗ്രാമപഞ്ചായത്ത് ഓഫീസിൽ എത്തിയപ്പോൾ.

## വിശേഷാൽ ഗ്രാമസഭകളുടെ തുടക്കം



മഞ്ചാടി വാർഡിലെ ഗ്രാമസഭ ജില്ലാപഞ്ചായത്ത് അംഗം
**ശ്രീ.വി.കെ. മണികണ്ഠൻ നായർ** ഉദ്ഘാടനം ചെയ്യുന്നു.



പ്രസിഡന്റിന്റെ വാർഡിലെ ഗ്രാമസഭ നേമം ബ്ളോക്ക് പഞ്ചായത്ത്
പ്രസിഡന്റ് ശ്രീ. **തോപ്പിൽ ശിവശങ്കരൻ** ഉദ്ഘാടനം ചെയ്യുന്നു.

# മലയിൻകീഴ് ഗ്രാമപഞ്ചായത്ത്

## വികസന റിപ്പോർട്ട്

## 1996

**അധികാരം ജനങ്ങളിലേയ്ക്ക്**



" സ്വാതന്ത്ര്യം തുടങ്ങേണ്ടത് താഴെ നിന്നാണ്.
അങ്ങനെ ഓരോ ഗ്രാമവും മുഴുവൻ അധികാരമുള്ള ഒരു
റിപ്പബ്ലിക്കോ പഞ്ചായത്തോ ആകണം. അതിന്റെ
അർത്ഥം ഓരോ ഗ്രാമവും സ്വയംപര്യാപ്തമാകണം,
സ്വന്തം കാര്യങ്ങൾ നോക്കാൻ കഴിവുള്ളതുമാകണം "

# സമർപ്പണം

ഒൻപതാം പഞ്ചവത്സര പദ്ധതി വിഹിതത്തിന്റെ 35 – 40 ശതമാനം തുകയ്ക്കുള്ള വികസന പരിപാടികൾ രൂപപ്പെടുത്തുന്നതും നടപ്പിലാക്കുന്നതും ജനപങ്കാളിത്തത്തോടെയാണല്ലോ.

അതിനുവേണ്ടി കൂടിയ ഗ്രാമസഭകളിൽ നിന്നുയർന്നുവന്ന പ്രശ്നങ്ങളും നിർദ്ദേശങ്ങളും ക്രോഡീകരിച്ചു കൊണ്ട് ഈ വികസനറിപ്പോർട്ടുതയ്യാറാക്കാൻ ഒട്ടേറെപ്പേർ ഞങ്ങളോട് സഹകരിച്ചിട്ടുണ്ട്. ഈ പഞ്ചായത്തിലെ വിവിധ ഓഫീസ്സുകളിലെ ജീവനക്കാർ വിവരങ്ങൾ തന്ന് സഹായിച്ചുട്ടുണ്ട്. എല്ലാവർക്കും നിസ്സീമമായ നന്ദി.

പരിമിതമായ സമയത്തിനുള്ളിൽ ഈ പണികൾ പൂർത്തിയാക്കുന്നതിന് പഞ്ചായത്തിലെ ജീവനക്കാരും ജനപ്രതിനിധികളും D.R.P മാരും അവിരാമം പരിശ്രമിച്ചിട്ടുണ്ട്. അവർക്കു മാർഗ്ഗനിർദ്ദേശം കൊടുത്തു സഹായിച്ചു കൊണ്ടിരിക്കുന്ന ഈ പഞ്ചായത്തിലെ ചുമതലക്കാരൻ കൂടിയായ K.R.P ശ്രീ ചന്ദ്രമോഹനൻ നായർക്കും ഗോപകുമാറിനും ബ്ലോക്ക് D.R.P കൺവീനർ ശ്രീ. കെ. ബാലചന്ദ്രനും പ്രത്യേകം പ്രത്യേകം നന്ദിയർപ്പിക്കുന്നു. D.R.P മാരുടെ പഞ്ചായത്തു കൺവീനർ ശ്രീ മലയൻകീഴ് കൃഷ്ണൻ നായരുടെ സേവനം അർഹിക്കുന്ന പ്രധാന്യത്തോടെ ഞങ്ങൾ അംഗീകരിക്കുന്നു. അച്ചടി ജോലികൾ കൃത്യമായും ഭംഗിയായും പൂർത്തിയാക്കിത്തന്ന പ്രസ്സിലെ ജീവനക്കാർക്കും കവർ പേജും ചിത്രങ്ങളും കൊണ്ടു മോടി പിടിപ്പിച്ചു തന്ന ആർട്ടിസ്റ്റ് ശ്രീ. കെ. വി. ശൈലജനും നന്ദി രേഖപ്പെടുത്തികൊള്ളട്ടെ.

ആസൂത്രണസമിതി പ്രവർത്തകരുടെയും ജനപ്രതിനിധികളുടെയും സജീവമായ ചർച്ച കൊണ്ട് ഉലയിലൂതിയെടുത്ത സ്വർണ്ണം പോലെ ഇത് കൂടുതൽ മികവുറ്റതാകുമെന്നുള്ള വിശ്വാസത്തോടെ ഈ വികസന റിപ്പോർട്ട് ബഹുജന സമക്ഷം സമർപ്പിച്ചു കൊള്ളുന്നു.

സ്നേഹാദരപൂർവ്വം,

പഞ്ചായത്ത് സമിതിക്കുവേണ്ടി,

അനിത
പ്രസിഡന്റ്

മലയിൻകീഴ്,
17.12.1996



ഫോൺ: തിരുവനന്തപുരം
ഓഫീസ്–443970/272
വീട്–480560

തിരുവനന്തപുരം
10.12.96

**വെങ്ങാനൂർ പി. ഭാസ്കരൻ**
(നേമം) മെമ്പർ, കേരള നിയമസഭ
കുമാർ കോട്ടേജ്, വെണ്ണിയൂർ പി.ഒ നെല്ലിവിള
വെങ്ങാനൂർ, തിരുവനന്തപുരം

## സന്ദേശം

മാന്യരെ,

ഇൻഡ്യയുടെ ആസൂത്രണ ചരിത്രത്തിലാദ്യമായി പദ്ധതികളുടെ ആവിഷ്കാരവും നടത്തിപ്പും ജനങ്ങളിൽ അർപ്പിക്കപ്പെട്ടിരിക്കുന്നു. നാടിന്റെ വികസനത്തിന്റെ ഉത്തരവാദിത്വം ജനങ്ങളെ തന്നെ ഏൽപ്പിക്കുക അതിൽ അവരുടെ പൂർണ്ണപങ്കാളിത്തം ഉറപ്പുവരുത്തുകയും ചെയ്യുന്ന കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന്റെ ഈ ഉദ്യമം വിജയത്തിലെത്തിക്കേണ്ടത് നമ്മുടെയെല്ലാം കടമയായി കാണേണ്ടതുണ്ട്. അതിന്റെ ഭാഗമായി മലയിൻകീഴ് ഗ്രാമപഞ്ചായത്തിൽ നടന്നുവരുന്ന വികസനത്തിന്റെ ഓരോച്ചുവടുവയ്പ്പിലും ഞാനും നിങ്ങളിലൊരുവനായി നിലകൊള്ളുന്നതാണ്. ഇതിനുവേണ്ടി അനവരതം പ്രയത്നിക്കുന്ന എല്ലാവരെയും ഞാൻ പ്രത്യേകം അഭിനന്ദിക്കുന്നു. ഈ പ്രക്രിയയുടെ പുരോഗതിക്കും വിജയത്തിനും സർവ്വവിധ ആശംസകളും നേരുന്നു.

വിശ്വസ്തതയോടെ,

വെങ്ങാനൂർ പി. ഭാസകരൻ
( നേമം) മെമ്പർ, കേരളാ നിയമസഭ

To

പ്രസിഡന്റ്,
മലയിൻകീഴ് ഗ്രാമ
പഞ്ചായത്ത്.



ഫോൺ ഓഫീസ്: 440890
വീട് : 441139

ജില്ലാ പഞ്ചായത്ത്
മെഡിക്കൽകോളേജ്, പി.ഒ
തിരുവനന്തപുരം-11

10.12.96

**ബി. സത്യൻ**
പ്രസിഡന്റ്

പ്രീയ പ്രസിഡന്റിന്,

ജനകീയ ആസൂത്രണ പ്രവർത്തനത്തിന്റെ ഭാഗമായി മലയിൻകീഴ് ഗ്രാമ പഞ്ചായത്ത് നേതൃത്വം നൽകി, വികസനം ലക്ഷ്യമാക്കി തയ്യാറാക്കുന്ന സമഗ്ര വികസന റിപ്പോർട്ട് താങ്കളുടെ പഞ്ചായത്തിന്റെ ചരിത്രത്തിൽ ഒരു സുപ്രാധന നാഴിക കല്ലായി തീരട്ടെന്ന് ആശംസിയ്ക്കുന്നു.

സസ്നേഹം,

13/12

ബി. സത്യൻ
പ്രസിഡന്റ്.



# സന്ദേശം

**തോപ്പിൽ ശിവശങ്കരൻ**
പ്രസിഡന്റ്
നേമം ബ്ളോക്ക് പഞ്ചായത്ത്,
മലയിൻകീഴ്.

ഫോൺ ആഫീസ് - 282025
വസതി - 75306

നമ്പർ

തീയതി 9 - 12- 96.

ഇൻഡ്യൻ ഭരണഘടനാഭേദഗതി 73, 74 പ്രകാരം ത്രിതല പഞ്ചായത്തുകളിലൂടെ അധികാരം ജനങ്ങൾക്കുപകർന്നു കൊടുക്കാൻ തീരുമാനിച്ചു. അതിന്റെ അടിസ്ഥാന തലത്തിലാണ് കേരളത്തിൽ അധികാരത്തിൽ ഇരിക്കുന്ന ഇടതുജനാധിപത്യ സർക്കാർ 9ാം പദ്ധതി- ജനകീയ പദ്ധതിയാക്കുമെന്നു പ്രഖ്യാപിച്ചിരിക്കുന്നത്.

സ്റ്റേറ്റ് പ്ലാനിംഗ് ബോർഡിന്റെ രൂപകല്പന പ്രകാരം ബോധവൽക്കരണവും ജനാഭിപ്രായ രൂപവല്കരണവും പഠനവും നടത്തി വിദഗ്ധ ഉപദേശ പ്രകാരം പ്ളാനുകൾക്കു പഠനങ്ങൾക്കു രൂപംനല്കുന്നതിൽ വ്യാപൃതരായിരിക്കുന്ന നിങ്ങളുടെ പാതയിൽ രാഷ്ട്രീയാഭിപ്രായ വ്യത്യാസങ്ങൾ പ്രതിബന്ധമാകാതിരിക്കട്ടെ.

പിന്നിട്ട പദ്ധതികളുടെ ഫലമായി സാമൂഹ്യ രംഗത്തുണ്ടാക്കിയ നേട്ടങ്ങൽക്കുപരിയായി അദ്ധ്വാനിക്കുന്ന വർഗ്ഗത്തിന്റെ പ്രത്യേകിച്ച് സ്ത്രീ സമൂഹത്തിന്റെ സാമ്പത്തിക രംഗത്തുള്ള കുതിച്ചുകയറ്റത്തിനുതകട്ടെ നിങ്ങളുടെ പരിശ്രമങ്ങൾ. അതിലേയ്ക്കു കേരളത്തിൽ സുലഭമായ മനുഷ്യ വിഭവശേഷി ശാസ്ത്രീയമായി ഉപയോഗപ്പെടുത്തുക. അതിലൊരു കണ്ണിയായി ഞാനും നിങ്ങൾക്കൊപ്പം ഉണ്ടാവും.



# സന്ദേശം

**V. K. MANIKANTAN NAIR**
Member, District Panchayat, Tvm
Member, District Finance Planing Committee
Member, District Planning Committee
Member, District Education Advicesary Committee
Ex-President
Malayinkeezhu Panchayat

Phone: Office 550750
440890
Resi 282360
282063

Manjusha, Thachottukavu,
Malayinkil P.O.

Date 9 - 12- 96.

മാന്യ സുഹൃത്തെ,

ആസൂത്രണം സംബന്ധിച്ച് അർപ്പിതമായ ഉത്തരവാദിത്വം ഗൗരവത്തോടെ കണക്കിലെടുത്തുതന്നെ പ്രവർത്തിക്കാൻ മലയിൻകീഴ് ഗ്രാമ പഞ്ചായത്ത് തീരുമാനിച്ച വിവരം അറിയുന്നതിൽ സന്തോഷമുണ്ട്. കക്ഷിരാഷ്ട്രീയ ജാതി മത ചിന്തകൾക്കതീതമായി ഈ പഞ്ചായത്തിന്റെ പുരോഗതിക്കുവേണ്ടി ജില്ലാ പഞ്ചായത്തംഗം പ്ളാനിംഗ്ബോർഡ് അംഗം എന്നീ നിലകളിൽ നിങ്ങളോടൊപ്പം എല്ലാ കാര്യങ്ങളിലും ഞാനുണ്ടാകുമെന്ന് ഉറപ്പുനല്കുന്നു.

മലയിൻകീഴ് ഗ്രാമ പഞ്ചായത്തിൽ നടക്കുന്ന വികസന സെമിനാറിന്റെ വിജയത്തിനും തുടർന്നുള്ള പ്രവർത്തനത്തിനും എന്റെ സകലവിധ വിജയാശംസകളും നേരുന്നു.

സ്നേഹപൂർവ്വം,

V.K. മണികണ്ഠൻ നായർ

# നമ്മുടെ മുൻ പഞ്ചായത്ത് പ്രസിഡന്റുമാർ



ശ്രീ. കെ.പി. ഗോപലപിള്ള
(9.8.1953–6.5.62)



ശ്രീ. സി. ജെ. എസ്. രാമചന്ദ്രദാസ്
(7.12.1963– 31.12.62)



ശ്രീ. എം.എൻ. ബാലകൃഷ്ണനൻ നായർ
(7.12.1963–8.8.79 & 29.9.1979–29.9.84)



ശ്രീ. വി.കെ. മണികണഠൻ നായർ
(8.2.1988–29.9.95)

# നിലവിലുള്ള പഞ്ചായത്ത് ഭരണസമിതി



**എം. ശങ്കരൻകുട്ടി നായർ**
വൈസ്പ്രസിഡന്റ്



കെ. സുരേന്ദ്രൻ
ചെയർമാൻ
സ്റ്റാൻഡിംഗ് കമ്മിറ്റി



സി. രമേശ്



എം. രാജപ്പൻ നായർ



എസ്സ്. മേഴ്സി



ബി. ഷൈലോക്ക്



**അനിത**
പ്രസിഡന്റ്



സി. രമണൻ



എസ്സ്. ശാന്തകുമാരിഅമ്മ



കെ. പ്രസന്നകുമാർ



പി. സാവിത്രി



എൻ. രാമചന്ദ്രൻ
നായർ



എസ്സ്. അശോക് കുമാർ
സെക്രട്ടറി

# നമ്മുടെ ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങൾ



കെ. നളിനി



എരുത്താവൂർ ചന്ദ്രൻ

**ഡി.ആർ.പി. നേമം ബ്ലോക്ക് കൺവീനർ**



കെ. ബാലചന്ദ്രൻ

**നമ്മുടെ പഞ്ചായത്തിന്റെ ചുമതലയുള്ള കെ.ആർ.പി.**



കെ. ചന്ദ്രമോഹനൻ നായർ

അധികാരം ജനങ്ങളിലേക്ക്

# ഉള്ളടക്കം


| | | |
|---|---|---|
| 1. | ആമുഖം | 21 |
| 2. | ഗ്രാമപഞ്ചായത്ത് ഇന്നലെകളിൽ | 31 |
| 3. | പഠന പര്യടനം | 41 |
| 4. | കൃഷിയും ജലസേചനവും | 44 |
| 5. | മൃഗസംരക്ഷണം – മത്സ്യബന്ധനം | 57 |
| 6. | വിദ്യാഭ്യാസം | 63 |
| 7. | പൊതുജനാരോഗ്യം – കുടിവെള്ളം | 73 |
| 8. | വ്യവസായം | 82 |
| 9. | ഊർജ്ജം, ഗതാഗതം, മാർക്കറ്റ് | 88 |
| 10. | ഭവനനിർമ്മാണം – സാമൂഹ്യക്ഷേമം | 110 |
| 11. | സംസ്കാരം | 125 |
| 12. | വനിതാക്ഷേമം | 132 |
| 13. | സഹകരണം | 134 |
| 14. | പട്ടികജാതി – പട്ടികവർഗ്ഗക്ഷേമം | 141 |
| 15. | വിഭവസമാഹരണം | 144 |
| 16. | – ഇതൊരു തുടക്കം മാത്രം – | 157 |


ടൈപ്പ്സെറ്റിംഗ്
പ്രിന്റ് പോയിന്റ്
തിരുവനന്തപുരം-1

പ്രിന്റിംഗ്
ശ്രീ പ്രിന്റേഴ്സ്
പോങ്ങുംമൂട്

കവർ ഡിസൈനിംഗ് & ലേഔട്ട് - കെ.വി. ശൈലജൻ, മലയിൻകീഴ്.
ഫോട്ടോ ബിന്ദു സ്റ്റുഡിയോ, & സരസ് സ്റ്റുഡിയോ, മലയിൻകീഴ്.
30-11-96ൽ കൂടിയ പഞ്ചായത്തു ഭരണ സമിതിയുടെ ഒന്നാം നമ്പർ തീരുമാനമായി ഈ വികസന റിപ്പോർട്ട് അംഗീകരിച്ചു.
വികസന സെമിനാറിൽ പങ്കെടുക്കുന്നവർക്ക് സൗജന്യ വിതരണത്തിന്. (600 കോപ്പി)

# ആമുഖം

ഉല്പാദനരംഗത്തെ വളർച്ചയിലൂടെ മാത്രമേ നമ്മുടെ സമൂഹത്തിന് പുരോഗതി ഉണ്ടാവുകയുള്ളൂ. ഇന്ന് കേരളത്തിലെ ഉല്പാദന മേഖല മന്ദഗതിയിലാണ്. സേവനരംഗത്തിന്റെ നിലവാരവും തകർന്നിരിക്കുന്നു. ഇതിനെതിരെ വികസനത്തിന്റേതായ ഒരു പുതിയ മാർഗ്ഗം ആവശ്യമാണ്. നമ്മുടെ ജീവിതത്തെ മുന്നോട്ടു നയിക്കുകയും കൂടുതൽ ക്ഷേമകരമാക്കുകയും ചെയ്യുന്ന പ്രവർത്തനമാണ് 'വികസനം' എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. ജീവിതം കൂടുതൽ ക്ലേശമില്ലാത്തതായിമാറുന്ന ഒരു ലോകം വികസനത്തിലൂടെ മനുഷ്യൻ പ്രതീക്ഷിക്കുന്നു

വികസനത്തിലൂടെ ഉണ്ടാവുന്ന നേട്ടങ്ങൾ സമൂഹത്തിലെ എല്ലാവർക്കും ലഭിക്കേണ്ടതുണ്ട്. അത് കുറച്ചപേർക്കുമാത്രം കിട്ടിയാൽപ്പോര വികസനത്തിലൂടെ യഥാർത്ഥത്തിൽ പുരഗതിയും ക്ഷേമവും ജനങ്ങൾക്കുണ്ടാകണം. ഉണ്ടാകുന്നക്ഷേമം സ്ഥിരതഉള്ളതാകണം, എല്ലാക്കാലത്തേയ്ക്കും ഉതകുന്നതുമാകണം അതിനുള്ള വഴിയാണ് ജനകീയാസൂത്രണം. ആസൂത്രണം ഗ്രാമതലത്തിൽ നിന്ന് തുടങ്ങുന്ന ഒരു ജനകീയ പ്രസ്ഥാനമാക്കുകയാണ് അതിന്റെ ലക്ഷ്യം.

ദേശീയതലത്തിൽ എട്ടാംപഞ്ചവത്സര പദ്ധതിയാണ് ഇപ്പോൾ നടക്കുന്നത്. അതിൽ നിന്ന് വ്യത്യസ്ഥമായാണ് കേരളത്തിൽ ഒമ്പതാം പദ്ധതിക്ക് രൂപം കൊടുത്തിട്ടുള്ളത്. ജനകീയാസൂത്രണത്തിനാണ് ഈ പദ്ധതിയിൽ പ്രാധാന്യം. മുൻ പദ്ധതികളിലെല്ലാം മുകൾത്തട്ടിൽ നിന്നുള്ള ആസൂത്രണമായിരുന്ന പതിവ്. എന്നാൽ ഒൻപതാം പദ്ധതിയിൽ അങ്ങനെയല്ല. താഴെ നിന്ന് മുകളിലേക്കുള്ള ആസൂത്രണമാണ് നടക്കുന്നത്. ഗ്രാമതലത്തിൽ നിന്ന് ജനകീയ പങ്കാളിത്തത്തോടുകൂടിയ ഒരു വികസന മാതൃകയാണ് പദ്ധതി ലക്ഷ്യമാക്കുന്നത്.

ജനകീയ പ്രസ്ഥാനം എന്നാൽ എല്ലാവിഭാഗം ജനങ്ങളുടേയും പങ്കാളിത്തത്തോടെയുള്ള പ്രവർത്തനം എന്നുതന്നെയാണ് അർത്ഥം. രാഷ്ട്രീയ കക്ഷികളും സർക്കാരും സാമൂഹ്യപ്രവർത്തകരുമെല്ലാം ചേർന്നാണ് വികസനപ്രവർത്തനത്തിൽ പങ്കാളികളാവുന്നത്. അധികാരം ജനങ്ങളിലേക്ക് കൂടുതലായി നേരിട്ടെത്തുന്നു എന്നതാണ് ഇതിന്റെ പ്രാധാന്യം. ജനാധികാരത്തിന്റെ ഏറ്റവും ആദ്യത്തെ തട്ട് ഗ്രാമസഭയും ഗ്രാമപ്പഞ്ചായത്തുമാണ് തീരുമാനങ്ങൾ എടുക്കുന്നതിന് ഗ്രാവാസികൾ അവരുടെ ഗ്രാമത്തിൽ ഒരുമിച്ച് കുടുന്നു. പഞ്ചായത്ത് അധികാരിയും റിസോഴ്സ് പേഴ്സനും കാര്യങ്ങൾ അവതരിപ്പിക്കുന്നു. ഉന്നതതലങ്ങളിൽ മാത്രം നടന്നിരുന്ന വികസന പ്രശ്നങ്ങൾ ഇപ്പോൾ ജനങ്ങളുടെ കൈയിലാണ് എത്തിനില്ക്കുന്നത്. ലളിതമായി കാര്യങ്ങൾ മനസ്സിലാക്കാനും പ്രശ്നങ്ങൾ അവതരിപ്പിക്കാനും ഇത് ജനങ്ങളെ സഹായിക്കുന്നു. സംശയങ്ങൾ തീർക്കുകയും പ്രശ്നപരിഹാരം കൂടുതൽ എളുപ്പമാക്കുന്നു.

പഞ്ചായത്തിലെ ഒന്നാംഘട്ട ശില്പശാല ബാങ്ക് ആഡിറ്റോറിയത്തിൽ 19–9–1996 ജില്ലാ പഞ്ചായത്ത് അംഗവും ജില്ലാ പ്ലാനിംഗ് സമിതി മെമ്പറുമായ ശ്രീ. വി. കെ. മണികണ്ഠൻ നായർ ഉദ്ഘാടനം ചെയ്തു.

ഓക്ടോബർ മാസം 6,12,13,15 എന്നീ തീയതികളിൽ നമ്മുടെ പഞ്ചായത്തിലുള്ള 12 വാർഡുകളിലും വിശേഷാൽ ഗ്രാമസഭകൾ നടന്നു. (ഗ്രാമസഭയുടെ ജനപങ്കാളിത്തം അനുബന്ധമായി ചേർത്തിട്ടുണ്ട്) സെപ്റ്റബർ 25–ാം തീയതി വിപുലമായ ഒരു സംഘാടക സമിതി വിളിച്ചുചേർത്ത് പ്രവർത്തനം ആരംഭിച്ചു.

ഗ്രാമസഭയുടെ മുന്നോടിയായി മഞ്ചാടി വാർഡിൽ ഒക്ടോബർ 5-ാം തീയതിയും ഹൈസ്ക്കൂൾ വാർഡിൽ 7 ാം തീയതിയും ഒരു ഏകദിന ശില്പശാലകൾ നടന്നു. ഈ ശില്പ ശാലകൾ ബ്ലോക്ക് അംഗം കെ.നളിനി ഉദ്ഘാടനം ചെയ്തു. ഈ ശില്പശാലയിൽ വാർഡിനുള്ളിലെ തിരഞ്ഞെടുത്ത 60 പേർ പങ്കെടുത്തു.

മലയിൻകീഴ് ഗ്രാമപഞ്ചായത്തിലെ വെൺമാറനല്ലൂർ, മഞ്ചാടി, മലയിൻകീഴ് III, മേപ്പൂക്കട, അന്തിയൂർക്കോണം, ബ്ലോക്കാഫീസ്, മച്ചേൽ, കുന്നുംപാറ എന്നീ വാർഡുകളിൽ ഗ്രാമസഭ ജില്ലാപഞ്ചായത്ത് അംഗം ശ്രീ. വി. കെ. മണികണ്ഠൻ നായർ ഉത്ഘാടനം ചെയ്തു. മലയിൻകീഴ് ഹൈസ്കൂൾ വാർഡിൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. തോപ്പിൽ ശിവശങ്കരൻ ആണ് ഗ്രാമസഭ ഉത്ഘാടനം ചെയ്തത്. മണപ്പുറം വാർഡിൽ ബ്ലോക്ക് മെമ്പർ ശ്രീമതി കെ. നളിനി ഗോവിന്ദമംഗലം, മറുകിൽ എന്നി വാർഡുകളിൽ ബ്ലോക്ക് പഞ്ചാത്ത് അംഗം ശ്രീ. എരുത്താവൂർ ചന്ദ്രനും ഉത്ഘാടനം ചെയ്തു. മലയിൻകീഴ് പഞ്ചായത്തിലെ എല്ലാവർഡുകളിലും ജനപങ്കാളിത്തം ഉറപ്പു വരുത്തിക്കൊണ്ടുള്ള ഒരു പ്രകടനമാണ് ഗ്രാമ സഭയിൽ കാഴ്ചവച്ചത്.

രണ്ടാംഘട്ട ശില്പശാല 1996 വനംബർ 16ന് മലയിൻകീഴ് ഗേൾസ് ഹൈസ്കൂളിൽ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി അനിത ഉത്ഘാടനം ചെയ്തു. തുടർന്ന് വികസന റിപ്പോർട്ടു തയ്യാറാക്കുന്നതിനുവേണ്ടി പഠന പര്യടനവും, ചരിത്ര പഠനവും നവംബർ 23,24, തീയതികളിൽ നടത്തുകയുണ്ടായി.

ജനകീയാസൂത്രണത്തിന്റെ മലയിൻകീഴ് ഗ്രാമപഞ്ചായത്തിന്റെ പ്രവർത്തനങ്ങൾ നേരിൽ കണ്ട് മനസ്സിലാക്കുന്നതിന് ദേശീയ ആസൂത്രണ സമിതി അംഗം Dr. എസ്. കെ. ജെയിൻ 29-11-96നു പഞ്ചായത്ത് ഓഫീസ് സന്ദർശിച്ചു അദ്ദേഹം പഞ്ചായത്ത് ഭരണ സമിതി അംഗങ്ങൾ പഠന സെമിനാറിൽ പങ്കെടുത്തിരുന്ന കാരണവൻമാർ എന്നിവരുമായി ആശയവിനിമയം നടത്തി.

" കക്ഷിരാഷ്ട്രീയ ജാതിമതപരിഗണനകളൊന്നും കൂടാതെ എല്ലാ വിഭാഗം ജനങ്ങളുടെയും വിപുലവും സജീവവുമായ പങ്കാളിത്തം കേരളത്തിൽ പുതിയൊരു വികസന സംസ്കാരത്തിന് നാന്ദി കുറിച്ചിരിക്കുന്നു"

ഇ. എം. എസ്.

| വാർഡ് നമ്പർ | വാർഡിന്റെ പേര് | ഗ്രാമസഭ കൂടിയ തീയതി | സമയം | ഗ്രാമസഭയിൽ സ്ത്രീകൾ | | | ഗ്രാമസഭയിൽ പുരുഷൻമാർ | | | വാർഡിലെ ആകെ വോട്ടർമാർ | പങ്കെടുത്തവർ | ശതമാനം |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | പങ്കെടുക്കേണ്ടവർ | പങ്കെടുത്തവർ | ശതമാനം | പാങ്കെടുക്കേണ്ടത് | പങ്കെടുത്തത് | ശതമാനം | | | |
| I | വെൺമാറനെല്ലൂർ | 13-10-96 | 2 P.M | 587 | 27 | 4.59 | 524 | 56 | 10.68 | 1111 | 83 | 7.47 |
| II | മഞ്ചാടി | 12-10-96 | 2 P.M | 655 | 220 | 33.58 | 640 | 167 | 26.09 | 1295 | 387 | 29.88 |
| III | മലയിൻകീഴ് | 12-10-96 | 2 P.M | 725 | 4 | 0.55 | 705 | 65 | 9.21 | 1430 | 69 | 4.82 |
| IV | ഹൈസ്ക്കൂൾ | 15-10-96 | 10 A.M | 1175 | 68 | 5.78 | 1124 | 124 | 11.03 | 2299 | 192 | 8.35 |
| V | അന്തിയൂർക്കോണം | 13-10-96 | 2 P.M | 1054 | 18 | 1.70 | 1003 | 107 | 10.66 | 2057 | 125 | 6.07 |
| VI | മേപ്പൂക്കട | 13-10-96 | 2 P.M | 965 | 10 | 1.03 | 969 | 67 | 6.91 | 1934 | 77 | 3.98 |
| VII | ബ്ളോക്ക് ആഫീസ് | 13-10-96 | 10 A.M | 703 | 20 | 2.84 | 706 | 100 | 14.16 | 1409 | 120 | 8.51 |
| VIII | മണപ്പുറം | 6-10-96 | 10 A.M | 665 | 31 | 4.66 | 651 | 88 | 13.51 | 1316 | 119 | 9.04 |
| IX | മച്ചേൽ | 13-10-96 | 10 A.M | 907 | 17 | 1.87 | 871 | 122 | 14 | 1778 | 139 | 7.8 |
| X | കുന്നംപാറ | 12-10-96 | 10 A.M | 932 | 9 | 0.96 | 876 | 80 | 9.13 | 1808 | 89 | 4.92 |
| XI | ഗോവിന്ദമംഗലം | 12-10-96 | 2 P.M | 1063 | 57 | 5.36 | 1089 | 105 | 9.64 | 152 | 162 | 7.52 |
| XII | മറുകിൽ | 13-10-96 | 10 A.M | 1143 | 65 | 5.68 | 1097 | 215 | 19.59 | 2240 | 280 | 12.5 |
| | | | | 10574 | 546 | 5.16 | 10255 | 1296 | 12.63 | 20829 | 1842 | 8.84 |

# പൊതു വിവരണം

| | |
|---|---|
| പഞ്ചായത്തിന്റെ പേര് | മലയിൻകീഴ് |
| ഉൾപ്പെടുന്ന വില്ലേജ് | മലയിൻകീഴ് വില്ലേജ് |
| വാർഡുകൾ | 12 |
| ബ്ലോക്ക് പഞ്ചായത്ത് | നേമം |
| ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ | 1. മലയിൻകീഴ്<br>2. ഊരൂട്ടമ്പലം |
| ജില്ലാപഞ്ചായത്ത് ഡിവിഷൻ | മലയിൻകീഴ് |
| താലൂക്ക് | നെയ്യാറ്റിൻകര |
| ജില്ല | തിരുവനന്തപുരം |
| അസംബ്ളി മണ്ഡലം | നേമം |
| പാർലമെന്റ് നിയോജക മണ്ഡലം | തിരുവനന്തപുരം |
| വിസ്തീർണ്ണം | 16.38 ച.മൈ |
| ജനസംഖ്യ | 28746 |
| സ്ത്രീകൾ | 14500 |
| പട്ടികജാതി | 3022 |
| പട്ടികവർഗ്ഗം | 05 |
| അതിരുകൾ | |
| വടക്ക് | വിളപ്പിൽ, കുളത്തുമ്മേൽ ഗ്രാമപഞ്ചായത്തുകൾ |
| കിഴക്ക് | മാറനല്ലൂർ ഗ്രാമ പഞ്ചായത്ത് |
| തെക്ക് | വിളവൂർക്കൽ, പള്ളിച്ചൽ ബാലരാമപുരം ഗ്രാമപഞ്ചായത്തുകൾ |
| പടിഞ്ഞാറ് | വിളവൂർക്കൽ പഞ്ചായത്ത് |
| പഞ്ചാ. പ്രസിഡന്റ് | അനിത |
| വൈസ് പ്രസിഡന്റ് | എൻ. ശങ്കരൻകുട്ടി നായർ |
| സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ | കെ. സുരേന്ദ്രൻ |
| ജില്ലാ പഞ്ചായത്ത് മെമ്പർ | വി.കെ. മണികണ്ഠൻ നായർ |
| ബ്ലോക്ക് മെമ്പർമ്മാർ | 1. നളിനി<br>2. എരുത്താവൂർ ചന്ദ്രൻ |

# വാർഡുതിരിച്ചുള്ള മേപ്പ്.



# പ്രധാന റോഡുകളും ജംഗ്ഷനുകളും.

= പ്രധാനറോഡുകൾ.

1. തച്ചോട്ടുകാവ്.
2. മഞ്ചാടി,
3. മലയിൻകീഴ്.
4. മേപ്പൂക്കട
5. അന്തിയൂർകോണം
6. ശാന്തുംമൂല.
7. മച്ചേൽ.
8. കാണവിള.




9. കുന്നംപാറ.
10. വലിയറത്തല.

## മലയിൻകീഴ് ഗ്രാമപഞ്ചായത്ത്

### ഭരണം സംബന്ധിച്ച വിവരങ്ങൾ
**Ref. A**

| | | |
|---|---|---|
| 1. | പഞ്ചായത്തിൽ ഉൾപ്പെടുന്ന വില്ലേജുകൾ | മലയിൻകീഴ് വില്ലേജ് |
| 2. | വിസ്തീർണ്ണം sq. km.<br>ജനസംഖ്യ | 1619 ഹെക്ടർ 92 ആർ 64 ചതു. മീറ്റർ<br>28746/91 |
| 3. | വാർഡുകൾ<br>സംവരണ വാർഡുകൾ ഏതെല്ലാം<br>1. വനിത<br>2.പട്ടികജാതി/പട്ടികവർഗ്ഗം | 12<br>വനിതാ സംവരണ വാർഡുകൾ 4 എണ്ണം (4,5,8,11)<br>പട്ടികജാതി സംവരണ വാർഡ് ഒന്നു മാത്രം വാർഡ് നമ്പർ VII.<br>പട്ടിക വർഗ്ഗസംവരണം ഇല്ല. |
| 4. | പഞ്ചായത്ത് രാജ് നിയമപ്രകാരം രൂപീകരിക്കപ്പെട്ട സമിതികൾ ഏവ (ജോയിന്റ് കമ്മിറ്റി മുതലായവ) | ഗ്രാമപഞ്ചായത്ത് സ്റ്റാന്റിംഗ് കമ്മിറ്റി |
| 5. | പഞ്ചായത്ത് വികസന പരിപാടിയുടെ ഭാഗമായി രൂപീകരിക്കപ്പെട്ട മറ്റു സമിതികൾ (പഞ്ചായത്ത് വികസന സമിതികൾ, വിദ്യാഭ്യാസ സമിതി, ആരോഗ്യസമിതി etc.) | ഗ്രാമസഭായോഗങ്ങൾ സംബന്ധിച്ച കമ്മിറ്റി |
| 6. | സ്വന്തമായി ആഫീസ് കെട്ടിടം ഉണ്ടോ?<br>ഇല്ലെങ്കിൽ പ്രതിമാസ വാടക എത്ര? | സ്വന്തം ആഫീസ് കെട്ടിടം ഉണ്ട്. (ഇരുനില) ടെറസ്സ്. |
| 7. | പഞ്ചായത്ത് ആഫീസ് ഉദ്യോഗസ്ഥരെ സംബന്ധിച്ച വിവരങ്ങൾ<br>Ref. Annexure XXXIV | ഗ്രാമപഞ്ചായത്ത് സെക്രട്ടറി - 1<br>ഹെഡ്ക്ലാർക്ക് -1, യു.ഡി. ക്ലാർക്ക് -3<br>എൽ.ഡി. ക്ലാർക്ക് - 2, പ്യൂൺ2<br>ഡെയിലി വേജസ് സ്വീപ്പർ-2, ഹോണററി ലൈബ്രറിയൻ -2 |
| 8. | ഭരണ ചെലവ് എത്ര?<br>വരുമാനത്തിന്റെ എത്ര ശതമാനം | 543174.00<br>56.49% |

# പഞ്ചായത്തിലുള്ള സ്ഥാപനങ്ങൾ

| | | |
|---|---|---|
| B.F.M.L.P.S | മറുകിൽ | മാനേജ്മെന്റ് |
| L.P.S | മച്ചേൽ | ഗവൺമെന്റ് |
| L.P.B.S | മലയിൻകീഴ് | ഗവൺമെന്റ് |
| L.P.S | മാർത്താണ്ഡേശ്വരം | മാനേജ്മെന്റ് |
| G.H.S | മലയിൻകീഴ് | ഗവൺമെന്റ് |
| ഗുഡ്ഷെപ്പേഡ് L.P.S | മണപ്പുറം | മാനേജ്മെന്റ് |
| ലിറ്റിൽഫ്ളവർ H.S | അന്തിയൂർക്കോണം. | മാനേജ്മെന്റ് |
| ലൂഥറൻ L.P.S. | തുമരിച്ചൽ | Do |
| ലൂഥറൻ L.P.S | പെരുമന | Do |
| K.P.M.H.S | കൃഷ്ണപുരം | Do |
| L.P.S | മഞ്ചാടി | Do |
| L.P.G.S. | മലയിൻകീഴ് | ഗവൺമെന്റ് |
| വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ | മലയിൻകീഴ് | Do |
| മിനി ആശുപത്രി | മലയിൻകീഴ് | പ്രൈവറ്റ് |
| രാജൻസ് നഴ്സിംഗ്ഹോം | മലയിൻകീഴ് | Do |
| പ്രൈമറിഹെൽത്ത് സെന്റർ (P.H.C) | മലയിൻകീഴ് | ഗവൺമെന്റ് |
| ഹോമിയോ ഡിസ്പെൻസറി | മച്ചേൽ | Do |
| മിൽക്ക് സൊസൈറ്റി | വെൺമാറനല്ലൂർ | സഹകരണം |
| ഡയറി എക്സ്റ്റൻഷൻ ആഫീസ് | തച്ചോട്ടുകാവ് | ഗവൺമെന്റ് |
| മിൽക്ക് സൊസൈറ്റി | മണപ്പുറം | സഹകരണം |
| സർവ്വീസ് കോ - ഓപ്പറേറ്റീവ് ബാങ്ക്, ബ്രാഞ്ച് 605 | മലയിൻകീഴ് | Do |
| ജില്ലാ കോപ്പറേറ്റീവ് ബാങ്ക് | മലയിൻകീഴ് | Do |
| സെന്റട്രൽ ബാങ്ക് ഓഫ് ഇൻഡ്യാ | മലയിൻകീഴ് | ദേശസാത്കൃതം |
| വെറ്റിനറി ഹോസ്പിറ്റൽ | ബ്ലോക്കാഫീസ് | ഗവൺമെന്റ് |
| അസിസ്റ്റന്റ് എഞ്ചിനീയർ ആഫീസ് P.W.D | ശാന്തുംമൂല | ഗവൺമെന്റ് |
| പോലീസ് സ്റ്റേഷൻ | മലയിൻകീഴ് | ഗവൺമെന്റ് |
| K.S.E.B. ആഫീസ് | മലയിൻകീഴ് | Do |
| ടെലഫോൺ എക്സ്ചേഞ്ച് | മലയിൻകീഴ് | ഗവൺമെന്റ് |
| മാവേലിസ്റ്റോർ (സിവിൽ സപ്ലൈസ്) | മലയിൻകീഴ് | ഗവൺമെന്റ് |
| സബ് രജിസ്ട്രാർ ആഫീസ് | മലയിൻകീഴ് | ഗവൺമെന്റ് |

| | | |
|---|---|---|
| പോസാറ്റാഫീസ് | മലയിൻകീഴ് | Do |
| ബ്ലോക്ക് ഡെവലപ്പ്മെന്റ് ആഫീസ് | ബ്ലോക്കാഫീസ് Jn. | ഗവൺമെന്റ് |
| A.A.M.I.T.C | മലയിൻകീഴ് | മാനേജ്മെന്റ് |
| മലയിൻകീഴ് ഗ്രാമപഞ്ചായത്ത് | മലയിൻകീഴ് | ഗവൺമെന്റ് |
| വില്ലേജ് ആഫീസ് | മലയിൻകീഴ് | Do |
| കൃഷിഭവൻ | കരിപ്പൂര് | ഗവൺമെന്റ് |
| സബ്ട്രഷറി | മലയിൻകീഴ് | Do |
| ദേവസ്വം ആഫീസ് | മലയിൻകീഴ് | Do |
| ലേബർ കോൺട്രാക്ട് സൊസൈറ്റി LTD 410 | മലയിൻകീഴ് | സഹകരണം |
| ഫിനാൻഷ്യൽ എന്റർ പ്രൈസസ്സ് | മലയിൻകീഴ് | ഗവൺമെന്റ് |
| അഭയ | മഞ്ചാടി | പ്രൈവറ്റ് |
| V.E.O ആഫീസ് | മലയിൻകീഴ് | ഗവൺമെന്റ് |
| പോസ്റ്റ് ആഫീസ് | കൊല്ലോട് | ഗവൺമെന്റ് |
| പോസ്റ്റ് ആഫീസ് | മച്ചേൽ | Do |
| റബ്ബർ ബോർഡ് ആഫീസ് | തച്ചോട്ടുകാവ് | ഗവൺമെന്റ് |
| സാമിൽ | 4 എണ്ണം | പ്രൈവറ്റ് |
| വെൽഡിംഗ് വർക്ക്ഷോപ്പ് | 16 എണ്ണം | Do |

## സ്ഥാപനങ്ങളെ സംബന്ധിച്ച വിവരങ്ങൾ

**Ref. G**

| വിദ്യാഭ്യാസം | ആരോഗ്യം | ചെറുകിട വ്യവസായം | വൻകിട വ്യവസായം | കച്ചവടം/വ്യാപാരം | മറ്റുള്ളവ |
|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 |
| B.F.M.L.P.S.<br>മറുകിൽ<br>ഗവ: LPS<br>മച്ചേൽ<br>A.A.M.I.T.C.<br>L.P.B. S.<br>മലയിൻകീഴ്<br>L.P.S.<br>മാർത്താണ്ഡേശ്വരം<br>ഗവ. GHS<br>മലയിൻകീഴ്<br>ഗുഡ് ഷെപ്പേർഡ്<br>LPS മണപ്പുറം<br>ലിറ്റിൽ ഫ്ലവർ HS<br>അന്തിയൂർക്കോണം<br>ലൂഥഗൻ LPS<br>തുമരിച്ചൻ<br>ലൂഥഗൻ LPS<br>പെരുമന<br>KPMHS<br>കൃഷ്ണപുരം<br>LPS മഞ്ചാടി<br>ഗവ. LPGS<br>മലയിൻകീഴ്<br>ഗവ. BHS<br>മലയിൻകീഴ് | മിനി ആശുപത്രി<br>രാജൻ നേഴ്സിംഗ്<br>ഹോം<br><br>വെറ്റിനറി<br>ഹോസ്പിറ്റൽ<br><br>PHC<br>മലയിൻകീഴ്<br><br>ഗവ. ഹോമിയോ<br>ഡിസ്പൻസറി<br>മച്ചേൽ | 1. തീപ്പെട്ടികോൽ വ്യവസായം - 1<br><br>2. സാമിൽ -1 | NIL | 167 | |

# മലയിൻകീഴ് ഗ്രാമപഞ്ചായത്ത് ഇന്നലെകളിൽ ...

തിരുവനന്തപുരം ജില്ലയിൽ നെയ്യാറ്റിൻകര താലൂക്കിൽപ്പെട്ടതാണ് മലയിൻകീഴ് ഗ്രാമപഞ്ചായത്ത്. 1992 ഏപ്രിൽ ഒന്നുവരെ മറുകിൽ പഞ്ചായത്ത് എന്ന പേരിൽ അറിയപ്പെട്ടിരുന്നു. മലയിൻകീഴ് വില്ലേജ് പ്രദേശം ഉൾപ്പെടുന്നതാണ് പഞ്ചായത്ത് പ്രദേശം. തിരുവനന്തപുരത്തിന് കിഴക്കുമാറിയുള്ള ഐതീഹ്യങ്ങളുടെ ഉറവിടമായ മൂക്കുന്നിമലയുടെ കിഴക്കു താഴ്വാരത്തുള്ള പ്രദേശമായതുകൊണ്ട് മലയിൻകീഴ് എന്ന് സ്ഥലനാമം ലഭിച്ചുവത്രേ. ഈ പ്രദേശത്തിന്റെ പൂർവ്വനാമം മാളേയ്ക്കൽ എന്നായിരുന്നു എന്നും പറയപ്പെടുന്നു.

നിരണം കവികളിൽ പെട്ട മാധവപ്പണിക്കർ ഭാഷ ഭഗവദ്ഗീത രചനയ്ക്കുള്ള വേദിയായി തെരെഞ്ഞെടുത്തത് കേരളത്തിലെ മഹാക്ഷേത്രങ്ങളിലൊന്നായ മലയിൻകീഴ് ശ്രീകൃഷ്ണസ്വാമി ക്ഷേത്രം ആയിരുന്നു. മഹാനായ ചട്ടമ്പിസ്വാമികൾക്ക് ജന്മം നൽകിയ മാതൃഗൃഹം സ്ഥിതി ചെയ്യുന്നതും ഈ പ്രദേശത്താണ്. മഹത്തായ പൗരാണിക-സാംസ്ക്കാരിക ചരിത്ര പരാമ്പര്യം ഉൾക്കൊള്ളുന്ന മനോഹരമായ ഭൂപ്രകൃതിയാൽ അനുഗൃഹീതമായ മലയിൻകീഴ് ഗ്രാമപ്രദേശം തിരുവനന്തപുരം നഗരവുമായി തൊട്ടൊരുമിക്കിടക്കുന്നു.

[23-3-1992ലെ G.O.R.D 1924/92- ത.ഭ.വ. നമ്പർ ഉത്തരവുപ്രകാരം മലയിൻകീഴ് പഞ്ചായത്ത് എന്ന പേര് പ്രാബല്യത്തിൽവന്നു.]

[1992 ജൂലൈ 6-ലെ G.O.R.D.M.S 323/92 നമ്പർ ഉത്തരവുപ്രകാരം മറുകിൽ വില്ലേജിന്റെ പേര് മലയിൻകീഴ് വില്ലേജ് എന്ന് പുന: നാമകരണം ചെയ്തു.]

മലയിൻകീഴ് ഗ്രാമവാസികളുടെ ഗ്രാമദേവനായി എള്ളുമല ഭൂതത്താൻ അധിവസിച്ചിരുന്ന മലയുടെ കീഴ്ഭാഗത്തായി സ്ഥിതിചെയ്യുന്ന പ്രദേശമായുതുകൊണ്ട് മലയിൻകീഴ് എന്ന് സ്ഥലനാമം ലഭിച്ചുഎന്നു ഐതീഹ്യമുണ്ട്. മാർത്താണ്ഡവർമ്മ എട്ടുവീട്ടിൽ പിള്ളമാരിൽ നിന്നും ഒളിച്ചുതാമസിച്ചിരുന്നതുകൊണ്ട് മാർത്താണ്ഡേശ്വരം എന്നും, ദേവനെ പ്രീതിപ്പെടുത്തുന്നതിനുവേണ്ടി തലയറുത്ത് ബലിനടത്തിയിരുന്നത് പിൽക്കാലത്തു നിറുത്തലാക്കിയതുകൊണ്ട് ബലിയറത്തല പിന്നിട് വലിയറത്തലയായി എന്നും മാർത്താണ്ഡവർമ്മയ്ക്ക് ഒളിവിൽ പാർക്കുവാൻ സൗകര്യം ചെയ്തു കൊടുത്ത ചടച്ചിമാർത്താണ്ഡപിള്ളയ്ക്ക് രാജാവ് കരമൊഴുവായി ഭൂമിപതിച്ചു നൽകിയ മണപ്പുറത്തെ കുഴിമൺ മഠം ഇപ്പോൾ കഴിമഠം എന്നും അറിയപ്പെടുന്നു. തിരുവല്ലയിൽ നിന്ന് വന്ന ആയോധനകലയിലെ ഗുരുക്കൻ മാരായ കല്ലാന്താകിൽ ഗുരുക്കൾ തച്ചോട്ടുകാവിലെ മച്ചിനാട് താമസിച്ചിരുന്നു. ധർമ്മരാജാവ് ഇവർക്ക് കരംഇളവ് ചെയ്തു ഭൂമിനൽകിയിരുന്നു. മൂക്കുന്നിമലയ്ക്കും എള്ളുമലയ്ക്കും മദ്ധ്യേയുള്ള പ്രദേശമായതുകൊണ്ട് മച്ചേൽ എന്നും വഴിയാത്രക്കാർക്ക് അന്തിയുറങ്ങാനുള്ള വഴിയമ്പലം സ്ഥിതിചെയ്തിരുന്നതുകൊണ്ട് അന്തിയൂർക്കോണം എന്ന സ്ഥലനാമങ്ങൾ ലഭിച്ചതായി നാട്ടറിവുകളിൽ നിന്നും മനസ്സിലാക്കുന്നു.

കൊല്ലവർഷം 1048-ൽ (വീരകേരളവർമ്മ രാജാവ് വേണാട് സൈന്യങ്ങളെ നയിച്ച് യുദ്ധം ജയിച്ചു തുളുനാടും, കോലത്തുനാടും, ചേരനാടും വീണ്ടെടുത്തു ചേരരാജ്യം വിഭജിച്ചു

പെരുമ്പടപ്പ് സ്വരൂപവും (കൊച്ചി) നെടുമ്പടപ്പ് സ്വരൂപവും (കോഴിക്കോട്) രൂപീകരിച്ചു. ബാക്കി ഭാഗം വേണാടിൽ ചേർത്തു) അന്ന് നാട്ടു ക്കൂട്ടങ്ങൾ നിലവിലിരുന്നു- നാട്ടുപ്രമാണിതലവനായിരുന്നു. നാട്ടുക്കൂട്ടങ്ങൾ ചേർന്ന് ചേരിയും- അതിന്റെ തലവൻ മാടമ്പിയും, ചേരികൾ ചേർന്ന് വളഞ്ചേരിയും- അതിന്റെ തലവൻ വളഞ്ചിയനും, നാലുവളഞ്ചേരികൾ ചേർന്ന് മണിഗ്രാമവും മണിഗ്രാങ്ങൾ ചേർന്ന് നാടും- അതിന്റെ തലവൻ നാടുവാഴിയും നാടുകൾ ചേർന്ന് രാജ്യവും അതിന്റെ തലവൻ രാജാവവും രാജ്യങ്ങളും അധിപനായ മഹാരാജാവും നിലവിലിരുന്നു.

മറുകിൽ, മച്ചേൽ, മാറനെല്ലൂർ പ്രദേശങ്ങൽ ചേർന്ന വളഞ്ചേരി നിലവിലുണ്ടായിരുന്നു. ഇക്കാലത്ത് കൊടുങ്ങല്ലൂർ കൂവക്കറ പോറ്റി തിരുവനന്തപുരത്ത് ശ്രീപത്മനാഭസ്വാമിക്ഷേത്രകാര്യത്തിനായി എത്തിയപ്പോൾ മറുകിൽ ദേശത്ത് പെരുമന വീട്ടിലെ കാരണവർ തന്റെ കുടുംബ തെക്കതിലെ (ചാമുണ്ഡീദേവിയുടെ) പൂജയക്കായി അദ്ദേഹത്തെ ക്ഷണിക്കുകയും പൂജനടത്തി വരികയും ചെയ്തു. കൊല്ലവർഷം 1310ൽ സംഗ്രാമ ധീരൻ രവിവർമ്മ മഹാരാജാവ് മൈസൂർ, ചോഴം, മുതലായ രാജ്യങ്ങളിൽ നടത്തിയ യുദ്ധത്തിൽ പെരുമന കാരണവരും അനന്തിരവൻമാരും പങ്കെടുത്ത് മരണം വരിച്ചു. ഈ സന്ദർഭത്തിൽ കുടുംബത്തിൽ അവശേഷിച്ച സ്ത്രീകളോട്, ഏതാനും വസ്തുക്കൾ ഒഴികെ ബാക്കിയെല്ലാം കാരണവർ തനിക്ക് ബ്രാഹ്മണദാനമായി എഴുതിത്തന്നിരിക്കുകയാണെന്ന് പോറ്റിപറഞ്ഞ് ധരിപ്പിച്ചു. അവരെ പുല്ലുവിള വീട്ടിൽ മാറ്റി പാർപ്പിച്ചു പെരുമന വീട്ടിനെ കീഴ്മനമഠം എന്ന് പേരുമാറ്റി തെക്കതിലെ ചാമുണ്ഡീവിഗ്രഹം ഇളക്കിമാറ്റി ഇക്കാലത്തു തന്നെ ഗോവിന്ദമംഗലം ശിവക്ഷേത്രം പുന:രുദ്ധാരണം ചെയ്തു വിഷ്ണുപ്രതിഷ്ഠ നടത്തി അതും അവരുടേതാക്കി മാറ്റി.

ആദ്യകാലം മുതൽ കൃഷിയും മൃഗപരിചാരണവും മുഖ്യ തൊഴിലായി സ്വീകരിച്ചിരുന്നവരാണ് ബഹുഭൂരിപക്ഷം വരുന്ന ഗ്രാമവസികളും. വിളവെടുപ്പുകാലം-പ്രത്യേകിച്ച് കൊയ്ത്തുകഴിഞ്ഞ നാളുകൾ- ദൈവാരാധനയുടെ ഭാഗമായിട്ടും അല്ലാതെയും ഗ്രാമവാസികൾ ഒരുമിച്ചുകൂടി ആഘോഷിച്ചു വന്നിരുന്നു. പാടത്തെ നടീൽ-വിളയെടുപ്പ് നാളുകളിൽ കർഷക തൊഴിലാളികളും കർഷകരും ആഘോഷത്തിമർപ്പോടെ പാടിപ്പതിഞ്ഞുവന്നിരുന്ന ഞാറ്റുപാട്ടും കൊയ്ത്തുപാട്ടും ഒക്കെ ഇന്നും ഓർമ്മകളിൽമാത്രം അവശേഷിക്കുന്നു. മലയിൻകീഴിലെയും സമീപപ്രദേശങ്ങളിലേയും നാനാജാതിമസ്ഥരായ ആൾക്കാർ ഒത്ത് ചേർന്ന് മലയിൻകീഴ് ആറാട്ട് ആചരിച്ചുവന്നിരുന്നു. ഇന്നും അതു തുടരുന്നു. ഓരോ കരയിലേയും ആൾക്കാർ ഒത്തുചേർന്നു അതാതു പ്രദേശങ്ങളിലെ അമ്പലങ്ങളിലും ഓരോരോകുടുംബക്കാരും, അവരവരുടെ തെക്കതുകളിലും സർപ്പക്കാവുകളിലും ഒക്കെ ദേവനെ ഊട്ടുന്നതും ഉത്സവം ആഘോഷിക്കുന്നതും വിളവെടുപ്പിനുശേഷമുള്ള നാളുകളിൽ തന്നെയായിരുന്നു.

കുംഭ മാസത്തിലെ കൊയ്ത്തു കഴിഞ്ഞു മച്ചേൽ താന്നിയറത്തല ഏലായിൽ വേണിയത്ത് നടയിൽ പച്ചപ്പന്തലു കെട്ടി കാളിയൂട്ട് നടത്തിയിരുന്നു. പിന്നീട് മച്ചേൽ ദേവീക്ഷേത്രമായി മാറി. കാളിയൂട്ടിനോടനുബന്ധിച്ച് തോറ്റംപാട്ട്, വിളക്കുകെട്ടുകളി, കമ്പടികളി, ഉറിയടി, തരുവാതിരക്കളി, തുടങ്ങിയ കലാരൂപങ്ങൾ നിലവിലുണ്ടായിരുന്നു. ഇത് പഞ്ചായത്തിന്റെ മറ്റുപ്രദേശങ്ങളിലും നിലവിലിരുന്നു. ഇവയിലധികം കലാരൂപങ്ങളും അന്യം നിന്നു വരികയാണ്.

പഴയകാലത്ത് കൂട്ടുകുടുംബ വ്യവസ്ഥയാണ് നിലനിന്നിരുന്നത്. മനയും കൊട്ടിയമ്പലവും (പ്രവേശനകവാടം) വീടും, അറപ്പുരയും, വടക്കതും, പടിപ്പുരയും, ഉരൾക്കളങ്ങളും, തൊഴിത്തും, ദേവനെ പൂജിക്കുന്ന തെക്കതും,

സർപ്പക്കാവും തലക്കുളങ്ങളും ഒക്കെ ഇന്നലെകളിലെ ഓർമ്മകളായി മാത്രം ശേഷിക്കുന്നു. മച്ചും ഉടമ്പറയും കേരളീയവാസ്തുശില്പകലകളുടെ വൈദഗ്ദ്ധ്യം വിളിച്ചോതുന്ന മരത്തിൽ പണിത വീടുകൾ ഇന്നു കാഴ്ചവസ്തുക്കളായി മാത്രം അവശേഷിക്കുന്നു.

പ്രാദേശിക ആവശ്യത്തിനാവശ്യമായ ഭക്ഷ്യവസ്തുക്കൾ, നെല്ലും, പച്ചക്കറിയും, പഴവർഗ്ഗങ്ങളും കിഴങ്ങു വർഗ്ഗങ്ങളും (മരിച്ചീനി, ചേമ്പ്, ചേന ചെറുകിഴങ്ങ്) പാലും, മുട്ടയും ഒക്കെ ഒരു കാലത്ത് ഉല്പാദിപ്പിക്കുകയും നഗരപ്രദേശങ്ങളിലേയ്ക്ക് വിപണനം നടത്തുകയും ചെയ്തിരുന്ന നമ്മുടെ ഗ്രാമഭൂമിഅധികവും നാണ്യവിളകൾക്ക് വേണ്ടി വഴിമാറപ്പെട്ടിരിക്കുന്നു. ഇപ്പോൾ നമുക്കാവശ്യമുള്ള ഭക്ഷ്യവസ്തുക്കൾ മറ്റാരൊക്കെയോ മറ്റെവിടെയോ ഉല്പാദിപ്പിക്കുന്നു. ഔഷധസസ്യങ്ങളും പ്രഗത്ഭമായ നാട്ടുചികിത്സാ സമ്പ്രദായവും നമ്മുടെ ഗ്രാമത്തിൽ അന്യനിൽക്കുവാൻ പോകുന്നുവെന്നു തിരിച്ചറിയേണ്ടിയിരിക്കുന്നു.

കുടിപ്പള്ളിക്കൂടങ്ങളും നിലത്തെഴുത്ത് ആശാൻമാരും കളരിത്തറകളും കൊണ്ട് സമൃദ്ധമായിരുന്നു നമ്മുടെ ഗ്രാമം. മണപ്പുറത്ത് കുറ്റിച്ചിക്കര കുടുംബക്കാർ കുടിപ്പള്ളിക്കൂടം നടത്തിയിരുന്നു. പതിനെട്ടം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ മലയിൻകീഴ് പനവിളാകത്ത് വീട്ടുകാർ നൽകിയ ഭൂമിയിൽ ബെർണ്ണാക്കുലർ എൽ. പി. എസ്സ്. തുടങ്ങി പിന്നീട് മലയാളം ഏഴാം ക്ലാസ്സുവരെയായി ഉയർത്തപ്പെട്ടു. നെയ്യാറ്റിൻകരയ്ക്കും തിരുവനന്തപുരത്തിനും ഇടയ്ക്ക് ഈ സ്കൂൾ മാത്രമേ അന്ന് ഉണ്ടായിരുന്നുള്ളു. ഈകാലഘട്ടത്തിൽ അന്തിയൂർക്കോണത്തും സ്ക്കൂൾ ആരംഭിച്ചു. 1864-ൽ ക്രിസത്യൻ മിഷണറിമാരുടെ സഹകരണത്തോടെ മേപ്പുക്കട CSI പള്ളിയ്ക്ക് സമീപം ഒരു സ്കൂൾ ആരംഭിച്ചിരുന്നു. 1870-ൽ വിദേശമിഷണറിയായ ആർദർ വാക്കർ, സാംബവർ തിങ്ങി പാർക്കുന്ന അരുവാക്കോട് പ്രദേശത്ത് LMS സഭ സ്ഥാപിച്ചു. തുടർന്നു സ്കൂളും സ്ഥാപിച്ചു . 1864 കാലഘട്ടത്തിൽ മലയിൻകീഴ് തുമരിച്ചലിൽ ലൂഥറൻ സഭ പ്രവർത്തനം ആരംഭിക്കുകയും തുടർന്ന് സ്കൂൾ സ്ഥപിക്കുകയും ചെയ്തു. യെശയ്യ ഉപദേശിയും കുടുംബവും മലയത്ത് താമസിച്ച് മലയിൻകീഴ് പ്രദേശത്ത് ക്രിസ്തു മത പ്രചരണം നടത്തിയിരുന്നു.

മറ്റെവിടെയും പോലെ ജാതിയുടെയും മതത്തിന്റെയും വേർതിരിവുകൾ ഈ ഗ്രാമത്തിലും നിലവിലുണ്ടായിരുന്നു. കൊല്ലവർഷം 1092-ൽ ആനപ്പാറയ്ക്ക് സമീപമുള്ള പരന്ന് വിസ്തൃതമായ തണ്ണിപ്പാറയിൽ അയിത്ത ജാതിക്കരേയും കൂട്ടിയിരുത്തി ഈ പ്രദേശത്തെ ആദ്യത്തെ പന്തിഭോജനം നടത്തി. നാളെ ഇതാരങ്കിലും ചരിത്രത്തിൽ രേഖപ്പെടുത്തുമെന്നോ രാഷ്ട്രീയ ലാഭം ഉണ്ടാകുമെന്നോ കരുതിയല്ല അന്ന് അത് നടത്തിയത്. തച്ചോട്ടുകാവ് പുത്തൻ വീട്ടിൽ സ്വാമിശിവശങ്കർജിയും മണപ്പുറത്ത് പുകഴനെല്ലൂരിൽ അദ്ധ്യാപകനായിരുന്നു ശ്രീ. കെ. രാഘവൻനായരും മറ്റുമായിരുന്നു ജാതികയുടെപേരിൽ നിലനിന്നിരുന്ന അയിത്തത്തിനും അനാചാരത്തിനും എതിരായിട്ടുള്ള പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചത്.

അതിനുശേഷം മലയിൻകീഴിലുള്ള സ്വന്തം ചായക്കടയിൽ ഹരിജനങ്ങളെ കയറ്റി ഇരുത്തി ചായയും പലഹാരങ്ങളും നൽകിയ പ്രമുഖനായ സ്വാതന്ത്ര്യസമരസേനാനികാറക്കോണം കൃഷ്ണമംഗലത്ത് പി.ഗോപിനഥും യാഥാസ്ഥിതികരുടെ ശക്തമായ എതിർപ്പ് ഏറ്റുവാങ്ങേണ്ടി വന്നു.

1910 ലെ ശ്രീമൂലം തിരുനാൾ മഹാരാജാവിന്റെ ഉത്തരവിനെ തുടർന്ന് ഊരുട്ടമ്പലം സ്കൂളിൽ പഞ്ചമി എന്നു പേരുള്ള ഒരു ഹരിജൻ വിദ്യാർത്ഥിനിയെ പ്രവേശിപ്പിച്ചതിന്റെ പേരിൽ യാഥാസ്ഥിതികരായ ചില സവർണ്ണർ സ്കൂൾ തീവെച്ചു നശിപ്പിച്ചു പിന്നീട് അയ്യൻകാളിയുടെ നേതൃത്വത്തിൽ അതേസ്കൂളിൽ ഹരി

ജനങ്ങൾക്ക് പ്രവേശനം നൽകിയത് അയിത്ത ത്തിനെതിരായ മറ്റൊരു പ്രധാന സംഭവമാണ്.

കൊല്ലവർഷം 1090ൽ മലയിൻകീഴ് പനവി ളാകത്ത് വീടിന്റെ പടിപ്പുരയിൽ വിദ്യാസമ്പന്ന രായ ആൾക്കാർ കൂടിയിരുന്ന് പത്രം വായി ക്കുക പതിവായിരുന്നു. അന്ന് മലയാളരാജ്യം, മലയാളി തുടങ്ങിയ പത്രങ്ങളാണ് ഈ പ്രദേ ശത്ത് പ്രചാരത്തിലുണ്ടായിരുന്നതായികേട്ടറിവ്. പിന്നീട് പുസ്തകങ്ങൾ വരുത്തി പരസ്പരം കൈമാറിവായിക്കാൽ തുടങ്ങി. ഇന്ന് നെയ്യാ റ്റിൻകര തലൂക്കിലെ പ്രമുഖഗ്രന്ഥശാലകളിലൊ ന്നായ മലയിൻകീഴ് ശ്രീകൃഷ്ണവിലാസം ഗ്രന്ഥശാല അങ്ങനെ അവിടെനിന്ന് ആരംഭിച്ചു. ആദ്യമായി ഘടികാരം സ്ഥാപിച്ചത് ഇവിടെയാ യിരുന്നു.

ഈ പ്രദേശത്തെ അധികഭൂമിയും കാരയ്ക്കാ ട്ടുമഠം, കൂവക്കര മഠം, കുറിശ്ശിമഠം, ഇളമൺമഠം, .അത്തിയറ മഠം, നെയ്തശ്ശേരി മഠം, മൂവേടത്ത് മഠം, മേശ്ശേരി മഠം തുടങ്ങി ബ്രഹ്മസ്വം വക യായും, കുറേഭൂമി ദേവസ്വം വകയായും ആണ് ഉണ്ടായിരുന്നത്. കർഷകർ കൊയ്യുന്ന നെല്ലിന് പാട്ടവും പാതിവരവും ഭൂഉടമയ്ക്ക് കൊടുക്കേ ണ്ടിയിരുന്നു. പാട്ടം തന്നെ പകുതിപ്പാട്ടം, ഇര ട്ടിപ്പാട്ടം എന്നിങ്ങനെ വ്യത്യസ്തരീതിയിലാണ് ഈടാക്കി വന്നിരുന്നത്. പതിനൊന്നാം നൂറ്റാ ണ്ടിലെ തിരുവല്ലാശാസനത്തിലെ ഒരു വരി ഇങ്ങനെയാണ്. "മലയിൻകീഴാൽകൊള്ളും പാട്ട നെൽ തൊണ്ണൂറ്ററുകാലം ഇരട്ടിപ്പാട്ടം"

"കാളവണ്ടിയും" യാത്രയക്കുപയോഗിക്കുന്ന "വില്ലുവണ്ടികളും" ആണ് അന്ന് ഉണ്ടായിരു ന്നത്. വില്ലുവണ്ടി ഉന്നതന്മാർ മാത്രം സാധാ രണ ഉപയോഗിച്ചു പോന്നിരുന്നു. മണപ്പുറത്ത് പരമുപിള്ള, മലയിൻകീഴ്, പത്മനാഭപിള്ള എന്നിവർക്ക് വില്ല് വണ്ടിയുണ്ടായിരുന്നു. ലൂക്കോസ് എന്നു പേരായ ഒരുഹരിജനെ വില്ലു വണ്ടി തെളിക്കുന്നതിന് നിയോഗിച്ചതിന്റെ പേരിൽ യാഥാസ്ഥിതികർ വില്ലുവണ്ടിബഹിഷ്ക്കരിച്ച സംഭവം രസകരമാണ്.

കാർഷികോൽപന്നങ്ങൾ വിപണനം നട ത്തിയിരുന്നത് മേപ്പൂക്കടയിലും കൃഷ്ണമംഗല ചന്തയിലുമായിരുന്നു. കൃഷ്ണമംഗലം ചന്ത യുടെ പഴയ പേര് ചുടുകാട്ടിൽകട എന്നായി രുന്നു. അവിടം ഒരു ചുടുകാടായിരുന്നു.

മറ്റു ഗ്രാമങ്ങളെപ്പോലെ ഈ പ്രദേശത്തും ആശാരി, കൊല്ലപ്പണിക്കർ, കല്ലാശാരി, ക്ഷുരന്റെ, അലക്കുകാരൻ, വാണിയൻ, നെയ്തു കാർ, തുടങ്ങി ഗ്രാമത്തിന്റെ ആവശ്യത്തി ലേയ്ക്ക് വിവിധതരം തൊഴിലുകൾ പരമ്പരാ ഗതമായി ചെയ്തുവന്നിരുന്നു. തൊഴിലിന്റെ തരം തിരിവ് ജാതീയമായ ഉച്ചനീചത്വങ്ങൾക്ക് വഴിതെളിയിച്ചു.

താരതമ്യേന ഉൽപതിഷ്ണുക്കൾക്ക് മേൽക്കോയ്മ ഉണ്ടായിരുന്ന ഈ പ്രദേശത്ത് വിദ്യാഭ്യാസം, കല, സാംസ്ക്കാരികം എന്നീ കാര്യങ്ങളിൽ മെച്ചപ്പെട്ടനേട്ടങ്ങൾ കൈവരിക്കു വാൻ കഴിഞ്ഞു.

ഈ ഗ്രാമത്തെ ദേശകാവലായി ഒരു മുസ്ലീം കുടുംബം ഉണ്ടായിരുന്നു.

ദേശീയ സ്വാതന്ത്ര്യ സമരത്തിന്റെ അലയടി കൾ ഈ പ്രദേശത്തും താരതമ്യേന അനുകൂ ലമായ പ്രതികരണങ്ങളാണ് സൃഷ്ടിച്ചത്. കോൺഗ്രസ്സ് പ്രസ്ഥാനത്തിന് ജനങ്ങൾ പ്രോത്സാഹാനം നൽകിയിരുന്നു. മണപ്പുറത്ത് പി. ഗോപിനാഥ് ദേശീയ സമരത്തിന് വലിയ സംഭാവനകൾ നൽകിയിട്ടുണ്ട്. മലയിൻകീ ഴിലും മണപ്പുറത്തും കോൺഗ്രസ്സിന്റെ കീഴിൽ പ്രാദേശിക സഭകൾ ഉണ്ടായിരുന്നു. സ്റ്റേറ്റ് കോൺഗ്രസ്സ് താലൂക്ക് യൂണിയൻ സെക്രട്ടറി ചെങ്കൽ സദാശിവൻ നായരാണ് സഭകൾ ഉത്ഘാടനം ചെയ്തത്. കാറക്കോണത്തും മണപ്പുറത്തുമുള്ള വെളുത്തേടത്ത് നായർ വിഭാ ഗത്തിലുൾപ്പെട്ട പലവ്യക്തികളും സ്വാതന്ത്ര്യ പ്രസ്ഥാനപ്രവർത്തനങ്ങളിൽ സജീവമായി

സഹകരിച്ചിരുന്നു. പട്ടിണികിടക്കേണ്ടി വന്നിട്ടും പിൽക്കാലത്ത് അവരിലൊരാൾപോലും സ്വാതന്ത്ര്യ പെൻഷന് അപേക്ഷിക്കുവാൻ തയ്യാറായില്ല എന്നത് ഓർക്കേണ്ടതുണ്ട്. പത്മനാഭ പണിക്കർ രാമകൃഷ്ണപണിക്കർ രാഘവ പണിക്കർ കൃഷ്ണപ്പണിക്കർ തുടങ്ങിയവർ ഇപ്പോൾ ജീവിച്ചിരിപ്പില്ല. കൊല്ലവർഷം 1114 ൽ നെയ്യാറ്റിൻകര വീര രാഘവനെ വെടിവച്ചുകൊന്ന ശേഷം മലയിൻകീഴ് വഴി പോയ കുതിരപ്പടയെ ഇളംതോട്ടത്ത് ഭാസ്ക്കരപിള്ള, മലയിൻകീഴ് കുട്ടൻ പണിക്കർ, പി. കേശവൻ നായർ സെയ്നുലാബ്ദിൻ തുടങ്ങിയ ചെറുപ്പക്കാർ കല്ലെറിയുകയുണ്ടായി. പൊന്നറ ശ്രീധർ പരുത്തിപ്പള്ളി അച്യുതൻ തുടങ്ങിയവർ ഈ പ്രദേശത്തെ സ്വാതന്ത്ര്യസമര പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയിരുന്നു. വട്ടിയൂർക്കാവ് സമ്മേളനത്തിൽ ഈ പ്രദേശത്ത് നിന്നും പതിനെട്ട് പേർ പങ്കെടുത്തിരുന്നു. കണ്ടല ഭാസ്ക്കരൻ നായർ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി.

മണപ്പുറത്തും, കൊണ്ടോടി കുളത്തിന് സമീപവും യോഗങ്ങൾ ചേർത്തതായി പറയപ്പെടുന്നു. മലയിൻകീഴ് കോവിച്ചക്കോന്നത്ത് രാഘവൻപിള്ളയുടെ വീട്ടിൽ കോൺഗ്രസ്സ് യോഗം നടക്കുമ്പോൾ കൂലിപോലിസിന്റെ ആക്രമണം ചെറുക്കുന്നതിന് (ആംഗ്ലോ ഇന്ത്യനായ ശിംശോൻ ആയിരുന്നു യോഗം കലക്കുവാൻ അഞ്ചു രൂപകൂലി പടയെ നയിച്ചിരുന്നത്) ഈ പ്രദേശത്തെ ഹരിജനങ്ങളായിരുന്നു. കാവൽ നിന്നത്.

കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പ്രവർത്തനം മലയിൻകീഴ് തുടങ്ങിവെച്ചത് ബാലരാമപുരം ശേഖരപിള്ളയായിരുന്നു. ഇപ്പോൾ പെരുമുള്ളൂരിലുള്ള കെ.വി. സ്മാരക ഗ്രന്ഥശാല സ്ഥാപിച്ച വേലായുധപിള്ളയുടെ കെട്ടിടത്തിൽ പല ആദ്യകാല കമ്മ്യൂണിസ്റ്റ് നേതാക്കളും ഒളിവിൽ കഴിഞ്ഞിരുന്നു. സ. കെ. വി. സുരേന്ദ്രനാഥിനും ചെറുതല്ലാത്തൊരുപങ്കുണ്ട്.

കൊല്ലവർഷം 1091 -ൽ മലയിൻകീഴ് പരസ്പരസഹായ സഹകരണ സംഘം രൂപം കൊണ്ടു. മച്ചിനാട് കൊച്ചു കൃഷ്ണപിള്ള, പത്മനാഭ പിള്ള (കുട്ടൻപിള്ള സാർ) എന്നിവരായിരുന്നു ഭാരവാഹികൾ. ഇതാണ് ഇപ്പോഴത്തെ മലയിൻകീഴ് സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 605.

കൊല്ലവർഷം 1101 മലയിൻകീഴ് വിനിയോജിക സഹകരണസംഘം രൂപീകരിച്ചു. ഈ സംഘത്തിന്റെ കീഴിൽ പ്രവർത്തിച്ചിരുന്ന പലചരക്കുകട ഇപ്പോൾ വെറുമൊരു റേഷൻകടമാത്രമായിരിക്കുന്നു.

മലയിൻകീഴിലെ ആദ്യകാല സർക്കാർ സ്ഥാപനങ്ങളാണ് പകുതിച്ചേരിയും (വില്ലേജ് ഓഫീസ്) അഞ്ചൽ ആഫീസ് (പോസ്റ്റ് ആഫീസ്). ആദ്യത്തെ അഞ്ചൽ മാസ്റ്റർ ശ്രീ. രാമൻനായർ ഇന്നും ഇവിച്ചിരിപ്പുണ്ട്. 1940-50കളിലാണ് വൈദ്യുതിയും മോട്ടാർവാഹന ഗതാഗതവും നമ്മുടെ ഗ്രാമത്തിൽ എത്തിയത്.

സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിൽ നമ്മുടെ പഞ്ചായത്ത് പ്രദേശത്ത് ഇന്ത്യൻ നാഷണൽ കോൺഗ്രസ്സും സോഷ്യലിസ്റ്റ് പാർട്ടിയുമായിരുന്നു പ്രധാനകക്ഷികൾ. എന്നാൽ K. V. സുരേന്ദ്രനാഥ് നിയമസഭാ സ്ഥാനാർത്ഥിയായതോടെ കമ്മ്യൂണിസ്റ്റ് പാർട്ടിയും മുഖ്യധാരയിൽ വന്നു. നമ്മുടെ പ്രദേശത്തെ പ്രതിനിധീകരിച്ച ആദ്യത്തെ നിയമസഭാംഗങ്ങൾ ശ്രീ. ജി. രാമചന്ദ്രൻ, എൻ.ഡി.ജോസ് എന്നിവരും പാർലമെന്റ് അംഗം ആനിമസ്ക്രിനും ആയിരുന്നു.

മലയിൻകീഴ് പഞ്ചായത്തിന്റെ (മറുകിൽ) ആദ്യയോഗം 9.8.1953-ൽ പ്രഥമ പ്രസിഡന്റ് ശ്രീ. കെ. പി. ഗോപാലപിള്ളയുടെ അദ്ധ്യക്ഷതയിൽ മലയിൻകീഴ് എൻ.എസ്.എസ്. കരയോഗ മന്ദിരത്തിൽ ചേർന്നു.

നിലവിലുണ്ടായിരുന്ന നെയ്യാറ്റിൻകര വിളവൻകോട് കമ്മ്യൂണിറ്റി പ്രോജക്ടിനെ നാല്

ബ്ലോക്കുകളായി വിഭജിക്കപ്പെട്ടപ്പോൾ മറുകിൽ, മാറനല്ലൂർ, വിളപ്പിൽ, നേമം പള്ളിച്ചൽ പഞ്ചായത്തുകൾ ചേർന്ന് നേമം വികസന ബ്ലോക്ക് മലയിൻകീഴിൽ ആരംഭിച്ചു. ഇതിന് ശ്രീമാൻമാർ മണിയറ എം. കെ. വാസുദേവൻ നായർ, വി. ശങ്കരൻനായർ എന്നിവർ സൗജന്യമായി സ്ഥലം നൽകിയിരുന്നു.

തൊട്ടടുത്ത് ശ്രീ. മണിയറ മാധവൻപിള്ള നൽകിയ സ്ഥലത്ത് പഞ്ചായത്ത് നിർമ്മിച്ചു നൽകിയ കെട്ടിടത്തിൽ മലയിൻകീഴ് ഡിസ്പൻസറി(ഗവൺമെന്റ്) പ്രവർത്തനം ആരംഭിച്ചു. ഈ കാലഘട്ടത്തിൽ പഞ്ചായത്ത് ലാന്റ് സെസ് പിരിച്ചുവന്നിരിന്നു.

30-5-1964 ൽ ശ്രീ. എം. എൻ. ബാലകൃഷ്ണൻ നായർ പ്രസിഡന്റായുള്ള പഞ്ചായത്ത് ഭരണസമിതി നിലവിൽ വന്നു. ഈ കാലഘട്ടത്തിൽ മലയിൻകീഴ് ബാലകൃഷ്ണ മന്ദിരത്തിൽ കെ.രാഘവൻ പിള്ള സൗജന്യമായി നൽകിയ സ്ഥലത്ത് പഞ്ചായത്ത് ഓഫീസിന് സ്വന്തമായി കെട്ടിടം നിർമ്മിച്ചു. നെയ്യാർ ഇറിഗേഷൻ പദ്ധതിയുടെ ഭാഗമായി മലയിൻകീഴ്, വിളപ്പിൽ പഞ്ചായത്തുകൾക്ക് എസ്റ്റിമേറ്റ് എടുത്ത പ്രകാരം സബ്ചാനൽ പണിയാരംഭിക്കണമെന്ന് ഗവൺമെന്റിനോട് പഞ്ചായത്ത് സമിതി അവശ്യപെട്ടിരുന്നു. (ഇന്നും ഈ സുപ്രധാന ആവശ്യം നിറവേറ്റപ്പെട്ടിട്ടില്ല)

പോലീസ് സ്റ്റേഷൻ, സബ്രജിസ്ട്രാർ ഓഫീസ്, മിഡിവൈഫറി സെന്റർ (ഗവൺമെന്റ് അശുപത്രിയോട് ചേർന്ന് ഇതിനുള്ള കെട്ടിടം പണിയാൻ 20 സെന്റ് സ്ഥാലം പഞ്ചായത്ത് പ്രസിഡന്റായിരുന്ന എം. എൻ. ബാലകൃഷ്ണൻ നായർ സൗജന്യമായി വിട്ടുകൊടുത്തിരുന്നു) 21.11- 1967ൽ വില്ലേജ് കോടതി ആരംഭിക്കുന്നതിനും ആയതിലേയ്ക്കാവശ്യമായ ഫർണിച്ചർ വങ്ങുന്നതിനും കമ്മറ്റി തീരുമാനിച്ചിരുന്നു. (വില്ലേജ് കോടതി എന്ന സങ്കല്പം ഇനിയും യാഥാർത്ഥ്യമായിട്ടില്ല). തിരുവനന്തപുരം ജില്ലയിൽ രണ്ടാമതായി റൂറൽവാട്ടർ സപ്ലൈസ്കീം ഈ കാലയളവിൽ നടപ്പിലാക്കി. വ്യവസായ വളർച്ചയ്ക്ക് തുടക്കം കുറിക്കുന്നതിന് വേണ്ടി കുഴയ്കാട്ട് "മിനി ഇൻഡസട്രിയൽ എസ്റ്റേറ്റ്" സ്ഥാപിച്ച് വ്യവസായ യൂണിറ്റുകൾ തുടങ്ങി. ലക്ഷംവീട് പദ്ധതിപ്രകാരം '98' വീടുകൾ നിർമ്മിച്ചു നൽകിയതും സുപ്രധാന സംഭവമാണ്. വാർത്താവിനിമയ രംഗത്ത് തുടക്കം കുറിച്ചുകൊണ്ട് ടെലഫോൺ എക്സയിഞ്ച് മലയിൻകീഴിൽ ആരംഭിച്ചു. 23.12.75-ൽ ലാന്റ് സെസ് പിരിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു. പഞ്ചായത്ത് ഓഫീസ് കെട്ടിടം ട്രഷറിയ്ക്ക് വിട്ടുകൊടുത്തുകൊണ്ട് തീരുമാനിച്ചു.

29.9.79 മുതൽ വീണ്ടും എം. എൻ. ബാലകൃഷ്ണൻ നായർ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ടു. കൃഷിഓഫീസും, സെൻട്രൽ ബങ്ക് ഓഫ് ഇന്ത്യയുടെ ശാഖയും മലയിൻകീഴിൽ ആരംഭിച്ചത് ഈ കാലഘട്ടത്തിലാണ്.

8.2.1988-ൽ ശ്രീ. വി.കെ. മണികണ്ഠൻ നായർ പ്രസിഡന്റായി പഞ്ചായത്ത് ഭരണസമിതി നിലവിൻവന്നു. സാമൂഹ്യ സേവനരംഗത്ത് കേരളത്തിന് തന്നെ മാതൃകയായ അഭയ ഗ്രാമം നമ്മുടെ പഞ്ചായത്തിലെ മഞ്ചാടിയിൽ സ്ഥിതി ചെയ്യുന്നു. ഇതിന്റെ ശിലാസ്ഥാപനം ടിബറ്റിന്റെ ആത്മീയ നേതാവായ സംരബുജ്യ ദലയിലാമായും ഉത്ഘാടനം ഇന്ത്യൻ ഉപ രാഷ്ട്രപതി ശ്രീ. കെ. ആർ. നാരായണനുമാണ് നിർവ്വഹിച്ചത്. അഭയയുടെ പ്രവർത്തനങ്ങൾക്ക് നേതൃത്വംകൊടുക്കുന്നത് പ്രസിദ്ധകവയത്രി സുഗതകുമാരിയും സംസ്ക്കാരിക നായകനായ കെ.വി. സുരേന്ദ്രനാഥുമാണ്. മച്ചേൽ നാട്ടുകാർ സ്ഥലം വാങ്ങി നൽകിയിടത്ത് ഹോമിയോ ആശുപത്രി മന്ദിരം പണികഴിച്ചു. മലയിൻകീഴ് ഗവൺമെന്റ് ശുപത്രിക്ക് 50 കിടക്കകളോടുകൂടിയ കെട്ടിടം നിർമ്മിച്ചു. തൊട്ടടുത്ത് മണപ്പുറം വാർഡിൽ ക്വോർട്ടേഴ്സ് മന്ദിരവും പണി

ചെയ്തു. അന്തരിച്ച PWD കോൺട്രാക്ടർ ശ്രീ. ലാസറിന്റെ കുടുംബങ്ങങ്ങൾ അദ്ദേഹത്തിന്റെ സ്മരണയ്ക്കായി മലയിൻകീഴ് BH.S ന് സമീപത്ത് നൽകിയ സ്ഥലത്ത് ഗസ്റ്റ് ഗൗസ് പണിയുകയുണ്ടായി. പഞ്ചായത്താഫീസിന്റെ പുതിയ മന്ദിരവും വലിയറത്തല സ്റ്റേഡിയവും പേരുകേൾക്കാത്ത ശിശുമന്ദിരവും സി.ജെ.എസ്. രാമചന്ദ്രദാസ് മന്ദിരവും ഈ കലയാളവിൽ പണിയുകയുണ്ടായി. ഈ പഞ്ചായത്തിന്റെ മുൻ പ്രസിഡന്റ്യായിരുന്ന ശ്രീ. എം. എൻ. ബാലകൃഷ്ണൻ നായരുടെ സ്മരണ നിലനിർത്തുന്ന കരിപ്പൂരിലുള്ള പഞ്ചായത്ത് സംസ്ക്കാരിക നിലയത്തിന് എം. എൻ. ബാലകൃഷ്ണൻ നായർ സ്മാരക മന്ദിരം എന്ന് നാമകരണം ചെയ്തു.

റോഡ്, ഗതാഗതം, വിദ്യാഭ്യാസം, സാമൂഹ്യ ക്ഷേമം തുടങ്ങിയ മേഖലകളിൽ വളരെയേറെ പുരോഗതി കൈവരിക്കുവാൻ കഴിഞ്ഞു എങ്കിലും കാർഷിക- വ്യവസായിക തൊഴിൽ സംരംഭക മേഖലകളിൽ ആശാവഹമായ പുരോഗതി കൈവരിക്കുവാൻ നമുക്ക് കഴിഞ്ഞിട്ടില്ല. സാക്ഷരതാ, ആരോഗ്യം, വിജ്ഞാനം തുടങ്ങിയ മേഖലകളിൽ മലയിൻകീഴ് പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ബഹുജന പ്രസ്ഥാനങ്ങൾ നല്കീയ വിലപ്പെട്ടസംഭാവന കാർഷിക വ്യാവസായിക- തൊഴിൽ സംരംഭക മേഖലകളിൽകൂടി ലഭ്യമാകട്ടെയെന്ന് ആശിക്കുന്നു.

" സ്വാതന്ത്ര്യം യഥാർത്ഥത്തിൽ ഇന്ത്യയിലെ ജനങ്ങളുടേതാണ്. അല്ലാതെ അവരുടെമേൽ ഭരണം നടത്തുന്നവരുടേതല്ല. തങ്ങളുടെ ചെരിപ്പിനടിയിൽ കിടക്കുന്നവരുടെ സമ്മതത്തെയാണ് ഭരിക്കുന്നവർ ആശ്രയമാക്കേണ്ടത്. അങ്ങനെ അവർ ജനങ്ങളുടെ സേവരാകണം. ജനങ്ങളുടെ ഇച്ഛയനുസരിച്ച് പ്രവർത്തിക്കാൻ തയ്യാറാകണം "

*ഗാന്ധിജി*

## 9-8-1953 To 10-1-1963

| ക്രമ നമ്പർ | പേര് | പദവി |
|---|---|---|
| 1 | കെ. പി. ഗോപാല പിള്ള* | പ്രസിഡന്റ് |
| 2 | സി. ജെ. എസ്. രാമചന്ദ്രദാസ്** | വൈസ് പ്രസിഡന്റ് |
| 3 | എം. നാരായണപിള്ള*** | മെമ്പർ |
| 4. | കെ. പത്മനാഭപിള്ള**** | മെമ്പർ |
| 5 | റവ. എ. ഏശുദാസൻ***** | മെമ്പർ |
| 6 | വി. ശങ്കരൻ നായർ****** | മെമ്പർ |
| 7 | കെ. ചെല്ലപ്പൻ പിള്ള******* | മെമ്പർ |

* 13-12-1955 എ. ജോർജ് ഉപതെരഞ്ഞടുപ്പിൽ ജയിച്ച് മെമ്പറായി സത്യപ്രതിജ്ജ ചെയ്തു.

** 15-1-1957 -ൽ സർക്കാർ ജോലി കിട്ടിയതിനെ തുടർന്ന് ജോർജ് മെമ്പർ സ്ഥാനം രാജിവച്ചു.

*** 20-11-57 -ൽ വി. ശങ്കരൻ നായർ മെമ്പർ സ്ഥാനം രാജിവെച്ചു.

**** 24-1-1959 -ൽ എം. രാജു ഉപതെരഞ്ഞടുപ്പിൽ ജയിച്ച് മെമ്പറായി.

***** 15-7-1960 -ൽ കെ. പത്മനാഭ പിള്ള രാജിവെച്ചു.

****** 6-5-1962 -ൽ ശ്രീ. കെ. പി. ഗോപാല പിള്ള അന്തരിച്ചു.

******* 16-5-1962 ൽ സി. ജെ. എസ്. രാമചന്ദ്രദാസ് പ്രസിഡന്റായി ചുമതല ഏറ്റെടുത്തു.

** 11-1-1963 പഞ്ചായത്ത് ഭരണം സെപ്ഷ്യൽ ആഫീസർ ഏറ്റെടുത്തു (29-5-1964 വരെ)

## 30-5-1964 To 13-8-1979

| ക്രമ നമ്പർ | പേര് | പദവി |
|---|---|---|
| 1 | എം. എൻ. ബാലകൃഷ്ണൻ നായർ | പ്രസിഡന്റ് |
| 2 | എൽ. ജയിംസ്* (2-7-1965 വരെ) | വൈസ് പ്രസിഡന്റ് |
| 3 | ജി. അപ്പുകുട്ടൻ നായർ (30-11-65 To 13-8-79) | വൈസ് പ്രസിഡന്റ് |
| 4 | കെ. രാഘവൻ നായർ | മെമ്പർ |
| 5 | വി. ജാനകി | മെമ്പർ |
| 6 | ജെ. അസറിയ | മെമ്പർ |
| 7 | വി. ശങ്കരൻ നായർ | മെമ്പർ |
| 8 | എം. മാധാവൻ പിള്ള | മെമ്പർ |

* 2-7-1965 -ൽ എൽ. ജയിംസ് രാജിവച്ചു.

* 24-9-1965 -ൽ ജീ. സുകുമാരൻ ഉപതെരഞ്ഞെടുപ്പിൽ വിജയിച്ച് മെമ്പറായി സത്യപ്രതിജ്ഞ ചെയ്തു.

* 30-11-1965 -ൽ ജീ. അപ്പുകുട്ടൻ നായർ വൈസ് പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ടു.

** 13-8-1979 മതൽ 28-9-79 വരെ സെപ്ഷ്യൽ ആഫീസ്ർ ഭരണം.

## 29-9-1979 To 29-9-1984

| ക്രമ നമ്പർ | പേര് | പദവി |
|---|---|---|
| 1 | എം. എൻ. ബാലകൃഷ്ണൻ നായർ | പ്രസിഡന്റ് |
| 2 | ബി. അപ്പുകുട്ടൻ | വൈസ് പ്രസിഡന്റ് |
| 3 | ബി. ചന്ദ്രിക | മെമ്പർ |
| 4 | കെ. ഗോപിനാഥൻ നായർ | മെമ്പർ |
| 5 | ബി. വിജയൻ നായർ | മെമ്പർ |
| 6 | ജെ. ആൽബർട്ട് | മെമ്പർ |
| 7 | കെ. വിജയാനന്ദൻ | മെമ്പർ |
| 8 | കെ. അപ്പുകുട്ടൻ നായർ | മെമ്പർ |
| 9 | ജി. സുകുമാരൻ | മെമ്പർ |
| 10 | ജി. അപ്പുകുട്ടൻ നായർ | മെമ്പർ |

** 20-10-1984 -ലെ ഉത്തരവ് പ്രകാരം താലൂക്ക് പഞ്ചായത്താഫീസർ ഭരണം ഏറ്റെടുത്തു. (7-2-1988 വരെ)

## 8-2-1988 To 29-9-1995

| ക്രമ നമ്പർ | പേര് | പദവി |
|---|---|---|
| 1 | വി. കെ. മണികണ്ഠൻ നായർ | പ്രസിഡന്റ് |
| 2 | എം. രാജശേഖരൻ നായർ | വൈസ് പ്രസിഡന്റ് |
| 3 | റ്റി. വിമലറ്റ് | മെമ്പർ |
| 4 | സി. രമണൻ | മെമ്പർ |
| 5 | എൻ. ആൽബർട്ട് | മെമ്പർ |
| 6 | എ. കമലൻ | മെമ്പർ |
| 7 | കെ. ശശികുമാർ | മെമ്പർ |
| 8 | കെ. സുകുമാരൻ നായർ | മെമ്പർ |
| 9 | ജി. പങ്കജാക്ഷൻ | മെമ്പർ |
| 10 | എൻ. ഡി. രാമചന്ദ്രൻ നായർ | മെമ്പർ |
| 11 | കെ. ഓമനയമ്മ | മെമ്പർ |

* 9-2-1994 -ൽ കമ്മിറ്റി പിരിച്ചുവിട്ടു.

* 10-9-1994 -ൽ വി. കെ. മണികണ്ഠൻ നായർ പ്രസിഡന്റായും കെ. സുകുമാരൻ നായർ ഒഴികെയുള ളവർ അംഗങ്ങളായും അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയായി അധികാരം ഏറ്റെടുത്തു.

29-9-1995 വരെ ഈ കമ്മിറ്റി നിലവിലുണ്ടായിരുന്നു.

## മലയിൻകീഴ് ഗ്രാമപഞ്ചായത്ത് ഉൾപ്പെടുന്ന പ്രദേശത്തു നിന്നും തെരഞ്ഞെടുക്കപ്പെട്ട MLA മാർ

| ക്രമ നമ്പർ | പേര് | വർഷം | അസംബ്ലിമണ്ഡലം |
|---|---|---|---|
| 1 | ജി. രാമചന്ദ്രൻ | | നെയ്യാറ്റിൻകര |
| 2 | എൻ. ഡി. ജോസ് | | ദ്വയാംഗമണ്ഡലം |
| 3 | എൻ. കെ. കൃഷ്ണപിള്ള | | ദ്വയാംഗമണ്ഡലം |
| 4 | എം. ഗോപാലൻ നായർ | | നേമം |
| 5 | എം. ഭാസകരൻ നായർ | | നെയ്യാറ്റിൻകര |
| 6 | പൊന്നറ ജി. ശ്രീധർ | | വിളപ്പിൽ |
| 7 | പൊന്നറ ജി. ശ്രീധർ | | വിളപ്പിൽ |
| 8 | എം. ഭാസകരൻ നായർ | | വിളപ്പിൽ |
| 9 | സി. എസ്. നീലകണ്ഠൻ നായർ | 1967 | വിളപ്പിൽ |
| 10 | എസ്. വരദരാജൻ നായർ | 1970 | വിളപ്പിൽ |
| 11 | എസ്. വരദരാജൻ നായർ | 1977 | നേമം |
| 12 | ഇ. രമേശൻ നായർ | 1980 | നേമം |
| 13 | കെ. കരുണാകരൻ | 1982 | നേമം |
| 14 | വി. ജെ. തങ്കപ്പൻ | 1983 | നേമം |
| 15 | വി. ജെ. തങ്കപ്പൻ | 1987 | നേമം |
| 16 | വി. ജെ. തങ്കപ്പൻ | 1991 | നേമം |
| 17 | വെങ്ങാന്നൂർ ഭാസ്കരൻ | 1996 | നേമം |

# പഠന പര്യടന റിപ്പോർട്ട്

മലയിൻകീഴ് ഗ്രാമപഞ്ചായത്തിലെ ഓരോ പ്രദേശത്തിന്റെയും ഭൂമിയുടെ കിടപ്പ്, മൺതരം, സസ്യാവരണം, ജലലഭ്യത, പരിസ്ഥിതി പ്രശ്നങ്ങൾ തുടങ്ങിയവ നേരിൽ മനസ്സിലാക്കുന്നതിനും അവലോകനം ചെയ്യുന്നതിനുമായി ഗ്രാമ പഞ്ചായത്തംഗങ്ങൾ, റിസോഴ്സ് പേഴ്സൺസ്, വിദഗ്ധർ എന്നിവരടങ്ങിയ പഠന സംഘം നമ്മുടെ പഞ്ചായത്തിൽ രണ്ട് ദിവസമായി തലങ്ങും വെലങ്ങും പര്യടനം നടത്തുകയുണ്ടായി.

പര്യടന സംഘത്തിന് അവശ്യമായ സഹകരണം ഗ്രാമവാസികളിൽ പ്രത്യേകിച്ച് കർഷകരിൽ നിന്നും ലഭ്യമാകുകയും അവർ വിലപ്പെട്ട നിർദ്ദേശങ്ങൾ നല്കുകയും ചെയ്തു.

കുന്നും, ചരിവും, നിരപ്പും, വയലും ഇടകലർന്നതാണ് നമ്മുടെ പഞ്ചായത്തിലെ ഭൂപ്രകൃതി. ഏലാ പ്രദേശങ്ങൾ കൃഷിക്കു വളരെ അനുയോജ്യവും മണ്ണ് വളരെ ഫലഭൂയിഷ്ടവുമാണ്. 4-ാം വാർഡിലെ മഠത്തിൻകര ഏലയിൽ ചില ഭാഗങ്ങളിൽ മണൽ കലർന്ന കളിമണ്ണാണ് മറ്റ് എല്ലാ കരപ്രദേശങ്ങളിലും ചരൽ കലർന്ന ചെമണ്ണാണ് ചില വാർഡുകളിൽ പാറകെട്ടുകൾ ഉണ്ട്. കുടുതലായി പാറകെട്ടുള്ളത് അന്തിയുർക്കോണം മലയിൻകീഴ് H.S എന്നീ വാർഡുകളിലാണ്. അന്തിയൂർക്കോണം വാർഡിലെ തേവുപാറയിൽ ഉദ്ദേശം രണ്ടര ഏക്കറോളം നമ്മുടെ പഞ്ചായത്തിന്റെ വക പുറംമ്പോക്ക് പാറയുണ്ട്. ഇത് അന്യാധീനപ്പെട്ട് പോകാതെ സംരക്ഷിച്ച് പഞ്ചായത്ത് നേരിട്ടോ അല്ലങ്കിൽ മേലാദായത്തിനോ കൊടുത്ത് പാറ അടിപ്പിച്ച് വിറ്റാൽ ഇത് പഞ്ചായത്തിന് നല്ലൊരു വരുമാന മാർഗ്ഗമാവും. പഞ്ചായത്തിലെ വയലുകളിൽ നിന്നും നെൽ കൃഷി നാമാവശേഷമായിട്ടുണ്ട്. പല വാർഡുകളിലും നാമമാത്രമായിട്ടെ നെൽ കൃഷിയുള്ളു.

എന്നാൽ മച്ചേൽ വാർഡിൽ എല്ലാ ഏലാകളിലും കുറച്ച് ഭാഗത്തെങ്കിലും നെൽകൃഷിയുണ്ട് നെൽ വയലുകൾ നികത്തി തെങ്ങ്. വാഴ, റബർ തുടങ്ങിയവയാണ് കൃഷി ചെയ്യുന്നത്. വയലുകൾ നികത്തി റബർ വച്ചിരിക്കുന്നത് മേപ്പൂക്കട വാർഡിലെ മൈലോട് അമ്പന്തല ഏലാകളിലാണ്. വലിയറത്തല ഏലായിൽ കുറച്ച് ഭാഗം നികത്തുകയുമാണ്. പച്ചക്കറി കൃഷി വളരെ കുറവാണ് ഏറ്റവും കൂടുതൽ പച്ചക്കറി കൃഷി മഞ്ചാടി വാർഡിൽ. മറ്റ് പ്രദേശങ്ങളിൽ ദീർഘകാല വിളകളിലേക്ക് താൽപര്യം വർധിപ്പിച്ച് വരികയാണ് തെങ്ങ് മുറിച്ച് മാറ്റി അവിടെ റബർ നടുന്ന പ്രദേശങ്ങളും കുറവല്ല.

പഞ്ചായത്തിലെ പല പ്രദേശങ്ങളിലും വേനലിൽ കടുത്ത വരൾച്ചയനുഭവപ്പെടുന്നുണ്ട്. ജല ലഭ്യത പൊതുവെ ഭാഗികമാണ്. വൃക്ഷങ്ങളുടെ നശികരണവും മണലൂറ്റ് മണ്ണെടുപ്പുമെല്ലാം ഈ ഗ്രാമ പഞ്ചായത്തിലെ ജനങ്ങൾ ഭാഗികമായി അനുഭവിച്ചു കൊണ്ടിരിക്കുന്നു. എല്ലാ വാർഡുകളിലും ശ്രമദാനമായി നിർമ്മിച്ച റോഡുകളുടെ എണ്ണവും കുറവല്ല.

പരിസ്ഥിതി പ്രശ്നങ്ങൾ സംബന്ധിച്ച അവബോധം വേണ്ടത്ര വളരാത്തതിന്റെ കുറവു പല സ്ഥലങ്ങളിലും പ്രകടമാക്കുന്നുണ്ട്.

ഒരു കാർഷിക ഗ്രാമമാണ് മലയിൻകിഴ് പഞ്ചായത്ത്. സമതല പ്രദേശം, കുന്ന്, ചരിവ് താഴ്വര എന്നിവകാണാം. ചരൽ ചേർന്ന വെട്ടുകല്ലാണ് മണ്ണിന്റെ ഘടന. 12 വാർഡുകളിലുമായി 22 നെൽപ്പാടങ്ങൾ ഉണ്ട്. 520 ഹെക്ടർ സ്ഥലത്ത് നെൽകൃഷി ചെയ്തിരുന്നു. എന്നാൽ ഇപ്പോൾ മഞ്ചാടി വാർഡിൽ ഇടനാട്, മണപ്പുറം ഏല മച്ചേൽ വാർഡിലുള്ള ഏലാകളിലും മാത്രമാണ് പൂർണ്ണമായി നെൽകൃഷി ചെയ്യുന്നത്. മൂന്ന്, നാല്, പതിനൊന്ന്, പന്ത്രണ്ട് എന്നീ വാർഡുകളിലെ നിലങ്ങളിൽ മരച്ചീനി, വാഴ എന്നിവയാണ് ഇപ്പോൾ കൃഷി ചെയ്യുന്നത്. മറ്റു വാർഡുകളിലെ നിലങ്ങളിൽ തെങ്ങ്,വാഴ,മരച്ചീനി എന്നിവ കൃഷി ചെയ്യുന്നതിനാൽ ഇവ നെൽപാടങ്ങളായി മാറ്റുന്നതിന് ബുദ്ധിമുട്ടുണ്ട്. കുന്ന്, ചരിവ്, താഴ്വര എന്നിവിടങ്ങളിൽ റബ്ബർ, തെങ്ങ്, മരച്ചീനി, പച്ചക്കറികൾ എന്നിവ കൃഷി ചെയ്യുന്നു.


പഠനപര്യടന
പാതകൾ.
അച്ചോട്ടുകാവ്.
ആദ്യദിവസം.
തേവുപാറ.
രണ്ടാംദിവസം.
മൂക്കുന്നിമല.
അരുവാക്കോട്.
ആദ്യദിവസം
അച്ചോട്ടുകാവ്—
അരുവാക്കോട്.
രണ്ടാംദിവസം.
തേവുപാറ-
മൂക്കുന്നിമല.

# പഠനപര്യടനത്തിൽ ലഭിച്ച വിവരങ്ങൾ.

തച്ചോട്ടുകാവ് — അരുവാക്കോട്

| | | | | | | | | |
|---|---|---|---|---|---|---|---|---|
| ഭൂപ്രകൃതി | ചരിവും നിരപ്പും | കുന്നും ചരിവും | നിലം | കുന്നിൻ മണ്ട | നിലം | കുന്നും ചരിവും | നിലം | ചരിവും നിരപ്പും |
| മൺതരം | ചരലട ങ്ങിയ മണ്ണ് | ചരലും പാരും കലർന്ന മണ്ണ് | മണൽ കലർന്ന ചെളി മണ്ണ് | പാരു മണ്ണും പാറയും | മണൽ കലർന്ന ചെളി മണ്ണ് | ചരലട ങ്ങിയ മണ്ണ് | ചെളി മണ്ണ് | ചരലട ങ്ങിയ മണ്ണ് |
| സസ്യാവ രണം | തെങ്ങ് വാഴ പച്ചക്കറി റബർ | റബർ തെങ്ങ് മരച്ചിനി | വാഴ ഇഞ്ചി തെങ്ങ് പച്ചക്കറി | റബർ ഫലവൃ ഷങ്ങൾ | വാഴ തെങ്ങ് മരച്ചിനി | റബർ മരച്ചിനി | വാഴ | തെങ്ങും ഫലവൃ ക്ഷങ്ങളും മരച്ചിനി യും |
| ജലശ്രാതസ് | തൃപ്തി കരം | ലഭ്യത കുറവ് | തൃപ്തി കരം | തിരെ കുറവ് | തൃപ്തി കരം | കുറവ് | തൃപ്തി കരം | കുറവ് |
| പരിസ്ഥിതി | | | | പാറ പൊട്ടി ക്കൽ | നിലം നിക ത്തൽ ഭിഷണി | | നെൽ കൃഷി ക്ക് വളരെ സാദ്ധ്യതയു ണ്ട് എന്നാൽ നികത്തൽ തുടരുന്നു | |

തേവുപാറ — മൂകുന്നിമല

| | | | | | | | | |
|---|---|---|---|---|---|---|---|---|
| ഭൂപ്രകൃതി | കുന്നും പാറയും | സമത ലം | കുന്നിൻ പുറം | നിരന്ന ഭൂമി | നിലം | നിരപ്പ് | നിലം | ചരിവ് |
| സസ്യാവ രണം | റബർ | തെങ്ങ് വാഴ് വെറ്റ ക്കൊടി | റബർ മരിച്ചീ നി | വാഴ റബർ | വാഴ തെങ്ങ ഇഞ്ചി | റബർ തെങ്ങ് മരിച്ചീനി | നെല് പാടം | റബർ |
| മൺതരം | ചരൽ മണ്ണ് പാറ | മണൽ കലർന്ന മണ്ണ് | ചരലട ങ്ങിയ മണ്ണ് | മണൽ കലർന്ന ചെളി | ചെളി മണ്ണ് | ചരൽ കലർന്ന മണ്ണ് പാറ | ചെളി മണ്ണ് | പാറയും ചരൽ കലർന്ന പാരുമണ്ണ് |
| ജലശ്രാതസ് | കുറവ് | തൃപ്തി കരം | പരി മിതം | തൃപ്തി കരം | തൃപ്തി കരം | കുറവ് | തൃപ്തി കരം | ഭാഗികമാ യമണ്ണൊ ലിപ്പ് |
| പരിസ്ഥിതി | പാറ പൊട്ടി ക്കൽ | | | നിലം നിക ത്തൽ | | | | പാറ പൊട്ടി ക്കൽ |



# കൃഷിയും ജലസേചനവും

മലയിൻകീഴ് ഗ്രാമ പഞ്ചായത്ത് തികച്ചും ഒരു കാർഷികഗ്രാമമാണ്. കുന്നും ചരിവും നിരപ്പും വയലും ഇടകലർന്നതാണ് നമ്മുടെ ഭൂപ്രകൃതി. ഇവിടുത്തെ മൺതരങ്ങൾ പൊതുവേ കൃഷിക്കനുയോജ്യമാണ്. രണ്ടു ദ ശ്ബ്ദത്തിനു മുൻപുണ്ടായിരുന്ന പല വിള കളും ഇടവിളകളും ദീർഘകാല വിളകൾക്കും നാണ്യവിളകൾക്കുമായി വഴിമാറിയിരക്കുന്നു. നെല്പാടങ്ങൾ പലതും തെങ്ങിൻ തോപ്പുക ളായി. നാമമാത്രമാണെങ്കിലും റബ്ബർ തോട്ടങ്ങ ളായും കാണുന്നു. പാടങ്ങൾ നികത്തി പറമ്പു കളാക്കിയും മന്ദിരങ്ങൾ പണിയുന്ന പ്രവണത കൂടികൊണ്ടിരിക്കുന്നു. ഈ രീതിക്ക് മാറ്റം വന്നേതീരൂ. ശാസ്ത്രീയമായ ഭൂ വിനിയോഗം അനിവാര്യമായിരിക്കുന്നു. അതതു പ്രദേശങ്ങ ളുടെ തനതു പ്രത്യേകതകൾ മനസ്സിലാക്കി അനുയോജ്യമായ പ്രവർത്തനങ്ങൾ ജനപങ്കാ ളിത്തത്തോടെ നടപ്പാക്കാൻ കഴിഞ്ഞാൽ പ്രാദേ ശികമായി വലിയ നേട്ടങ്ങൾ ഉണ്ടാക്കാൻ കഴിയും

കൃഷിയുടെ അടിസ്ഥാനം മണ്ണും വെള്ളവു മാണെല്ലോ. മണ്ണൊലിപ്പു തടയുക, അതിന്റെ പോഷകശേഷി നില നിറുത്തുക, വരൾച്ചയും നീർക്കെട്ടും തടയുക, ജലസേചന സൗകര്യ ങ്ങൾ ഫലപ്രദമായി ഉപയോഗിക്കുക, അനു യോജ്യമായ സസ്യാവരണം ആസൂത്രണം ചെയ്യുക മുതലായവയെല്ലാം കാർഷിക വിക സനത്തിന് അത്യന്താപേക്ഷിതമാണ്. കേവലം നാലഞ്ചു മാസത്തെ ഇടവേളയിൽ മാത്രം ഉണ്ടാകുന്ന വെള്ളപൊക്ക കെടുതിയും വരൾച്ചയും നമ്മുടെ പ്രദേശത്തെ മണ്ണുജല സംരക്ഷണ പ്രവർത്തനങ്ങളുടെ ആവശ്യകത കൾക്ക് ആക്കംകൂട്ടുന്നു. കാർഷിക വികസ നത്തിൽ മണ്ണ് ജല സംരക്ഷണത്തിന് അതിന്റേ തായ പ്രാധാന്യമുണ്ട്.

ചരിവുള്ള പ്രദേശങ്ങളിൽ ജൈവബണ്ടുകളും വൃക്ഷബണ്ടുകളും പിടിച്ച് മണ്ണൊലിപ്പ് തടയു കയും മണ്ണിന്റെ ജലസംഭരണശേഷി വർദ്ധിപ്പി ക്കുകയും ചെയ്യാം. ഇ... വികസന പ്രവർത്തനങ്ങളെല്ലാം നീർത്തടങ്ങളുടെ അടി സ്ഥാനത്തിൽ പ്രായോഗികമാക്കാവുന്നതു മാണ്. അതോടൊപ്പംതന്നെ കാർഷികവികസ നത്തിന് കാർഷിക ഗവേഷണ പ്രവർത്തനങ്ങ ളുടെ പുരോഗതിയും അത്യന്താപേക്ഷിതമാണ്.

നമ്മുടെ പ്രദേശത്തെ ഭൂമി ഒട്ടുമുക്കാലും ബ്രഹ്മസ്വം ദേവസ്വം വകകളിൽപെട്ടവയായി രുന്നു. ഇല്ലങ്ങളുടെയും മഠങ്ങളുടേയും കാര്യ സ്ഥന്മാരായിരുന്നു കൃഷിയുടേയും മേൽ വിചാ രക്കാർ. കർഷകൻ, കുടിയാൻ എന്നരീതിയിൽ പാട്ടവും വാരവും കൊടുത്ത് കൃഷിഭൂമികളേ റ്റെടുത്ത് കൃഷി നടത്തിക്കൊണ്ടിരുന്നു. ഭൂപരി ഷ്ക്കരണ നിയമം പ്രാബല്ല്യമായതോടെ, കൈവശമായിരുന്ന ഭൂമി അവരവർക്കു സ്വന്ത മാവുകയും ജന്മി കുടിയാൻ ബന്ധത്തിൽ മാറ്റം വരികയും ഉണ്ടായി. ഈ മാറ്റം കർഷകന് മണ്ണി നോട് ഒരു പുതിയ ആഭിമുഖ്യവും കൃഷിയോട് ഒരഭിനിവേശവും ഉണ്ടാക്കി, കാർഷിക മേഖല യിൽ ഒരു വലിയ മുന്നേറ്റം തന്നെ ഉണ്ടായി. എന്നാൽ തുണ്ടു തുണ്ടായ ഭൂമിയും ആധുനിക രീതിയലുള്ള കൃഷി സമ്പ്രദായം സാർവ്വത്രിക മാക്കാൻ കഴിയാത്ത സാഹചര്യവും ഉല്പാദനം പ്രതീക്ഷയ്ക്കൊത്തു വർദ്ധിപ്പിക്കാൻ കഴിഞ്ഞി ട്ടില്ല. സംസ്ഥാന ശരാശരിക്കും വളരെതാഴെ യാണ് നമ്മുടെ ഉല്പാദനക്ഷമത.

മുൻകാലങ്ങളിൽ സാർവ്വത്രികമായി ഉണ്ടായി രുന്ന പലഇടവിളകളും ഇന്നില്ല. മൂന്നുനാലു ദശാബ്ദങ്ങൽക്കു മുൻപുവരെ നെല്ലും മറ്റു

ധാന്യങ്ങളും കൃഷി ചെയ്തിരുന്ന വയലുകളും പ്രദേശങ്ങളും വാഴ, മരച്ചീനി തുടങ്ങിയ കൃഷികൾക്കും പറമ്പുകൾ തെങ്ങു കൃഷി പോലുള്ള ദീർഘകാല വിളകൾക്കും നാണ്യ വിളകൾക്കുമായി വഴി മാറികൊണ്ടിരിക്കുന്നു. സാമ്പത്തിക സമ്മർദ്ദത്തിന്റെ ഫലമായി മരച്ചീനി കൃഷി വ്യാപകമായി റബർ കൃഷിക്കു വഴിമാറി കൊടുത്തുകൊണ്ടിരിക്കുന്നു. വിള ക്രമങ്ങളിൽ പ്രകടമായ മാറ്റങ്ങളുണ്ടായി എങ്കിലും നമ്മുടെ കാർഷിക രംഗം പരിശോധിക്കുമ്പോൾ കൃഷിയുടെ വ്യാപനം കാര്യമായ പരിഗണന അർഹിക്കുന്നില്ല. മണ്ണെടുത്തു കുഴിയാക്കുന്നതും നിലം നികത്തി പറമ്പാക്കുന്നതും നമ്മുടെ ഭക്ഷ്യോല്പാദനത്തെ സാരമായയി ബാധിച്ചു കൊണ്ടിരിക്കുന്നു. മാത്രമല്ല പച്ചക്കറിക്കുള്ള പരാശ്രയത്വവും സാമ്പത്തികവും തൊഴിൽ പരവുമായ വൻ നഷ്ട്ടങ്ങൾക്ക് ഇടവരുത്തുന്നു. ഇതിന് അടിയന്തിരമായി മാറ്റം ഉണ്ടാക്കേണ്ടിയിരിക്കുന്നു.

അത്യുല്പാദന ശേഷിയുള്ള വിത്തിനങ്ങളുടെ ലഭ്യതക്കുറവും പരമ്പരാഗത വിത്തിനങ്ങളുടെ തിരോധാനവും ഉല്പാദന ചെലവിൽ വന്ന വർദ്ധനയും നെൽ കൃഷിയെ സാരമായി ബാധിച്ചു. പരിമിതമായ ജലസേചന സൗകര്യം പോലും കാര്യക്ഷമമായി പ്രായോഗികമാക്കാൻ കഴിഞ്ഞില്ല. കാലവർഷവും ഇട മഴയും കർഷകന്റെ പ്രതിക്ഷയ്ക്കു പ്രതികൂലമായിരിക്കുന്നു. പാടങ്ങളിലെ കൃഷിയിൽ വന്ന മാറ്റം തലക്കുളങ്ങളുടെ സംരക്ഷണപ്പണികളിൽ അലംഭാവം കൊള്ളിച്ചു. നീരുറവകൾ അനാഥങ്ങളായി. കാർഷിക രംഗത്തുണ്ടായ തൊ ഴിൽ മാന്ദ്യം കർഷക തൊഴിലാളികളെ മറ്റു മേഖലകളിലേയ്ക്കു പ്രേരിപ്പിച്ചു. കൃഷി ലാഭത്തെ മാത്രം ലാക്കാക്കിയുള്ളതായിത്തീർന്നു. അതോടെ കൃഷിയുടെ രീതിയിലും കർഷകന്റെ സമീപനത്തിലും മാറ്റം സംഭവിച്ചു. പുതിയ തലമുറയ്ക്കു കൃഷിയുമായി ഒരു ബന്ധവുമില്ലാതായി. കൃഷി ശാസ്ത്രം പാഠ്യ പദ്ധതിയിൽ നിന്നും ഒഴിവായി. കാർഷിക വിദ്യഭ്യാസവും ബോധവല്ക്കരണവും നാമമാത്രമായിത്തീർന്നു. അങ്ങിനെ കൃഷിയെന്നാൽ ദീർഘകാല വിളകളും നാണ്യ വിളകളു മാണെന്ന രീതിയിലെത്തിയതോടെ വിപണന കേന്ദ്രങ്ങളുടെ പ്രവർത്തന രീതിയിലും മാറ്റം സംഭവിച്ചു. ഉല്പന്നങ്ങളുടെ സംഭരണ-സംസ്കരണ-വിപണന മേഖലകളുടെ അഭാവവും ഉല്പാദകനെപുറകോട്ടടിക്കാൻ ഇടയായി.

കൃഷിയോളം തന്നെ പ്രാധാന്യം അർഹിക്കുന്നതാണ് അവയുടെ ആദായകരമായ വിപണനവും ജീവിതവൃത്തിയിയെന്ന നിലയിൽ നിന്നും വ്യാവസായിക പ്രാധാന്യമർഹിക്കുന്ന ഒരു ഘടകമായിട്ടുള്ള കാർഷിക സമ്പദ് വ്യവസ്ഥയുടെ ഉയർച്ച കെട്ടുറപ്പുള്ള ഒരു വിപണന ശൃംഖല അനിവാര്യമാക്കിത്തീർത്തിട്ടുണ്ട്. കാർഷികോല്പന്നങ്ങളുടെ യഥാർത്ഥവില ഉല്പാദകനു നേടികൊടുക്കുവാൻ സഹായകമായ പരിപാടികൾ സർക്കാർ തലത്തിൽ നിലവിലുണ്ടങ്കിലും (ആകാശവാണിയിലും മറ്റുമുള്ള വില നില വാര പ്രക്ഷേപണം) വില വിവരങ്ങളുടെ അറിവുകുറവുമൂലം കൃഷിക്കാർക്കു പലപ്പോഴും ഉല്പന്നങ്ങളുടെ ശരിയായ വില ലഭിക്കാത വരുന്നു. അതേ സമയം ഉപഭോക്താവു കൂടിയ വില കൊടുത്തു അവ വാങ്ങുകയും ചെയ്യുന്നു. ഇടത്തട്ടുക്കാർ വില്കുന്നവനെയും വാങ്ങുന്നവനെയും ചൂഷണം ചെയ്യുന്നു.

നമ്മുടെ പഞ്ചായത്തിലധിവസിക്കുന്നഭൂരിഭാഗവും കൃഷിദയയും അനുബന്ധ വൃത്തികളെയും ആശ്രയിച്ചു ജീവിക്കുന്നവരാണ്. എങ്കിലും ഇവിടുത്തെ ആവശ്യത്തിനു വേണ്ടത്ര ഭക്ഷ്യ വസ്തുക്കൾ ഉല്പാദിപ്പിക്കാനോ ഉല്പാദിപ്പിക്കുന്നതിനോ നമുക്ക് കഴിഞ്ഞിട്ടില്ല. ഒരു നുറ്റാണ്ടോളം കാലമായി ഇവിടെ ഭക്ഷ്യ ദൗർലഭ്യം അനുഭവപ്പെടുന്നു. കാർഷിക വൃത്തിയിലേർപ്പെട്ടിരിക്കുന്ന ഭൂരിഭാഗം ആളുകളിൽ ചെറിയൊരു വിഭാഗത്തിന് മറ്റു തൊഴിൽ കൂടി ഉണ്ട്. കാർഷികേതരരിൽ ചെറിയൊരു വിഭാഗം

ഭാഗികമായി കൃഷി ചെയ്യുന്ന വരുമാണ്. നല്ലൊരു വിഭാഗം സ്വന്തമായി കൃഷി ഭൂമി ഇല്ലാത്ത കർഷകരാണ്. ഇപ്രകാരം ഭക്ഷ്യോല്പാദനത്തിൽ വന്ന ഈ പോരായ്മയാണ് പ്രധാനമായും നമ്മെ ഒരു ഉപഭോഗ സംസ്കാരത്തിനുടമകളാക്കിയത്. ഇതിനു മാറ്റം വരുത്തേണ്ട കാലം കഴിഞ്ഞിരിക്കുന്നു. ഒരു പുതിയ-കാർഷിക വികസന- സംസ്കാരത്തിന്നുടമകളാകാനും സമൂഹത്തിന്റെ ഉന്നതിയും സ്വയംപര്യാപ്തയും കൈവരിക്കാനുതകുന്ന കർമ്മ പരിപാടികളുമായി ഒത്തൊരുമയോടെ മുൻപോട്ടു പോകാനും നിർബ്ബന്ധിതമായിരിക്കുന്നു.

ബൃഹത്തായ ഒരു പ്രശ്നമാണ് നമുക്കു പരിഹരിക്കാനുള്ളത്- മനഷ്യപ്രയത്നത്തിന്റെ ഉപഭോഗം, ശരിയായ വിഭവവിഭജനം, സർക്കാരിന്റേയും വിവിധ ഏജൻസികളുടെയും സഹകരണം എന്നവയിലൂടെ സമയബന്ധിതമായ പ്രായോഗിക പദ്ധതികൾ- ജനപങ്കാളിത്തത്തോടെ നടപ്പിലാക്കി കാർഷികരംഗം സംപുഷ്ടമാക്കാൻ നമുക്കു കഴിയണം.

## പ്രശ്നങ്ങൾ

1 മണ്ണിന്റെ ഗുണനിലവാരം സംബന്ധിച്ചുള്ള വിവരങ്ങൾ കർഷകന് അജ്ഞാതമാണ്.

2. തുണ്ടുതുണ്ടായ ഭൂമികളാകയാൽ ലാഭകരമായി കൃഷി ചെയ്യാൻ സാധിക്കുന്നില്ല.

3. ഉല്പാദനചെലവും അനുദിനം വർദ്ധിച്ചു കൊണ്ടിരിക്കുന്നു.

4. ഉല്പന്നങ്ങൾക്കു ന്യായ വിലയും വിപണന സൗകര്യവുമില്ല.

5. നെൽകൃഷി പൊതുവെ നഷ്ടത്തിലാണ്. കൃഷി ഭൂമിയുടെ അളവുകുറഞ്ഞുകൊണ്ടിരിക്കുന്നു.

6. നല്ലയിനം നടീൽ വസ്തുക്കൾ കിട്ടുന്നില്ല.

7. കർഷക തൊഴിലാളികളെ വേണ്ടത്ര കിട്ടാനില്ല.

8. കൂലി നിരക്കിനനുപാത്മായ സേവനം ലഭിക്കുന്നില്ല.

9. കർഷക തൊഴിലാളികൾ കൂലി കൂടുതൽ കിട്ടുന്ന മറ്റ് തൊഴിൽ മേഖലകൾ തേടി പോകുന്നു.

10. കൃഷി പ്രധാനതൊഴിലാക്കിയിട്ടുള്ളവരുടെ എണ്ണം കുറഞ്ഞുകൊണ്ടിരിക്കുന്നു.

11. പുതിയ തലമുറയ്ക്ക് കൃഷിയോടുള്ള ആഭിമുഖ്യം കുറയുന്നു.

12. കാർഷികവൃത്തിയോടും കർഷകനോടും സമൂഹത്തിന്റെ സമീപനത്തിൽ മതിപ്പ് കുറയുന്നു.

13. കർഷകർക്ക് ആവശ്യം വേണ്ട ജൈവ വളം, രാസവളം, കീടനാശിനി എന്നിവ തക്ക സമത്തു ലഭിക്കിന്നില്ല.

14. കീടശല്ല്യത്തിനും രോഗങ്ങൾക്കും ശാശ്വത പരിഹാരമില്ല.

15. കൃഷിഭവന്റെ സേവനം തൃപ്തികരമല്ല.

16. വിളനാശത്തിനുള്ള നഷ്ടപരിഹാരം പരിമിതമാണ്.

17. മണ്ണെടുപ്പുമൂലം പാടങ്ങൾ കുഴിക്കുന്നതും, പാടങ്ങൾ നികത്തുന്നതും ഭക്ഷ്യോല്പാദനത്തിനു ഹാനിയുണ്ടാക്കുന്നു.

18. തെങ്ങുകൃഷിയിടങ്ങളിൽ അധികം സ്ഥലം തരിശായികിടക്കുന്നു.

19. കാർഷ്കാവശ്യങ്ങൾക്ക് വൈദ്യുതി ലഭിക്കാൻ കാലതാമസം ഉണ്ടാകുനന്നു.

20. ഭക്ഷ്യോല്പന്നങ്ങളുടെയും വാർഷിക വിളകളുടേയും സ്ഥാനത്ത് ദീർഘകാലവിളകളുടേയും നാണ്യവിളകളുടേയും പരിധി കൂടിക്കൊണ്ടിരിക്കുന്നു.

21. വായ്പാ സൗകര്യം പരിമിതമാണ്.

22. റബ്ബർ കൃഷിയുടെ മുന്നേറ്റം പരിമിത കർഷ്നേയും അതിലേയ്ക്ക് നിർബന്ധിതനാക്കുന്നു.

23. ഓരോയിനം കൃഷിയെ സംബന്ധിച്ചും സർവ്വേ നടത്തി രജിസ്റ്റർസൂക്ഷിക്കേണ്ടതും, അർഹമായവർക്ക് അനുകൂല്യം ലഭ്യമാക്കുകയും വേണം.

## നിർദ്ദേശങ്ങളും പരിഹാരങ്ങളും

1. മണ്ണിന്റെ ഘടനയും സ്വഭാവവും അറിഞ്ഞു കൊണ്ടുള്ള നവീനവും ശാസ്ത്രീയവുമായ കൃഷിരീതികൾ നടപ്പിലാക്കുകത.

2. ഉല്പന്നങ്ങളുടെ സംഭരണ-സംസ്കരണ കേന്ദ്രവും വിപണനകേന്ദ്രവും സഹകരണാടിസ്ഥാനത്തിൽ ആരംഭിക്കുക.

3. പാടശേഖരങ്ങളിൽ കൂട്ടുകൃഷി സംമ്പ്രദായം ഏർപ്പെടുത്തുക. നെൽകൃഷി പ്രോത്സാ

ഹിപ്പിക്കുക.

4. നല്ലയിനം നടീൽ വസ്തുക്കൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുക.

5. പഞ്ചായത്തു തലത്തില് നഴ്സറികൾ സ്ഥാപിക്കുക.

6. നെല്ല്, പച്ചക്കറി, കിഴങ്ങുവർഗം തുടങ്ങിയവയുടെ വിത്തുകൾ വിതരണം നടത്തുക. ആ കൃഷികൾ പ്രോത്സാഹിപ്പിക്കുക.

7. സബ്സിഡി നടപ്പിലാക്കുക

8. പ്രധാന കേന്ദ്രങ്ങളിൽ സഹകരണ സംഘങ്ങൾ മുഖേന ഡിപ്പോകൾ സ്ഥാപിച്ചു വളം, കീടനാശിനി, കാർഷികോപകരണങ്ങൾ എന്നിവ ലഭ്യമാക്കുക.

9. കൂൺ കൃഷി, ഉദ്യാനകൃഷി, ഔഷധസസ്യ കൃഷി തുടങ്ങിയ നവീന കൃഷി സമ്പ്രദായങ്ങൾ പ്രോത്സാഹിപ്പിക്കുക.

10. പച്ചക്കറി കൃഷി പഞ്ചായത്തുതലത്തിൽ വ്യാപകമാക്കുക.

11. ട്രക്ടർ, ട്രില്ലർ, മെതിയന്ത്രം, തെങ്ങുകയറ്റയന്ത്രം, സ്പ്രേയർ, എന്നീ ഉപകരണങ്ങൾ പഞ്ചായത്തു തലത്തിൽ ശേഖരിച്ചു ലഭ്യമാക്കുക.

12. കാർഷകർക്ക് കുറഞ്ഞ പലിശ നിരക്കിൽ വായ്പകൾ ലഭ്യമാക്കുക.

13. വായ്പാ വ്യവസ്ഥകൾ ലഘുകരിക്കുക.

14. കാർഷികാവശ്യങ്ങൾക്ക് വൈദ്യുതി ലഭിക്കാനുള്ള കാലതാമസം ഒഴിവാക്കുക.

15. പാടങ്ങൾ നികത്തുന്നതും കുഴിക്കുന്നതും കർശനമായി തടയുക.

16. വിള ഇൻഷ്വറൻസ് നടപ്പിലാക്കുക.

17. രോഗവും കീട ശല്യവും കൊണ്ടുണ്ടാകാവുന്ന നാശത്തിന് ശാസ്ത്രീയ പരിഹാരം കണ്ടെത്തുക.

18. സാമൂഹ്യ വനവല്ക്കരണം, ഫലവൃക്ഷ കൃഷി എന്നീവ പ്രായോഗികമാക്കുക

19. തെങ്ങിൻ തോട്ടങ്ങളിൽ കൈതച്ചക്ക, പച്ചക്കറി, പയറുവർഗ്ഗങ്ങൾ, വാഴ തുടങ്ങിയ ഇടവിളകൾനടത്താൻ കർഷകരെ പ്രാപ്തരാക്കുകയും സഹായിക്കുകയും ചെയ്യുക.

20. കുരുമുളക് കൃഷി, വെറ്റില കൃഷി എന്നിവ പ്രോത്സാഹിപ്പിക്കുക

21. കാർഷിക സെമിനാറുകളും, ഉല്പാദനക്ഷമതാടിസ്ഥാനമാക്കിയുള്ള മത്സരങ്ങളും കൊണ്ട്കർഷകരെ പ്രോത്സാഹിപ്പിക്കുകയും ബോധവൽക്കരിക്കുകയും ചെയ്യുക.

22. കർഷകനെ ആദരിച്ചംഗീകരിക്കുന്ന പരിപാടികളാവിഷ്കരിക്കുക.

23. മാതൃകാ കാർഷിക ഗ്രമാങ്ങൾക്ക് രൂപം കൊടുത്ത് കാർഷികരംഗം സ്വയം പര്യാപ്തമാക്കുക.

24. പ്രകൃതിക്ഷോഭം മൂലം നഷ്ടമാകുന്ന കാർഷിക വിളകൾക്ക് മുഴുവൻതുകയും നഷ്ടപരിഹാരമായി കാലതാമസം കൂടാതെ ലഭ്യമാക്കുക.

25. 10 സെന്റ് ഭൂമിയുള്ള കർഷകർക്ക് കൂടി കിണറും പമ്പ് സെറ്റും കൃഷി ഭവൻ വഴി ലഭ്യമാക്കാനുള്ള നടപടിയുണ്ടാവണം.

26. കാർഷികാവശ്യത്തിനുള്ള വൈദ്യുതി കണക്ഷൻ നല്കുന്നതിൽ ഇന്നുള്ള ചട്ടങ്ങൾലഘുകരിക്കുക. സ്ഥല പരിധികുറയ്ക്കുക.

27. കീടരോഗബാധിത പ്രദേശങ്ങളിൽ ഗ്രൂപ്പടിസ്ഥാനത്തിൽ രോഗ പ്രതിരോധ പ്രവർത്തനങ്ങൾ പഞ്ചായത്തുതലത്തിൽ ലഭ്യമാക്കണം.

28. കേരവികസന സമിതി വാർഡ് അടിസ്ഥാനത്തിൽ പുനസംഘടിപ്പിക്കണം.

29. ചെറുകിട കർഷകരെയും കുടുംബാംഗങ്ങളെയും ഉൾപ്പെടുത്തികൊണ്ട് അവർക്കുവേണ്ടി ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുക.

കൃഷിഭവന്റെ സേവനവും വിദഗ്ധോപദേശങ്ങളും പ്രാവർത്തികമാക്കണം. മലയിൻകീഴ് ചന്തയടനുബന്ധിച്ച് ഒരു പച്ചക്കറി സംഭരണ വിപണന കേന്ദ്രം സ്ഥാപിക്കണം

## ജലസേചനം

മഴയെ മാത്രം ആശ്രയിച്ചു കൊണ്ടുള്ള കൃഷിയാണ് ഇവിടെ നടത്തുന്നത്. പഞ്ചായത്തു പ്രദേശത്തിൽ കുളങ്ങളും, മച്ചേൽതോട്, മൂരിക്കര തോട് എന്നീ രണ്ട് തോടുകളുമാണ് പ്രധാന ജലസ്രോതസ്സുകൾ. കുടാതെ കുറെ ചെറിയ തോടുകളും ഉണ്ട്. കുളങ്ങളധികവും കൃത്യമായ സംരക്ഷണ പണികൾ ഇല്ലാതെ നികന്നും ജല സംഭരണ ശേഷി നഷ്ടപ്പെട്ട് ഉപയോഗ ശൂന്യവുമായി തീർന്നിരിക്കുന്നു. വ്യക്തികളുടെ സ്വകാര്യ സ്വത്തായിത്തീർന്നിട്ടുള്ളവയും ഉണ്ട്. തോടുകൾ മഴക്കാലത്തെ ജലനിർഗമന മാർഗ്ഗങ്ങൾ എന്നതിലുപരി കാർഷികാവശ്യത്തിനുതകുന്നവയായി തീർന്നിട്ടില്ല. മഴക്കാലത്തുണ്ടാകുന്ന വെള്ളം സംഭരിച്ചു നിർത്തുന്നതിനോ

ഫലപ്രദമായി കാർഷികാവശ്യങ്ങൾക്കുപയോഗിക്കുന്നതിനോ കഴിഞ്ഞില്ല. പഞ്ചായത്തിലെ ജല ലഭ്യതയെ ശാസ്ത്രീയമായി ഉപയുക്തമാക്കിയാൽ കാർഷികാവശ്യത്തിനുള്ള ജലസേചനം തൃപ്തികരമാക്കാൻ കഴിയും.

## പ്രശ്നങ്ങളും നിർദ്ദേശങ്ങളും

അണപ്പാട്, മച്ചേൽ തോട്ടിൽ വലയറത്തല മച്ചേൽ തോടുമായി ചേരുന്ന ഭാഗത്ത് (മാമൂട്) ചെക്ക് ഡാം പണിയണം. മച്ചേൽ വാർഡിലെ മാങ്കിടിക്കോണം, ചാലൂർ, കിളിക്കോട് ഇടക്കുടി എന്നീ നെൽകൃഷി ഏലാകളിൽ ആവശ്യമായ ജലം ലഭിക്കും. നിലവിലുള്ള തോടുകളിൽ തടയണകൾ കെട്ടിയും കുളങ്ങളുടെ പുനരുദ്ധാരണ പണികൾ നടത്തി ജല സംഭരണ ശേഷി വർദ്ധിപ്പിച്ചും ജല സേചന സൗകര്യം വർദ്ധിപ്പിക്കാം. നീർമറി പ്രദേശാടിസ്ഥാനത്തിൽ കാർഷിക ജലസേചന പരിപാടികൾ ആവിഷ്കരിക്കണം.

1. കല്ലണകളും ബണ്ടുകളും പിടിച്ച് ചരിവ് പ്രദേശങ്ങളിൽ മണ്ണൊലിപ്പും നീരൊഴുക്കും തടയണം
2. മണ്ണിന്റെ ജലസംഭരണ ശേഷി വർദ്ധിപ്പിക്കുന്നതിന് പൊതയിടൽ തുടങ്ങിയവ പ്രയോഗികമാക്കണം.
3. ലിഫ്റ്റ് ഇരിഗേഷൻ, കമ്മ്യൂണിറ്റി ഇറിഗേഷൻ, ട്രിപ്പ് ഇറിഗേഷൻ എല്ലാവാർഡിലും ആവശ്യാനുസരണം നടപ്പിലാക്കണേം
4. മഴക്കാലത്ത് കിട്ടുന്ന വെള്ളം സംഭരിച്ച് വേനൽ കാലത്ത് ഉപയോഗിക്കുന്നതിനാവശ്യം വേണ്ടസാങ്കേതിക മാർഗ്ഗങ്ങളാരായണം.
5. തോടുകൾ പണികൾ നടത്തിയും ബണ്ടുകൾ കെട്ടി സംരക്ഷിച്ചും, വയലുകളിലേയ്ക്ക് കാർഷികോല്പന്നങ്ങൾ എത്തിക്കാനുള്ള ഗതാഗത സൗകര്യം വർദ്ധിപ്പിക്കാൻ വേണ്ടതു ചെയ്യണം.

" പേനയും പെൻസിലും ഉപയോഗിക്കുന്ന ലാഘവത്തോടും അഭിമാനത്തോടും കൂടി ചൂലും മൺകോരികയും സ്വമനസ്സാലെ ഉപയോഗിക്കുന്ന പ്രവർത്തകരുണ്ടായാൽ ഇന്ത്യയിലെ ദുഃഖമനുഭവിക്കുന്ന മനുഷ്യസമൂഹത്തിന് ഇത് അപാരമായ പ്രയോജനമുണ്ടാക്കും"

ഗാന്ധിജി

# മലയിൻകീഴ് പഞ്ചായത്ത്

## ഭൂമിസംബന്ധിച്ച വിവരങ്ങൾ (Ref: A രജിസ്റ്റർ B.T.രജിസ്റ്റർ )

| വില്ലേജിന്റെ പേര് | ഭൂമിയുടെ വിസ്തീർണ്ണം (ഏക്കറിൽ) | | | | | | | | | | ആകെ | | | ഉടമസ്ഥരുടെ എണ്ണം | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | പുരയിടം | | | നിലം | | | പുറമ്പോക്ക് | | | തരിശ് | | | | 1-10 സെന്റ് | 10-25 സെന്റ് | 25-50 സെന്റ് | 50-100 സെന്റ് | 1-2 ഏക്കർ | 2-5 ഏക്കർ | 3 ഏക്കറിൻ മേൽ |
| | ഹെ. | ആർ. | ച. മി. | ഹെ. | ആർ. | ച. മി. | ഹെ. | ആർ. | ച. മി. | | ഹെ. | ആർ. | ച. മി. | | | | | | | |
| മലയിൻകീഴ് | 664 | 46 | 05 | 119 | 47 | 10 | 44 | 24 | 39 | - | 828 | 17 | 54 | 3319 | 2370 | 1070 | 860 | 270 | 112 | 65 |
| Block No. 6 | | | | | | | | | | | | | | | | | | | | |
| Block No.7 | 660 | 10 | 50 | 91 | 15 | 85 | 40 | 48 | 75 | - | 791 | 75 | 10 | 2670 | 1850 | 1100 | 855 | 165 | 58 | 45 |
| ആകെ | 1324 | 56 | 55 | 210 | 62 | 95 | 84 | 73 | 14 | - | 1619 | 92 | 64 | 5989 | 4220 | 2170 | 1715 | 435 | 170 | 110 |

## മലയിൻകീഴ് ഗ്രാമപഞ്ചായത്ത്
## ഭൂമി സംബന്ധിച്ച വിവരങ്ങൾ

(Ref: അടിസ്ഥാന വിവര രജിസ്റ്റർ)

| ഇനം | വിസ്തീർണം |
|---|---|
| നിലം | 210 Ha. 62 Are. 95Sq.Km. |
| പുരയിടം | 1324 Ha. 56 Are. 55Sq.Km. |
| പുറമ്പോക്ക് | 84 Ha. 73 Are. 14Sq.Km. |
| കൃഷിയോഗ്യ തരിശ് | Nil |
| കൃഷിയോഗ്യമല്ലാത്ത തരിശ് | Nil |
| ആകെ | 1619 Ha. 92 Are. 64Sq.Km. |

(Paddy:- 20 Ha only, CONVERTED AREA 190 Ha. 62 Ar. 95 Sq.m.)

## വിള വിസ്തീർണവും ഉത്പാദനവും

(Ref : അടിസ്ഥാന വിവര രജിസ്റ്റർ)

| വിള | വിസ്തീർണം | മൊത്തം ഉത്പാദനം | ഉത്പാദന ക്ഷമത (ഹെക്ടറിൽ) |
|---|---|---|---|
| നെല്ല് (ഒന്നാം വിള) | 20 Ha. | 56 Tons | 2.8 Tons |
| നെല്ല് (രണ്ടാം വിള) | 20 Ha | 54 Tons | 2.7 Tons |
| നെല്ല് (മൂന്നാം വിള) | - | - | - |
| പയർ | 10 Ha | 32 Tons | 3.2 Tons |
| എള്ള് | - | - | - |
| പച്ചക്കറികൾ | 7 Ha | 45 Tons | 6.43 Tons |
| തെങ്ങ് | 1300 Ha | 2420100 Nos. | 5400 Nos. |
| വാഴ | 150 Ha | 1125 Tons | 7.5 Tons |
| മരച്ചീനി | 120 Ha | 960 Tons | 8 Tons |
| കുരുമുളക് | 10 Ha | 7 Tons | 0.7 Tons |
| പ്ലാവ് | 7 Ha | 91 Tons | 13 Tons |
| കശുമാവ് | 5 Ha | 3 Tons | 0.6 Tons |
| മാവ് | 11 Ha | 11 Tons | 1 Tons |
| റബ്ബർ | 475 Ha | 998 Tons | 2.1 Tons |
| കശുമാവ് | 3 Ha | 247500 Nos. | 82500 Nos. |
| Others | 5 Ha | - | - |
| ---------- | - | - | - |

## സാമൂഹ്യ വനവത്ക്കരണ പരിപാടിയിലൂടെ ഉല്പാദിപ്പിച്ച തൈകളുടെ വിവരം

| ഉല്പാദിപ്പിച്ച തൈയുടെ ഇനം | ആകെ ഉല്പാദിപ്പിച്ച തൈകളുടെ എണ്ണം | | | | | വിതരണം നടത്തിയതിന്റെ എണ്ണം | | | | |
|---|---|---|---|---|---|---|---|---|---|---|
| | 1991 | 1992 | 1993 | 1994 | 1995 | 1991 | 1992 | 1993 | 1994 | 1995 |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
| മട്ടി, ആൽബിസിയ, കണികൊന്ന, മഹാഗണി, കാറ്റാടി | | 10100 | | | | | 10100 | | | |
| ആകെ | | 10100 | | | | | 10100 | | | |

## CCS For SF/MFപരിപാടി അനുസരിച്ച് ഉണ്ടായ ആസ്തികളുടെ വിവരം

| ക്രമ നമ്പർ | പരിപാടി നടപ്പിലാക്കിയ കാലയളവിൽ നിർമ്മാണം പൂർത്തിയാക്കിയ ആസ്തികൾ | വാർഡ് ആസ്തികളുടെ എണ്ണം - അളവ് | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | I | II | III | IV | V | VI | VII | VIII | IX | X | XI | XII | ആകെ |
| 1 | കിണറുകൾ | 1 | 1 | 1 | 4 | 5 | 3 | | 3 | 5 | | | 4 | 27 |
| 2 | കുളങ്ങൾ | 1 | 2 | 1 | 3 | 1 | 2 | 2 | 4 | 3 | 6 | 5 | 5 | 35 |
| 3 | വാട്ടർ ടാങ്കുകൾ | | | | 1 | | | | | | | | | 1 |
| 4 | പമ്പ് ഹൗസുകൾ | | | 1 | | | | 1 | | | | | | 2 |
| 5 | പമ്പ് സെറ്റുകൾ | | | 1 | 1 | | | 1 | | | | | | 3 |
| 6 | ജലസേചനം നടത്തിയ കൃഷി ഭൂമിയുടെ അളവ് | 35 ഹെക്ടർ | | | | | | | | | | | | |

## മലയിൻകീഴ് ഗ്രാമപഞ്ചായത്ത്

നടീൽ വസ്തു വിതരണം

| ഇനം | എണ്ണം | | |
|---|---|---|---|
| | 1993-94 | 1994-95 | 1995-96 |
| തെങ്ങ് | 600 Nos. | 625 Nos. | 475 Nos. |
| കശമാവ് | – | – | – |
| കുരുമുളക് | 200 Nos. | 1400 Nos. | 1500 Nos. |
| കവുങ്ങ് | – | – | – |
| Banana Suckers | 200 Nos. | - | - |
| Nutmia | 100 Nos. | - | - |
| Clove | 30 | 25 | 50 |
| Jack | | 60 | 50 Nos. 154 |
| Nos. | | | |
| Mango | 100 Nos. | 50 Nos. | 33 Nos. |
| Malta Lemon | 30 Nos. | - | 24 Nos. |
| Jamba | 16 Nos. | 50 Nos. | 55 Nos. |
| Guava | 10 Nos. | 10 Nos. | 42 Nos. |
| Cocoa | - | 50 Nos. | - |
| Sapota | - | 15 Nos. | 32 Nos. |
| Vaduka Puli | - | 10 Nos. | 12 Nos. |
| Cherry | - | 10 Nos. | 6 Nos. |
| Pappaya | - | 10 Nos. | - |
| Cinnamon | - | - | 20 Nos. |
| Paddy Seeds | 750 bags. | 400 bags. | 500 bags. |
| Pulse Seeds | 227 bags. | 252bags. | 160 bags. |
| Vegetable Seeds | 1807 bags. | 810 bags. | 500 bags. |

## മലയിൻകീഴ് ഗ്രാമപഞ്ചായത്ത്

ദുരിതാശ്വാസ വിതരണം

| വർഷം | പ്രശ്നബാധിത പ്രദേശത്തിന്റെ വിസ്തീർണം (ഹെക്ടർ) | | | | ധനസഹായം ലഭിച്ചവരുടെ എണ്ണം | വിതരണം ചെയ്ത തുക |
|---|---|---|---|---|---|---|
| | വെള്ള പ്പൊക്കം | വരൾച്ച | കൊടുങ്കാറ്റ് | ഉരുൾ പൊട്ടൽ | | |
| 1 | 2 | 3 | 4 | 5 | 6 | 7 |
| 1993-94 | 7.256 Ha | - | - | - | 33 | Rs. 644 |
| 1994-95 | - | - | 11.124 Ha | - | 65 | Rs. 14165 |
| 1995-96 | - | - | 6.664 Ha | - | 34 | Rs. 39377 |

## മലയിൻകീഴ് ഗ്രാമപഞ്ചായത്ത്

തെങ്ങ് കൃഷി സംബന്ധിച്ച വിവരങ്ങൾ

| വാർഡ് നമ്പർ | തെങ്ങ് എണ്ണം | | | | രോഗം ബാധിച്ച തെങ്ങ് | | | | | |
|---|---|---|---|---|---|---|---|---|---|---|
| | തെങ്ങ് കൃഷി വിസ് തീർണം | കായ് ക്കാ ത്തത് | കായ് ക്കു ന്നത് | ആകെ | റൂട്ട് വിൽറ്റ് | ലീഫ് റോട്ട് | ബഡ് റൂട്ട് | സ്റ്റെം ബ്ലീഡി ംഗ് | മറ്റു ള്ളവ | ആകെ |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
| 1 to 12 | 1300 Ha. | 80670 Nos. | 100972 Nos. | 181642 Nos. | Nil | 560 Nos. | 320 Nos. | 225 Nos. | 13 Nos. | 1118 Nos. |

## മലയിൻകീഴ് ഗ്രാമപഞ്ചായത്ത്

കാർഷികകോപകരണങ്ങൾ

| വാർഡ് നമ്പർ | ഉഴവുപകരണങ്ങൾ | | | മരുന്നുതളി ഉപകരണങ്ങൾ | | | | തെങ്ങു കയറ്റ യന്ത്രം | ഷോർട്ടബിൾ പമ്പു സെറ്റ് |
|---|---|---|---|---|---|---|---|---|---|
| | ട്രാക്ടർ | ട്രില്ലർ | നാടൻ കലപ്പ് | റോക്ക് സ്പ്രെയർ | നാപ്സ്റ്റാക്ക് സ്പ്രെയർ | മെതി യന്ത്രം | മറ്റുള്ളവ | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 |
| 1 to 12 | Nil | 2 Nos. | 5 Nos. | 5 Nos. | 19 Nos. | - | 1 No. | 2 Nos. | 1 No. |

## മലയിൻകീഴ് ഗ്രാമപഞ്ചായത്ത്

കൈവശഭൂമി വിസ്തീർണ്ണം

| വാർഡ് നമ്പർ | നാമമാത്ര കർഷകർ (1 ഹെക്ടറിൽ താഴെ) | ചെറുകിട കർഷകർ (1–2 ഹെക്ടർ) | വൻകിടകർഷകർ (2 ഹെക്ടർ) |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 to 12 | 14529 Nos. | 170 Nos. | 110 Nos. |

## മലയിൻകീഴ് ഗ്രാമപഞ്ചായത്ത്

രാസവള - കീടനാശിനി വിപണനം

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | 1993–94 | | | 1994–95 | | | 1995–96 | | |
|---|---|---|---|---|---|---|---|---|---|---|
| | | രാസവളം കി. ഗ്രാം | കീടനാശിനി | | രാസവളം കി. ഗ്രാം | കീടനാശിനി | | രാസവളം കി. ഗ്രാം | കീടനാശിനി | |
| | | | ദ്രവം ലിറ്റർ | ഖരം കിഗ്രാം | | ദ്രവം ലിറ്റർ | ഖരം കിഗ്രാം | | ദ്രവം ലിറ്റർ | ഖരം കിഗ്രാം |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
| 1 | സഹകരണം | 89450 | 61 | 139 | 65850 | 40 | 135 | 83750 | 60 | 125 |
| 2 | Agricultural | – | 3.4 | 1.8 | 21150 | 4.1 | 1.5 | 14700 | 1.55 | 0.5 |
| 3 | സ്വകാര്യം | 238350 | 59 | 125 | 189500 | 45 | 132 | 237350 | 65 | 133 |

## മലയിൻകീഴ് ഗ്രാമപഞ്ചായത്ത്

ജലസേചന സംവിധാനങ്ങൾ

| വാർഡ് നമ്പർ | പൊതു ജല സേചന കിണർ | കുഴൽ കിണർ | കുളം | ക്രോസ്ബാർ | ആയക്കെട്ട് (ഹെക്ടർ) |
|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 |
| 1 | 1 | 15 | 1 | | |
| 2 | 2 | | 2 | | |
| 3 | 1 | | 1 | | |
| 4 | 4 | | 3 | | |
| 5 | 5 | | 1 | | |
| 6 | 6 | | 2 | | |
| 7 | - | | 2 | | |
| 8 | 3 | | 4 | | |
| 9 | 5 | | 3 | | |
| 10 | - | | 6 | | |
| 11 | - | | 5 | | |
| 12 | 4 | ആകെ 15 | 5 | ആകെ 5 | |

## ചെറുകിട ജലസേചന തോടുകൾ സംബന്ധിച്ച വിവരങ്ങൾ

(Ref : വില്ലേജ് ലിത്തോ മാപ്പ്)

| ക്രമ നമ്പർ | തോടിന്റെ പേര് | ആകെ നീളം മീറ്റർ (വിസ്തീർണ്ണം) | ശരാശരി വീതി | സംരക്ഷിക്കപ്പെട്ട തോടിന്റെ നീളം | തൻവർഷം ചെലവഴിച്ച തുക |
|---|---|---|---|---|---|
| 1 | ഗോവിന്ദമംഗലം കുളം, തോട് | 9–37–16 | – | – | 159–83 |
| 2 | കണിയാംകോണം കുളം | 2–10–04 | – | – | 36.33 |
| 3 | നിലന്താനത്തുകുളം | 02–38–77 | – | – | 41–44 |
| 4 | കഴനിമംഗലത്തുകുളം | 04–80–99 | – | – | 83–58 |
| 5 | ഇടനാട്ട് കോലിയക്കോടുചിറ | 02–48–08 | – | – | 42–91 |
| 6 | മറുകിൻ തോട് | 26–96–80 | – | – | 478–39 |
| 7 | വടവൂർക്കോണം | 10–42–30 | – | – | 181–70 |
| 8 | ഇശലിക്കോട് | 06–8890 | – | – | 119–86 |
| 9 | മാങ്കോട്ടുകോണത്തു കുളം | 16–97–76 | – | – | 301–65 |
| | ആകെ | 82–40–80 | – | – | 1445–69 |



# മൃഗസംരക്ഷണവും മത്സ്യബന്ധനവും

മലയിൻകീഴ് ഗ്രാമ പഞ്ചായത്തിലെ 90% ജനങ്ങൾ കൃഷിയെ ആശ്രയിച്ചുകഴിയുന്ന കർഷകരോ, ചെറുകിടകർഷകരോ ആണ്. കാർഷികമേഖല ഇന്ന് തകർച്ചയുടെ വക്കിലാണ്. കൃഷി ഭൂമിയുടെ ലഭ്യതയിൽ വന്ന കുറവും വിപണന മേഖലകളുടെ മുരടിപ്പും തൊഴിലില്ലായ്മക്കു സാധ്യതയേറി. ആയതിനാൽ കന്നുകാലി വളർത്തലിനും ഷീരോല്പാദനത്തിനും കൂടുതൽ പ്രാധാന്യം നൽകേണ്ടതുണ്ട്.

## മൃഗസംരക്ഷണം:

നമ്മുടെ സംസ്ഥാനത്തിന്റെ വളർച്ചയുടെ ഒരു പ്രധാന പങ്ക് വഹിക്കുന്നത് മൃഗസംരക്ഷണ മേഖലയിൽ നിന്നാണ്. പഞ്ചായത്തിന്റെ വികസനത്തിൽ ഈ മേഖലയ്ക്ക് വലിയ സ്വാധീനം ചെലുത്താൻ കഴിഞ്ഞിട്ടില്ല. വികസനമെന്നത് ജനങ്ങളുടെ ജീവിത നിലവാരത്തെ പടിപടിയായി ഉയർത്തുന്ന ഒരു സാമൂഹിക പ്രക്രീയ എന്നതിനാൽ മൃഗസംരക്ഷണ മേഖലയിൽ ഉണ്ടാകുന്ന ഏതു പുരോഗതിയും പഞ്ചായത്തിന്റെ സംമ്പദ്ഘടന സംപുഷ്ടമാക്കും. മൃഗസംരക്ഷണമെന്നാൽ പാൽ ഉൽപാദനം മാത്രമാണെന്നുള്ള ധാരണ മാറ്റി, കന്നുകാലി വളർത്തൽ പോലെ തന്നെ കോഴി, പന്നി, മുയൽ എന്നിവ വളർത്തുന്നതിനും പ്രാധാന്യം നൽകണം. (1996-ലെ സെൻസസ് വിവരണം ചുവടെ ചേർക്കുന്നു).

| | പശു | എരുമ | ആട് | നായ് | കോഴി | താറാവ് |
|---|---|---|---|---|---|---|
| എണ്ണം | 1437 | 194 | 1886 | 2078 | 22570 | 58 |

ഗ്രാമ പഞ്ചായത്തിലെ കന്നുകാലി സെൻസസ് ഔദ്യോഗികമായി കണക്കുകൾ പ്രസിദ്ധീകരിച്ചിട്ടില്ല എങ്കിലും കന്നുകാലി സംമ്പത്തിനെ സംബന്ധിച്ച വിവരങ്ങൾ ലൈവ് സ്റ്റോക്ക് സെൻസസിൽ നിന്നും എടുത്തിട്ടുള്ളതാണ്.

ഈ ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഒരു മൃഗാശുപത്രി മാത്രമേയുള്ളു. 1957-ൽ നേമം NES ബ്ലോക്കിൽ ഒരു വെറ്റിനറി ഡിസ്പെൻസറിയായി പ്രവർത്തിക്കുകയും 19-12-1985 ൽ (GO - RT2594/85AL) വെറ്റിനറി ആശുപത്രിയായി ഉയർത്തുകയും ചെയ്തു. ഇതിന്റെ ഉപകേന്ദ്രങ്ങളായി തച്ചോട്ടുകാവിലും, കൃഷ്ണപുരത്തും ഓരോ ICDPസെന്ററുകളും നിലവിലുണ്ട്. മലയിൻകീഴ് പഞ്ചായത്തിന്റെ NES ബ്ലോക്കിനോട് അനുബന്ധിച്ചു സ്ഥിതി ചെയ്യുന്ന മൃഗാശുപത്രിയിൽ മൃഗചികിത്സകൂടാതെ കൃത്രിമബീജധാനവും, പ്രതിരോധ കുത്തിവയ്പ്പുകൾ നൽകുന്നതിനും ഇൻഷുറൻസിനുള്ള പരിശോധന നടത്തുന്നതിനും സംവിധാനമുണ്ട്.

നിലവിലുള്ള പശുക്കളിൽ അധികവും സങ്കരയിനങ്ങളാണ്. പ്രതി വർഷം 12.5ലക്ഷം ലിറ്റർ പാൽ ഉൽപാദിപ്പിക്കുന്നു. ഏകദേശം 5 ലക്ഷം ലിറ്റർ പാൽ ഹോട്ടലുകളിലും, വീടുകളിലും വിൽക്കുകയും 6 ലക്ഷം ലിറ്റർ വിപണന സഹകരണ സംഘങ്ങൾ വഴി വിൽക്കുകയും ബാക്കി 1.5 ലക്ഷം ലിറ്റർ ആഭ്യന്തര ഉപഭോഗം നടത്തുകയും ചെയ്യുന്നു. ക്ഷീരവിപണന രംഗത്ത് ഉയർച്ച ഉണ്ടായതായി കാണാൻ കഴിയുന്നില്ല.

പാൽ ഉൽപാദനവുമായി വിതരണവുമായി ബന്ധപ്പെട്ട് മലയിൻകീഴ് ഗ്രാമ പഞ്ചായത്തിൽ ക്ഷീരവികസന വകുപ്പിന്റെ കീഴിൽ നാല് ക്ഷീര വികസഹകരണസംഘങ്ങൾ പ്രവർത്തിക്കുന്നു. ഇതിൽ വെണ്മാറനല്ലൂർ ക്ഷീരവ്യവസായ സഹ കരണ സംഘവും, മണപ്പുറം ,കൃഷ്ണപുരം, മുത്തുവിള എന്നിവ അപ്കോസ് സഹകരണ സംഘങ്ങളുമാണ്.

മണപ്പുറം, വെണ്മാറനല്ലൂർ, എന്നി ക്ഷീരവി കസന സംഘങ്ങളുടെ കീഴിൽ പാൽ ഉൽപന്ന ങ്ങൾ നിർമ്മിച്ച് വിതരണം ചെയ്യുന്ന രണ്ട് വിത രണകേന്ദ്രങ്ങൾ മലയിൻകീഴ് ആസ്ഥാനമായി പ്രവർത്തിച്ചുവരുന്നു. പാൽ ഉൽപാദന രംഗത്ത് തടസ്സമായി നിൽക്കുന്ന രണ്ടു ഘടകങ്ങളാണ്. തീറ്റയിലുണ്ടായ വില വർദ്ധനയും അത്യുല്പാ ദന ശേഷിയുള്ള പശുക്കളിൽ കാണുന്ന വദ്ധ്യ തയും രോഗങ്ങളും.

പഞ്ചായത്തിലെ എല്ലാ വീടുകളിലും കുറ ഞ്ഞതോതിലെങ്കിലും കോഴി വളർത്തുന്നുണ്ട്. എന്നാൽ ഇതൊരു തൊഴിലാക്കി നടത്തുന്നവർ ചുരുക്കമാണ്. കോഴികളിൽ കൂടെകൂടെയുണ്ടാ കുന്ന രോഗവുംനല്ലയിനം കോഴികഞ്ഞുങ്ങ ളുടെ ലഭ്യതകുറവുമാണ് ഇതിന് കാരണം.ഈ മേഖലയിൽ പ്രവർത്തിക്കുന്നവർ അസംഘടി തരായിരിക്കുന്നതും, കോഴികഞ്ഞുങ്ങളുടെ ലഭ്യ തകുറവും മറ്റു കാരണങ്ങളാകുന്നു. ഈ പഞ്ചാ യത്തിൽ മൂന്ന് ഇറച്ചി കോഴിവളർത്തൽ കേന്ദ്ര ങ്ങൾ നിലവിലുണ്ട്. വ്യവസായികാടിസ്ഥാന ത്തിൽ മുട്ട കോഴിവളർത്തുന്ന ഒരു കേന്ദ്രവും നമ്മുടെ പഞ്ചായത്തിൽ ഇല്ല. പ്രതി വർഷം 35,60,000 മുട്ട ഈ പഞ്ചായത്തിലെ കോഴി വളർത്തലിലൂടെ ലഭ്യമാണ്.

പന്നി വളർത്തൽ ഈ പഞ്ചായത്തിൽ ഇല്ല. മുയൽ വളർത്തൽ ഒരു ആദായമാർഗ്ഗമായി ആരും കാണുന്നില്ല. എങ്കിലും മാംസോൽപാദ നത്തിനുപരി മുയലിന്റെ തോൽ വിലപിടിപ്പുള്ള തിനാൽ ഈ മേഘലയിൽ കൂടുതൽ ശ്രദ്ധപ തിപ്പിക്കേണ്ടിയിരിക്കുന്നു. ആടു വളർത്തൽ പഞ്ചായത്തിന്റെ ചില ഭാഗങ്ങളിൽ കാണുന്നു ണ്ടെങ്കിലും ആടു വളർത്തൽ ഒരു തൊഴിലായി ആരും പരിഗണിച്ചിട്ടില്ല.

## മത്സ്യ ബന്ധനം

മലയിൻകീഴ് പഞ്ചായത്തിൽ മത്സ്യ ബന്ധനത്തിന് സാധ്യതയില്ല. മത്സ്യകൃഷിക്ക് സാധ്യതയുള്ള പൊതു കുളങ്ങൾ ഏറെയുണ്ട്. വേനൽക്കാലത്തു വെള്ളം വറ്റി പോകാത്ത കുളങ്ങളിൽ മീൻ വളർത്തൽ പരീഷിച്ചുനോക്കാ വുന്നതാണ്. നല്ലയിനം മത്സ്യ കുഞ്ഞുങ്ങളുടെ ലഭ്യത മീൻ വളർത്തലിന് സഹായമാകും.

### പ്രധാന പ്രശ്നങ്ങൾ:

1. കാലിതീറ്റയുടെ വിലവർദ്ധനവും ലഭ്യത കുറവും.
2. മൃഗാശുപത്രിയുടെ പ്രവർത്തന പരിമി തിയും അശാസ്ത്രീയമായ ചികിൽസാരീതി കളും.
3. പുല്ലു-വയ്ക്കോൽ എന്നിവയുടെ ലഭ്യത കുറവ്.
4. കാലിവളർത്തൽ ലാഭകരമല്ലാത്തതും ഉപ ജീവനമാക്കാനുള്ള അറിവില്ലായ്മയും.
5. ധനകാര്യസ്ഥാപനത്തിൽ നിന്നുള്ള വായ്പ കൾ ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ട്.
6. ഇൻഷൂറൻസ് പദ്ധതികളുടെ അപര്യാ പ്തത.
7. അത്യുല്പാദന ശേഷിയുള്ള കന്നുകാലി കളുടെ ലഭ്യത കുറവ്
9. ആശുപത്രിയുടെയും ക്രിത്രിമബീജദാന കേന്ദ്രത്തിന്റെയും പ്രവർത്തന കുറവ്.
10. ഇറച്ചി കോഴി വിപണന കേന്ദ്രങ്ങളുടെ അപര്യാപ്തത.
11. കോഴികുഞ്ഞുങ്ങളുടെയും കോഴിതീറ്റക ളുടെയും ലഭ്യതകുറവ്.
12. മത്സ്യ കുഞ്ഞുങ്ങളുടെ ലഭ്യതകുറവ്.
13. മൃഗം വളർത്തുന്നതിനെ സംന്ധിക്കുന്ന

ബോധവൽക്കരണകുറവ്.

14. സങ്കരയിനം കോഴികളുടെയും ആട്ടിൻ കുട്ടികളുടെയും ലഭ്യതകുറവ്.

## സാദ്ധ്യതകൾ

1 പഞ്ചായത്തിന്റെ വിവിധ സ്ഥലങ്ങളിൽ–അന്തിയൂർക്കോണം ,മണപ്പുറം, കുന്നുംപാറ, എന്നിവിടങ്ങളിൽ മൃഗാശുപത്രിയുടെ സബ്സെന്ററുകളും, കൃതിമ ബിജദാന കേന്ദ്രവും സ്ഥാപിക്കുക.കൂടാതെ സഞ്ചരിക്കുന്ന മൃഗാശുപത്രിയും തുടങ്ങുക.

2. വെച്ചൂർ പശു വളർത്തൽ പ്രോൽസാഹിപ്പിക്കുക.

3. ക്ഷീരസംഘങ്ങളിൽ മിൽമയുടെ ഏജൻസി നൽകി, സബ്സിഡി ഇനത്തിൽ കാലിത്തീറ്റ വിതരണം ചെയ്യുക.

4. അത്യുൽപാദന ശേഷിയുള്ള കറവമാടുകൾ ലഭ്യമാക്കുക. അന്തിയൂർക്കോണം, മച്ചേൽ എന്നീ വാർഡുകളിൽ apcos തലത്തിലുള്ള ക്ഷീരയൂണിറ്റുകൾ സ്ഥാപിക്കുകക.

5. മിനി ഡയറി യൂണിറ്റുകൾ സ്ഥാരപിച്ച് പാൽ ഉൽപ്പന്നങ്ങൾ വിറ്റഴിക്കുക.

6.പുൽകൃഷി പ്രോൽസാഹിപ്പിക്കുന്നതിന് ആവശ്യമായ വിത്തും വളവും നൽകുക.

7. കാലിത്തീറ്റ, കോഴിതീറ്റ എന്നിവയ്ക്ക് ഉൽപാദന യൂണിറ്റുകൾ ഉണ്ടാക്കുകയും സബ്സിഡി നിരക്കിൽ വിതരണം ചെയ്യുകയും വേണം. വെണ്മാറനല്ലൂർ ക്ഷീരസഹകരണ സംഘത്തിൽ ഒരു കാലിതീറ്റ ഫാക്ടറി സ്ഥാപിക്കുക.

8. ആട്,കോഴി, താറാവ്, പന്നി, മേൽത്തരം കുഞ്ഞുങ്ങളെ ലഭ്യമാക്കുകയും യൂണിറ്റടിസ്ഥാനത്തിൽ പ്രോൽസാഹിപ്പിക്കുകയും ചെയ്യുക.

9. മുട്ട, ഇറച്ചി എന്നിവയ്ക്കായി കോഴിവളർത്തൽ കേന്ദ്രങ്ങൾ സ്ഥാപിക്കുകയും വിപണന സാധ്യത വർദ്ധിപ്പിക്കുകയും ചെയ്യുക.

10. മുയൽ വളർത്തലിന് പ്രോൽസാഹനം നൽകുക.

11. മത്സ്യം വളർത്തലിന് സാധ്യത കണക്കിലെടുത്തു പഞ്ചായത്തുകളിൽ മത്സ്യകൃഷി നടത്തുകയും നല്ലയിനം മത്സ്യകുഞ്ഞുങ്ങളെ ലഭ്യമാക്കുകയും ചെയ്യുക.

12. കന്നുകുട്ടി പരിപാലന വ്യാപകമാക്കുക.

13. ആടു വളർത്തൽ പദ്ധതി ഈ പഞ്ചായത്തിൽ നടപ്പിലാക്കുക

14. വീട്ടുവളപ്പിലെ കോഴി വളർത്തൽ പദ്ധതി നടപ്പിലാക്കുക.

15. പേ വിഷ നിർമ്മാജ്ജന പദ്ധതി നടപ്പിലാക്കുക.

16. ഈ പഞ്ചായത്തിൽ ഒരു അറവ്ശാല (slaughter house) തുടങ്ങുക

17. രോഗ പ്രതിരോധ ചികിത്സ കാര്യക്ഷമമാക്കുക.

# മലയിൻകീഴ് ഗ്രാമപഞ്ചായത്ത്

## വളർത്തുമൃഗ സംഖ്യ

| വാർഡ് നമ്പർ | കാള നാടൻ | | കാള സങ്കരം | | പശു നാടൻ | | പശു സങ്കരം | | എരുമ | | പോത്ത് | ആട് | പട്ടി | ആന |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | വംശ വർദ്ധനവ് | മറ്റുള്ളവ | വംശ വർദ്ധനവ് | മറ്റുള്ളവ | കറവ ഉള്ളത് | കറവ ഇല്ലാത്തത് | കറവ ഉള്ളത് | കറവ ഇല്ലാത്തത് | കറവ ഉള്ളത് | കറവ ഇല്ലാത്തത് | | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 |
| I to XII | 9 | 80 | 15 | 85 | 300 | 251 | 1436 | 802 | 543 | 363 | 137 | 3054 | 2517 | |

## വളർത്തുപക്ഷി സംഖ്യ

| വാർഡ് നമ്പർ | പൂവൻ കോഴി | പിടക്കോഴി | | താറാവ് | | മറ്റുള്ളവ |
|---|---|---|---|---|---|---|
| | | മുട്ട ഇടുന്നത് | മുട്ട ഇടാത്തത് | ആൺ | പെൺ | |
| 1 | 2 | 3 | 4 | 5 | 6 | 7 |
| I to XII | 3510 | 17555 | 14045 | 57 | 519 | |

1987 കന്നുകാലി സെൻസസ് ആസ്പദമാക്കി

# മലയിൻകീഴ് ഗ്രാമപഞ്ചായത്ത്

## രോഗവിവരങ്ങൾ

| ക്രമ നമ്പർ | രോഗങ്ങൾ | പശു | എരുമ | ആട് | പന്നി | പട്ടി | കോഴി | താറാവ് | പൂച്ച | ആന | മറ്റുള്ളവ |
|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 |
| 1. | ദഹനസംബന്ധമായവ<br>Digestive disorders | 2995 | 754 | 2769 | – | 80 | 15 | | | | |
| 2. | ശ്വാസകോശസംബന്ധം<br>Respiratory diseases. | 186 | 41 | 252 | – | 22 | 292 | | | | |
| 3. | ഉപാപചയസംബന്ധം<br>Metabolic diseases. | 208 | 47 | 77 | – | | 12 | | | | |
| 4. | ത്വക് രോഗങ്ങൾ<br>Skin diseases. | 569 | 76 | 410 | – | 58 | | | | | |
| 5. | ധാതുലവണങ്ങളുടെ അഭാവം<br>Deficiency diseases. | 82 | 32 | 37 | – | 5 | 3 | | | | |
| 6. | പരാദരോഗങ്ങൾ<br>Parasitic diseases. | 1734 | 304 | 472 | – | 112 | 54 | | | | |
| 7. | പ്രത്യുത്പാദന വ്യവസ്ഥയുമായി ബന്ധപ്പെട്ടവ<br>Gynacological disorders | 817 | 116 | 173 | | | | | | | |
| 8. | വന്ധ്യത<br>Infertility | 642 | 77 | 41 | | | | | | | |
| 9. | അകിടുവീക്കം<br>Mastitis | 385 | 54 | 315 | | | | | | | |
| 10. | മുടന്തൻ പനി<br>Ephemeral Fever | 166 | 26 | 33 | | | | | | | |
| 11. | പകർച്ച വ്യാധികൾ<br>Contagion diseases. | | | | | | | | | | |
| | കോഴിവസന്ത | | | | | | 1750 | | | | |
| | കോഴിമസൂരി | | | | | | 550 | | | | |

# മലയിൻകീഴ് ഗ്രാമപഞ്ചായത്ത്

## പേ വിഷബാധ – പ്രതിരോധവും ചികിത്സയും

| വിവരം | പശു | എരുമ | ആട് | പട്ടി | പൂച്ച | മറ്റുള്ളവ |
|---|---|---|---|---|---|---|
| പ്രതിരോധ കുത്തിവെയ്പു നൽകിയവയുടെ എണ്ണം | | | | 780 | | |
| കടിയേറ്റതിനുശേഷം കുത്തിവെയ്പു നടത്തിയവയുടെ എണ്ണം | 19 | 4 | 34 | 93 | | |

## കൃത്രിമ ബീജസങ്കലന വിവരങ്ങൾ

| വളർത്തു മൃഗം ഇനം | ആകെ എണ്ണം | കൃത്രിമ ബീജസങ്കലനം നടത്തിയവ | ഗർഭധാരണത്തിന് 2-ലധികം തവണ ബീജസങ്കലനം വേണ്ടിവന്നവ |
|---|---|---|---|
| പശു | 1239 | 5130 | 253 |
| കിടാരി | 510 | 2948 | 163 |
| എരുമ | 572 | 1128 | 39 |



# വിദ്യാഭ്യാസം

ഒരു രാജ്യത്തിന്റെ വികസനം വിദ്യാഭ്യാസത്തിലൂടെ മാത്രമെ സാധ്യമാകൂ. മറ്റുള്ളവർ നേടിവച്ചതു പകർന്നു കൊടുത്താൽ മാത്രം പോരാ കഴിയുന്നത് കൂട്ടിച്ചേർക്കുകയും വേണം. പ്രകൃതിയോടും സമൂഹത്തിനോടും പൊരുതുന്നതിനോടൊപ്പം തന്നെ സ്വന്തമായി പൊരുതാനും അവനെ പ്രാപ്തനാക്കണം. ഏറ്റവും വലിയ വിഭവമായ മനുഷ്യവിഭവത്തിന്റെ ശേഷി വർദ്ധിപ്പിക്കുന്നതിന് വിദ്യാഭ്യാസത്തിന് കഴിയണം. വിദ്യാഭ്യാസ രംഗത്ത് മുൻപന്തിയിൽ നില്ക്കുന്ന സംസ്ഥാനമാണ് കേരളമെന്ന് നമുക്കഭിമാനിക്കാമെങ്കിലും അഖിലേന്ത്യാ മത്സര പരീക്ഷകൾ വരുമ്പോൾ നാം പിൻതള്ളപ്പെടുന്നു. വരുമാനത്തിന്റെ 40 ശതമാനത്തോളം വിദ്യാഭ്യാസത്തിനും ആരോഗ്യത്തിനും ചെലവഴിക്കുന്നുണ്ടെങ്കിലും അതിന്റെ പ്രയോജനം നമുക്കു ലഭിക്കുന്നില്ലായെന്നുള്ളതാണ് സത്യം. പ്രത്യേകിച്ച് വിദ്യാഭ്യാസത്തിന് ചെലവഴിക്കുന്ന തുക തിരിച്ച് സമൂഹത്തിന് ലഭിക്കുന്നില്ല. എന്നാൽ കുറഞ്ഞ ശിശുമരണനിരക്കിലും മാതൃമരണ നിരക്കിലും ജീവിത നിലവാര സൂചികയിലും നമുക്ക് മുൻപന്തിയിലെത്താൻ കഴിഞ്ഞിട്ടുണ്ട്. വിദ്യാഭ്യാസത്തെ അലട്ടുന്ന പ്രധാന പ്രശ്നങ്ങൾ പരിശീലനത്തിന്റെ ഗുണനിലവാരമില്ലായ്മ, പഴഞ്ചൻ ബോധന രീതി, മോണിട്ടറിംഗിന്റെ അപര്യാപ്തത, വീട്ടിലെ പഠന സൗകര്യമില്ലായ്മ, പരീക്ഷകളെ മാത്രം ലക്ഷ്യം വച്ചുകൊണ്ടുള്ള അദ്ധ്യാപനം, കേന്ദ്രീകൃത ആസൂത്രണം, പ്രാദേശിക സാമൂഹ്യ ഇടപെടനിന് അവസരമില്ലായ്മ എന്നിവയാണ്. ഇത്തരുണത്തിൽ കോത്താരി കമ്മീഷൻ റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ള നൈബറിംഗ് സ്കൂൾ സിസ്റ്റം നിർബ്ബന്ധമാക്കേണ്ടതുണ്ട്.

നമ്മെ നേരിടുന്ന ഏറ്റവും വലിയ പ്രശ്നങ്ങളിൽ ഒന്ന് അതി ഭീകരമായ തൊഴിലില്ലായ്മയാണ്. അതിന് വളരെ കാര്യമായ പങ്ക് നാം നല്കുന്ന വിദ്യാഭ്യാസത്തിനുണ്ട്. ഇവിടെ ആവശ്യമായ കാർഷിക വിഭഗങ്ങളുടെ നേരിയൊരംശംപോലും നമുക്കുല്പാദിപ്പിക്കാൻ കഴിയുന്നില്ല. അഭ്യസ്തവിദ്യരിൽ ഏറിയ പങ്കും ഭൂമിയിൽ കൃഷി ചെയ്യാൻ തയ്യാറല്ലായെന്നുള്ളതാണ് വസ്തുത. നാം നല്കുന്ന വിദ്യാഭ്യാസം അതിന് അവരെ തയ്യാറാക്കിയിരുന്നെങ്കിൽ ഒരു പരിധിവരെ നമുക്ക് തൊഴിലില്ലായ്മ പരിഹരിക്കാൻ കഴിയുമായിരുന്നു. കഴിഞ്ഞ കുറേ വർഷങ്ങൾകൊണ്ട് നമ്മുക്ക് വിദ്യാഭ്യാസ നിലവാരം കുറഞ്ഞുവരുകയാണ് എന്ന് പരക്കെ ആക്ഷേപമുണ്ട്. സാർവത്രികമായി നാം ഓരോരുത്തരും നമ്മുടെ കുഞ്ഞുങ്ങളെ നല്ല സ്കൂൾ തെരെഞ്ഞെടുത്ത് അവിടെ ചേർക്കുവാനും നല്ല ട്യൂഷൻ കൊടുക്കുവാനും ശ്രിമിക്കുന്നു. ചില കുട്ടികളെ മാർക്കിന്റെ കാര്യത്തിൽ മുന്നിലെത്തിക്കുവാൻ കഴിയുമെന്നല്ലാതെ നല്ലവിദ്യാഭ്യാസം ഇതുകൊണ്ട് ആർക്കും ലഭിക്കുന്നില്ല. സമഗ്രമായ അഴിച്ചു പണിയിലൂടെ മാത്രമെ വിദ്യാഭ്യാസത്തെ രക്ഷിപ്പിക്കാൻ കഴിയു. അതു ചെയ്യുമ്പോൾ തൊഴിലിന് പ്രാധാന്യം കൊടുത്തുകൊണ്ടുള്ള ഒരു വിദ്യാഭ്യാസ സമ്പ്രദായമാണാവശ്യം.

വിദ്യാലയങ്ങളുടെ നിയന്ത്രണം ജില്ലാ-ബ്ലോക്ക്-ഗ്രാമ പഞ്ചായത്തുകൾക്ക് ലഭിച്ചിരിക്കുന്നു. ഈ സാഹചര്യത്തിൽ വിദ്യാഭ്യാസ രംഗത്തെ ഇടപെടൽ കാര്യക്ഷമമായി നടത്തുവാനും വിജയിപ്പിക്കാനും സാധിക്കും. പഠന രസകരമാക്കാനും അദ്ധ്യാപനം ആനന്ദകരമാക്കാനും ആവശ്യമായ അദ്ധ്യാപക പുന:

പരിശീലനം നൽകേണ്ടതാണ്. കുറഞ്ഞപക്ഷം പഞ്ചായത്തുതലത്തിലെങ്കിലും ക്ലാസ്സടിസ്ഥാനത്തിൽ അദ്ധ്യാപകന്റെ നേതൃത്വത്തിൽ പഠനയാത്രകൾ നടത്തുന്നതും നന്നായിരിക്കും. ഇത് മുഖേന വിദ്യാർത്ഥികൾക്ക് അധ്യാപകരോടുള്ള സ്നേഹവും, ആത്മവിശ്വാസവും വർദ്ധിപ്പിക്കാൻ കഴിയും. അധ്യാപകർ വിഷയാടിസ്ഥാനത്തിൽ മാസത്തിലൊരിക്കൽ ഒത്തു ചേരുന്നതും ചർച്ചാ ക്ലാസ്സ് സംഘടിപ്പിക്കുന്നതും സംശയങ്ങൾ ദൂരീകരിക്കുന്നതും അനിവാര്യമാണ്. കുട്ടികൾക്ക് തീരെ താത്പര്യമില്ലാത്ത ഒരു പരീക്ഷാരീതിയാണ് ഇവിടെ നില നില്ക്കുന്നത്. കുട്ടികളെ സമഗ്രമായി വിലയിരുത്താൻ സഹായിക്കുന്ന പുതിയ പരീക്ഷാ രീതി കണ്ടെത്താൻ വേണ്ടതു ചെയ്യണം.

വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ കേരളത്തിലെ ജനങ്ങൾക്ക് ഒരിക്കലും വിദേശ മിഷനറിമാരെ മറക്കാൻ കഴിയില്ല. ഗുണ്ടർട്ടുസായിപ്പിന്റെ ശ്രമഫലമായിട്ടു തന്നെയാണ് മലയാള ഭാഷയ്ക്ക് ആദ്യമായി ഒരു നിഘണ്ടുവുണ്ടായത്. മലയിൻകീഴ് പഞ്ചായത്തിലും അവരുടെ സേവനം ലഭിച്ചിരുന്നുവെന്ന് രേഖകൾ പരിശോധിച്ചാൽ മനസ്സിലാക്കാം. മലയിൻകീഴ് CSI ചർച്ചിനോട് ചേർന്ന് ഒരു പ്രൈമറി സ്കൂൾ പ്രവർത്തിച്ചിരുന്നു. കുടിപ്പള്ളികൂടങ്ങൾ ഈ പഞ്ചായത്തിലെ പലഭാഗങ്ങലിലുമുണ്ടായിരുന്നു. മണലിലാണ് അക്ഷരങ്ങൾ എഴുതി പഠിപ്പിച്ചിരുന്നത്. ഈ പഞ്ചായത്തിലെ ആദ്യത്തെ ഹൈസ്കൂൾ 1950-ൽ സ്ഥാപിതമായി. 1974ൽ ഈ സ്കൂൾ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കുമായി പ്രത്യേകം പിരിക്കപ്പെട്ടു. ആൺകുട്ടികളുടെ സ്കൂൾ ഇന്ന് ഒരു തൊഴിലധിഷ്ഠിത വിദ്യാഭ്യാസ കേന്ദ്രമായി മാറിക്കഴിഞ്ഞു. അംഗീകാരമില്ലാത്ത സ്കൂളുകളും ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. ആകെ സ്കൂളുകൾ 15. സർക്കാർ സ്കൂളുകൾ 5 എയിഡഡ് സ്കൂളുകൾ 7 അംഗീകാരമില്ലാത്തവ 3 സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന 16 അങ്കനവാടികളും ഈ പഞ്ചായത്തിന്റെ കീഴിലുണ്ട്. സർക്കാർ സ്കൂളുകളിൽ പലതിനും മതിയായ കെട്ടിടമോ ചുറ്റുമതിലോ ആവശ്യത്തിനുള്ള ഫർണിച്ചറോ മൂത്രപ്പുരയോ കക്കൂസോ ഇല്ല. കുടുംബ സാഹചര്യങ്ങൾകൊണ്ട് ഇടയ്ക്ക് വച്ചു പഠനം നിറുത്തുന്ന നിരവധി കുട്ടികളുണ്ട് LSS, USS സ്കോളർഷിപ്പുകൾക്ക് കുട്ടികളെ തയ്യാറാക്കി അയയ്ക്കുന്നതിന്റെ അനുപാദം കുറഞ്ഞു വരുന്നതായി കാണാം. സ്കൂൾ കോംപ്ളക്സുകൾ മാതൃസംഗമം, സ്കൂൾ PTAകൾ എന്നിവയുടെ പ്രവർത്തനവും തൃപ്തികരമായി മുന്നോട്ടുപോകുന്നില്ല. പാഠ്യേതര പ്രവർത്തനങ്ങളിൽ അർഹതയുള്ള കുട്ടികൾക്ക് ആവശ്യമായ പ്രോത്സാഹനം ലഭിക്കുന്നില്ല. കലാ കായിക മത്സരങ്ങൾ ചടങ്ങുകളായി മാറിക്കൊണ്ടരിക്കുന്നു. പഴയതുപോലുള്ള ഒരു ഉത്സവ പ്രതീതി നഷ്ടപ്പെട്ടിരിക്കുന്നു. ത്രിതല പഞ്ചായത്തുകൾ ഇതിനെല്ലാം പരിഹാരം കാണുമെന്നാശിക്കാം.

## ഗ്രാമസഭകളുടെ നിർദ്ദേശങ്ങളും സാധ്യതകളും

1. മാതൃഭാഷയ്ക്ക് പ്രാധാന്യം കൊടുത്തുകൊണ്ടുള്ള പ്രാഥമിക വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുക.
2. ആവശ്യമുള്ള വാർഡുകളിൽ അങ്കനവാടികൾ കൂടുതലായി സ്ഥാപിക്കുക
3. സ്വന്തമായി കെട്ടിടമില്ലാത്ത അങ്കനവാടികൾക്ക് കെട്ടിടം നിർമ്മിച്ചു നൽകുക പഠന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനാവശ്യമായ പഠനോപകരണങ്ങൾ നൽകുക.
4. പഞ്ചായത്തിലെ എല്ലാ പ്രൈമറി സ്കൂളുകളോടും അനുബന്ധിച്ച് പ്രീപ്രൈമറി വിദ്യാലയം ആരംഭിക്കുക.
5. മച്ചേൽ, മഞ്ചാടി എന്നീ LPS കൾ UPS ആയി ഉയർത്തുക
6. പഞ്ചായത്തിലെ എല്ലാ ഹൈസ്കൂളുകളോടുമനുബന്ധിച്ചു തൊഴിലധിഷ്ഠിത വിദ്യാ

ഭ്യാസം ആരംഭിക്കുക

7. മലയിൻകീഴ് VHSSന് ആവശ്യമായ കെട്ടിടം. കളിസ്ഥലം, അസംബ്ളീഹാൾ ചുറ്റു മതിൽ എന്നിവ നിർമ്മിക്കുക

8. മലയിൻകീഴ് GHS, LPBS, LPGS എന്നീ സ്കൂളുകൾക്ക് ചുറ്റുമതിൽ കെട്ടി സാമൂഹ്യവി രുദ്ധരിൽ നിന്നും സംരക്ഷിക്കുക

9. മലയിൻകീഴ് കേന്ദ്രമാക്കി ഒരു ഗവ: ITI സ്ഥാപിക്കുക.

10. മേപ്പൂക്കട വാർഡ് കേന്ദ്രമാക്കി ഒരു ഗവ: പോളിടെക്നിക്ക് സ്ഥാപിക്കുക.

11. സാക്ഷരതാ തുടർവിദ്യാഭ്യാസം തുടർന്നും നടത്തുക.

12. വായനാശീലം സ്ത്രീകളിൽ വർദ്ധിപ്പിക്കു ന്നതിനുവേണ്ടി അങ്കനവാടികളോട് ചേർന്ന് വായനശാലകളും ഗ്രന്ഥശാലകളും ആരംഭി ക്കുക.

13. പ്രീപ്രൈമറിതലം മുതൽ ഹൈസ്കൂൾ തലംവരെ നിർദ്ധനരായ വിദ്യാർത്ഥികൾക്ക് ഉച്ച ഭക്ഷണം നൽകുക.

14. കലാ-കായിക രംഗത്ത് നിലവിലുള്ള മാന്ദ്യത മാറ്റി വാസനയുള്ള കുട്ടികളെ പ്രോത്സാഹിപ്പിക്കുക.

15. വർക്ക് എക്സ്പീരിയൻസിന് പ്രാധാന്യം നൽകുക.

16. സ്കൂൾ ലൈബ്രറികളും ലബോറട്ടറികളും കാര്യക്ഷമമായി. പ്രവർത്തിക്കാൻ വേണ്ടതു ചെയ്യുക.

17. സ്കൂൾ തല ലൈബ്രറികളെ ഗ്രന്ഥശാല സംഘത്തിൽ ചേർത്ത് വേണ്ട മോണിട്ടറിംഗ് നടത്തുക.

18. എല്ലാ സ്കൂളുകളോടുമനുബന്ധിച്ച് ഓരോ മാതൃകാ പച്ചക്കറിത്തോട്ടം നിർമ്മിക്കാൻ പ്രോത്സാഹിപ്പിക്കുക.

19. അന്ധ-ബധിര-മൂക-മന്ദ ബുദ്ധി വിദ്യാർത്ഥികൾക്കുവേണ്ടി പഞ്ചായത്തു തല ത്തിൽ ഒരു വിദ്യാലയം ആരംഭിക്കുക.

20. ജനവിദ്യാ കേന്ദ്രങ്ങൾ ആരംഭിക്കുകയും സാക്ഷരതാ പ്രവർത്തനം ഊർജ്ജിതമാക്കു കയും വേണം.

21. പാഠപുസ്തകങ്ങൾ യഥാസമയം ലഭിക്കു ന്നതിനാവശ്യമായ ഏർപ്പാടുണ്ടാക്കുക

22. സാങ്കേതിക വിദ്യാഭ്യാസം ലഭിച്ചവ രുൾപ്പെടെയുള്ള അഭ്യസ്തവിദ്യരെ ഗ്രാമപഞ്ചാ യത്തിൽ രജിസ്റ്റർ ചെയ്ത് സർക്കാർ തലത്തിൽ ട്രെയിനിംഗ് നൽകി അവരെ വികസനപ്രക്രീയ യിൽ പങ്കാളികളാക്കുക

23. പ്രൈമറി സ്കൂളുകളിൽ പ്രവർത്തിക്കുന്ന പ്രീപ്രൈമറി സ്ഥാപനങ്ങളെ സർക്കാർ ഏറ്റെ ടുക്കുക

23. (a) DPEP പദ്ധതിപ്രകാരം മച്ചേൽ LPS-ൽ പ്രവർത്തിക്കുന്ന പ്രീപ്രൈമറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ധനസഹായം നൽകുക.

24. കലാ-കായിക-സാംസ്ക്കാരിക രംഗത്തറി യപ്പെടുന്നവരെ ആചാര്യന്മാരായി അംഗീകരി ക്കുകയും അവശത അനുഭവിക്കുന്നവർക്ക് സാമ്പത്തിക സഹായം നൽകുകയും ചെയ്യുക

25 വിദ്യാഭ്യാസത്തിൽ കൃഷിക്ക് പ്രാധാന്യം കൊടുത്തുകൊണ്ടുള്ള ഒരു സിലബസ് ഉണ്ടാ കേണ്ടതാണ്

26. പെൺകുട്ടികൾക്ക് തുന്നൽ ഉൾപ്പെടെയുള്ള തൊഴിലുകൾ അഭ്യസിപ്പിക്കുന്നതിനുവേണ്ടി മലയിൻകീഴ് കേന്ദ്രമാക്കി ഒരു സ്ഥാപനം ഉണ്ടാ ക്കുക.

" എന്റെ ജീവിതം തന്നെയാണ് എന്റെ സന്ദേശം "

ഗാന്ധിജി

# അക്കാദമിക് സൗകര്യങ്ങൾ

| സ്കൂളിന്റെ പേര് | ലൈബ്രറി | ലാബോറട്ടറി/സയൻസ് കോർണർ | പഠനോപകരണങ്ങൾ (മാപ്പുകൾ, ചാർട്ടുകൾ, ഗ്ലോബുകൾ) | ദൃശ്യ-ശ്രാവ്യ ഉപകരണങ്ങൾ-എണ്ണം | | | | | | | | ബ്ലാക്ക് ബോർഡ് | | 95-96-ൽ ലഭിച്ച അദ്ധ്യയന ദിവസം | സമരങ്ങളിലൂടെ നഷ്ടപ്പെട്ട അദ്ധ്യയന ദിനങ്ങൾ | പ്രത്യേക [illegible] അവധികളിലൂടെ നഷ്ടമായ അദ്ധ്യയന ദിനങ്ങളുടെ എണ്ണം | മാതൃസംഗമം സജീവം/സജീവമല്ല | ക്ലാസ്റൂം പി. ടി. എ കൾ പ്രവർത്തിക്കുന്നു/പ്രവർത്തിക്കുന്നില്ല |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | റേഡിയോ | ടേപ്പ്റെക്കോർഡർ | ടി. വി. സെറ്റ് | വി. സി. ആർ/വി. സി. | സിനിമ പ്രൊജക്ടർ | സ്ലൈഡ് പ്രൊജക്ടർ | ഓവർ ഹെഡ് പ്രൊജക്ടർ | കമ്പ്യൂട്ടർ | ആവശ്യമുള്ളത് | നിലവിലുള്ളത് | | | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 | 18 | 19 |
| 1 V.H.S.S മലയിൻകീഴ് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | - | 18 | 185 | 3 | 2 | സജീവം | ഉണ്ട് |
| 2 G.H.S മലയിൻകീഴ് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | 12 | 12 | 193 | ഇല്ല | ഇല്ല | സജീവം | ഉണ്ട് |
| 3 K.P.M.H.S കൃഷ്ണപുരം | ഉണ്ട് | ഉണ്ട് | ഉണ്ട് | - | ഉണ്ട് | ഇല്ല | ഇല്ല | - | ഉണ്ട് | ഉണ്ട് | ഇല്ല | 22 | 30 | 190 | ഇല്ല | - | സജീവം | ഉണ്ട് |
| 4 L.F.H.S അന്തിയൂർക്കോണം | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | 45 | 35 | 193 | ഇല്ല | ഇല്ല | സജീവം | ഉണ്ട് |
| 5 L.P.G.S മലയിൻകീഴ് | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 8 | 4 | 188 | 10 | 2 | സജീവം | ഉണ്ട് |
| 6 L.P.S മച്ചേൽ | ഉണ്ട് | ഉണ്ട് | ഇല്ല | - | - | - | - | - | - | - | - | 8 | 8 | 194 | - | 6 | സജീവം | ഉണ്ട് |
| 7 Govt. L.P.B.S മലയിൻകീഴ് | ഉണ്ട് | ഉണ്ട് | ഇല്ല | - | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 8 | ഇല്ല | 191 | ഇല്ല | 4 | സജീവം | ഇല്ല |
| 8 L.P.S മഞ്ചാടി | - | - | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 1 | 1 | 1 | 1 | 192 | 1 | 1 | സജീവം | ഉണ്ട് |
| 9 L.P.S തുമരിച്ചൽ | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 3 | 4 | 122 | ഇല്ല | 3 | സജീവം | ഉണ്ട് |
| 10 L.P.S മാർത്താണ്ഡേശ്വരം | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 4 | 192 | ഇല്ല | 10 | സജീവം | ഉണ്ട് |
| 11 B.F.M.L.P.S മറുകിൽ | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | - | - | - | - | - | - | 4 | 4 | 194 | - | - | സജീവം | - |
| ലൂഥറൻ L.P.S മറുകിൽ പെരുമന | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 2 | 4 | 76 | 2 | 20 | സജീവം | ഉണ്ട് |

# മലയിൻകീഴ് ഗ്രാമ പഞ്ചായത്ത്

## കുട്ടികളെ സംബന്ധിക്കുന്ന വിവരങ്ങൾ

| | ആകെ കുട്ടികൾ | | | SC/ST കുട്ടികളുടെ എണ്ണം | | | തോറ്റു പഠിക്കുന്നവർ | | | | | | പഠനം നിറുത്തിയവർ | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | SC/ST കുട്ടികൾ | | | മറ്റുള്ളവർ | | | SC/ST കുട്ടികൾ | | | മറ്റുള്ളവർ | | | |
| STD | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | പഠനം നിറുത്തിയവരുടെ ആകെ എണ്ണം |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 | 18 | 19 | 20 |
| I | 254 | 221 | 475 | 18 | 32 | 50 | - | - | - | - | - | - | - | - | - | - | - | - | - |
| II | 272 | 279 | 551 | 15 | 32 | 47 | 1 | 1 | 2 | 9 | 10 | 19 | - | - | - | 3 | 6 | 9 | 9 |
| III | 241 | 239 | 480 | 22 | 15 | 37 | 5 | 1 | 6 | 12 | 8 | 20 | - | - | - | 1 | - | 1 | 1 |
| IV | 252 | 225 | 477 | 34 | 20 | 54 | 2 | 1 | 3 | 9 | 11 | 20 | - | - | - | 1 | 2 | 3 | 3 |
| V | 264 | 270 | 534 | 29 | 36 | 65 | - | 3 | 3 | 7 | 11 | 18 | - | - | - | - | 1 | 1 | 1 |
| VI | 268 | 282 | 550 | 24 | 32 | 56 | 2 | 0 | 2 | 14 | 15 | 29 | - | - | - | 4 | - | 4 | 4 |
| VII | 256 | 260 | 516 | 29 | 29 | 58 | 2 | 2 | 4 | 31 | 3 | 34 | - | - | - | 5 | 1 | 6 | 6 |
| VIII | 286 | 383 | 669 | 14 | 51 | 65 | 2 | 6 | 8 | 15 | 24 | 39 | - | - | - | 9 | 8 | 17 | 17 |
| IX | 273 | 359 | 629 | 30 | 43 | 73 | 4 | 3 | 7 | 15 | 36 | 51 | - | - | - | 16 | 3 | 19 | 19 |
| X | 253 | 309 | 562 | 37 | 28 | 65 | - | - | - | - | - | - | - | - | - | - | - | - | - |

# അക്കാദമിക് നിലവാരം

| ക്ലാസ് | ആകെ | കുട്ടികളുടെ പൊതു നിലവാരം | | | | | | SSLC വിജയ ശതമാനം | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | 30% ന് താഴെ കുട്ടികൾ | 30–40 മാർക്ക് നേടുന്നവർ | 40–50 ശതമാനം നേടുന്നവർ | 50–60 ശതമാനം നേടുന്നവർ | 60 ശതമാനം നേടുന്നവർ | 91–92 കുടുതൽ നേടുന്നവർ | 92–93 | 93–94 | 94–95 | 95–96 |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 |
| III | 434 | 64 | 73 | 79 | 91 | 116 | 2 | | | | |
| IV | 362 | 44 | 43 | 71 | 76 | 130 | 2 | | | | |
| V | 365 | 65 | 84 | 72 | 64 | 80 | 49 | | | | |
| VI | 392 | 94 | 85 | 82 | 56 | 78 | | | | | |
| VII | 369 | 99 | 89 | 86 | 38 | 36 | | | | | |
| VIII | 610 | 222 | 147 | 124 | 55 | 68 | | | | | |
| IX | 629 | 239 | 192 | 112 | 80 | 53 | | | | | |
| X | 565 | 186 | 145 | 110 | 69 | 55 | | | | | |
| SSLC പരീഷ എഴുതിയവർ | | | | | | | | | | | |

## മലയിൻകീഴ് ഗ്രാമപഞ്ചായത്ത്

സാമ്പത്തിക ആനുകുല്യം ലഭിക്കുന്ന വിദ്യാർത്ഥികളുടെ വിവരം

| ക്രമ നമ്പർ | സ്കൂളിന്റെ പേര് | മെരിറ്റ് സ്കോളർഷിപ്പ് | ലംസംഗ്രാന്റ് | മുസ്ലീം പെൺകുട്ടികളുടെ സ്കോളർഷിപ്പ് | വികലാംഗ സ്കോളർഷിപ്പ് | ജവാന്മാരുടെ മക്കൾക്കുള്ള വിദ്യഭാസ്യ ആനുകൂല്യം | ബീഡി തൊഴിലാളി സ്കോളർഷിപ്പ് | മത്സ്യതൊഴിലാളികളുടെ കുട്ടികൾക്കുള്ളസ്കോളർഷിപ്പ് | മറ്റുള്ളവ വ്യക്തമാക്കുക |
|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 |
| 1 | V.H.S.S മലയിൻകീഴ് | 11 | 81 | – | 6 | – | – | – | – |
| 2 | ഗവ: G.H.S മലയിൻകീഴ് | 10 | 118 | 2 | 6 | – | – | – | 165 |
| 3 | L.F.H.S അന്തിയൂർക്കോണം | ഇല്ല | 156 | 35 | 19 | – | – | – | – |
| 4 | K.P.M.S കൃഷ്ണപുരം | 12 | – | – | 13 | – | – | – | – |
| 5 | ഗവ: L.P.B.S മലയിൻകീഴ് | ഇല്ല | – | ഇല്ല | – | ഇല്ല | ഇല്ല | ഇല്ല | നാടാർ പെൺകുട്ടികൾ |
| 6 | ഗവ: L.P.G.S മലയിൻകീഴ് | ഇല്ല | 30 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 7 | ഗവ: L.P.S മച്ചേൽ | – | 24 | – | 2 | – | – | – | – |
| 8 | L.P.S മഞ്ചാടി | – | 21 | – | – | – | – | – | – |
| 9 | L.P.S മാർത്താണ്ഡേശ്വരം | – | 4 | – | – | – | – | – | – |
| 10 | L.P.S തുമരിച്ചൽ | – | – | – | – | – | – | – | – |
| 11 | B F M. L.P.S മറുകിൽ | – | 20 | – | – | – | – | – | – |
| 12 | ഗുഡ് ഷെപ്പേർഡ് | – | – | – | – | – | – | – | – |
| 13 | M.M.M.S മലയിൻകീഴ് | – | – | – | – | – | – | – | – |
| 14 | St. Mary'sവിമലപുരം | – | – | – | – | – | – | – | – |
| 15 | ലൂഥറൻ L.P.Sമറുകിൽ പെരുമന | – | 20 | – | 2 | – | – | – | – |

# മലയിൻകീഴ് ഗ്രാമ പഞ്ചായത്ത്
## സ്ക്കുളിന്റെ ഭൗതിക സൗകര്യങ്ങളുടെ വിവരം

| സ്ക്കുളിന്റെ പേര് | ആകെ ഡിവിഷനുകളുടെ എണ്ണം | കെട്ടിടങ്ങളുടെ എണ്ണം | | | മുറികളുടെ എണ്ണം | | | ഇനി മുറികൾ അവശ്യമുണ്ടെങ്കിൽ എണ്ണം | ഇനി അവശ്യമുള്ള കെട്ടിടം മുറികൾ നിർമ്മിക്കേണ്ട ഭൂമി ഉണ്ട്/ഇല്ല | നിലവിലുള്ള മുറികളുടെ എണ്ണം | മുത്രപ്പുര ഒരേസമയം എത്രകുട്ടികൾക്ക് ഉപയോഗിക്കാം | ഇനി ആവശ്യമുള്ളതിന്റെ എണ്ണം | നിലവിലുള്ള കക്കൂസിന്റെ എണ്ണം | ഉപയോഗശൂന്യമായ കക്കൂസിന്റെ എണ്ണം | കുടിവെള്ള സംവിധാനം ഉണ്ട്/ഇല്ല - കിണർ-പൈപ്പ് | വൈദ്യുതീകരണം ഉണ്ട്-ഇല്ല | പാചകമുറി | സ്റ്റാഫ് റൂം | നിലവിലുള്ള ഫർണിച്ചറുകൾ മതിയാകുമോ ? മതിയാകും/ഇല്ല | ഇനി ആവശ്യമായവയുടെ എണ്ണം | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | സ്ഥിരം | അർദ്ധ സ്ഥിരം | താല്കാലികം | സ്ഥിരം | അർദ്ധസ്ഥിരം | താല്കാലികം | | | | | | | | | | | | | ഡസ്ക് | ബെഞ്ച് | മേശ | കസേര | ഓഫീസ് ഫർണിച്ചർ |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 | 18 | 19 | 20 | 21 | 22 | 23 | 24 | 25 |
| V.H.S.S മലയിൻകീഴ് | 17 | രണ്ട് നില | 1 | – | 30 | 2 | – | ആഡിറ്റോറിയം | ഉണ്ട് | 2 | 20 | 1 | 2 | 1 | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | 75 | 50 | 10 | 10 | അലമാര-2 |
| Govt. G.H.S മലയിൻകീഴ് | 21 | 3 | 1 | 1 | 17 | 8 | 3 | – | ഉണ്ട് | 2 | 20 | – | – | – | കിണർ | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | 25 | 15 | 5 | 10 | ,,2 |
| L.F.H.S അന്തിയൂർക്കോണം | 35 | 8 | – | – | 25 | – | – | 10 | – | 2 | 3 | 3 | – | – | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | 50 | 50 | 10 | 10 | 6 |
| K.P.M.H.S കൃഷ്ണപുരം | 22 | 4 | 2 | – | 30 | – | – | – | – | 2 | 25 | – | 1 | 1 | ഉണ്ട് | ഉണ്ട് | ഇല്ല | 2 | മതി | – | – | – | – | – |
| L.P.G.S മലയിൻകീഴ് | 7 | 7 | – | – | 7 | – | – | 1 | ഉണ്ട് | – | 10 | 2 | 1 | – | കിണർ | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | 3 | 6 | 4 | 5 | അലമാര-2 |
| L.P.S മച്ചേൽ | 8 | 1 | 1 | 2 | 4 | 4 | 2 | 1 | ഇല്ല | 2 | 20 | – | 3 | 2 | ഉണ്ട് | ഉണ്ട് | – | – | – | 6 | 10 | 4 | 6 | ,,–1 |
| L.P.B.S മലയിൻകീഴ് | 7 | 1 | – | – | 1 | 5 | ഇല്ല | 5 | ഉണ്ട് | ഇല്ല | 10 | 2 | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | – | 25 | 3 | 8 | ,,–3 |
| L.P.S മാർത്താണ്ടേശ്വരം | 4 | 4 | – | – | 2 | 5 | – | – | – | 1 | 10 | 2 | ഇല്ല | – | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | മതി | – | – | – | – | ,,–1 |
| L.P.S തുമരിച്ചൽ | 3 | 1 | – | – | 2 | – | – | – | ഉണ്ട് | ഇല്ല | – | 1 | ഇല്ല | – | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 10 | 10 | – | 23 | ,,–2 |
| L.P.S മഞ്ചാടി | 5 | 2 | – | – | 11 | – | – | – | – | – | ഇല്ല | 2 | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | മതി | – | – | – | – | – |
| St.മേരീസ് സ്ക്കൂൾ വിമലപുരം | 4 | – | – | ഉണ്ട് | – | ഉണ്ട് | – | – | ഉണ്ട് | 1 | 20 | 1 | 1 | – | ഉണ്ട് | ഉണ്ട് | – | – | മതി | – | – | – | – | – |
| MMMS മലയിൻകീഴ് | 13 | 13 | – | – | 13 | – | – | – | – | 2 | 10 | – | 1 | 1 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | മതി | – | – | – | – | – |
| ഗുഡ് ഷെപ്പേർഡ്, മലയിൻകീഴ് | 10 | 1 | – | – | 10 | – | – | – | 2 | ഉണ്ട് | 40 | – | 5 | – | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | മതി | – | – | – | – | – |
| ലൂഥറൻ L.P.S മറുകിൽ പെരുമന | 4 | 3 | 2 | – | 5 | – | – | – | ഉണ്ട് | 1 | 10 | – | ഇല്ല | – | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | 10 | 15 | 4 | 4 | അലമാര-2 |

# ചെലവു സംബന്ധിച്ച വിവരങ്ങൾ(ആവർത്തന സ്വഭാവമുള്ളത്)

| | ചെലവ് | | | | | | | | വരവ് – A | | | വരവ് – B | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| സ്കൂളിന്റെ പേര് | കെട്ടിടത്തിന്റെ അറ്റകുറ്റ പണികൾക്ക് | ഉപകരണങ്ങൾ,ഫർണിച്ചറുകൾ,അറ്റകുറ്റപണിക്കു | ഉപകരണങ്ങൾ, രാസവസ്തുക്കൾ ഉപയോഗത്തിനുള്ള സാധനങ്ങൾ | സ്പോർട്ട്സ് | കലാവിനോദങ്ങൾക്ക് | ലൈബ്രറികൾക്ക് | ഉച്ചക്കഞ്ഞിക്ക് | മറ്റിനങ്ങൾക്ക് | സർക്കാർ | തദ്ദേശസ്ഥാപനങ്ങൾ | ആകെ | ഫീസ് ഇനത്തിൽ | എൻഡോവ്മെന്റ് | പി.ടി.എ. ഫണ്ട് | മറ്റു മാർഗത്തിലുള്ള വരവ് | ആകെ വരവ് |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 |
| V.H.S.S മലയിൻകീഴ് | ഇല്ല | 3500 | 3000 | 1500 | 1498 | 800 | 4500 | 1466625 | ഇല്ല | ഇല്ല | 1466625 | 6628 | 480 | 6500 | 170 | 1481900 |
| Govt.G.H.S മലയിൻകീഴ് | 400 | 1240 | 600 | 700 | 1000 | 1800 | 8000 | 2000 | 1000 | ഇല്ല | 4000 | 9900 | 480 | 16200 | ഇല്ല | 27500 |
| L.F.H.S അന്തിയൂർക്കോണം | 5000 | 2000 | 500 | 2000 | 3000 | 1000 | 3000 | 1000 | ഇല്ല | ഇല്ല | ഇല്ല | 7000 | 2000 | 2000 | ഇല്ല | 11000 |
| K.P.M.H.S കൃഷ്ണപുരം | 8031 | 6000 | 1200 | 1800 | 200 | 1095 | 1800 | ഇല്ല | 3408 | ഇല്ല | 3408 | 8430 | ഇല്ല | 1552 | ഇല്ല | 9982 |
| L.P.G.S മലയിൻകീഴ് | 5000 | 2000 | 1000 | 500 | 1500 | 1500 | 2500 | 1000 | 3300 | 15000 | ഇല്ല | ഇല്ല | ഇല്ല | 500 | ഇല്ല | 500 |
| L.P.S മച്ചേൽ | 2000 | 1000 | 300 | 300 | 500 | ഇല്ല | 3500 | 1000 | 2870 | ഇല്ല | 2870 | ഇല്ല | 100 | 4000 | ഇല്ല | 6970 |
| L.P.B.S മലയിൻകീഴ് | 800 | 103 | 50 | 85 | 1025 | ഇല്ല | 988 | 82 | 79660 | ഇല്ല | 79660 | ഇല്ല | ഇല്ല | 3186 | 40 | 3983 |
| B.F.M.L.P.S മറുകിൽ | 2000 | 500 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 1500 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| L.P.S മാർത്താണ്ഡേശ്വരം | 5000 | 1000 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 1000 | ഇല്ല | 1000 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 1000 |
| L.P.S തുമരിച്ചൽ | – | – | – | – | – | – | – | – | – | – | – | – | – | – | – | – |
| L.P.S മഞ്ചാടി | 2500 | 500 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 6000 | 300 | 1049 | ഇല്ല | 1049 | ഇല്ല | ഇല്ല | 1216 | ഇല്ല | 2265 |
| St.മേരീസ് സ്ക്കൂൾ വിമലപുരം | 7298 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 300 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 6500 | ഇല്ല | 1500 | 1000 | 9000 |
| MMMS മലയിൻകീഴ് | 500 | 750 | 280 | 150 | 100 | 250 | ഇല്ല | 11950 | ഇല്ല | ഇല്ല | ഇല്ല | 11950 | ഇല്ല | ഇല്ല | ഇല്ല | 19950 |
| ഗുഡ് ഷെപ്പേർഡ്, മലയിൻകീഴ് | ഇല്ല | 30000 | ഇല്ല | 300 | 3000 | 2000 | ഇല്ല | 550 | ഇല്ല | ഇല്ല | ഇല്ല | 60000 | ഇല്ല | 3500 | 35000 | 93500 |
| ലൂഥറൻ L.P.S മറുകിൽ പെരുമന | ഇല്ല | 500 | ഇല്ല | 250 | 250 | 250 | 750 | 200 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 200 | ഇല്ല | 200 |

# സ്കൂളുകളുടെ പൊതു വിവരം

| സ്കൂളിന്റെ പേര് | ഹൈസ്കൂൾ/യു.പി/എൽ.പി/പ്രീ പ്രൈമറി | സ്കൂളിന്റെ ഉടമസ്ഥത | | | | കുട്ടികളുടെ എണ്ണം | | | അദ്ധ്യാപകരുടെ എണ്ണം | | | | സ്ക്കൂൾ ക്യാമ്പസിന്റെ മൊത്തം വിസ്തീർണം | കളിസ്ഥലത്തിന്റെ വിസ്തീർണ്ണം | ഒന്നിനും ഉപയോഗിക്കാതെ കിടക്കുന്ന സ്ഥലത്തിന്റെ വിസ്തീർണം | മറ്റ് കുറിപ്പുകൾ ചുറ്റുമതിൽ, അറ്റകുറ്റപണികൾ, ഫർണിച്ചർ, റിപ്പയർ തുടങ്ങിയവ സംബന്ധിച്ച് |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | സർക്കാർ | എയിഡഡ് | അൺ എയിഡഡ് | അംഗീകാരമില്ലാത്തത് | ആൺ | പെൺ | ആകെ | ആകെ അനുവദിച്ച പോസ്റ്റ് | നിലവിലുള്ളവരുടെ എണ്ണം | ഒഴിവുകളുടെ എണ്ണം | ദീർഘകാല ലീവിലുള്ളവർ | | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 |
| V.H.S.S മലയിൻകീഴ് | H.S | സർക്കാർ | - | - | - | 618 | - | 618 | 28 | 27 | 1 | - | 7.76 ഏക്കറിൽ | 50 സെന്റ് | 5 ഏക്കർ | ചുറ്റുമതിലില്ല റിപ്പയറുണ്ട് |
| Govt. G.H.S മലയിൻകീഴ് | H.S | സർക്കാർ | - | - | - | - | 865 | 865 | 33 | 33 | ഇല്ല | - | 3 ഏക്കർ | 10 സെന്റ് | - | ചുറ്റുമതിലില്ല അറ്റകുറ്റ പണികളുണ്ട് |
| L.F.H.S അന്തിയൂർക്കോണം | H.S | - | എയിഡഡ് | - | - | 636 | 780 | 1416 | 49 | 49 | ഇല്ല | - | 376 ച:മി | 46 ച:മി | ഇല്ല | ചുറ്റുമതിൽ പൂർണ്ണമല്ല അറ്റകുറ്റ പണികളുണ്ട് |
| K.P.M.H.S കൃഷ്ണപുരം | H.S | - | ,, | - | - | 438 | 479 | 917 | 33 | 33 | ഇല്ല | - | 3.78 ഏക്കർ | 1 ഏക്കർ | - | - |
| L.P.G.S മലയിൻകീഴ് | L.P,P.Pr | - | | - | - | - | 311 | 311 | 9 | 9 | ഇല്ല | - | 1 ഏക്കർ | - | 25 സെന്റ് | ഫർണിച്ചറില്ല, ചുറ്റുമതിലില്ല മൂത്രപുരയില്ല |
| L.P.B.S മലയിൻകീഴ് | L.P | സർക്കാർ | - | - | - | 220 | - | 220 | 8 | 8 | ഇല്ല | HM | 1 ഏക്കർ | ഇല്ല | 50 സെന്റ് | ചുറ്റുമതിലില്ല |
| L.P.S മച്ചേൽ | L.P | സർക്കാർ | - | - | - | 131 | 91 | 222 | 10 | 10 | ഇല്ല | - | 52 സെന്റ് | 500 ച:മി | - | ചുറ്റുമതിൽ പൂർണ്ണമല്ല അറ്റകുറ്റ പണികളുണ്ട് |
| L.P.S മഞ്ചാടി | L.P | - | എയിഡഡ് | - | - | 84 | 95 | 179 | 5 | 5 | ഇല്ല | - | 1 ഏക്കർ | ഇല്ല | - | ചുറ്റുമതിലില്ല |
| L.P.S മാർത്താണ്ഡേശ്വരം | L.P | - | ,, | - | - | 30 | 25 | 55 | 4 | 4 | ഇല്ല | - | 1 1/4 ഏക്കർ | 50 സെന്റ് | - | ചുറ്റുമതിലില്ല കിണർ മൂത്രപുരയില്ല |
| ലൂഥറൻ L.P.S തുമരിച്ചൽ | L.P | - | ,, | - | - | 51 | 47 | 98 | 2 | 2 | ഇല്ല | - | 30 സെന്റ് | 2 സെന്റ് | - | മതിലില്ല മൂത്രപുരയില്ല |
| B.F.M.L.P.S മറുകിൽ | L.P | - | ,, | - | - | 59 | 80 | 139 | 5 | 5 | ഇല്ല | - | - | - | - | - |
| St. മേരീസ് സ്ക്കൂൾ വിമലപുരം | L.P | - | - | - | | 39 | 26 | 65 | - | 5 | - | - | - | - | - | - |
| MMMS മലയിൻകീഴ് | L.P | - | - | - | | 150 | 135 | 285 | 14 | 14 | - | - | - | - | - | - |
| ഗുഡ് ഷെപ്പേർഡ്, മണപ്പുറം | L.P | - | - | - | | - | - | - | - | - | - | - | - | - | - | - |
| ലൂഥറൻ L.P.S മറുകിൽ പെരുമന | L.P | - | എയിഡഡ് | - | - | 99 | 58 | 157 | 2 | 2 | ഇല്ല | - | 63 സെന്റ് | 7000 ച:അടി | ഇല്ല | ചുറ്റുമതിലില്ല റിപ്പയറുണ്ട് |

# ആരോഗ്യവും കുടിവെള്ളവും

ആരോഗ്യപൂർണ്ണമായ മനസ്സും ശരീരവും ശുദ്ധജലവും തതുല്യമായ പ്രാഥമിക സൗകര്യങ്ങളും ഏതൊരു ജനതയുടെയും ജൻമാവകാശങ്ങളാണെന്ന സത്യം പഠിക്കേണ്ടത് എതൊരു ഭരണകുടത്തിന്റെയും പ്രാഥമിക ചുമതലകളിൽ പ്രഥമസ്ഥാനമാണ്. ജനതയക് പ്രസ്തുത ആവശ്യങ്ങൾ പ്രദാനം ചെയ്യുന്നതിൻ വിമുഖമായിരിക്കുന്നു ഏതൊരു ആസൂത്രണ സൗകര്യവും അടിസ്ഥാനപരമായി തന്നെ വികലവും അപൂർണ്ണവുമായിരിക്കുമെന്ന് എടുത്ത് പറയേണ്ടതില്ല. 2000–ാംമാണ്ടോടെ എല്ലാവർക്കുമാരോഗ്യമെന്ന മഹാത്തായ സന്ദേശം ഉൾക്കൊണ്ടുക്കൊണ്ടു പ്രസ്തുത ലക്ഷ്യത്തിന്റെ പതാകവഹകരേകേണ്ടവരിൽ ഗ്രാമസഞ്ചായത്തിനും ഗ്രാമസഭയ്കും അതുല്യതവും അദ്വിതീയവുമായ സ്ഥാനമാണുള്ളതും.

## ആരോഗ്യം

നേരത്തെ ചൂണ്ടിക്കാട്ടിയതുപോലെ ആരോഗ്യമുള്ള മനസ്സും ശരീരവുമുള്ള ജനത ഏതൊരു സമൂഹത്തിന്റെയും, സംസ്കാരത്തിന്റെയും അടിസ്ഥാന ഘടകങ്ങളിൽ പരമപ്രധാനമായ അംശമാണ്. രണ്ടായിരമാണ്ടൊടെ ഏവർക്കും ആരോഗ്യമെന്ന സങ്കല്പം ജനകീയവൽക്കാരപ്പെടുന്നതിലൂടെ മാത്രമേ യാഥാർത്ഥ്യത്തിലെ തലങ്ങളിലെത്തിച്ചേരുകയുള്ളുവെന്ന വസ്തുത വിസ്മരിക്കാവുന്നതാണ്. ആസൂത്രണത്തിന്റെ അടിസ്ഥാന സ്ഥാപനങ്ങളിൽ മുന്നിട്ടു നിൽക്കുന്ന ഗ്രാമപഞ്ചായത്തുകളെ മറന്നുകൊണ്ടും മാറ്റിനിർത്തിക്കൊണ്ടും അത്തരമൊരു ജനകീയവൽക്കരണത്തെകുറിച്ച് ചിന്തിക്കുന്നതുപോലും അർത്ഥശൂന്യമായ വ്യർത്ഥവ്യായാമ മായിരിക്കുമെന്ന് എടുത്തു പറയേണ്ടതില്ല.

തലസ്ഥാന നഗരിയുടെ ദൃഷ്ടികോണിനുള്ളിൽ, നഗരത്തിന്റെയും ഗ്രാമത്തിന്റെയും സമ്മിശ്രഭാവങ്ങളേറ്റുവാങ്ങി നിൽകുന്ന മലയിൻകീഴ് ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ചടത്തോളം ആരോഗ്യരംഗത്ത്, ഒരു വലിയ പരിധിയോളം, ദീനതയുടെയും പരാധീനതയുടെയും ഭാവങ്ങളാണ് ദൃശ്യമാകുന്നത് എന്ന ദു:ഖകരമായ യാഥാർത്ഥ്യമാണ്. ഗ്രമസഭാകളുടെ പരിദേവനങ്ങളിലൂടെ കടന്നുപോകുമ്പോൾ വ്യക്തമാകുന്നത്. ദരിദ്രകർഷകനും, കർഷകതൊഴിലാളിയും ആലംബഹീനരും. കോളനി നിവാസികളും നിറഞ്ഞ പാഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം രോഗികളുടെ സംഖ്യ വളരെ ഉയർന്നതും, വേദനിപ്പിക്കുന്ന തരത്തിൽ വർദ്ധിച്ചുവരുന്നതുമാണെന്ന സത്യം ഒരു നഗ്നയാഥാർത്ഥ്യമായി തന്നെ നിലകൊള്ളുകയാണിന്നും. സർക്കാർ തലത്തിൽ പ്രവർത്തിക്കുന്നഏകഅലോപ്പതികേന്ദ്രം അതിന്റെ ബാലാരിഷ്ടതകളിൽ നിന്നും തദ്ജന്യമായ പരാധീനകളിൽ നിന്നും പൂർണ്ണമായും മുക്തമായിട്ടില്ല. എങ്കിലും ലഭ്യമായ സംവിധനങ്ങൾക്കുള്ളിൽനിന്ന്കൊണ്ട് സേവനം നൽകുന്ന പ്രസ്തുത സ്ഥാപനത്തിന് ആർദ്രരും ആലംബഹീനരുമായ പാവപ്പെട്ട ജനതയുടെ രോഗശുശ്രുഷാരംഗത്ത് അതിപ്രധാനമായ സ്ഥാനം തന്നെയാണുള്ളത്. കിടക്കകൾ വർദ്ധിപ്പിച്ചും പേവാർഡ് പണിതും പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള ശ്രമങ്ങൾ തുടങ്ങിയിടത്തു തന്നെ നിൽക്കുന്ന അവസ്ഥയാണുള്ളതെ

ങ്കിലും നാളെ ഈ നാടിന്റെ പ്രധാന ആരോഗ്യ ധമനിയായി ഈ സ്ഥാപനം രൂപം പ്രാപിക്കുമെന്ന പ്രതീക്ഷ ഇന്നും ഗ്രാമവാസികളുടെ മനസ്സിൽ കെടാതെ കൈവിളക്കായി നിലക്കൊള്ളുന്നു. നിലവിലുള്ള സ്വകാര്യ ആശുപത്രികളേയും പഞ്ചായത്തിന്റെ പ്രാന്തപ്രദേശങ്ങളിൽ സ്ഥിതിചെയ്യുന്ന ഹോമിയോ, ആശുപത്രിയുടെയും, ജനത പ്രതീക്ഷയോടെ കാതോർക്കുന്ന ആയുർവേദാശുപത്രിയിലുടെയും സേവനം ലഭ്യമാക്കുന്നമുറയ്ക്ക് ആരോഗ്യരംഗം കൂടുതൽ ശോഭനമാകുമെന്നു കരുതാവുന്നതാണ്.

സാംക്രമിക രോഗങ്ങളും, മലിനീകരണജന്യമായ രോഗങ്ങളും പഞ്ചായത്തിൽ പലപ്പോഴും ഭീഷണിയുയർത്തുന്നുണ്ടെങ്കിലും, ശക്തമായ ആധിപത്യം പുലർത്താനവയ്ക്ക് കഴിഞ്ഞിട്ടില്ലായെന്ന വസ്തുത ആശ്വാസപ്രദമാണെന്ന് പറയാതെവയ്യ.

ആരോഗ്യതാബോധവത്കരണത്തിൽ അടുത്തകാലത്ത് വന്നു ചേർന്നുപോയ മാന്ദ്യവും, പാരമ്പര്യ ചികിത്സാ സമ്പ്രാദയങ്ങൾക്കു വന്നു ചേർന്ന മൂല്യശോഷണവും ജനങ്ങളുടെ ആരോഗ്യബോധത്തെ ബാധിച്ചിട്ടുണ്ട്. കുടുംബക്ഷേമ പ്രവർത്തനങ്ങളുടെയും, ആരോഗ്യ പരിപാലന പ്രവർത്തനങ്ങളുടെയും അഭാവം പുനരുദ്ധാരണവും ആവശ്യമാണ് എന്ന് പഠനങ്ങൾ വ്യക്തമാക്കുന്നുണ്ട്. (ചാർട്ടുകൾ)

എങ്കിലും ആരോഗ്യരംഗത്തിന്റെ വിശുദ്ധി വീണ്ടെടുക്കുകയും, ശരിയായ ആരോഗ്യപരിപാലനത്തിന്റെയും കുടുംബസംവിധാനത്തിന്റെയും പ്രാധാന്യത്തെക്കുറിച്ച് ആഴത്തിലുള്ള ബോധവൽക്കരണം നടത്തുന്നതിലൂടെയും രണ്ടായിരമാണ്ടിൽ ആരോഗ്യം ഏവർക്കുമെത്തിക്കുന്ന മഹദ്യജ്ഞത്തിന്റെ മുൻ നിരയിലെ മണിവിളക്കാവുന്നതിന് മലയിൻകീഴ് പഞ്ചായത്തിന് കഴിയുമെന്ന പ്രതീക്ഷ മങ്ങലേൽക്കാതെ നിൽക്കുന്ന ചിത്രമാണ് ഇപ്പോഴും ബാക്കി നിൽക്കുന്നത്.

## പ്രശ്നങ്ങൾ

1. ഗവ. അലോപ്പതി ആശുപത്രിയുടെ പ്രവർത്തനം പൂർണ്ണമായും തൃപ്തികരമായി ലഭ്യമാകുന്നില്ല. ആശുപത്രിയോടനുബന്ധിച്ചുള്ള പ്രാഥമിക സൗകര്യങ്ങളും അനുബന്ധ ഘടകങ്ങളും ലഭ്യമാക്കേണ്ടതുണ്ട്.
2. ഗർഭിണികളുടെയും കുട്ടികളുടെയും പ്രേത്യേക ചികിത്സാ വിഭാഗം ആരംഭിച്ചിട്ടില്ല.
3. ഇഎൻടി വിഭാഗം പ്രവർത്തിക്കുന്നില്ല.
4. ഹോമിയോ ആശുപത്രിയുടെ സൗകര്യങ്ങൾ വിപുലമാക്കേണ്ടതുണ്ട്..
5. അന്യം നിന്നുപോകുന്ന പാരമ്പര്യ ചികിത്സാ വിഭാഗങ്ങൾ പുനരുജ്ജീവിപ്പിക്കുന്നതിന് നടപടിയുണ്ടാകുന്നില്ല.
6. കക്കൂസ് നിർമ്മാണം തുടങ്ങിയ പ്രാഥമിക ആരോഗ്യ സങ്കൽപ്പങ്ങൾ എല്ലാവരിലും എത്തിച്ചേർന്നിട്ടില്ല.
7. പേവിഷബാധാ കൊതുകുസംക്രമണം തുടങ്ങിയവ നിർമ്മാജ്ജനം ചെയ്യുന്നതിനുള്ള നടപടികൾ പൂർണ്ണമായും ഫലപ്രാപ്തിയിലെത്തിയിട്ടില്ല.
8. ആരോഗ്യ പരിപാലന – കുടുംബക്ഷേബോധവൽക്കരണ പരിപാടികൾ കൃത്യമായി നടപ്പിലാക്കുന്നതിൽ വീഴ്ച വന്നു ചേർന്നിട്ടുണ്ട്.

## സാദ്ധ്യതകൾ

1. സർക്കാർ പ്രാഥമിക ആരോഗ്യകേന്ദ്രത്തെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററായി ഉയർത്തിയാൽ 24 മണിക്കൂർ പ്രവർത്തിക്കുന്ന സംവിധാനവും മുഴുവൻ സമയഡോക്ടറുടെ സേവനവും ഉറപ്പുവരുത്താവുന്നതാണ്.
2. പ്രസ്തുത ആശുപത്രിയോടുചേർന്ന് പ്രസവ വാർഡ് പണിയേണ്ടതുണ്ട്.
3. പ്രസ്തുത ആശുപത്രിയോടു ചേർന്ന് ശിശുരോഗ ചികിത്സാ വിഭാഗത്തിന്റെയും ENT ചികിത്സാ വിഭാഗത്തിന്റെയും പ്രവർത്തനം ആരംഭിക്കേണ്ടതും, കാര്യക്ഷമമായി നടപ്പിലാക്കേണ്ടതുമാണ്.

4. പേവിഷചികിത്സാ സൗകര്യങ്ങൾ ഉറപ്പുവരുത്തേണ്ടതാണ്.

5. മണപ്പുറത്തെ ആയുർവേദ ആശുപത്രിയുടെ പ്രവർത്തനം ത്വരിതഗതിയിൽ ആരംഭിക്കേണ്ടതാണ്.

6. മലയിൻകീഴ് അലോപ്പതി ആശുപത്രിയുടെ സബ്സെന്ററുകൾ വാർഡ് അടിസ്ഥാനത്തിൽ പ്രവർത്തിപ്പിക്കേണ്ടതാണ്.

7. മച്ചേൽ ഹോമിയോ ചികിത്സാ കേന്ദ്രത്തിൽ പ്രാഥമിക ചികിത്സാ സൗകര്യങ്ങൾ വിപുലമാക്കുകയും പുതിയ വാർഡുകൾ പണിത് കൂടുതൽ രോഗികളെ കിടത്തി ചികിത്സിപ്പിക്കുന്നതിനുള്ള സ്ഥലസൗകര്യം ലഭ്യമാക്കുകയും ചെയ്യേണ്ടതുണ്ട്.

8. പഞ്ചായത്തിൽ ഒരു പൊതുശ്മശാനത്തിന് സ്ഥലം കണ്ടെത്തുകയും ഉണ്ടാക്കുകയും ചെയ്യേണ്ടതായിട്ടുണ്ട്.

9. മലയിൻകീഴ്, തച്ചോട്ടുകാവ്, അന്തിയൂർക്കോണം എന്നീ സ്ഥലങ്ങളിൽ ഓരോ പബ്ളിക് കംഫർട്ട് സ്റ്റേഷനുകൾ പണിയാൻ ത്വരിതഗതിയിൽ നടപടിയെടുക്കേണ്ടതുണ്ട്.

10. ഹൈസ്കൂൾ വാർഡിൽ മിനി എസ്റ്റേറ്റിൽ നിന്നും വരുന്ന മലിനജലം, മാലിന്യ രഹിതമാക്കാൻ വേണ്ട സാങ്കേതിക പ്രവർത്തനങ്ങൾ സ്വീകരിക്കേണ്ടതുണ്ട്.

11. മാറാരോഗം ബാധിച്ച ദുർബ്ബല വിഭാഗങ്ങൾക്കു സൗജന്യ ചികിത്സ ഉറപ്പ് വരുത്തേണ്ടതുണ്ട്.

12. തച്ചോട്ടുകാവു കേന്ദ്രീകരിച്ചു ആയുർവേദ ആശുപത്രി തുടങ്ങേണ്ടതാണ്.

13. ഹോം നഴ്സിംഗ് പരിശീലനം വ്യാപകമാക്കാൻ സംവിധാനങ്ങൾ സ്വീകരിക്കേണ്ടതായിട്ടുണ്ട്.

# കുടിവെള്ളം

മേൽ പറഞ്ഞ വസ്തുതകളുടെ വെളിച്ചിൽ മലയിൻകീഴ് ഗ്രാമ പഞ്ചയത്തിന്റെ അവസ്ഥ വിലയിരുത്തുമ്പോൾ നാം ബഹുദൂരം പിന്നിലാണ്. തലസ്ഥാന ജില്ലയിൽ നഗരികയുടെ രാജപാതകളിലൊന്നിൽ 12കി: മി മാത്രം സ്ഥിതി ചെയ്യുന്ന മലയിൻകീഴ് ഗ്രാമപഞ്ചയത്തിന് കുടിവെള്ളവും പരിഹരിക്കുക എന്നതു ഇന്നും സ്വപ്നമായിതന്നെയവശേഷിക്കുന്നു അവസ്ഥയാണുള്ളത്. തിരുവനന്തപുരം ജില്ലയിൽ– "രണ്ടാമതായി" പൊന്നറകോണം കുളത്തിൽ സ്ഥാപിക്കപ്പെട്ട ശുദ്ധജലവിതരണ പദ്ധതി മലയിൻകീഴ് പ്രദേശത്തുപോലും പ്രശ്നപരിഹാരത്തിനു മതിയാകുന്നില്ല.

ഒരു വർഷം മുമ്പായി തന്നെ ഏതാണ്ട് ഒന്നരക്കോടിയിലധികം രൂപ ചെലവിൽ ആവിഷ്ക്കരിച്ച മാറനല്ലൂർ–മറുകിൽ വാട്ടർ സപ്ലൈ പദ്ധതി ഒരു വർഷത്തിനുശേഷം തുടങ്ങിയിടത്തുതന്നെ നിൽകുകയാണ്. പ്രസ്തുത നിശ്ചലാവസ്ഥയാകിയെടുത്ത് ഈ പരിപാടി ദീർഘവീക്ഷണത്തോടെ നടപ്പിലാക്കിയാൽ എഴുപതുശതമാനത്തോളം ഗ്രാമീണർക്ക് ശുദ്ധജലവും പ്രദാനം ചെയ്യുന്നതിന് പ്രസ്തുത പരിപാടി ഉപയുക്തമായി തീരും.

പൂർണ്ണമായും കിണർവെള്ളത്തെ ആശ്രയിച്ചു കഴിയുന്നു 70 ശതമാനത്തോളം ജനങ്ങൾ ഈ പഞ്ചായത്തിലുണ്ട്. ഇവരിൽ 60 ശതമാനം പേരും വേനൽക്കാലത്ത് കുടിവെള്ളക്ഷാമത്തിന്റെ നിഴലിലാണ്. മാത്രമല്ല കുന്നുകളും പാറക്കെട്ടുകളും നിറഞ്ഞ പ്രദേശങ്ങളിൽപെടുന്ന വാർഡുകളിൽ വർഷക്കാലത്തുപോലും കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നയവസ്ഥയാണുള്ളത് എന്നത് തികച്ചും വേദനാജനകമായ യഥാർത്ഥ്യമാണ്താനും. ഈ സഹാചര്യത്തിൽ സ്വന്തമായി കിണറോ, കിണർ കുഴിക്കുന്നതിനുള്ള സൗകര്യമോ ശേഷിയോ ഇല്ലാത്ത ദുർബ്ബല ജനവിഭാഗങ്ങളുടെ അവസ്ഥ ചിന്തനീതമാണ്. പഞ്ചായത്തിൽ 16 പൊതു കിണറുകളും 18 കുഴൽ കിണറുകളും ഉണ്ടെങ്കിലും അവ ഇരുട്ടിന്റെ സാഗരത്തിൽ മെഴുകുതിരി വെളിച്ചമായി മാത്രം നിലകൊള്ളുകയാണ്.

ഈ സാഹചര്യത്തിൽ 12 വാർഡുകളിലെയും ഗ്രാമസഭകൾ ഏകകണ്ഠമായി കുടവെള്ള ക്ഷാമപരിഹാരത്തിനായി ആവശ്യം ഉയർത്തിയതിന് അത്ഭുതമില്ലായെന്നു കാണാവുന്നതാണ്.

## കുടിവെള്ളം - പ്രശ്നങ്ങൾ

1. വാർഡുകളിലാവശ്യമായ സ്ഥലങ്ങളിൽ പൊതു കിണറുകൾ സ്ഥാപിക്കുകയും വൃത്തിയാക്കാൻ സംവിധാനമുണ്ടാക്കുകയും ചെയ്യേണ്ടതായിട്ടുണ്ട്.
2. കുടുതൽ ഉയർന്നതും പാറക്കെട്ടുള്ളതുമായ പ്രദേശങ്ങളിൽ കുഴൽ കിണറുകൾ അടിയന്തിരമായി നിർമ്മിക്കേണ്ടതുണ്ട്.
3. മാറനല്ലൂർ- ജലവിതരണപദ്ധതി അടിയന്തിരപ്രാധാന്യം നൽകി പൂർത്തിയാക്കേണ്ടതുണ്ട്.
4. പൊന്നറക്കോണം കുളത്തിൽ നിലവിലുള്ള ജലവിതരണ പദ്ധതി വിപുലപ്പെടുത്തുകയും ശുദ്ധമായ ജലം തന്റെ വിതരണം ചെയ്യപ്പെടുത്തുന്നു എന്നറപ്പു വരുത്തുകയും ചെയ്യേണ്ടതായിട്ടുണ്ട്.
5. പൊതു നിരത്തുകളിൽ കുടുതൽ പൊതു പൈപ്പുകൾ സ്ഥാപിക്കേണ്ടതായിട്ടുണ്ട്.

## സാദ്ധ്യതകൾ

1. മഞ്ചാടി വാർഡിൽ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി ചേമ്പാംകോണത്തിന് സമീപം പൊതുകിണർ നിർമ്മിക്കേണ്ടതാണ്.
2. വെൺമാറനെല്ലുർ വാർഡിൽ കുന്നിൻമുകൾ, മൂഴിനട എന്നിവിടങ്ങളിൽ കുഴൽ കിണറുകൾ സ്ഥാപിക്കേണ്ടതാണ്
2 (a) മച്ചേൽ വാർഡിൽ കുരുവിൻമുകൾ, പ്ലാങ്കോട്ടുമുകൾ എന്നിവിടങ്ങളിൽ കുഴൽകിണർ സ്ഥാപിക്കണം.
3. ഗോവിന്ദമംഗലം വാർഡിൽ വേലിക്കോട് ഒരു പൊതുകിണർ നിർമ്മിക്കേണ്ടതാണ്.
4. ദുർബ്ബല- അവശ വിഭാഗങ്ങളിൽപ്പെടുന്നവർക്ക് കിണർ വൃത്തിയാകുന്നതിനും പുനർനിർമ്മാണത്തിനും വായ്പകളും മറ്റു സാമ്പത്തിക സഹായങ്ങളും ലഭ്യമാക്കേണ്ടതാണ്.
4 (a) മച്ചേൽ വാർഡിൽ പഞ്ചായത്തുമായി ഒറ്റപ്പെട്ടു കിടക്കുന്ന മലവിളഭാഗത്തെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നുതിന് വിളവൂർകാൽ പഞ്ചായത്തിന്റെ വാട്ടർസപ്ലൈ സ്കീം മലവിള MLA റോഡിൽ മലയിൻകീഴ് പഞ്ചായത്തിന്റെ അതിർത്തിവരെ നീട്ടേണ്ടതാണ്.
5. കിണറുകളിലെ ജലത്തിന്റെ ശുദ്ധി ഉറപ്പുവരുത്തുന്നതിനും മാലിന്യനിർമ്മാർജ്ജനത്തിനും ക്ലോറിനേഷൻ തുടങ്ങിയ നടപടികൾ സമയബന്ധിതമായി പഞ്ചായത്താകമാനം നടപ്പിലാക്കേണ്ടതാണ്.
6. ചേമ്പാൻ കോണം (മഞ്ചാടിവർഡ്) പ്രദേശത്തെ നീരുറവ ശുദ്ധിചെയ്തത് കുടിവെള്ളത്തിനുള്ള ജലസ്രോതസ്സായി ഉപയോഗപ്പെടുത്തേണ്ടതാണ്.
7. കുളക്കോട്ടു കുളത്തിൽ (ഹൈസ്കൂൾ) കിണർ കുഴിച്ച് ജലവിതരണ പദ്ധതി നടപ്പിലാക്കേണ്ടതാണ്.
8. ശാന്തുംമൂല കുളത്തിൽ (മലയിൻകീഴ്) കിണർകുഴിച്ച് ജലവിതരണ പദ്ധതി നടപ്പിലാക്കാവുന്നതാണ്.
9. വടവൂർക്കോണം കുളം (കുന്നുംപാറ) കിണർകുഴിച്ച് ജലവിതരണ പദ്ധതിയ്ക്കുള്ള ജലസ്രോതസ്സായി ഉപയോഗിപ്പെടുത്തേണ്ടതാണ്.
10. തകിടിയിൽ (ഗോവിന്ദമംഗലം വാർഡ്) കുടിവെള്ള പദ്ധതി നടപ്പിൽ വരുത്തേണ്ടതാണ്.
11. കൃഷ്ണപുരം വാർഡിലെ കൈതേക്കോണം മരുതുർക്കോണം കുളങ്ങളിൽ ഓരോ ഊറ്റുകുഴി നിർമ്മിച്ച് കുടിവെള്ളക്ഷാമം പരിഹാരിക്കാൻ നടപടിയെടുക്കാവുന്നതാണ്.
12. മേപ്പൂക്കട വാർഡിൽ മൈലോട് ഏലായിൽ കാണപ്പെടുന്ന ജലസ്രോതസ് അടിയന്തിരമായി

ശുദ്ധീകരിച്ച് സംരക്ഷണ നടപടികൾ സ്വീകരിച്ചാൽ കുടിവെള്ളക്ഷാമം പ്രസ്തുത വാർഡിൽ പരിഹരിക്കാം. മൈലോട്, അന്തിയൂർക്കോണം എൽ. പി. എസ്, കുറ്റിക്കാട്, പൂങ്കോട് എന്നിവിടങ്ങളിൽ കുഴൽകിണർ സ്ഥാപിക്കേണ്ടതാണ്.

13. അന്തിയൂർക്കോണം വാർഡിൽ ചിറ്റൂർക്കോണം, കടക്കൽവിള എന്നിവിടങ്ങളിലുള്ള ഊറ്റുകുഴി ശുദ്ധികരിച്ച് ജലസ്രോതസ്സായി ഉപയോഗപ്പെടുത്താവുന്നതാണ്.

14. ബ്ലോക്കാഫീസ് വാർഡിലെ കുളത്തറ ഭാഗത്ത് ഒരു പൊതുകിണർ കുഴിച്ച്, ആ പ്രദേശത്തെ കുടിവെള്ളക്ഷാമത്തിന് ഒരു പരിധി വരെ പരിഹാരം നേടാവുന്നതാണ്.

15. മച്ചിനാടുകുളത്തിലുള്ള നീരുറവ പുനരുദ്ധരിച്ച് ആ പ്രദേശത്തുള്ളവരുടെ കുടിവെള്ള ക്ഷാമം പരിഹരിക്കണം

## മലയിൻകീഴ് ഗ്രാമപഞ്ചായത്ത്
### സ്ഥാപന വിവരങ്ങൾ

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | ഇനം | കെട്ടിടം സ്വന്തം/വാടക | ഉദ്യോഗസ്ഥരുടെ എണ്ണം | സ്ഥാപിച്ച വർഷം | സ്ഥാപനപരമായ പ്രശ്നങ്ങൾ |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| 1 | PHC മലയിൻകീഴ് (Sub Centre) | — | Govt: (ഉപയോഗശൂന്യം) | 1 | | |
| 2 | FWC, അന്തിയൂർകോണം | | ഇല്ല | 1 | | |
| 3 | FWC, കരിപ്പൂര് | | ഇല്ല | 1 | | |
| 4 | FWC, മച്ചേൽ | | ഇല്ല | 1 | | |
| 5 | FWC, കാണവിള | | ഇല്ല | 1 | | |
| 6 | FWC, വലിയറത്തല | | ഇല്ല | 1 | | |

## ആശുപത്രികളെ സംബന്ധിച്ച വിവരങ്ങൾ (1995-96)

**Ref. AVI,G,F**

| ഏതു വിഭാഗം ചികിത്സാ സംവിധാനം | ആശുപത്രി | | ഡിസ്പെൻസറി | | മാതൃശിശു സംരക്ഷണ കേന്ദ്രങ്ങൾ | | മൊത്തം ജീവനക്കാരുടെ എണ്ണം |
|---|---|---|---|---|---|---|---|
| | സർക്കാർ | സ്വകാര്യം | സർക്കാർ | സ്വകാര്യം | സർക്കാർ | സ്വകാര്യം | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 |
| അലോപ്പതി | 1 | 2 | - | - | 16 | - | 28 + 8 + 32 |
| ഹോമിയോപ്പതി | 1 | - | - | - | | | 4 |

മലയിൻകീഴ് ഗ്രാമപഞ്ചായത്ത്
ആരോഗ്യ സ്ഥാപനങ്ങളിൽ നിന്നും വിവരം ശേഖരിക്കാൻ

| വർഷം | ഇൻപേഷ്യന്റ് | ഔട്ട് പേഷ്യന്റ് | രോഗങ്ങൾ സംബന്ധിച്ച വിവരം - പ്രതിവർഷം (എണ്ണം) | | | | | |
|---|---|---|---|---|---|---|---|---|
| | | | ത്വക്ക് രോഗം | വാതരോഗം (എല്ലാ വിഭാഗവും) | പകർച്ച വ്യാധികൾ | വിഷചികിത്സ (പാമ്പു കടി etc.) | മറ്റുള്ള രോഗങ്ങൾ | ആകെ |
| 1992-93 | | | | | | | | |
| 1993-94 | | | | | | | | |
| 1994-95 | 8535 | 30561 | | | | | 744 | |
| 1995-96 | | | | | | | | |
| | | | | | | | | |

## മലയിൻകീഴ് ഗ്രാമപഞ്ചായത്ത്
## ജനന മരണ വിവരങ്ങൾ

| വർഷം<br>1 | ജനനം<br>2 | മരണം<br>3 | ചാപിള്ള ജനനം<br>4 |
|---|---|---|---|
| 1993-94 | | | |
| 1994-95 | | | |
| 1995-96 | 337 | | 1 |

## മലയിൻകീഴ് ഗ്രാമപഞ്ചായത്ത്
## പകർച്ചവ്യാധി വിവരങ്ങൾ

| വർഷം<br>1 | ജലജന്യ രോഗങ്ങൾ<br>2 | വായുജന്യ രോഗങ്ങൾ<br>3 | പ്രാണിജന്യ രോഗങ്ങൾ<br>4 | മറ്റുള്ളവ<br>5 |
|---|---|---|---|---|
| 1993-94 | Nil | Nil | Nil | |
| 1994-95 | Nil | Nil | Nil | |

1) പ്രായാടിസ്ഥാനത്തിൽ ദമ്പതിമാർ

(സ്ത്രീയുടെ പ്രായക്രമം)

| | | |
|---|---|---|
| a) 15-19 — 65 | : | |
| b) 20-24 — 710 | : | |
| c) 25-29 — 1133 | : | |
| d) 30-34 — 999 | : | |
| e) 35-39 — 893 | : | |
| f) 40-44 — 396 | : | |

2) അമ്മമാരുടെ എണ്ണം
(ജീവിച്ചിരിപ്പുള്ള കുട്ടികളുടെ
എണ്ണത്തിന്റെ അടിസ്ഥാനത്തിൽ)

| | | |
|---|---|---|
| a) 1 കുട്ടി | : | 880 |
| b) 2 കുട്ടികൾ | : | 2501 |
| c) 2 ൽ കൂടുതൽകുട്ടികൾ | : | 593 |

3) കുടുംബാസൂത്രണമാർഗ്ഗം സ്വീകരിച്ച അമ്മമാർ
(ജീവിച്ചിരിക്കുന്ന കുട്ടികളുടെ അടിസ്ഥാനത്തിൽ)

| | | |
|---|---|---|
| a) 1 കുട്ടി | : | 64 |
| b) 2 കുട്ടികൾ | : | 2378 |
| c) 3 ൽ കൂടുതൽകുട്ടികൾ | : | 562 |

4) അംഗവൈകല്യമുള്ളവർ

| | | |
|---|---|---|
| a) അന്ധർ | : | 9 |
| b) ബധിരർ | : | 11 |
| c) മൂകർ | : | 8 |
| d) ബധിര—മൂകർ | : | |
| e) ചലനവൈകല്യങ്ങൾ | : | 18 |
| ആകെ | : | 46 |

5) മന്ദബുദ്ധികൾ എണ്ണം

| | | |
|---|---|---|
| പ്രായം | | |
| a) 0-5 | : | a) 11-15 |
| b) 6-10 | : | a) 16ന് മേൽ : 17 |

6) സ്ഥായിയായ രോഗബാധിതർ

| | | |
|---|---|---|
| a) രക്തസമ്മർദ്ദം | : | 2004 |
| b) പ്രമേഹം | : | 1322 |
| c) ക്യാൻസർ | : | 20 |
| d) കുഷ്ഠം | : | 16 |
| e) ക്ഷയം | : | 40 |
| f) ഹൃദ്രോഗം | : | 311 |
| ആകെ | : | 3713 |

7) a) ഒരുവയസ്സിനുതാഴെ പ്രായമുള്ള കുട്ടികളുടെ എണ്ണം
b) പ്രതിരോധ കുത്തിവയ്പ് നടത്തിയവർ

15) ആകെ ഗർഭണികൾ : 542

# വ്യവസായം

മഹാത്മാഗാന്ധി വിഭാവന ചെയ്ത ഗ്രാമസ്വരാജ് ഇന്ന് ചലനാത്മകമാവുകയാണ്. ഇൻഡ്യയുടെ ഇന്നത്തെ സാഹചര്യത്തിനനുയോജ്യമായതും സർവ്വതോന്മുഖ വികസനം സാദ്ധ്യമാകുന്നതുമായ വിവിധ വികസന പദ്ധതികൾ ഗ്രാമീണ ജനതയുടെ സഹകരണത്തോടെ നടപ്പിൽ വരുത്തി സാമ്പത്തിക വികസനം ത്വരിതപ്പെടുത്തുകയെന്നതാണ് ഇന്നു നാം ലക്ഷ്യമിട്ടിരിക്കുന്നത്. വിവിധ വികസന പദ്ധതികൾ ഗുണഭോക്താക്കൾക്ക് പരമാവധി പ്രയോജനപ്പെടുത്തത്തക്കരീതിയിൽ ആവിഷ്ക്കരിച്ചു നടപ്പിൽ വരുത്തുവാൻ സാധിയ്ക്കുമെന്നുള്ളത് ഈ സംവിധാനത്തിന്റെ സവിശേഷതയാണ്.

അധികാര വികേന്ദ്രീകരണത്തിലൂടെ മാത്രമേ സമതുലിതമായ സാമ്പത്തിക സാമൂഹിക വികസനം സാദ്ധ്യമാവുകയുള്ളൂ. കേരളാ ഗവൺമെന്റ് ആവിഷ്ക്കരിച്ചിരിക്കുന്ന ജനകീയ ആസൂത്രണം ഈ സംരംഭത്തിലേയ്ക്കുള്ള ഒരു സുപ്രധാന ചുവടുവയ്പാണ്.

ഇൻഡ്യ ഗ്രാമങ്ങളുടെ നാടാണ്. ഇന്ത്യയുടെ ആത്മാവ് ഗ്രാമീണ മേഖലയിൽ സ്ഥിതി ചെയ്യുന്നു. എന്നാൽ ഗ്രാമീണരിൽ ഭൂരിഭാഗവും ഇന്നും കൃഷിയിലും അസംഘടിതമായ ചെറുകിട കുടിൽ വ്യവസായങ്ങളിലുമായി ഒതുങ്ങി നിൽക്കുന്നു. ഗ്രാമങ്ങളുടെ സ്വയം പര്യാപ്തതയിലൂടെ മാത്രമേ നമ്മുടെ രാജ്യത്തിന്റെ സമഗ്രവികസനം പരിപൂർണ്ണമാവുകയുള്ളൂ.

നെയ്യാറ്റിൻകര താലൂക്കിലെ നേമം വികസന ബ്ലോക്കിൽ ഉൾപ്പെടുന്ന മലയിൻകീഴ് പഞ്ചായത്ത് 12 വികസന വാർഡുകൾ ഉൾപ്പെടുന്നു. തിരുവനന്തപുരം നഗരവുമായി വളരെ അടുത്തു സ്ഥിതി ചെയ്യുന്ന ഒരു ഗ്രാമമാണ് മലയിൻകീഴ് എങ്കിലും ഈ പഞ്ചായത്തിൽ വ്യവസായിക രംഗത്ത് കാര്യമായ വികസനം ഇനിയും ഉണ്ടായിട്ടില്ല. ഒരു മിനി എസ്റ്റേറ്റ് ഒഴികെ സർക്കാർ, അർദ്ധസർക്കാർ മേഖലയിലുള്ള വ്യാവസായിക എസ്റ്റേറ്റുകളോ സ്വകാര്യവ്യക്തികളുടെ മുതൽ മുടക്കിലുള്ള വൻവ്യവസായങ്ങളോ നമ്മുടെ പഞ്ചായത്തിലില്ല. ഈ രംഗത്ത് കാര്യമായ പുരോഗതി കൈവരിക്കാൻ സ്വാതന്ത്ര്യം ലഭിച്ച് 49 വർഷമായിട്ടും നമുക്ക് കഴിഞ്ഞിട്ടില്ലായെന്നത് ഒരു ദു:ഖകരമായ സത്യമാണ്. കാർഷിക പ്രധാനമായ ഒരു പഞ്ചായത്തെന്ന നിലയിൽ കാർഷിക വിഭാഗങ്ങളോടനുബന്ധമായ ചെറുകിട വ്യാവസായ ശൃംഖലകൾ സൃഷ്ടിക്കുന്നതായിരിക്കും ഈ പഞ്ചായത്തിന്റെ ഉയർത്തെഴുന്നേല്പിന് കൂടുതൽ സഹായകകരമാകുന്നത്. ദീർഘമായ വ്യാവസായിക പാരമ്പര്യം അവകാശപ്പെടാൻ കഴിയാത്ത ഒരു പഞ്ചായത്താണ് നമ്മുടെ പഞ്ചായത്തെങ്കിലും വ്യവസായ രംഗത്ത് പുരോഗതി കൈവരിക്കാനുള്ള സാദ്ധ്യതകൾ ധാരാളമുണ്ട്. പരമ്പരാഗത കുടിൽ വ്യവസായങ്ങൾ ആയ കൈത്തറി, ഈറ്റ നെയ്ത്ത്, ഇരുമ്പിലും ഉരുക്കിലും ഉള്ള പണിയായുധങ്ങളുടെ നിർമ്മാണം, അലായി പാത്രനിർമ്മാണം, തേനീച്ച വളർത്തൽ, കാർഷിക വിഭവങ്ങളുടെ സംസ്ക്കരണം, റബ്ബർ ഉല്പന്നങ്ങളുടെ വ്യാവസായിക ഉപയോഗം എന്നിവയിലൂടെ വ്യാവസായിക രംഗത്ത് നമുക്ക് നവോത്ഥാനം സൃഷ്ടിക്കാനും അതിലൂടെ നൂറുകണക്കിന് തൊഴിലവസരങ്ങൾ ലഭ്യമാക്കാനും കഴിയും. ഇതിലേയ്ക്ക് വേണ്ട സാമ്പത്തിക സാങ്കേതിക സഹായങ്ങൾ നൽകുന്നതോടൊപ്പം ഇടനിലക്കാരനിൽ നിന്നുള്ള ചൂഷണവും സാമ്പത്തിക ക്രമക്കേടുകളും അവസാനിപ്പിച്ചുകൊണ്ട് നിലവിലുള്ള സർക്കാർ ആനുകൂല്യങ്ങൽ പൂർണ്ണമായും ഗുണഭോക്താക്കൾക്ക് ലഭ്യമാകുന്നുണ്ടെന്നും ഉറപ്പ് വരുത്തേണ്ടതാണ്.

എന്നാൽ ഒരു ഗ്രാമത്തിന്റെ വ്യാവസായിക അഭിവൃദ്ധയെക്കുറിച്ച് ചിന്തിക്കുമ്പോൾ ചെറുകിട വ്യവസായങ്ങൾ ഇന്നു നേരിടുന്ന ചില പ്രശ്നങ്ങൾ നാം ഗൗരവമായി കാണേണ്ടിയിരിക്കുന്നു. അസംസ്കൃത വസ്തുക്കളുടെ ലഭ്യതകുറവ്, സാമ്പത്തിക സഹായത്തിന്റെ അപര്യാപ്തത, സാങ്കേതിക വിദ്യയുടെ അഭാവം, വിപണനത്തിനുള്ള അസൗകര്യം എന്നീ പ്രശ്നങ്ങൾ പരിഹരിക്കാൻ വേണ്ടി ബോധപൂർവ്വമായ സംഘടനാ പാഠവം പ്രദർശിപ്പിച്ചില്ലെങ്കിൽ ശൈശവാവസ്ഥയിൽ ഇവ തകർന്നു പോകുമെന്ന് ഗൗരവമായി നാം കാണേണ്ടിയിരിക്കുന്നു.

## കൈത്തറി നെയ്ത്ത് വ്യവസായം

ഭാരതത്തിലെ ഏറ്റവും പഴക്കം ചെന്ന കുടിൽ വ്യവസാങ്ങളിലൊന്നാണ് കൈത്തറി നെയ്ത്ത് വ്യവസായം എങ്കിലും ഈ കുടിൽ വ്യവസായം പ്രതിസന്ധികൾ നേരിടുന്നു. നൂലിന്റെ വില കൂടുതലും കമ്പോളത്തിന്റെ അപര്യപ്തതയും വൻകിടകമ്പനികളുടെ മാത്സര്യവുമാണ് ഈ വ്യവസായം നേരിടുന്ന ഭീക്ഷണികൾ. മലയിൻകീഴ് പഞ്ചായത്തിലെ വലിയറത്തല, മേപ്പൂക്കട, പ്ലാവിള തുടങ്ങിയ സ്ഥലങ്ങളിൽ പരിമിതമായ തോതിൽ ഇന്നും നെയ്ത്ത് തുടരുന്നു. മലയിൻകീഴ് പഞ്ചായത്ത് പ്രദേശത്തു മാത്രമായി ഒരു കൈത്തറി സഹകരണ സംഘമാരംഭിച്ചുകൊണ്ട് ന്യായമായ വിലയ്ക്ക് നൂലും മറ്റ് അസംസ്കൃത വസ്തുക്കളും വിതരണം ചെയ്യുന്നതിനും അതുപോലെ നെയ്ത്ത് തൊഴിലാളികൾ നെയ്യുന്ന വസ്ത്രങ്ങൾ ശേഖരിക്കാനും, അവർക്ക് കുറഞ്ഞ പലിശ നിരക്കിൽ വായ്പ എത്തിക്കാനും കഴിഞ്ഞാൽ കൂടുതൽ ആളുകളെ ഈ മേഖലയിലേയ്ക്ക് എത്തിക്കാനും പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും കഴിയും.

## ഈറ്റ വ്യവസായം

വളരെ പുരാതനകാലത്തേയുള്ള ഒരു പരമ്പരാഗത വ്യവസായമാണ്. എന്നാൽ അസംസ്കൃത വസ്തുക്കളുടെ ലഭ്യത കുറവും വസ്തുക്കൾ വിറ്റഴിക്കാനുള്ള കമ്പോളത്തിന്റെ അഭാവവും ഇന്ന് ഈ വ്യവസായത്തിന്റെ വികസനത്തിന് പ്രധാന തടസ്സങ്ങളാണ്. യുവതി യുവാക്കൾ ഈ വ്യവസായത്തിലേയ്ക്ക് കടന്നു വരുന്നില്ലായെന്നത് പ്രത്യേകം ശ്രദ്ധേയമാണ്. ഈറ്റയിൽ നിന്ന് പനമ്പ്, ധാരാളം കൗതുക വസ്തുക്കൾ എന്നിവ നിർമ്മിക്കാവുന്നതാണ്. ശാസ്ത്രീയ അടിസ്ഥാനത്തിൽ ഈ വ്യവസായത്തെ പുനഃരുദ്ധരിക്കേണ്ടതും ഇതിന്റെ വിശാലമായ സാദ്ധ്യതകൾ ചുഷണം ചേയ്യേണ്ടതുമാണ്. മലയിൻകീഴ് ഗ്രാമ പഞ്ചായത്തിലെ കോട്ടമ്പൂര് വലിയറത്തലയിലെ ചില ഭാഗങ്ങൾ എന്നിവിടങ്ങളിലാണ് ഈ വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾ അധിവസിക്കുന്നത്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വ്യക്തികളാകയാൽ സാമ്പത്തിക സഹായം നൽകി ഈ വ്യവസായത്തെ പുനഃരുദ്ധരിക്കേണ്ടതാണ്. ആകയാൽ ചെറുകിട വ്യവസായകോർപ്പറേഷൻ, സഹകരണ ബാങ്കുകൾ എന്നിവയിൽ നിന്ന് സഹായം ലഭിച്ചാൽ ഈ വ്യവസായത്തെ പുനഃസംവിധാനം ചെയ്യാനും ധാരാളം തൊഴിലാളികൾക്ക് തൊഴിൽ നേടാനും സാധിക്കും.

## ഫർണിച്ചർ നിർമ്മാണം

ഒരു സ്വയം തൊഴിൽ പദ്ധതി എന്ന നിലയിൽ ഫർണിച്ചർ നിർമ്മാണത്തിനുള്ള പ്രാധാന്യം എടുത്തു പറയേണ്ടതാണ്. വൻകിട കമ്പനികൾ ഈ രംഗത്തേയ്ക്ക് കടന്നു വന്നതുകൊണ്ട് ചെറുകിട വ്യവസായ ഉല്പാദകർക്ക് പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. തടിയിൽ കരകൗശല വസ്തുക്കൾ ഉണ്ടാക്കി വളരെ വ്യാപകമായ കമ്പോളങ്ങൾ കണ്ടെ

ത്താൻ കഴിയും. കെട്ടിട നിർമ്മാണത്തിനാവശ്യമായ തടികൊണ്ടുള്ള ഉപകരണങ്ങൾ നിർമ്മിച്ച് നൽകുന്നതിന് പഞ്ചായത്ത് തലത്തിൽ ഒരു സ്ഥാപനം ആരംഭിക്കുകയും അതിലൂടെ ഈ വ്യവസായത്തിന്റെ പുരോഗതി ഉറപ്പ് വരുത്തുകയും ചെയ്യാം.

## ഇരുമ്പ് ഉരുക്ക് ഉപകരണങ്ങൾ

ഗാർഹിക ആവശ്യത്തിനും കാർഷിക ആവശ്യത്തിനുമുള്ള ഇരുമ്പുരുക്ക് ഉപകരണങ്ങൾ അതാതുമേഖലകളിൽ പണിയെടുക്കുന്ന തൊഴിലാളികളെ സംഘടിപ്പിച്ചുകൊണ്ട് നിർമ്മിക്കുന്നതിനും വിപണനം ചെയ്യുന്നതിനും ഈ പഞ്ചായത്തിൽ വലിയ സാദ്ധ്യതകൾ ഉണ്ട്. എന്നാൽ കാർഷിക ഉപകരണ നിർമ്മാണ രംഗത്ത് വൻകിട കമ്പനികളുടെ കടന്നുകയറ്റം ഈ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. ആയതിനാൽ ഇത്തരം തൊഴിലാളികൾക്ക് സാമ്പത്തിക സഹായവും വിപണന സൗകര്യവും ഒരുക്കികൊടുക്കേണ്ടുന്ന ഏജൻസികളെ കണ്ടുപിടിച്ച് ഈ തൊഴിലിനെ വ്യാവസായിക അടിസ്ഥാനത്തിൽ വികസിപ്പിക്കാവുന്നതാണ്. -

## തുകൽവസ്തുക്കളുടെ നിർമ്മാണം

മലയിൻകീഴ് ഗ്രാമപഞ്ചായത്തിൽ തുകൽവസ്തുക്കളുടെ നിർമ്മാണസ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. അതിൽ ഒരെണ്ണം ചാരിറ്റബിൾ സൊസൈറ്റി ആക്ട് അനുസരിച്ച് പ്രവർത്തിക്കുന്നതാണ്. ഇതര കുടിൽ വ്യവസായമേഖലകൾ നേരിടുന്ന പ്രശ്നങ്ങൾ ഈ വ്യവസായവും നേരിടുകയാണ്. എന്നാൽ ഈ ചെറുകിട വ്യവസായത്തിന്റെ പ്രത്യേകത വൻകിട കമ്പനികൾ നിർമ്മിക്കുന്ന ഉല്പന്നങ്ങളോടൊപ്പം ബലത്തിലും ഗുണനിലവാരത്തിലും നിൽക്കാൻ കഴിയുന്നുണ്ട് എന്നുള്ളതാണ്. സാദ്ധ്യതകൾ പൂർണ്ണമായും പ്രയോജനപ്പെടുത്തിയാൽ ഏറെ വികസന സാദ്ധ്യതയുള്ളതാണ് തുകൽ ഉല്പന്നങ്ങളുടെ നിർമ്മാണം.

## റെഡിമെയ്ഡ് ഗാർമെന്റ്സ്

ഏറിയ തൊഴിൽ സാദ്ധ്യതയുള്ളതും എന്നാൽ കുറഞ്ഞ മുതൽ മുടക്കുള്ളതുമാണ് ഇതിന്റെ പ്രത്യേകത. ഈ ഒരു സവിശേഷതയാണ് സ്ത്രീകൾക്ക് റെഡിമെയ്ഡ് വ്യവസായത്തോട് കടന്നുവരുവാൻ സാധ്യമാക്കിയിരിക്കുന്നത്. ഭംഗിയും ഈടുമുള്ള റെഡിമെയ്ഡ് വസ്ത്രങ്ങൾ നിർമ്മിക്കുന്നതിനുള്ള ശാസ്ത്രീയ പരിശീലനം ലഭ്യമാക്കിയാൽ വിദേശ രാജ്യങ്ങളിൽ പോലും വിപണനം കണ്ടെത്താൻ സാധിക്കുമെന്നത് വസ്തുതയാണ്. സഹകരണാടിസ്ഥാനത്തിൽ ഒരു റെഡിമെയ്ഡ് ഗാർമെന്റ് യൂണിറ്റ് സ്ഥാപിച്ചുകൊണ്ട് നിരവധിപേർക്ക് തൊഴിൽ അവസരങ്ങൾ നൽകാൻ സാധിക്കും ഇത്തരം സ്ഥാപനങ്ങൾ നടത്തുവാൻ സ്വകാര്യ വ്യക്തികൾ മുന്നോട്ടു വന്നാൽ അവർക്ക് സാമ്പത്തിക സാങ്കേതിക സഹായങ്ങൾ ചെയ്തുകൊടുക്കുവാൻ ഉത്തരവാദിത്വപ്പെട്ട ഏജൻസികളുടെ സഹായം തേടേണ്ടതാണ്. വനിത വികസന കോർപ്പറേഷൻ സാമൂഹ്യ ക്ഷേമ വകുപ്പ് എന്നിവയിലൂടെ ഈ രംഗത്ത് കാര്യമായ പുരോഗതി കൈവരിക്കാൻ സാധിക്കും.

## കൊപ്രാ സംസ്ക്കരണം

നാളികേര കൃഷി വ്യാപകമായ നമ്മുടെ പഞ്ചയത്തിൽ കൊപ്രയിൽ നിന്നുള്ള ഉല്പന്നങ്ങളുടെ നിർമ്മാണത്തിൽ വലിയ സാദ്ധ്യതകൾ ഉണ്ട്. കൊപ്ര സംസ്ക്കരിച്ചതിനുശേഷം ലഭിക്കുന്ന വെളിച്ചെണ്ണ ശുദ്ധീകരിച്ച് കമ്പോളത്തിലെത്തിച്ചാൽ ഈ രംഗത്ത് കമ്പനികളുടെ തള്ളിക്കയറ്റം തടയുവാനും അതിലൂടെ ന്യായമായ വിലയ്ക്ക് സാധാരണക്കാർക്ക് വെളിച്ചെണ്ണ ലഭ്യമാക്കാനും സാധിക്കും. ഇതിന്റെ

സംസ്ക്കരണശേഷവസ്തു മധുരപലഹാരങ്ങൾ ഉണ്ടാക്കുന്നതിനും മറ്റും ഉപയോഗിക്കാവുന്നതാണ്. കേരഫെഡിന്റെ ആഭിമുഖ്യത്തിൽ കൊപ്ര സംഭരണത്തിനായി മലയിൻകീഴ് ഗ്രാമപഞ്ചായത്തിൽ ഒരു കേന്ദ്രം തുറക്കുകയും നാളികേരകൃഷിക്കാർക്കാവശ്യമായ സഹായം ചെയ്തു കൊടുക്കേണ്ടതുമാണ്.

## റബർ ഉല്പന്നങ്ങൾ

റബർ കൃഷി ഏറെകുറെ വ്യാപകമായ നമ്മുടെ പഞ്ചായത്തിൽ റബർ ഉല്പന്നങ്ങൾ വ്യാവസായിക അടിസ്ഥാനത്തിൽ നിർമ്മിക്കുന്നതിനായി ഒരു സ്ഥാപനം ആരംഭിക്കാവുന്നതാണ്. താരതമ്യേന വലിയ മുതൽ മുടക്ക് വേണ്ടി വരുന്ന ഒരു സംരഭം ആകയാൽ സർക്കാരിന്റെയോ, ഇതര ധനകാര്യസ്ഥാപനങ്ങളുടെയോ സഹായത്തോടുകൂടിമാത്രമേ ഇതു നടപ്പിൽ വരുത്തുവാൻ കഴിയുകയുള്ളു. എന്നാലും ധാരാളം പേർക്ക് തൊഴിൽ ലഭിക്കുവാൻ ഇടയുള്ള ഒരു വ്യവസായമാകയാൽ ഇത് ഗൗകവമായ പരിഗണന അർഹിക്കുന്നു.

## തീപ്പെട്ടി വ്യവസായം

മലയിൻകീഴ് പഞ്ചായത്തിന്റെ സമീപത്തുള്ള ചില പഞ്ചായത്തുകളിൽ വിജയകരമായി നടത്തി വരുന്ന ഒരു വ്യവസായം ആണിത്. ഖാദിബോർഡിന്റെയും മറ്റും സാമ്പത്തിക സാങ്കേതിക സഹായത്തോടുകുടി സഹകരണാടിസ്ഥാനത്തിൽ ഒരു തീപ്പെട്ടി നിർമ്മാണ യൂണിറ്റാരംഭിച്ചാൽ കുറച്ചാളുകൾക്ക് ജോലിനൽകുവാൻ കഴിയും.

## അഗർബത്തി, മെഴുകുതിരി വ്യവസായം

അഗർബത്തി, മെഴുകുതിരി എന്നിവയുടെ നിർമ്മാണം മലയിൻകീഴ് ഗ്രാമപഞ്ചായത്തിന്റെ ചില പ്രദേശങ്ങളിൽ സ്വകാര്യ വ്യക്തികൾ നടത്തുന്നുണ്ട്. വലിയ മുതൽ മുടക്കില്ലാതെ സ്വന്തം വീട്ടിലിരുന്നു തന്നെ ഓരോ വ്യക്തികൾക്കും സ്വയം തൊഴിൽ കണ്ടെത്തുന്നതിന് ഉപകരിക്കുന്ന ഈ വ്യവസായം കൂടതൽ പ്രോൽസാഹനം അർഹിക്കുന്നു.

## സോപ്പ് നിർമ്മാണം (കോട്ടേജ് സോപ്പ്)

ഖാദിഗ്രാമവ്യവസായ സഹകരണ സംഘത്തിന്റെ സഹായത്തോടുകുടി ചെയ്യുന്ന മറ്റൊരു വ്യവസായമാണ് കോട്ടേജ് സോപ്പ് നിർമ്മാണം. തൊഴിൽ രഹിതരായ ചെറുപ്പക്കാരെ തൊഴിൽ രംഗത്തേക്ക് ആകർഷിക്കാൻ കഴിയുന്ന ഈ വ്യവസായം നമ്മുടെ പഞ്ചായത്തിൽ പ്രത്യേകമായ പ്രോൽസാഹനം അർഹിക്കുന്നു.

## ഹോളോ ബ്രിക്സ് വ്യവസായം

കെട്ടിട നിർമ്മാണത്തിന് താരതമ്യേന പരക്കെ ഇന്ന് ഹോളോ ബ്രിക്സ് ഉപയോഗിക്കപ്പെടുന്നുണ്ട്. നമ്മുടെ പഞ്ചായത്തിൽ ചില കേന്ദ്രങ്ങളിൽ സ്വകാര്യ യൂണിറ്റുകൾ ഈ രംഗത്ത് പ്രവർത്തിക്കുന്നുണ്ട്. കുടുതൽ പരിഗണന നൽകിയാൽ ധാരാളം തൊഴിലാളികൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതാണിത്. അതിനോടൊപ്പം കെട്ടിട നിർമ്മാണ രംഗത്ത് ചെലവ് ചുരുക്കലിന് ഇത് സഹായവുമാണ്.

## പഴവർഗ്ഗങ്ങളുടെ സംസ്ക്കരണം

പഴവർഗ്ഗങ്ങൾ സംസ്ക്കരിച്ച് ജ്യൂസുകൾ, ജാം എന്നിവ ഉണ്ടാക്കുന്നതിനും നേത്രക്കായ വറ്റൽ, ചക്ക വറ്റൽ എന്നിവയും വീട്ടമ്മമാർക്ക് സ്വയം തൊഴിൽ കണ്ടെത്തലിന്റെ ഭാഗമായി ചെയ്യാവുന്ന കുടിൽ വ്യവസായങ്ങളാണ്.

മാങ്ങ, കൈതച്ചക്ക, മുതലായവ സുലഭമായി നമ്മുടെ പഞ്ചായത്തിൽ കിട്ടുന്നു. അവ സംസ്ക്കരിച്ച് ജാം നിർമ്മിക്കുന്നതിന് വ്യവസായ വികസന കോർപ്പറേഷന്റെ സഹായം ലഭ്യമാക്കേണ്ടതാണ്.

## അലായി പാത്രനിർമ്മാണം

ഗാർഹികാവശ്യത്തിനുള്ള പാത്രനിർമ്മാണം രംഗത്ത് വളരെയേറെ സാധ്യതയുള്ള ഒരു പഞ്ചായത്താണ് മലയിൽകീഴ്. പഞ്ചയത്തിന്റെ പല ഭാഗത്തും ഇത്തരം ചെറുകിട യൂണിറ്റുകൾ പ്രവർത്തിക്കുന്നു. ഇതോടനുബന്ധിച്ച് തേയ്പ്പ്പെട്ടി നിർമ്മാണവും നടന്നു വരുന്നു. ഇത്തരം വിദഗ്ത്തരെ ഏകോപിപിച്ച് പഞ്ചായത്തടിസ്ഥാനത്തിൽ ഒരു വൻകിട യൂണിറ്റ് സ്ഥാപിച്ചാൽ വലിയ പാത്രങ്ങൾ, പ്രഷർകുക്കറുകൾ, മറ്റ് അലങ്കാരവസ്തുക്കൾ, നിലവിളക്കുകൾ എന്നിവ നിർമ്മിക്കുവാനും കഴിയുന്നതാണ്. നിത്യോപയോഗ സാധനങ്ങളിൽപെടുന്ന ഇത്തരം സാധനങ്ങൾ നിർമ്മിക്കുന്നതിന് ഖാദിഗ്രാമോദ്യോഗിക വ്യവസായ സഹകരണ സംഘത്തിന്റെ സഹായത്തോടുകൂടി ഒരു വൻകിട യൂണിറ്റ് പഞ്ചായത്ത് അടിസ്ഥാനത്തിൽ സ്ഥാപിച്ചാൽ നരിവധിപേർക്ക് തൊഴിൽ നൽകുവാൻ സാധിക്കും എന്നതിനാൽ ഈ വ്യവസായത്തിന് പ്രത്യേക പരിഗണന നൽകേണ്ടതാണ്.

## തേനീച്ച വളർത്തൽ

തേനീച്ച വളർത്തലിന് വളരെ സാധ്യതയുള്ള ഒരു ഗ്രാമമാണ് നമ്മുടെ പഞ്ചായത്ത്. ഈ വ്യവസായം ആദായകരവും തൊഴിൽ സാധ്യത വളരെ കൂടുതലും ആയാലും ചെലവ് കുറവ് ആകയാലും പ്രോൽസാഹിപ്പിക്കേണ്ടത് അത്യന്താപേക്ഷിതമാണ്.

ഇത്തരം വ്യവസായങ്ങളുടെ ആസൂത്രണം പലപ്പോഴും ഫലപ്രദമല്ല. ആയതിനാൽ ഇവ ഗ്രാമീണരെ കൂടുതൽ കൂടുതൽ ദാരിദ്ര്യത്തിലേയ്ക്ക് തള്ളവിടുകയാണ് ചെയ്തിട്ടുള്ളത്. ചെറുകിട വ്യവസായങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിലൂടെ നമ്മുടെ നാടിനെ ദാരിദ്ര്യത്തിൽ നിന്ന് രക്ഷിക്കുവാനും അഭിവൃദ്ധിയിലേയ്ക്ക് നയിക്കുവാനും കഴിയും. ആയതിനാൽ പരമ്പരാഗത വ്യവസായങ്ങളെ പുനരുദ്ധരിക്കുന്നതിനോടെപ്പം പുതിയ ചെറുകിട വ്യവസായ മേഖലകൾ കണ്ടെത്തേണ്ടതായുണ്ട്. ആധുനിക തലമുറയിൽ അഭ്യസ്തവിദ്യരായ ചെറുപ്പക്കാരെ വെള്ളകോളർ സംസ്ക്കാരത്തിൽ നിന്ന് മോചിപ്പിച്ചുകൊണ്ട് ചെറുകിട വ്യവസായ രംഗത്ത് അവരെ നിലനിർത്തി നമ്മുടെ നാടിന്റെ ക്ഷേമവും ഐശ്വര്യവും കൈവരിക്കാവുന്നതാണ്. ഇതിന് അവരിൽ ഈ വ്യവസായങ്ങളെ സംബന്ധിച്ച് ശാസ്ത്രീയമായ അവബോധം നൽകുവാനും അവർക്ക് വേണ്ട പ്രോത്സാഹനം നൽകുവാനും സർക്കാരും സന്നദ്ധ സംഘടനകളും വിവിധ ഏജൻസികളും ആത്മാർത്ഥമായി പരിശ്രമിക്കേണ്ടതാണ്.

ജനകീയ ആസൂത്രണ പ്രക്രിയ ഈ രംഗത്തെ ഒരു സുപ്രധാന നാഴികകല്ലാണ്.

## വ്യാവസായിക രംഗത്തെ പ്രശ്നങ്ങൾ

1. സാമ്പത്തിക ധനസഹായം നല്ക്കുന്ന ഏജൻസികളുടെ അഭാവവും നിലനില്ക്കുന്ന വ്യവസ്ഥകളും
2. സാങ്കേതിക നിർദ്ദേശം നല്കുന്ന ഏജൻസികളുടെ അഭാവവും ഉള്ളവയുടെ അശാസ്ത്രീയമായ പ്രവർത്തന രീതിയും.
3. ഉല്പന്നങ്ങളുടെ മാർക്കറ്റ് കണ്ടെത്താനുള്ള സംവിധനം ഇല്ലായ്മ
4. ഉല്പന്നങ്ങളുടെ മേന്മയും വൈവിദ്ധ്യവും
5. വിദഗ്ദ തൊഴിലാളികളുടെ ലഭ്യതക്കുറവ്
6. ഊർജ്ജ പ്രതിസന്ധി

7. ഉല്പാദന വിപണനരംഗത്തെ അസന്തുലിതാവസ്ഥ
8. തൊഴിൽ പ്രശ്നങ്ങൾ
9. അസംസ്കൃത വസ്തുക്കളുടെ സംഭരണ പ്രശ്നങ്ങൾ

## വ്യാവസായിക രംഗം അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ

കരകൗശലവസ്തുക്കൾ, തീപ്പെട്ടി നിർമ്മാണം, സുഗന്ധദ്രവ്യ നിർമ്മാണം, റെഡിമെയ്ഡ് ഗാർമെന്റ്, അച്ചാർ നിർമ്മാണം, ബേക്കറി സാധനങ്ങളുടെ നിർമ്മാണം എന്നിവ സഹകരണാടിസ്ഥാനത്തിലും സ്വകാര്യമേഖലയിലും വ്യാവസായ യൂണിറ്റുകൾ ആരംഭിക്കുക.

ഈറ്റ വ്യവസായ സഹകരണ സംഘം ആരംഭിച്ച് ആ മേഖല സംഘടിതവും ശാസ്ത്രീയവുമാക്കുക.

കാർഷികോപകരണ നിർമ്മാണ വിപണയൂണിറ്റ് ആരംഭിയ്ക്കുന്നതിന് കൃഷ്ണപുരത്ത് സ്മിത്തി സെന്റർ പ്രവർത്തനക്ഷമമാക്കി പ്രയോജനപ്പെടുത്തവുന്നതാണ്.

തേവുപാറ കേന്ദ്രീകരിച്ച് ഹോളോബ്രിക്സ് കോൺക്രീറ്റ് ജനൽ, കട്ടളകൾ തുടങ്ങിയ കെട്ടിട നിർമ്മാണ സാമഗ്രികളുടെ നിർമ്മാണ യൂണിറ്റ് ആരംഭിക്കാവുന്നതാണ്.

പച്ചക്കറികളുടെയും കാർഷിക ഉല്പന്നങ്ങളുടെയും സംഭരണ, സംസ്ക്കരണ, വിപണന കേന്ദ്രങ്ങൾ സഹകരണ മേഖലയിൽ പൊതുമാർക്കറ്റുകളോട് ചേർന്ന് ആരംഭിക്കുക.

നാളികേരോല്പന്ന സംസ്ക്കരണ വ്യവസായ യൂണിറ്റ് ആരംഭിക്കുക

റബർ അസംസ്കൃത പദാർത്ഥമായി സ്വീകരിക്കാവുന്ന വ്യവസായ യൂണിറ്റുകൾ മേപ്പുക്കട വാർഡിൽ ആരംഭിക്കുക.

ഖാദിബോർഡിന്റെ സഹായത്തോടെ എല്ലാ വാർഡുകളിലും ചെറുകിട വ്യവസായ യൂണിറ്റുകൾ ആരംഭിക്കുക.

മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലെ എല്ലാ യൂണിറ്റുകളും പ്രവർത്തനക്ഷമമാക്കുക

കൈത്തറി നെയ്ത്തു ശാലകൾ സഹകരണാടിസ്ഥാനത്തിലും അല്ലാതെയും സ്ഥാപിക്കുക.

അലായി ഗാർഹികോപകരണ രംഗത്ത് ശാസ്ത്രീയമായി വിപുലമായ ഒരു യൂണിറ്റ് വെൺമാറനല്ലൂർ വാർഡിൽ സ്ഥാപിക്കുക.

# ഊർജ്ജം, ഗതാഗതം, മാർക്കറ്റ്

## ഊർജ്ജം

കഴിഞ്ഞ ഒരു ദശവത്സര കാലമായി കേരള സംസ്ഥാനം വൈദ്യുതി മേഖലയിൽ പ്രതിസന്ധി നേരിടുകയാണ്. മഴ പെയ്താലും ഇല്ലെങ്കിലും പവ്വർക്കട്ടും, ലോഡ്ഷെഡിംഗും അതിനോടൊപ്പം അപ്രഖ്യാപിത നിയന്ത്രണങ്ങളും നിത്യസംഭവങ്ങളാണ്. വോൾട്ടേജിന്റെ കുറവും ഫ്രിക്വൻസിയിലെ നിമ്നോന്നതകളും വൈദ്യുതി പ്രസരണത്തിന്റെ മൊത്തത്തിലുള്ള വിശ്വാസ്യതയ്ക്ക് കോട്ടം തട്ടിച്ചിരിക്കുന്നുവെന്നതാണ് സത്യം.

തൊഴിലില്ലായ്മ രൂക്ഷമായിട്ടുള്ള നമ്മുടെ സംസ്ഥാനത്തിൽ വൈദ്യുതിയുടെ ഈ നിലവാരം മൊത്തത്തിലുള്ള വികസനത്തിന് പ്രകേത്യേകിച്ചും വ്യവസായിക-കാർഷിക വികസനത്തിന് ഒരു പ്രതിബന്ധമായി നിൽക്കുന്നു.

വൈദ്യുതി പ്രതിസന്ധി ഒരു പക്ഷേ കേരളത്തിന്റെ മാത്രം ഒരു പ്രതിഭാസമല്ല; മറിച്ച് അഖിലേന്ത്യാ പ്രതിഭാസമാണെന്നു കരുതി നമുക്കു സമാധാനിക്കാനാവില്ല. പകരം ശാസ്ത്രീയവും യാഥാർത്ഥ്യവുമായ പദ്ധതികൾ ആവിഷ്ക്കരിച്ച് മുന്നോട്ടു പോകാൻ നമുക്കു കഴിയണം. ഒൻപതാം പദ്ധതിക്കാലത്ത് ഈ ദുരവസ്ഥയ്ക്കുപരിഹാരം കണ്ടെത്തുക എന്നത് ജനകീയ ആസൂത്രണത്തിന്റെ ഒരു മുഖ്യ അജണ്ട ആണു.

1990-മുതൽ 96-വരെയുള്ള കാലയളവിൽ ഊർജ്ജത്തിന്റെയും പവ്വറിന്റെയും കാര്യത്തിൽ രൂക്ഷമായ കമ്മി നാം അഭിമുഖീകരിക്കുകയാണ്. വോൾട്ടേജ് കുറച്ചും ഫ്രിക്വൻസിയിൽ വ്യതിയാനങ്ങൾ വരുത്തിയും ഒപ്പം നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയുമാണ് നാം ഇപ്പോൾ കാര്യങ്ങൾ നടത്തിപ്പോരുന്നത്. 1996 - ൽ ആകട്ടെ 40-100 ശതമാനം വരെ ഹൈടെൻഷൻ/എക്സട്രാ ഹൈടെൻഷൻ ഉപഭോക്താക്കൾക്ക് പവർക്കട്ട് മൂന്നു മണിക്കൂർ, ലോഡ്ഷെഡ്ഡിംഗ്, അരമണിക്കൂർ രാത്രിസമയം ലോഡ്ഷെഡ്ഡിംഗ് എന്നിവ പ്രഖ്യാപിക്കേണ്ട സ്ഥിതിവരെ എത്തി.

നാമിന്നു നേരിടുന്ന പതിസന്ധിക്ക് യഥാർഥത്തിൽ രണ്ടുവശങ്ങളാണ് ഉള്ളത്. ഒന്ന് ദീർഘകാലികവും മറ്റൊന്ന് ഹ്രസ്വകാലികവും. കാലാകാലങ്ങളിൽ മാറിമാറി വരുന്ന സംസ്ഥാന സർക്കാരുകളുടെ നയങ്ങൾക്കനുസൃതമായി പ്രവർത്തനങ്ങൾ ക്രോഡീകരിച്ചു നടപ്പിലാക്കുന്ന വിദ്യുഛക്തി ബോർഡിന്റെ നടത്തിപ്പാണ് ദീർഘകാലികപ്രശ്നം. എട്ടാം പദ്ധതിയിൽ വിഭാവന ചെയ്തിരുന്ന ലക്ഷ്യങ്ങൾ കൈവരിക്കാൻ സ്വീകരിച്ച മാർഗ്ഗങ്ങളാണ് ഹ്രസ്വകാലികം.

ഏറ്റെടുത്ത പദ്ധതികൾ സമയബന്ധിതമായി തീർക്കുവാൻ പ്രതിജ്ഞാ ബദ്ധമായി നീങ്ങാത്ത സർക്കാരുകളും ബോർഡ് മാനേജ്മെന്റുകളും പ്രതിസന്ധിക്ക് അതിന്റേതായ പങ്കുവഹിച്ചിട്ടുണ്ട്.

കഴിഞ്ഞ രണ്ടുമൂന്ന് പഞ്ചവത്സര പദ്ധതി വഴി നമ്മുടെ അയൽ സംസ്ഥാനങ്ങൾ വൈദ്യുതി മേഖലയിൽ ബഹുദൂരം മുന്നോട്ട് പോയി. അവരുടെ താപനിലയ ശേഷികൾ വർദ്ധിപ്പിച്ചപ്പോൾ നമുക്കാകെ തുടങ്ങുവാൻ കഴിഞ്ഞത് 100 MW ന്റെ ബ്രഹ്മപുരം ഡീസൽ നിലയം മാത്രമാണ്. കായംകുളം താപനിലയം ഈ അടുത്തയിടെ പണികൾ തുടങ്ങാൻ കാലൂന്നിയതേയുള്ളു.

കക്കാട്, ലോവർ പെരിയാർ തുടങ്ങിയ ജല വൈദ്യുത പദ്ധതികൾ ലക്ഷ്യപഥത്തിൽ എത്താൻ ഇനിയും സമയം എടുക്കും. ഈ പദ്ധതികൾ സമയ ബന്ധിതമായി തീർക്കുവാൻ വേണ്ട ഇച്ഛാശക്തി രാഷ്ട്രീയ പ്രസ്ഥാനങ്ങൾക്കും അവരുടെ പോഷക സംഘടനകളായ ട്രേഡ് യൂണിയനുകൾക്കും അന്തിമമായി ജനസമൂഹത്തിനും ഉണ്ടാകണം. ജനകീയാസൂത്രണം അത്തരം ഒരു ബോധവല്ക്കരണ പരിപാടിയുടെ തുടക്കം കൂടിയാണ്.

ഒൻപതാം പദ്ധതി കാലത്ത് വിദ്യുച്ഛക്തി ബോർഡും കേന്ദ്ര ഇലക്ട്രിസിറ്റി അതോർട്ടിയും ചേർന്നു നടത്തിയ സർവ്വേ അനുസരിച്ച് 1997–2002- കാലയളവിൽ നമ്മുടെ ഡിമാന്റ് 4300 MW ആണ് ലഭ്യത 3700–4050 MW –ഉം മറ്റൊരർഥത്തിൽ പറഞ്ഞാൽ പ്രതിവർഷ ഊർജ്ജ ഉല്പാദനത്തിൽ ഏതാണ്ട് 1000 കോടി യൂണിറ്റിന്റെ കമ്മിയുണ്ടാവുമെന്നർത്ഥം. ഈ കമ്മി നികത്താനുള്ള പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കുക എന്നതാണ് ഒൻപതാം പദ്ധതിയിൽ ഊർജ്ജ രംഗത്ത് ലക്ഷ്യമാകേണ്ടത്. ആയതിന് പരമ്പര്യവും പാരമ്പര്യേതരവുമായ എല്ലാ സ്രോതസുകളും കണ്ടെത്തി അവയ്ക്ക് മുൻഗണനാ ക്രമം കൊടുത്തു നടപ്പിലാക്കേണ്ട പാക്കേജ് ആവശ്യമാണ്. ഈ പാക്കേജിൽ മിനി-മൈക്രോ ജല വൈദ്യുത പദ്ധതികൾ, കാറ്റാടി കൊണ്ടു പ്രവർത്തിക്കുന്ന പദ്ധതികൾ എന്നിവയൊക്കെ ഉൾപ്പെടും. ഇത്തരം ചില പദ്ധതികൾ ഏറ്റെടുക്കൻ ചില ജില്ലാ പഞ്ചായത്തുകൾ വരെ തയ്യാറായിട്ടുണ്ട്, ആയിരം കോടി രൂപാവരെ മുതൽ മുടക്കുള്ള വൈദ്യുത പദ്ധതികൾക്ക് സംസ്ഥാന സർക്കാരിനു തന്നെ അനുമതി കൊടുക്കാമെന്ന കേന്ദ്ര ഗവണ്മെന്റിന്റെ പുതിയ നയം ഇത്തരുണത്തിൽ ശുഭ സൂചകവുമാണ്.

മലയിൻകീഴ് പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം ഇത്തരത്തിൽ ഏറ്റെടുക്കാവുന്ന മിനി-മൈക്രോ സ്കീമുകളോ, കാറ്റു കൊണ്ടു പ്രവർത്തിപ്പിക്കാവുന്ന മില്ലുകൾ സ്ഥാപിക്കാൻ ആകുന്ന സ്ഥലങ്ങളോ ഇല്ല. അതായത് വൈദ്യുതി ഉല്പാദന രംഗത്ത് തീർത്തും ഒരു പൂജ്യമായ മലയിൻകീഴ് പഞ്ചായത്ത് മറ്റു പഞ്ചയത്തുകളിൽ നിന്നോ ജില്ലകളിൽ നിന്നോ ഇറക്കുമതി ചെയ്തു പ്രസരണ വിതരണ ശൃംഖലയിൽ കൂടി എത്തുന്ന വൈദ്യുതിയുടെ ഒരു ഉപഭോക്താവ് മാത്രമാണ്. പ്രസരണ രംഗത്ത് സബ് സ്റ്റേഷനാകട്ടെ ഈ പഞ്ചായത്തനു വെളിയിലായ തിരുമലയിലും, കാട്ടാക്കടയിലും ആയി സ്ഥിതി ചെയ്യുന്നു.

വിതരണ രംഗത്ത് ഇലക്ടിക്കൽ മേജർ സെക്ഷൻ പേയാട്ടാണ് പ്രവർത്തിക്കുന്നത്. മലയിൻകീഴ് പഞ്ചായത്തിലുള്ളത് ആകെ ഒരു സബ്ബ് സെന്റർ മാത്രം.

ഈ പഞ്ചായത്തിൽ ഒട്ടാകെ 4449 ഗാർഹിക ഉപഭോക്താക്കളും 550 കമേർഷ്യൽ ഉപഭോക്താക്കളും 48 ചെറുകിട വ്യവസായിക ഉപഭോക്താക്കളും 180 കാർഷിക ഉപഭോക്താക്കളും അടക്കം മൊത്തം 5227 ഉപഭോക്താക്കളാണ് ഉള്ളത്. 76 ടൂബ് ലൈറ്റുകളും 7 മെർക്കുറി വേപ്പർ ബൾബുകളും 558 സാധാരണ ബൾബുകളും അടക്കം മൊത്തം 641 തെരുവുവിളക്കുകളാണ് നമ്മുടെ പഞ്ചായത്തിലുള്ളത്. ഈ തെരുവുവിളക്കുകൾക്ക് ഒട്ടാകെ ഏതാണ്ട് 8000 രുപയോളം പ്രതിമാസം പഞ്ചായത്ത് ഫീസ് അടയ്ക്കുന്നണ്ട്. ഈ പഞ്ചായത്തിൽ ഒട്ടാകെയുള്ള 22 ട്രാൻസ്ഫോമറുകൾ വഴിയാണ് നമ്മുടെ വിതരണ ശൃംഖല കോർക്കപ്പെട്ടിരിക്കുന്നത്. വോൾട്ടേജ്ക്ഷമത കൂട്ടുന്നതിനും കൂടുതൽ ലൈനുകൾ സ്ഥാപിച്ച് നിലവിൽ കണക്ഷൻ കൊടുക്കാനുള്ള ഏതാണ്ട് 500 പേർക്ക് പുതിയ കണക്ഷനുകൾ നൽകുവാനും ഭാവിയിലെ ആവശ്യങ്ങൾക്കു ആനുസരണമായി പ്രസരണ വിതരണ മേഖല കാര്യക്ഷമമാക്കാനും മാത്രമേ ഈ പഞ്ചായത്തിലെ ആസൂത്രണ സമിതികൾക്ക് ആവശ്യപ്പെടാനുള്ളു.

## നിലവിലുള്ള ഉപഭോക്താക്കൾ

| | | |
|---|---|---|
| ഗാർഹികം | : | 4449 |
| വ്യാപാരം | : | 550 |
| വ്യാവസായികം | : | 48 |
| കാർഷികം | : | 180 |
| ആകെ | : | 5227 |

## കണക്ഷൻ ലഭിക്കാനുള്ളത്

| | | |
|---|---|---|
| ഓർഡിനറി | : | 391 |
| OTP | : | 25 |
| OYES | : | 53 |
| Total | : | 469 |

## സ്ട്രീറ്റ് ലൈറ്റുകളുടെ എണ്ണം

| | 25W | 40W | 60W | 100W | |
|---|---|---|---|---|---|
| ബൾബ് | 217 | 277 | 16 | 48 | 558 |
| ട്യൂബ് | 76 | | | | 76 |
| മെർക്കുറിവേപ്പർ | 7 | | | | 7 |
| സോഡിയം വേപ്പർ | — | | | | — |
| ആകെ | — | | | | 641 |

## LT ട്രാൻസ്ഫോർമറുകൾ

| ക്രമനമ്പർ | സ്ഥിതിചെയ്യുന്ന സ്ഥലം | | വാർഡ് |
|---|---|---|---|
| 1. | കരിപ്പൂര് | 100 KVA | I |
| 2. | പാലോട്ടുവിള | 100 KVA | III |
| 3. | മലയിൻകീഴ് No. II | 100 KVA | IV |
| 4. | മലയിൻകീഴ് No. I | 250 KVA | IV |
| 5. | മേപ്പൂക്കട | 100 KVA | V |
| 6. | മിനി എസ്റ്റേറ്റ് | 160 KVA | IV |
| 7. | അന്തിയൂർക്കോണം No. I | 160 KVA | VI |
| 8. | അന്തിയൂർക്കോണം No. II | 100 KVA | VI |
| 9. | ഊറ്റുപാറ | 100 KVA | IV |
| 10. | അണപ്പാട് | 100 KVA | VII |
| 11. | കുന്നംപാറ | 100 KVA | X |
| 12. | കുരുവിൻമുകൾ | 100 KVA | X |
| 13. | മൂക്കുന്നിമല | 100 KVA | IX |
| 14. | മച്ചേൽ No. II | 100 KVA | IX |
| 15. | മച്ചേൽ No. I | 100 KVA | IX |
| 16. | മച്ചേൽ റൈസ് മിൽ | 100 KVA | VII |
| 17. | ശാന്തുംമൂല | 63 KVA | III |
| 18. | തുമരിച്ചൽ | 100 KVA | III |
| 19. | വലിയറത്തല | 160 KVA | XII |
| 20. | ഗോവിന്ദമംഗലം | | XI |
| 21. | വേലിക്കോട് | | XI |
| 22. | നിറമൺകുഴി | | XII |

## നിലവിലുള്ള ഉപഭോക്താക്കൾ

| | | |
|---|---|---|
| ഗാർഹികം | : | 4449 |
| വ്യാപാരം | : | 550 |
| വ്യാവസായികം | : | 48 |
| കാർഷികം | : | 180 |
| ആകെ | : | 5227 |

## കണക്ഷൻ ലഭിക്കാനുള്ളത്

| | | |
|---|---|---|
| ഓർഡിനറി | : | 391 |
| OTP | : | 25 |
| OYES | : | 53 |
| Total | : | 469 |

## സ്ട്രീറ്റ് ലൈറ്റുകളുടെ എണ്ണം

| | 25W | 40W | 60W | 100W | |
|---|---|---|---|---|---|
| ബൾബ് | 217 | 277 | 16 | 48 | 558 |
| ട്യൂബ് | 76 | | | | 76 |
| മെർക്കുറിവേപ്പർ | 7 | | | | 7 |
| സോഡിയം വേപ്പർ | — | | | | — |
| ആകെ | — | | | | 641 |

## LT ട്രാൻസ്ഫോർമറുകൾ

| ക്രമനമ്പർ | സ്ഥിതിചെയ്യുന്ന സ്ഥലം | | വാർഡ് |
|---|---|---|---|
| 1. | കരിപ്പൂര് | 100 KVA | I |
| 2. | പാലോട്ടുവിള | 100 KVA | III |
| 3. | മലയിൻകീഴ് No. II | 100 KVA | IV |
| 4. | മലയിൻകീഴ് No. I | 250 KVA | IV |
| 5. | മേപ്പൂക്കട | 100 KVA | V |
| 6. | മിനി എസ്റ്റേറ്റ് | 160 KVA | IV |
| 7. | അന്തിയൂർക്കോണം No. I | 160 KVA | VI |
| 8. | അന്തിയൂർക്കോണം No. II | 100 KVA | VI |
| 9. | ഊറ്റുപാറ | 100 KVA | IV |
| 10. | അണപ്പാട് | 100 KVA | VII |
| 11. | കുന്നംപാറ | 100 KVA | X |
| 12. | കുരുവിൻമുകൾ | 100 KVA | X |
| 13. | മൂക്കുന്നിമല | 100 KVA | IX |
| 14. | മച്ചേൽ No. II | 100 KVA | IX |
| 15. | മച്ചേൽ No. I | 100 KVA | IX |
| 16. | മച്ചേൽ റൈസ് മിൽ | 100 KVA | VII |
| 17. | ശാന്തുംമൂല | 63 KVA | III |
| 18. | തുമരിച്ചൽ | 100 KVA | III |
| 19. | വലിയറത്തല | 160 KVA | XII |
| 20. | ഗോവിന്ദമംഗലം | | XI |
| 21. | വേലിക്കോട് | | XI |
| 22. | നിറമൺകുഴി | | XII |

# ഗതാഗതം

സംസ്ഥാനതലസ്ഥാനമായ തിരുവനന്തപുരത്തിനോടടുത്ത നില്കുന്ന ഒരു പ്രദേശമാണ് മലയിൻകീഴ്. തിരുവനന്തപുരം കാട്ടാക്കട റോഡും തിരുവനന്തപുരം കോട്ടൂർ റോഡും വന്നു സന്ധിക്കുന്ന ഒരു സുപ്രധാന ജംഗ്ഷനാണ് പഞ്ചായത്തിന്റെ തലസ്ഥാന കേന്ദ്രമായ മലയിൻകീഴ് . തച്ചോട്ടുകാവു മുതൽ അന്തിയൂർക്കോണം വരെയുള്ള പൊതുമരാമത്തുവകുപ്പിന്റെ കീഴിലുള്ള ഈ റോഡ് ഒട്ടനവധി വളവുകളും, തിരിവുകളും അടങ്ങിയതാണ്. അതുകൊണ്ടുതന്നെ അപകട സാദ്ധ്യതകളും നിരവധിയാണ്. ടെലിഫോൺ, ഇലക്ട്രിസിറ്റി, വാട്ടർ അതോററ്റി, എന്നീ വകുപ്പുകൾ മാറിമാറി കുഴിച്ചുകൊണ്ടിരിക്കുന്ന ഈ റോഡ് മിക്കദിവസവും സഞ്ചാര സ്വാതന്ത്യത്തിന് ഭീഷണിയാകുന്നു. മലയിൻകീഴ്, ഊരുട്ടമ്പലം റോഡ്, ഊരുട്ടമ്പലം വലിയറത്തല റോഡ് മലയിൻകീഴ് മച്ചേൽ റോഡ് എന്നിവ വേണ്ടത്ര വീതി ഇല്ലാത്തവയാകുന്നു. വണ്ടികളുടെ അനിയന്ത്രിതമായ പാർക്കിംഗ് കാരണം കാൽനടയാത്രക്കാർക്കും ഗതാഗതത്തിനും ഒരുപോലെ തടസ്സം സൃഷ്ടിക്കുന്നു. തീവണ്ടിയാത്രാ സൗകര്യമില്ലാത്ത് ഈ മേഖലയിൽ ഉള്ള റോഡുകൾ

ആവശ്യാനുസരണം വീതികൂട്ടിയും, പാലങ്ങൾ വേണ്ടത്ര സംരക്ഷിച്ചും ഗതാഗതയോഗ്യമാക്കുക എന്നുള്ളത്. ജനകീയ ആസൂത്രണത്തിന്റെ ഈ കാലഘട്ടത്തിലെ ആവശ്യമാണ്.

പ്രധാനമായും ഗതാഗതയോഗ്യമാക്കേണ്ട റോഡുകളുടെ ഒരുപട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.

# മാർക്കറ്റ്

ആരോഗ്യകരമായ ഒരു സമൂഹത്തിന്റെ മുഖം അവിടത്തെ ചന്തകളുടെ വെടിപ്പിൽ നിഴലിക്കും എന്നതാണ് പൊതുപ്രമാണം. പക്ഷേ തിരുവനന്തപുരം സിറ്റിയിലെ പോലെതന്നെ അതിന്റെ സമീപപ്രദേശമായ മലയിൻകീഴ് പഞ്ചായത്തിലെ, മലയിൻകീഴ്, മേപ്പൂക്കട, മച്ചേൽ എന്നിവിടങ്ങളിലെ പൊതുമാർക്കറ്റുകൾ വൃത്തിഹീനമായ സ്ഥലത്താണ് പ്രവർത്തിക്കുന്നത്. സ്ഥലപരിമിതി ഒരു കാരണമാകാമെങ്കിലും ഉള്ള സ്ഥലങ്ങൾ വൃത്തിയാക്കി കാലാവസ്ഥകളെ അതി ജീവിക്കത്തക്കനിലയിൽ സൂക്ഷിക്കേണ്ടത് തദ്ദേശ ഭരണ സമിതികളുടെ ചുമതലയിൽപ്പെട്ടതുപോലെതന്നെ പൊതുജനങ്ങളുടെ സഹകരണത്തിലുംപെട്ടതാണ്.

പഞ്ചായത്തിലെ പ്രധാനപ്പെട്ട കേന്ദ്രങ്ങളായ വലിയറത്തല, അന്തിയൂർക്കോണം, തച്ചോട്ടുകാവ് എന്നിവിടങ്ങളിൽ വഴിയോരവാണിഭക്കാർക്ക് വേണ്ട സ്ഥലസൗകര്യങ്ങൾ ഏർപ്പെടുത്തുകയും, അന്തിച്ചന്തകൾ, ആരോഗ്യകരമായ അന്തരീക്ഷത്തിൽ നടത്താൻ വേണ്ട സൗകര്യങ്ങൾ നൽകുകയും വേണം.

പബ്ളിക് മാർക്കറ്റുകളിൽ നിരക്കുകൾ കാണിക്കുന്ന ബോർഡുകൾ പ്രദർശിപ്പിക്കുകയും അവ പ്രയോഗത്തിൽ വരുത്തുന്നുണ്ടോ എന്ന് പരിശോധിക്കുവാനുള്ള ഏർപ്പാടുകളും വേണം.

## പ്രശ്നങ്ങൾ

1. റോഡുകളുടെ അറ്റകുറ്റപ്പണികൾ കൃത്യസമയത്ത് ചെയ്യാറില്ല, സംരക്ഷിക്കാറില്ല.
2. പാലങ്ങളും കലുങ്കുകളും നിർമ്മിക്കുന്നതിൽ അലംഭാവം കൊള്ളുന്നു.
3. PWD റോഡുകളുടെ ഇരുവശവും ടാറിനോട്ചേർന്ന് ഓട വീണു കിടക്കുന്നു. വാഹനങ്ങൾക്കും കാൽ നടയാത്രക്കാർക്കും അപകടം സംഭവിക്കുക പതിവാണ്.
4. കെ.എസ്.ആർ.ടി.സി. യാത്ര ദുരിതപൂർണ്ണമാണ്.
5. സമാന്തര സർവ്വീസുകളുടെ മരണപ്പാച്ചിലും അവയിലെ തൊഴിലാളികളുടെ സമീപനവും വളരെ മോശമാണ്.

6. പറമ്പുകളിലും ഏലാകളിലും കാർഷികോപരണങ്ങൾകൊണ്ടുപോകുന്നതിനുള്ള സൗകര്യം കുറവാണ്.

7. ലക്ഷം വീടുകളിൽ ശരിയായ വഴി സൗകര്യമില്ല., വെള്ളമില്ല, വെളിച്ചമില്ല.

8. തെരുവു വിളക്കുകൾ ആവശ്യത്തിനില്ല.ഉള്ളവകത്തുന്നില്ല. കത്തുന്നവയ്ക്ക് പ്രകാശമില്ല.

9. വൈദ്യുതി എത്താത്ത കോളനികളും സ്ഥാപനങ്ങളുമുണ്ട്.

10. ബയോഗ്യാസ്, ചെലവുകുറഞ്ഞ അടുപ്പുകൾ, സൗരോർജ്ജം എന്നിവയ്ക്ക് പ്രോത്സാഹനമില്ല,, പ്രചാരണമില്ല.

11. വോൾട്ടേജ് ക്ഷാമം പഞ്ചായത്തുതലത്തിൽ രൂക്ഷമാണ്.

12. വാഹനങ്ങൾക്ക് പാർക്കിംഗ് സൗകര്യമില്ല. അത് ഗതാഗത്തിനും കാൽനടക്കാർക്കും പ്രശ്നമുണ്ടാക്കുന്നു.

13. ബാങ്ക് വക ചന്തയിൽ നിരക്കു വിവരം പ്രദർശിപ്പിച്ചിട്ടില്ല.

14. നികുതി പിരിവ് യാതൊരടിസ്ഥാനവുമില്ലാതെയാണ്.

15. മേപ്പൂര് ചന്തയിൽ നിരക്ക് ബോർഡ് വച്ചിട്ടുണ്ടെങ്കിലും ബോർഡും പിരിവും തമ്മിൽ ഒരു ബന്ധവുമില്ല.

16. പഞ്ചായത്തു തലത്തിൽ ആവശ്യം വേണ്ട സ്ഥലങ്ങളിൽ ചന്തകളുടെ കുറവുണ്ട്

17. വഴിയോര വാണിഭക്കാർ ഗതാഗതക്കുരുക്കുണ്ടാക്കുന്നു.

18. മാർക്കറ്റുകളിൽ ഇടത്തട്ടുകാരുടെ ഇടപെടൽ അനിയന്ത്രിതമാണ്.

## നിർദ്ദേശങ്ങളും പരിഹാരങ്ങളും

1. പഞ്ചായത്തിന്റെ എല്ലാ വാർഡുകളിലുമുള്ള എല്ലാ റോഡുകളുടെയും അറ്റകുറ്റപ്പണികൾ തീർക്കണം. ആവശ്യം വേണ്ടിടത്ത് പാലങ്ങളും കലുങ്ങുകളും നിർമ്മിച്ച് ഗതാഗത സൗകര്യം വർദ്ധിപ്പിക്കണം. (പട്ടിക ചേർത്തിട്ടുണ്ട്)

2. എല്ലാ റോഡുകളിലും പാതകളിലും തെരുവുവിളക്കുകൾ സ്ഥാപിക്കണം. (പട്ടിക ചേർത്തിട്ടുണ്ട്)

3. PWD യുടെ കീഴിലുള്ള റോഡുകളിൽ തക്ക സമയം സംരക്ഷണ പണികൾ നടത്താത്തതിനാൽ ഗതാഗതം ബുദ്ധിമുട്ടാകുന്നു. അപകട സാദ്ധ്യതയേറുന്നു. അധികൃക ശ്രദ്ധയിൽപെടുത്തി പരിഹാരമുണ്ടാക്കിക്കണം.

4. യാത്രാക്ളേശം, വിശേഷിച്ചും ബസ്സ് യാത്ര, ദിനംപ്രതി കൂടിക്കൊണ്ടിരിക്കുന്നു. ഇതിനറുതി വരുത്താൻ മലയിൻകീഴ് കേന്ദ്രമാക്കി കെ.എസ്.ആർ.ടി.സി.യുടെ ഒരു സബ്ഡിപ്പോ ആരംഭിക്കേണ്ടതാണ്.

5. ലക്ഷംവീടുകൾ, കോളനിപ്രദേശങ്ങൾ [illegible]ങ്ങളിൽ യാത്രാസൗകര്യം വർദ്ധിപ്പിക്കണം. തെരുവ് വിളക്കുകൾ സ്ഥാപിക്കണം.

6. പാടങ്ങളിലും, ഉൾപ്രദേശങ്ങളിലും കാർഷിക സാധനങ്ങളും ഉപകരണങ്ങളും കൊണ്ടുപോകുന്നതിന് യാത്രാ സൗകര്യം മെച്ചപ്പെടുത്താൻ റോഡുകൾ നിർമ്മിക്കണം.

7. പഞ്ചായത്തിലുള്ള പ്രധാന റോഡുകളിൽ തെരുവ് വിളക്കുകൾ ട്യൂബുലൈറ്റുകളും പ്രധാനകേന്ദ്രങ്ങളിൽ സോഡിയം വേപ്പർലാമ്പുകളും സ്ഥാപിക്കണം.

8. ബയോഗ്യാസ് പ്ലാന്റുകളും, ദക്ഷതകുടിയ അടുപ്പുകളും സ്ഥാപിക്കുന്നതിനും സൗരോർജ്ജം ഉപയുക്തമാക്കുന്നതിനും ആവശ്യം വേണ്ട സാങ്കേതിക ഉപദേശവും സാമ്പത്തിക സഹായവും ഉണ്ടാകണം.

9. വോൾട്ടേജ് ക്ഷമം പരിഹരിക്കുന്നതിന് മച്ചിനാട്, അണ്ണറമേലെ നെല്ലിമൂട്, മഞ്ചാടി, ശ്രീകൃഷ്ണപുരം, അരുവിപ്പാറ, അമ്പൻകോട്ട്, മണപ്പുറം, കുരുവിൻമുകൾ, പ്ലാങ്കോട്ടുമുകൾ, കാണവിള, കണ്ണംകോട്, കൃഷ്ണപുരം എന്നിവിടങ്ങളിൽ ട്രൻസ്ഫോർമറുകൾ സ്ഥാപി

മഞ്ചാടി, ഗോവിന്ദമംഗലത്തും നിലവിലുള്ള ട്രാൻസ്ഫോർമറുകളുടെ കപ്പാസിറ്റി വർദ്ധിപ്പിക്കണം.

10. മലയിൻകീഴ് കേന്ദ്രമാക്കി ഒരു ഇലക്ട്രിക് മേജർ സെക്ഷനാഫീസ് ആരംഭിക്കണം

11. അനർട്ടിന്റെ കിഴിലുള്ള ഒരു സ്ഥാപനം മലയിൻകീഴ് കേന്ദ്രമാക്കി പ്രവർത്തിപ്പിക്കുകയും ഉപഭോഗത്തിനുള്ള സാങ്കേതിക വിദ്യയും പ്രയോഗിക പരിശീലനവും ലഭ്യമാക്കുകയും വേണം.

12. പൊതു ചന്തകളിൽ നിരക്കു ബോർഡുകൾ വയ്ക്കുന്നതിനും അവ പ്രയോഗികമാക്കുന്നതിനും നടപടികൾ സ്വീകരിക്കണം

13. ചന്തകളിൽ ഇടത്തട്ടുകാരുടെ അനാവശ്യമായ ഇടപെടലുകൾ കർശനമായി നിരോധിക്കണം

14. മഞ്ചാടി, തച്ചോട്ടുകാവ്, വലിയറത്തല, മച്ചേൽ, അന്തിയൂർകോണം എന്നി സ്ഥലങ്ങളിൽ ഓരോ പൊതു മാർക്കറ്റ് ആരംഭിക്കുകയും ഷോപ്പിംഗ് കോംപ്ലക്സ് പണിയുകയും വേണം

15. വഴിയോര വാണിഭക്കാർക്കു വേണ്ട ബിസിനസ്സ് സൗകര്യമുണ്ടാക്കിയും, ഓട്ടോ, ടാക്സി, ടെമ്പോ, ലോറി, ട്രക്കർ ഇടങ്ങിയ വാഹനങ്ങൾക്ക് സ്റ്റാന്റുകൾ നിർമ്മിച്ചും ഗതാഗത സൗകര്യം സുഗമമാക്കണം. പാർക്കിംഗിന് നികുതിയും ഈടാക്കണം.

16. മലയിൻകീഴ് കേന്ദ്രീകരിച്ച് ആധുനിക സൗകര്യങ്ങളോടുകുടിയ ഒരുഷോപ്പിംഗ് കോംപ്ലക്സ് പണിയണം.

17. ദിനം പ്രതി വർദ്ധിച്ചു കൊണ്ടിരിക്കുന്ന യാത്രക്ലേശം പരിഹരിക്കുന്നതിന് തിരുവനന്തപുരം സെൻട്രലിൽ നിന്ന് നെയ്യാർ ഡാം ടൂറിസ്റ്റ് കേന്ദ്രത്തിലേക്ക് മലയിൻകീഴ് പ്രദേശത്തുകൂടി ഒരു റെയിൽവേലൈൻ നിർമ്മിച്ച് സർവ്വീസുണ്ടാവണം.

# DETAILS OF ROADS UNDER MALAYINKIL GRAMA PANCHAYATH

| Sl.No. | Name of Roads | From | To | Classification | Total length | Width | Remarks |
|---|---|---|---|---|---|---|---|
| 1 | Kundamankadav Malayinkil Road from KM 3/00 to 6/300. | Kundamankadav Bridge | Malayinkil | Tar road | 3.3 Km | 5.5 m | |
| 2 | 3rd mile MS road Kottoor from Km 8/00 to 10/500 | Malayinkil | Anthiyoorkonam | Tar road | 2.5 Km | 5.5 m | |
| 3 | Anthiyoorkonam Thachottukavu Road from Km 0/0 to 5/00 | Anthiyoorkonam | Thachottukav Jn: | Tar road | 4.5 Km | 3.8 m | |
| 4 | Malayinkil Ooruottambalam road from Km 0/0 to 5/00 | Malayinkil | Ooroottambalam | Tar road | 5.00 Km | 3.8 m | |
| 5 | Malayinkil Pappanamcodu road Km 0/0 to 1/00 | Malayinkil | Althara Jn: | Tar road | 1 Km | 3.8 m | |
| 6 | 6th mile Ms road to Ooruttam balam from Km 3/200 to 7/00 | Olippunada (Nadukkadu) | Ooroottambalam | Tar road | 3.800 | 3.80 m | |
| 7 | Balaramapuram Kattakkada road Km 2/200 to 4/200 | Eruthavoor | Ooroottambalam | Tar road | 2 Km | 3.80 m | |
| 8 | Kunnampara kuruvinmukal Machel road from Km 0/0 to 2/500 | Kunnampara | Machel | Tar road | 2.5 Km | 3.8 m | |
| 9 | Sathamoola Machel road from Km 0/0 to 2/500 | Santhamoola | Machel (Mulakkal bridge | Tar road | 2.5 Km | 3.80 m | |
| 10 | Mottamoode Edamala Malayam from Km 0/0 to 4/00 | Vilavoorkal Edavazhi | Eerachottukonam | Earthen road | 1.300 Km | Total width 8 m | Under construction |

FROM P.WD OFFICE. MALAYINKIL.

## ബസ്സ് സർവ്വീസ് ആവശ്യമായ റോഡുകൾ

| ക്രമ നമ്പർ | റോഡിന്റെ പേര് | ദൂരം കി.മീ. | ടാർ ഇട്ടത് | ഇലക്ട്രി ഫിക്കേഷൻ | വാർഡ് |
|---|---|---|---|---|---|
| 1. | മഞ്ചാടി-മലയിൻകീഴ് | 3 K.M. | ഭാഗികമായി | ഇല്ല | ഹൈസ്കൂൾ IV |
| 2. | മഞ്ചാടി-പ്ലാവറക്കോണം | 1.8 KM | ഇല്ല | ഉണ്ട് | വെഞ്ഞാറനല്ലൂർ I |
| 3. | മുങ്ങോട്-അരുവിപ്പാറ-മേപ്പൂക്കട | 3.5 Km | ഭാഗികമായി | ഇല്ല | അന്തിയൂർക്കോണം V |
| 4. | മേപ്പൂക്കട-ആശുപത്രി റോഡ് | 1 Km | ഇല്ല | ഉണ്ട് | ഹൈസ്കൂൾ IV |
| 5. | പേരക്കോണം-കുഴുമം കുന്നം പാറ റോഡ് | 1.5 Km | ഇല്ല | ഉണ്ട് | ബ്ലോക്കാഫീസ് VII |
| 6. | മണപ്പുറം -കുരുവിൻമുകൾ-മച്ചേൽ | 1 Km | ഇല്ല | ഉണ്ട് | മണപ്പുറം VIII |
| 7. | മലവിള-മലയം-മൊട്ടുമൂട്-MLA റോഡ് | 3 Km. | ഇല്ല | ഇല്ല | മച്ചേൽ IX |
| 8. | നീറണം കുഴി-അരുവാക്കോട് | 1.5 Km | ഇല്ല | ഉണ്ട് | പെരുമന XII |
| 9. | മലയടി-കൈതേക്കോണം (VFM) | 2 Km | ഉണ്ട് | ഉണ്ട് | പെരുമന XII |

## ടാർ റോഡുകൾ

| ക്രമ നമ്പർ | റോഡിന്റെ പേര് | ദൂരം | ഉടമസ്ഥത | ബസ് സൗകര്യം | ഇലക്ട്രിസിറ്റി |
|---|---|---|---|---|---|
| 1. | തച്ചോട്ടുകാവ്-അന്തിയൂർക്കോണം | 5 Km | PWD | ഉണ്ട് | ഉണ്ട് |
| 2. | മലയിൻകീഴ്-ഊരൂട്ടമ്പലം | 5.2 Km | PWD | ഉണ്ട് | ഉണ്ട് |
| 3. | ഊരൂട്ടമ്പലം-നരുവാമ്മൂട് | 4.5 Km | PWD | ഉണ്ട് | ഉണ്ട് |
| 4. | വലിയറത്തല-മുക്കംപാലമൂട് | 2.2 Km | PWD | ഉണ്ട് | ഉണ്ട് |
| 5. | വലിയറത്തല-കാണവിള | 1.5 Km | പഞ്ചാ. | ഉണ്ട് | ഉണ്ട് |
| 6. | കുന്നംപാറ-മച്ചേൽ | 3 Km | PWD | ഉണ്ട് | ഉണ്ട് |
| 7. | മച്ചേൽ-ശാന്തുംമൂല | 2.5 Km | PWD | ഉണ്ട് | ഉണ്ട് |
| 8. | വിളവൂർക്കൽ-മലയിൻകീഴ് | 1 Km | PWD | ഉണ്ട് | ഉണ്ട് |
| 9. | തച്ചോട്ടുകാവ്-പിടാരം | 1 Km | പഞ്ചാ. | ഉണ്ട് | ഉണ്ട് |
| 10. | തച്ചോട്ടുകാവ്-മുങ്ങോട്-അന്തിയൂർക്കോണം | 4.8 Km | PWD | ഉണ്ട് | ഉണ്ട് |
| 11. | മേപ്പൂക്കട-മിനി എസ്റ്റേറ്റ് | 1.5 Km | പഞ്ചാ. | ഉണ്ട് | ഉണ്ട് |
| 12. | അന്തിയൂർക്കോണം-കല്ലുവരമ്പ് | 2 Km | പഞ്ചാ. | ഉണ്ട് | ഉണ്ട് |

## വാർഡ് നമ്പർ I വെണ്മാറനല്ലൂർ

| ക്രമ നമ്പർ | റോഡിന്റെ പേര് | ദൂരം | ടാർ | ഓട | വീതി | കലുങ്ക് | ഇലക് ട്രിസിറ്റി |
|---|---|---|---|---|---|---|---|
| 1. | തച്ചോട്ടുകാവ് കുളവരമ്പ് ഭജനമഠം റോഡ് | 1.5 Km | വേണം | വേണം | കൂട്ടണം | വേണം | വേണം |
| 2. | മഞ്ചാടി-പ്ലാവറക്കോണം | 2 Km | വേണം | വേണം | കൂട്ടണം | വേണം | വേണം |
| 3. | പിടാരം-പറങ്കിമാംവിള | 1 Km | വേണം | വേണം | കൂട്ടണം | വേണം | വേണം |
| 4. | മുപ്പറത്തലയ്ക്കൽ-കരിപ്പൂർ | 1 Km | വേണം | വേണം | കൂട്ടണം | വേണം | വേണം |
| 5. | പനങ്കുഴിവിള ഞാറവിള | 1 Km | വേണം | വേണം | കൂട്ടണം | വേണം | വേണം |
| 6. | പനങ്കുഴി കുന്നിൽവിള അതിർത്തി റോഡ് | 1.5 Km | വേണം | വേണം | കൂട്ടണം | വേണം | വേണം |
| 7. | തച്ചോട്ടുകാവ്-കുന്നിൽ വിള | .5 Km | വേണം | വേണം | കൂട്ടണം | വേണം | വേണം |

### വാർഡ് നമ്പർ II മഞ്ചാടി

| ക്രമ നമ്പർ | റോഡിന്റെ പേര് | ദൂരം | ടാർ | ഓട | വീതി | കലുങ്ക് | ഇലക് ട്രിസിറ്റി |
|---|---|---|---|---|---|---|---|
| 1. | മഞ്ചാടി-മൂഴിറോഡ് | 1.5 Km | വേണം | വേണം | 4 m | — | വേണം |
| 2. | മഞ്ചാടി-മലയിൻകീഴ് | 4 Km | വേണം | വേണം | 8 m | — | വേണം |
| 3. | മുക്കംപാലമൂട്-കൂത്തക്കോട്-കൊട്ടിയക്കോണം അണ്ണറ റോഡ് | 3 Km | വേണം | വേണം | 4 m | വേണം | വേണം |
| 4. | മഞ്ചാടി-ഇടനാട്-കരിപ്പൂർ | 1 Km | വേണം | വേണം | 4 m | വേണം | വേണം |
| 5. | മഞ്ചാടി-ഞറുക്കുട്ടി കളത്തിൽനട | 1 Km | വേണം | വേണം | 4 m | വേണം | വേണം |
| 6. | ഇരട്ടകലുങ്ക് കോട്ടറക്കുഴി-കോളനി റോഡ് | 1 Km | വേണം | വേണം | 4 m | — | വേണം |
| 7. | ഇടത്തറക്കോണം-കുരിശാത്തിവിള | .75 Km | വേണം | വേണം | 4 m | — | വേണം |
| 8. | മഞ്ചാടി-കൂത്തക്കോട് | 1 Km | വേണം | വേണം | 4 m | വേണം | വേണം |
| 9. | ചിറ്റേക്കോണം-മാടൻകാവ്-മഞ്ചാടി LPS റോഡ് | 1 Km | വേണം | വേണം | 4 m | വേണം | വേണം |

★ മച്ചിനാട്-വിമലപുരം റോഡ് പുനരുദ്ധരിച്ച് ഗതാഗത യോഗ്യമാക്കണം.

## വാർഡ് നമ്പർ III മലയിൻകീഴ്

| ക്രമ നമ്പർ | റോഡിന്റെ പേര് | ദൂരം | ടാർ | ഓട | വീതി | കലുങ്ക് | ഇലക്ട്രിസിറ്റി |
|---|---|---|---|---|---|---|---|
| 1. | മലയിൻകീഴ്-പുറത്തേയ്ക്കാട് റോഡ് | 1.5 Km | വേണം | വേണം | 4 m | വേണം | വേണം |
| 2. | പാലോട്ടുവിള-കരിയാറവിള-കുഞ്ചുകോണം റോഡ് | 2 Km | വേണം | വേണം | 4 m | — | വേണം |
| 3. | ശാന്തുംമൂല-ആമക്കുളം-വഴുതൂർക്കോണം | 2 Km | വേണം | — | 3 m | — | വേണം |
| 4. | ആൽത്തറ-പുറത്തേയ്ക്കാട് | 1 Km | വേണം | വേണം | 4 m | വേണം | വേണം |
| 5. | കുരിയോട് പ്രിയദർശിനി റോഡ് | 1 Km | വേണം | വേണം | 3 m | — | വേണം |
| 6. | പാലോട്ടുവിള രാമകൃഷ്ണപ്പണിക്കർ മെമ്മോറിയൽ റോഡ് | 1 Km | വേണം | — | 3 m | — | വേണം |
| 7. | കോട്ടുമ്പൂർ-മണപ്പുറംകോളനിറോഡ് | 1 Km | വേണം | വേണം | 3 m | — | വേണം |
| 8. | പുളിമൂട് റോഡ് | 1 Km | വേണം | — | 3 m | വേണം | വേണം |
| 9. | വെള്ളം കൊള്ളി തലയ്ക്കൽ റോഡ് | .5 Km | — | വേണം | 3 m | വേണം | വേണം |
| 10. | തോട്ടത്തിൽ ഇടറോഡ് | 1.5 Km | വേണം | വേണം | 3 m | വേണം | വേണം |

## വാർഡ് നമ്പർ IV ഹൈസ്കൂൾ

| ക്രമ നമ്പർ | റോഡിന്റെ പേര് | ദൂരം | ടാർ | ഓട | വീതി | കലുങ്ക് | ഇലക് ട്രിസിറ്റി |
|---|---|---|---|---|---|---|---|
| 1. | മലയിൻകീഴ്-മഞ്ചാടി | 4 Km | വേണം | വേണം | 8 m | വേണ്ട | ഉണ്ട് |
| 2. | അരുവിപ്പാറ-മേപ്പൂക്കട റോഡ് | 5 Km | വേണം | വേണം | 8 m | വേണ്ട | വേണം |
| 3. | മഠത്തിങ്കര റോഡ്- | 1 Km | വേണം | വേണം | 6 m | വേണ്ട | വേണം |
| 4. | പാലോട്ടുവിള-കോപ്പച്ചിവിളാകം | .5 Km | വേണം | വേണ്ട | 4 m | വേണ്ട | വേണം |
| 5. | മലയിൻകീഴ്-ശ്രീകൃഷ്ണപുരം | 1 Km | വേണം | വേണം | 4 m | വേണ്ട | — |
| 6. | വയലരികത്ത്-തറട്ടവിള- | .5 Km | വേണം | വേണം | 3 m | വേണ്ട | വേണം |
| 7. | തറട്ടവിള-ലക്ഷം വീട് | 1.5 Km | വേണം | വേണം | 3 m | വേണം | വേണം |
| 8. | കുളക്കോട്-മേപ്പൂക്കട | .75 Km | വേണം | വേണം | 3 m | വേണം | വേണം |
| 9. | മലയിൻകീഴ്-പഴയറോഡ് | 1 Km | വേണ്ട | വേണം | 3 m | വേണ്ട | ഉണ്ട് |
| 10. | മിനി എസ്റ്റേറ്റ് റോഡ് | 2 Km | ഉണ്ട് | ഉണ്ട് | 8 m | ഉണ്ട് | ഉണ്ട് |
| 11. | മേപ്പൂക്കട-ആശുപത്രി റോഡ് | 1 Km | വേണം | വേണ്ട | 6 m | — | വേണം |

## വാർഡ് നമ്പർ V അന്തിയൂർക്കോണം

| ക്രമ നമ്പർ | റോഡിന്റെ പേര് | ദൂരം | ടാർ | ഓട | വീതി | കലുങ്ക് | ഇലക്ട്രിസിറ്റി |
|---|---|---|---|---|---|---|---|
| 1. | മൂങ്ങോട്-അരുവിപ്പാറ-മേപ്പൂക്കട | 5 Km | ഭാഗികം | വേണം | 8 m | വേണം | ഉണ്ട് |
| 2. | അമ്പംകോട്-കുഴിതാലംകോട് | 2 Km | ഇല്ല | വേണം | 6 m | വേണം | ഉണ്ട് |
| 3. | അമ്പംകോട്-കീരിപ്പന്ന-മേപ്പൂക്കട | 1 Km | ഇല്ല | വേണം | 6 m | വേണം | വേണം |
| 4. | കാപ്പിവിള-ചിറ്റിയൂർകോട് കോളനി റോഡ് | 1 Km | ഇല്ല | വേണം | 6 m | വേണം | വേണം |
| 5. | ചെറുപൊറ്റ-ചിറ്റിയൂർ കോട്-കോളനി റോഡ് | 1 Km | ഇല്ല | വേണം | 5 m | വേണം | വേണം |
| 6. | പുന്നമൂട്-കോളനി റോഡ് | 1.2 Km | ഇല്ല | വേണം | 5 m | വേണ്ട | വേണം |
| 7. | മണലി-കുടിശ്ശിലിക്കോണം | 1.5 Km | ഇല്ല | വേണം | 5 m | വേണം | വേണം |
| 8. | കടയ്ക്കൽ-അമ്പംകോട് | 1 Km | ഇല്ല | വേണം | 3 m | വേണം | വേണം |
| 9. | നീറോട്ടുകോണം-കുടിശ്ശിലിക്കോണം | 1 Km | ഇല്ല | വേണം | 5 m | വേണം | വേണം |
| 10. | മൈലോട് തച്ചോട്ടുകുന്ന് കൃപാലയിൻ റോഡ് | 1 Km | ഇല്ല | വേണം | 5 m | വേണം | വേണം |

## വാർഡ് നമ്പർ VI മേപ്പൂക്കട

| ക്രമ നമ്പർ | റോഡിന്റെ പേര് | ദൂരം | ടാർ | ഓട | വീതി | കലുങ്ക് | ഇലക് ട്രിസിറ്റി |
|---|---|---|---|---|---|---|---|
| 1. | പറങ്കിമാവിള-പാലിയോട്-പൂങ്കോട് | 3 Km | വേണം | വേണം | വേണം | വേണം | വേണം |
| 2. | നരസിംഹപുരം-കരിമ്പംകോട് | 1.5 Km | വേണം | വേണം | വേണം | വേണം | വേണം |
| 3. | പൂങ്കോട്-കുറ്റിക്കാട് ക്ഷേത്രം | 1.5 Km | വേണം | വേണം | വേണം | വേണം | വേണം |
| 4. | അന്തിയൂർ ലക്ഷം വീട്-അന്തിയൂർക്കോണംപാലം | 1.5 Km | വേണം | വേണം | വേണം | വേണം | വേണം |
| 5. | കാപ്പിവിള നീറോട്ടുകോണം | 1 Km | വേണം | വേണം | വേണം | വേണം | വേണം |
| 6. | പൂങ്കോട് കണ്ണങ്കോട് | 1 Km | വേണം | വേണം | വേണം | വേണം | വേണം |
| 7. | കുറ്റിക്കാട്-മേക്കേവിളാകം മേപ്പൂക്കട | .5 Km | വേണം | വേണം | വേണം | വേണം | വേണം |
| 8. | അന്തിയൂർക്കോണം കൂറ്റുവിളാകം-മേപ്പൂക്കട | 2 Km | വേണം | വേണം | വേണം | വേണം | വേണം |
| 9. | പുലിക്കോട്ടുകുഴി കുറുന്തോട്ടം | .5 Km | വേണം | വേണം | വേണം | വേണം | വേണം |
| 10. | പാലിയോട്-പാറവിളാകം | .5 Km | വേണം | വേണം | വേണം | വേണം | വേണം |
| 11. | കല്ലുവരമ്പ്-പാലിയോട് | .5 Km | വേണം | വേണം | വേണം | വേണം | വേണം |

## വാർഡ് നമ്പർ VII ബ്ലോക്കാഫീസ്

| ക്രമ നമ്പർ | റോഡിന്റെ പേര് | ദൂരം | ടാർ | ഓട | വീതി | കലുങ്ക് | ഇലക്ട്രിസിറ്റി |
|---|---|---|---|---|---|---|---|
| 1. | നാഗമണ്ഡലം റോഡ് | .8 Km | വേണം | വേണം | 6 m | വേണം | വേണം |
| 2. | പേരേക്കോണം-കുഴുമം | .5 Km | വേണം | വേണം | 4 m | വേണം | വേണം |
| 3. | ആളിയോട്ടുകോണം-നാഗമണ്ഡലം | 1 Km | വേണം | വേണം | 4 m | വേണം | വേണം |
| 4. | മണപ്പുറം-കോട്ടമ്പൂര് | .4 Km | വേണം | വേണം | 5 m | വേണം | വേണം |
| 5. | ആശുപത്രി പൊയ്യൂർ ഏല റോഡ് | .3 Km | വേണം | വേണം | 4 m | വേണം | വേണം |
| 6. | കുന്നംപാറ പേരേക്കോണം മണപ്പുറം | 1.2 Km | വേണം | വേണം | 8 m | വേണം | വേണം |
| 7. | പേരേക്കോണം-കളത്തറവിള | 1 Km | വേണം | വേണം | 6 m | വേണം | വേണം |
| 8. | ഗാന്ധി മെമ്മോറിയൽ (കീരിയോട്) | .8 Km | വേണം | വേണം | 4 m | വേണം | വേണം |
| 9. | കുന്നംപാറ താഴമംഗലം റോഡ് | .5 Km | വേണം | വേണം | 6 m | വേണം | വേണം |

## വാർഡ് നമ്പർ VIII മണപ്പുറം

| ക്രമ നമ്പർ | റോഡിന്റെ പേര് | ദൂരം | ടാർ | ഓട | വീതി | കലുങ്ക് | ഇലക് ട്രിസിറ്റി |
|---|---|---|---|---|---|---|---|
| 1. | മണപ്പുറം-കുരുവിൻമുകൾ പാലം ഉൾപ്പെടെയുള്ള റോഡ് | 1.5 Km | വേണം | വേണം | 8 m | വേണ്ട | വേണം |
| 2. | കോവിൽവിള-കുന്നുംപുറം | 1.2 Km | വേണം | വേണം | 5 m | വേണ്ട | വേണം |
| 3. | കാറക്കോണം-കൈതടി | 1 Km | വേണം | വേണം | 3 m | വേണ്ട | വേണം |
| 4. | മേക്കത്-ഇടപ്പുഴ ഇടറോഡ് | .8 Km | വേണം | വേണ്ട | 3 m | വേണ്ട | വേണം |
| 5. | കുരുവിൻമുകൾ-പറയാട്ടുകോണം-മുണ്ടപ്ലാവിള | 1.8 Km | വേണം | വേണം | 3 m | വേണ്ട | വേണം |
| 6. | പറയാട്ടുകോണം-കന്നിയാകോണം-കാണവിള | 1.5 Km | വേണം | വേണം | 4.5 m | വേണ്ട | വേണം |

## വാർഡ് നമ്പർ IX മച്ചേൽ

| ക്രമ നമ്പർ | റോഡിന്റെ പേര് | ദൂരം | ടാർ | ഓട | വീതി | കലുങ്ക് | ഇലക്ട്രിസിറ്റി |
|---|---|---|---|---|---|---|---|
| 1. | കോവിൽവിള- പ്ലാങ്കോട്ടുമുകൾ മച്ചേൽ | 1.8 Km | വേണം | വേണം | 4 m | വേണ്ട | വേണം |
| 2. | കുരുവിൻമുകൾ- ആടോട്ടുകോണം | 1 Km | വേണം | വേണം | 3 m | വേണ്ട | വേണം |
| 3. | മച്ചേൽ- മാങ്കിടിക്കോണം കുളവരമ്പുറോഡ് | 1.2 Km | വേണം | വേണം | 3 m | വേണ്ട | വേണം |
| 4. | മലവിള- MLA റോഡ് | 2.5 Km | വേണം | വേണ്ട | 8 m | വേണ്ട | വേണം |
| 5. | പറയാട്ടുകോണം- ഇടവിളാകം- മച്ചേൽ | 1.8 Km | വേണം | വേണം | 3 m | വേണ്ട | വേണം |
| 6. | മണ്ണാമ്മൂല- ഇടറോഡ്- | .5 Km | വേണം | വേണം | 5 m | വേണ്ട | വേണം |
| 7. | തഴക്കരക്കോണം- ഇടറോഡ് | .7 Km | വേണം | വേണം | 5 m | വേണ്ട | വേണം |
| 8. | പനയ്ക്കൽ- എതിർക്കര നടവരമ്പു റോഡ് | 1.8 Km | വേണം | വേണം | 4 m | വേണ്ട | വേണം |
| 9. | കുറുങ്കഴക്കോണം- ഇടവഴി | .8 Km | വേണം | വേണം | 3 m | വേണ്ട | വേണം |
| 10. | പുളിയറവിളാകം- പുറമ്പോക്ക് ഇടവഴി | .7 Km | വേണം | വേണ്ട | 3 m | വേണ്ട | വേണം |
| 11. | മച്ചേൽ- മലയംതോട് ബണ്ട് റോഡ്- | 1.8 Km | വേണം | വേണം | 3 m | വേണ്ട | വേണം |

## വാർഡ് നമ്പർ X കുന്നംപാറ

| ക്രമ നമ്പർ | റോഡിന്റെ പേര് | ദൂരം | ടാർ | ഓട | വീതി | കലുങ്ക് | ഇലക് ട്രിസിറ്റി |
|---|---|---|---|---|---|---|---|
| 1. | കൊണ്ടോടി -പൂവന്നിയൂർമൂല | 1.5 Km | ഇല്ല | വേണ്ട | 4 m | വേണ്ട | വേണം |
| 2. | പള്ളിവിള-സാംസ്കാരിക നിലയം കൂളവരമ്പു റോഡുമായി പാലം നിർമ്മിക്കണം | 2 Km | ഇല്ല | വേണ്ട | 4.5 m | വേണ്ട | വേണം |
| 3. | വടവൂർക്കോണം-പള്ളിവിള റോഡ് | 1 Km | ഇല്ല | വേണ്ട | 4 m | വേണ്ട | വേണം |
| 4. | മഠത്തിൽമേലെ-നാരങ്ങറ റോഡ് | 1 Km | ഇല്ല | വേണ്ട | 4 m | വേണ്ട | വേണം |
| 5. | വലിയറത്തറ-മടവൂർചിറ | 2 Km | ഇല്ല | വേണ്ട | 5 m | വേണ്ട | വേണം |
| 6. | വടവൂർക്കോണം-കടമ്പറത്തലയ്ക്കൽ | 1 Km | ഇല്ല | വേണ്ട | 4 m | വേണ്ട | വേണം |

## വാർഡ് നമ്പർ XI ഗോവിന്ദമംഗലം

| ക്രമ നമ്പർ | റോഡിന്റെ പേര് | ദൂരം | ടാർ | ഓട | വീതി | കലുങ്ക് | ഇലക് ട്രിസിറ്റി |
|---|---|---|---|---|---|---|---|
| 1. | ഗോവിന്ദമംഗലം-തട്ടാംവിള | 1.5 Km | ഇല്ല | വേണം | 3 m | വേണ്ട | വേണം |
| 2. | ഗോവിന്ദമംഗലം-വലിയതോട് റോഡ് | 1 Km | ഇല്ല | വേണം | 3.5 m | വേണ്ട | വേണം |
| 3. | നെപ്പെക്കോണം-പരപ്പാറവിള റോഡ് | 2 Km | ഇല്ല | വേണ്ട | 6 m | വേണ്ട | വേണം |
| 4. | ഗോവിന്ദമംഗലം-പെരുമന സ്കൂൾ | .8 Km | ഇല്ല | വേണ്ട | 4 m | വേണ്ട | വേണം |
| 5. | വേലിക്കോട്-പള്ളിവിള | 1 Km | ഇല്ല | വേണം | 3 m | വേണ്ട | വേണം |

## വാർഡ് നമ്പർ XII മറുകിൽ

| ക്രമ നമ്പർ | റോഡിന്റെ പേര് | ദൂരം | ടാർ | ഓട | വീതി | കലുങ്ക് | ഇലക് ട്രിസിറ്റി |
|---|---|---|---|---|---|---|---|
| 1 | നീറമൺകുഴി-അരുവാക്കോട് | 2 Km | വേണം | വേണം | 6 m | - | വേണം |
| 2. | മാർത്താണ്ഡേശ്വരം-ക്ഷേത്രറോഡ് | .5 Km | വേണം | വേണം | 3 m | | വേണം |
| 3. | ഞാറയ്ക്കാട് -പയ്യാളി | .5 Km | വേണം | വേണം | 3 m | - | വേണം |
| 4. | നടുക്കാട് - ചുരത്തൂർ കോണം റോഡ് | 1 Km | വേണം | വേണം | 3 m | | വേണം |
| 5. | നീറണംകുഴി-ചിറയിൽറോഡ് | 1.5 Km | വേണം | വേണം | 3 m | | വേണം |
| 6. | അരുവാക്കോട്-കോട്ടിയക്കോണം | 1.5 Km | വേണം | വേണം | 3.5 m | | വേണം |
| 7. | കൈതേക്കോണം-കോട്ടിയക്കോണം | 1.5 Km | വേണം | വേണം | 4 m | | വേണം |
| 8. | മാർത്താണ്ഡേശ്വരം-അമ്മാനൂർമല | 1 Km | വേണം | വേണം | 2 m | | വേണം |

## മാർക്കറ്റുകളെ സംബന്ധിച്ച വിവരങ്ങൾ
**Ref. A VII**

| ചന്തകൾ (എണ്ണം) | | | വണ്ടിത്താവളങ്ങൾ | | അറവുശാലകൾ | |
|---|---|---|---|---|---|---|
| പഞ്ചായത്തു വക | സ്വകാര്യം | ആകെ വരവ് | എണ്ണം | വരുമാനം | എണ്ണം | വരുമാനം |
| 1 | 2 | 3 | 4 | 5 | 6 | 7 |
| ഇല്ല | 3 എണ്ണം | Rs. 26117/- | ഇല്ല | — | ഇല്ല | — |



# ഭവന നിർമ്മാണവും സാമൂഹ്യക്ഷേമവും

മുൻമ്പ് കൂട്ടുകുടുംബവ്യവസ്ഥയാണ് കേരളത്തിൽ ഉണ്ടായിരുന്നത്. തറവാട്ടുകാരണവരുടെ ഭരണത്തിൽ കുടുംബങ്ങൾ കഴിഞ്ഞുകുടിയിരിന്നതിനാൽ വ്യക്തികളുടെ താല്പര്യത്തിന് പ്രസക്തി ഇല്ലായിരുന്നു. കൊല്ലവർഷം 1099ലെ നായർ റഗുലേഷൻ ആക്ട് അനുസരിച്ച് തിരുവിതാംകൂറിൽ മക്കത്തായം നിലവിൽവരികയും വ്യക്തി സ്വത്യന്ത്ര്യം നേടുകയും ചെയ്തതോട്കുടി പഴയ തറവാടുകൾ പല കുടുംബങ്ങളായി പിരിഞ്ഞു. അതോടെ പ്രത്യേകം വാസഗൃഹങ്ങളും ആവശ്യമായി വന്നു. കൊല്ലവർഷം 987-ൽ തിരുവിതാംകൂർ മഹാറാണി ഗൗരിലക്ഷ്മിഭായി പുറപ്പെടുവിച്ച വിളംബരം മുഖേന തിരുവിതാംകുറിൽ അടിമ വ്യാപാരം നിറുത്തലാക്കി. അപ്പോൾ ഭൂഉടമകളുടെ സംരക്ഷണയിൽ കഴിഞ്ഞിരുന്ന കൃഷി തൊഴിലാളികൾ അവരുടെ കുടികളിൽ നിന്ന് ഒഴിപ്പിക്കപ്പെട്ടു. അവർ പുറംപോക്കുഭുമികളിൽ കുടിയേറി. അവരുടെ കുടുംബങ്ങളും വികസിക്കയാൽ അവരും പാർപ്പിട സൗകര്യം ഇല്ലാതെ അലയാൻ ഇടയായി.

ആദ്യകാലങ്ങളിൽ തടികൾ സമൃദ്ധമായുണ്ടായിരുന്നതിനാലും കുറഞ്ഞ വേതനത്തിന് തൊഴിലാളികൾ ലഭ്യമായിരുന്നതിനാലും തച്ചുശാസ്ത്രജ്ഞന്മാരുടെ കണക്കുംപ്രകാരമുള്ള കിഴക്കിനി പടിഞ്ഞാറ്റിനി, വടക്കിനി, തെക്കിനി, അറപ്പുര, കളിയൽ, ഉരക്കത്, പടിപ്പുര, തൊഴുത്ത് എന്നിത്യാദികളോടുകുടിയ നാലുകെട്ട്, എട്ടുകെട്ട് തുടങ്ങിയ വലിയ വീടുകൾ നിരപ്പലക ഭിത്തികളും, ചിത്രത്തുണുകളും തട്ടുകളോടുകുടി നിർമ്മിച്ചിരുന്നു. അവയുടെ മേൽക്കുരകൾ ഓലമേഞ്ഞതോ ഓടുമേഞ്ഞതോ ആയിരുന്നു. കുട്ടുപിരിഞ്ഞ കുടുംബങ്ങൾക്ക് അത്തരം വലിയ ഗൃഹങ്ങൾ ആവശ്യമില്ലാതായി. എങ്കിലും ഒരു ഭവനം നിർമ്മിക്കുമ്പോൾ അതിന്റെ സ്ഥാനം, വായു സഞ്ചാരം, ബലം, സുസ്ഥിരത, ഉപയോഗക്ഷമത, നിർമ്മാണ സാമഗ്രികളുടെ ലഭ്യത എന്നീ കാര്യങ്ങൾ പരിഗണനയിലെടുക്കേണ്ടതാണ്.

വാസയോഗ്യമായ ഒരു വീട് എല്ലാവരുടേയും ജീവിതാഭിലാഷമാണ്. അത് സാധിതപ്രായമാക്കാൻ അധികം ആളുകളും വളരെയധികം ബുദ്ധിമുട്ടിനുഭവിക്കുന്നു. ഈ പരിതസ്ഥിതി കണക്കിലെടുത്താണ്. സർക്കാരും ഭവന നിർമ്മാണബോർഡും പല സാമ്പത്തിക സഹായ പദ്ധതികളും വായ്പാസംവിധാനങ്ങളും ഏർപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ഇവയിലെല്ലാമുള്ള സാങ്കേതികവും നിയമപരവുമായ നൂലാമാലകൾകൊണ്ട് സാധാരണക്കാരായ ബഹുഭൂരിപക്ഷത്തിന് ഇതെല്ലാം ഇപ്പോഴും അപ്രാപ്യം തന്നെയാണ്. അതിനാൽ ഇപ്രകാരമുള്ള പദ്ധതികളുടെ വ്യവസ്ഥകൾ ലഘൂകരിക്കുകയും വായ്പകൾ ഉദാരവല്ക്കരിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു.

പ്രാദേശികമായി കിട്ടുന്ന സാധന സാമഗ്രികൾ ഉപയോഗപ്പെടുത്തിയും നവീനസാങ്കേതിക വിദ്യയിലൂടെയും ചെലവുകുറഞ്ഞ വീടുകൾ നിർമ്മിക്കുന്നതിനുള്ള പ്രേരണയും പ്രോത്സാഹനവും കൊടുക്കേണ്ടിയിരിക്കുന്നു. ആഡംബരത്തിനും അഭിമാനത്തിനും വേണ്ടി മണിസൗധങ്ങൾ നിർമ്മിക്കുന്ന കോടിക്കണക്കിനു തുക പ്രത്യുല്പാദനപരമായ രംഗത്തേയ്ക്കു മുടക്കി നാടിന്റെ സാമ്പത്തിക കമ്മി മെച്ചപ്പെടുത്താ

നുള്ള സംവിധാനമുണ്ടാക്കണം. വാസയോഗ്യമായ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് വേണ്ടിവന്നാൽ അതിലേയ്ക്കാവശ്യമായ നിയമവ്യവസ്ഥയും ഉണ്ടാക്കണം.

നമ്മുടെ പഞ്ചായത്തിലുള്ള വീടുകളുടെ സ്ഥിതിവിവരം ഇതോടൊപ്പം ചേർത്തിട്ടുണ്ട്. അവശ-ദുർബ്ബല വിഭാഗത്തിൽപെട്ട വീടില്ലാത്തവർ, ഉള്ള വീട് വാസയോഗ്യമല്ലാത്തവർ, ഒരേ വീട്ടൽ ഒന്നിലധികം കുടുംബമായി താമസിക്കുന്നവർ എന്നിങ്ങനെ നിരവധിയുണ്ട്. ഇവരെയെല്ലാം അധിവസിപ്പിക്കേണ്ട ബാദ്ധ്യത നമുക്കുള്ളതാണ്. നമ്മുടെ കൂട്ടായ പ്രവർത്തനത്തിലൂടെ-ജനപങ്കാളിത്തത്തിലൂടെ എല്ലാ കുടുംബങ്ങൾക്കും 'സ്വന്തമായൊരു വീട്' എന്ന സ്വപ്നം സാക്ഷാത്കരിക്കാൻ നമുക്കുകഴിയണം.

ഇതിനായി ഗ്രാമസഭയുടെ മുൻപിൽ വന്ന പ്രശ്നങ്ങളും സാധ്യതകളും.

## പ്രശ്നങ്ങൾ

പാർപ്പിട സൗകര്യമില്ലാത്ത അവശദുർബ്ബല വിഭാഗങ്ങൾ ഏറെയുണ്ട്

ലക്ഷംവീട് കോളനികൾ, മറ്റു കോളനികൾ എന്നിവിടങ്ങളിലുള്ള വീടുകൾ അറ്റകുറ്റപണികളുടെ കുറവുകൊണ്ട് സുരക്ഷിതങ്ങളല്ല.

ഭവന നിർമ്മാണ വയ്പകൾ കിട്ടാൻ കാലതാമസം നേരിടുന്നു

വായ്പകൾക്ക് പലിശ നിരക്കും കൂടുതലാണ്

വ്യവസ്ഥകളും സാധാരണക്കാരനു താങ്ങാവുന്നതിലുമപ്പുറമാണ്

ഭവന നിർമ്മാണ രംഗത്തുണ്ടായിക്കൊണ്ടിരിക്കുന്ന ദുർവ്യയം ഒഴിവാക്കാൻ നടപടിസ്വീകരിക്കുക

ചെലവുകുറഞ്ഞ വീടുനിർമ്മാണം പ്രോത്സാഹിപ്പിക്കുക

ഭവന നിർമ്മാണ സാമഗ്രികളുടെ ലഭ്യത വളരെക്കുറവാണ്. വിലയും കുടുതൽ

നിർമ്മാണ തൊഴിലാളികളെയും യഥാസമയം കിട്ടുന്നില്ല

ചെലവു കുറഞ്ഞ വീടു നിർമ്മിക്കുന്നതിന് വായ്പയോടൊപ്പം സബ്സിഡിയും കൊടുക്കുക.

## വ്യവസ്ഥകൾ ഉദാരവല്ക്കരിക്കുക.

പ്രാദേശികമായി നിർമ്മിക്കുന്ന കെട്ടിട നിർമ്മാണ സാമഗ്രികൾക്ക് പ്രോത്സാഹനം കൊടുക്കുക.

ദുർബ്ബല വിഭാഗത്തിൽപ്പെട്ടവർക്കും കോളനികളിൽ താമസിക്കുന്നവർക്കും വീടുകൾ അറ്റകുറ്റപ്പണി നടത്തുന്നതിനു സഹായിക്കുക.

ഒരു ഭവനനിർമ്മാണ പരിശീലന യൂണിറ്റ് സ്ഥാപിക്കുക.

## പരിഹാരങ്ങൾ മാർഗങ്ങൾ

നമ്മുടെ പഞ്ചായത്തിലുള്ള എല്ലാവർക്കും പാർപ്പിട സൗകര്യം ഉറപ്പുവരുത്തണം.

ദുർബ്ബല വിഭാഗത്തിൽപ്പെട്ട, സ്വന്തമായി ഭൂമി ഉള്ളവർക്ക് വീടുവയ്ക്കാൻ സഹായിക്കണം.

സ്വന്തമായി ഭൂമി ഇല്ലാത്തവർക്ക് ഭൂമി വാങ്ങി വീടുനിർമ്മിക്കാൻ സഹായിക്കണം.

ദുർബ്ബല വിഭാഗത്തിൽപ്പെട്ടവർക്കും കോളനി നിവാസികൾക്കും വീടുകൾ സംരക്ഷണപ്പണികൾ നടത്തി വാസയോഗ്യമാക്കാൻ സഹായിക്കണം.

താണവരുമാനക്കാർക്കുള്ള ഭവനവായ്പാലഭ്യതയിൽ കാലതാമസം ഒഴിവാക്കാൻ വേണ്ടതു ചെയ്യണം.

വായ്പാ വ്യവസ്ഥകൾ ലഘൂകരിയ്ക്കണം

കാലതാമസം ഒഴിവാക്കണം.

ഭവന നിർമ്മാണ രംഗത്തുണ്ടായിക്കൊണ്ടിരിക്കുന്ന ദുർവ്യയത്തിന് ബോധവല്ക്കരണം വേണം, നിയന്ത്രണം വേണം.

ചെലവുകുറഞ്ഞ വീടുനിർമ്മിക്കുന്നത് പ്രോത്സാഹിപ്പിക്കണം, വായ്പയും സബ്സി

ഡിയും ലഭ്യമാക്കണം. നിർമ്മാണ തൊഴിലാളികൾക്കു സാങ്കേതിക പരിശീലനം നല്കണം.

നിർമ്മാണത്തിനും പുതുക്കിപ്പണിയുന്നതിനുമുള്ള വായ്പകളും സൗജന്യ ധനസഹായവും കാലോചിതമായി നവീകരിക്കണം.

അനധികൃതമായും ചട്ടങ്ങൾ ലംഘിച്ചുമുള്ള നിർമ്മാണ പ്രവർത്തനങ്ങൾ കർശനമായി തടയണം.

പഞ്ചായത്തിൽ സഹകരണാടിസ്ഥാനത്തിൽ ഒരു കെട്ടിട നിർമ്മാണ സാമഗ്രികളുടെ ഉല്പാദന യൂണിറ്റ് സ്ഥാപിക്കണം. നിർമ്മാണ തൊഴിലാളികൾക്ക് സാങ്കേതികോപദേശവും പരിശീലനവും കൊടുക്കാൻ വേണ്ടതു ചെയ്യണം.

വെൺമാറനല്ലൂർ വാർഡിൽ മച്ചിനാട്ടു ഭാഗത്തുള്ള പഞ്ചായത്തു വക സ്ഥലത്ത് ടെലികോം ഡിപ്പാർട്ടുമെന്റിന്റെ ഒരു ആഫീസ് കെട്ടിടം പണിത് പ്രവർത്തനം കാര്യക്ഷമമാക്കണം. ടെലഫോൺ കണക്ഷൻ കൊടുക്കണം.

ഭവന നിർമ്മാണ ബോർഡിന്റെ വായ്പാ ഏർപ്പാടുകൾ പഞ്ചായത്തു മുഖേനയാക്കണം.

കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഇന്നുള്ള വ്യവസ്ഥകൾ കുറച്ചു സ്ഥലംമാത്രമുള്ളവർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നു. വിവേചന പൂർവ്വം അതിനുള്ള പരിഹാരമുണ്ടാക്കണം.

## സാമൂഹ്യക്ഷേമം

സമൂഹത്തിലുള്ള എല്ലാവർക്കും ക്ഷേമം അതാണല്ലോ സാമൂഹ്യക്ഷേമത്തിന്റെ ലക്ഷ്യം. ഈ ലക്ഷ്യത്തിലെത്തിച്ചേരാനുള്ള മാർഗ്ഗം ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള, അവശ–ദുർബ്ബല വിഭാഗത്തിൽപ്പെട്ടവരെയെല്ലാം, ഉദ്ധരിച്ച് അവരുടെജീവിതം സൗമ്യമായും മെച്ചപ്പെടുത്തുക, അതിലേയ്ക്കാവശ്യം വേണ്ട ദാരിദ്രനിർമ്മാജ്ജന പരിപാടികളാവിഷ്ക്കരിക്കുക, അവ നടപ്പിലാക്കുക.

സംഘടിതവും അസംഘടിതവുമായ മേഖലകളിലെ നിർധനരേയും ദാരിദ്യരേഖയ്ക്കുതാഴെയുള്ളവരെയും ഉദ്ധരിക്കുന്നതിന് കേന്ദ്ര – സംസ്ഥാന ഗവൺമെന്റുകൾ ഒട്ടനവധി ദാരിദ്യനിർമ്മാജ്ജന പരിപാടികൾ ആവിഷ്കരിച്ചു നടപ്പിലാക്കിയിട്ടുണ്ട്. ക്ഷേമനിധി ബോർഡുകളും, വികസന കോർപ്പറേഷനുകളും, പലവിധ പെൻഷൻ പദ്ധതികളുമെല്ലാം ഈ ലക്ഷ്യത്തോടെ പ്രവർത്തിക്കുന്നവയാണ്.

എന്നാൽ നിലവിലുള്ള പദ്ധതികളുടെ അപര്യാപ്തതയും, കാര്യക്ഷമതയില്ലയ്മയും, ഇടത്തട്ടുകാരുടെ കൈകടത്തലും, ഗുണഭോക്താക്കളിലുള്ള വിശ്വാസ്യത നഷ്ടപ്പെടുത്തിക്കൊണ്ടിരിക്കുന്നു. പദ്ധതികളെക്കുറിച്ചുള്ള അറിവില്ലായ്മ. അർഹതപ്പെട്ടവർക്കെല്ലാം ആനുകൂല്യം ലഭ്യമാകാതിരിക്കൽ, അനർഹരായവർ അതു തട്ടിയെടുക്കുക, ഉള്ള ആനുകുല്യംപോലും തക്ക സമയം ലഭ്യമാകാതിരിക്കൽ എന്നിവയും അവയെപ്പറ്റിയുള്ള മതിപ്പുകുറയ്ക്കാൻ ഇടയാകുന്നു. ബോധവല്ക്കരണത്തിന്റെ കുറവും നിയമ വ്യവസ്ഥകളുടെ നൂലാമാലകളും പലവിധപ്രയാസങ്ങൾക്കിടയാക്കുന്നു.

സ്വയം തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള സാമ്പത്തിക സഹായവും, തൊഴിൽ പരിശീലനകേന്ദ്രങ്ങളും, ആവശ്യം വേണ്ട അസംസ്കൃത സാധനങ്ങൾമിതമായ വിലയ്ക്ക് കൃത്യമായി ലഭിക്കാനുള്ള സംവിധാനങ്ങളുണ്ടാകണം. അവശ–ദുർബ്ബല വിഭാഗങ്ങൾക്കുള്ള ക്ഷേമ പ്രവർത്തനങ്ങളും സാമ്പത്തിക സഹായവും കാര്യക്ഷമമാകണം. അവയുടെ ലഭ്യതയിലും, വിതരണത്തിലും, അർഹതയുള്ളവരെ തെരഞ്ഞെടുക്കുന്നുതിലും നീതിപൂർവ്വമായ സമീപനം ഉണ്ടാകണം. വികസന പ്രവർത്തങ്ങൾക്കുള്ള ആനുകൂല്യം വായ്പ എന്നിവയ്ക്ക് മോണിട്ടറിംഗ് ഏപ്പോഴുമുണ്ടാകണം.

വനിതികളുടെയും കുട്ടികളുടെയും ക്ഷേമപ്രവർത്തനങ്ങളിൽ പ്രത്യേക പരിഗണന ഉണ്ടാകണം. ജനസാന്ദ്രതകുടിയ പ്രദേശങ്ങളിലും

പ്രധാനകവലകളിലും പ്രാഥമികാവശ്യങ്ങൾക്കുള്ള സൗകര്യങ്ങളുണ്ടാകണം. കുഞ്ഞുങ്ങളുടെയും അമ്മമാരുടെയും പോഷകാഹാര വിതരണത്തിലും പ്രതിരോഗ പ്രവർത്തനങ്ങളിലും പ്രാധാന്യം ഉറപ്പുവരുത്തണം. അംഗനവടികളുടെ പ്രവർത്തനം മാതൃകാപരമായി മെച്ചപ്പെടുത്തണം വൃദ്ധ – അഗതി – അവശ – ദുർബ്ബല വിഭാഗത്തിലുള്ളവർക്ക് അധിവാസകേന്ദ്രങ്ങളുണ്ടാക്കണം. പൊതു വിതരണവും കുടുതൽ മെച്ചപ്പെട്ടുത്തണം. അംഗനവാടികളുടെ പ്രവർത്തനം കാലോചിതമായി നവീകരിക്കണം.

അവശ-ദുർബ്ബല വിഭാഗങ്ങളിൽപ്പെട്ടവരും ദാരിദ്ര്യരേഖയ്ക്കുതാഴെഉള്ള വരുമായി മഹാഭൂരിപക്ഷത്തിന്റെ ജീവിതം, എല്ലാ വിധത്തിലും ക്ഷേമമാക്കുന്നതിലൂടെ മാത്രമേ സാമൂഹ്യ ക്ഷേമം എന്നവാക്ക് അർത്ഥമാവുകയുള്ളു.

ഈ വിഷയത്തെ ആധാരമാക്കി ഗ്രാമ സഭകളിൽ പൊന്തിവന്ന പ്രശ്നങ്ങളും നിർദ്ദേശങ്ങളും ചുവടെ ചേർക്കുന്നു.

## പ്രശ്നങ്ങൾ

അവശദുർബ്ബല വിഭാഗങ്ങളടക്കമുള്ള വിധവാ പെൻഷൻ, വാർദ്ധ്യക്യ കാല പെൻഷൻ, കർഷകതൊഴിലാളി പെൻഷൻ, വികലാംഗ പെൻഷൻ തുടങ്ങിയവ യഥാസമയം കിട്ടുന്നില്ല.

പെൻഷനും മറ്റു ആനുകൂല്യങ്ങളും അർഹതപ്പെട്ട എല്ലവർക്കും കിട്ടുന്നില്ല

അനർഹരായവരും ആനുകൂല്യം തട്ടിയെടുക്കുന്നു.

പദ്ധതികളെപറ്റിയും അനുകൂല്യങ്ങളെപ്പറ്റിയും തക്കസമയം അറിയാൻ കഴിയുന്നില്ല.

ഇടത്തട്ടുകാരുടെ ചൂഷണവും ഇല്ലാതില്ല.

ദുർബ്ബല വിഭാഗങ്ങളുടെ വിദ്യാഭ്യാസം വിവാഹം എന്നിവയ്ക്ക് സാമ്പത്തിക ക്ലേശം അനുഭവിക്കുന്നു.

കക്കൂസുകളുടെ അഭാവം ആരോഗ്യത്തെയും ബാധിക്കുന്നു.

അഗതി മന്ദിരമോ വൃദ്ധമന്ദിരമോ ഇല്ല

അംഗനവാടികളുടെ പ്രവർത്തനം കാലോചിതമല്ല. ഉപകരണങ്ങളും പ്രാഥമിക സൗകര്യങ്ങളുമില്ല. എണ്ണംമതിയായവഅല്ല.

സർക്കാരാഫീസുകളിൽ നിലനില്ക്കുന്ന അനവശ്യമായ കാലതാമസവും പൊതുജനങ്ങളോടുള്ള സമീപനവും തൃപ്തികരമല്ല. പൊതു വിതരണകേന്ദ്രങ്ങളിലൂടെ ലഭിക്കുന്ന സാധനങ്ങൾ ഗുണനിലവാരം കുറഞ്ഞതാണ്.

മാവേലിസ്റ്റോറുകൾ ആവശ്യം വേണ്ടിടത്തു സ്ഥാപിക്കുകയും നിത്യോപയോഗ സാധനങ്ങൾ കൃത്യമായിലഭ്യമാക്കുകയും ചെയ്യുന്നതിൽ അലംഭാവംകാണുന്നു.

വാർത്താ വിനിമയ രംഗം മെച്ചമല്ല വായനാ സൗകര്യമില്ല.

പ്രാഥമികാവശ്യങ്ങൾ നിറവേറ്റുന്നതിന് പൊതു സൗകര്യങ്ങളില്ല.

പ്രധാനപാതകളിൽപോലും വെയിറ്റിംഗ് ഷെഡും മൂത്രപ്പുരയും ഇല്ല.

## നിർദ്ദേശങ്ങളും സാധ്യതകളും

അവശ-ദുർബ്ബല വിഭാഗത്തിൽപ്പെട്ടവർക്കുള്ള വിവിധപെൻഷനുകൾ യഥാസമയം ലഭ്യമാക്കണം.

പഞ്ചായത്തിൽ ഒരു അഗതി മന്ദിരം സ്ഥാപിക്കണം.

ദുർബ്ബല വിഭാഗങ്ങളുടെ വിദ്യാഭ്യാസം വിവാഹം എന്നിവയ്ക്ക് അനുഭവപ്പെടുന്നു സാമ്പത്തിക ക്ലേശം പരിഹരിക്കണം.

ദുർബ്ബല വിഭാഗത്തിൽപ്പെട്ട എല്ലാവർക്കും കക്കൂസ് നിർമ്മിച്ചു കൊടുക്കണം.

അംഗനവാടികളുടെ പ്രവർത്തനം കാര്യക്ഷമമാക്കണം

ഒരു വാർഡിൽ കുറഞ്ഞത് രണ്ടുവീതമെങ്കിലും അംഗനവാടികളുണ്ടാകണം.

അംഗൻവാടികളുടെ പ്രവർത്തനം തൃപ്തിക

രമാക്കുകയും കാലോചിതമായി നവീകരിക്കുകയും അംഗൻവാടികളോട് ചേർന്ന് ഡേകെയർ സെൻറർ സ്ഥാപിക്കുകയും വേണം.

അംഗൻവാടികളിൽ പ്രാഥമിക സൗകര്യങ്ങളും, കളിക്കോപ്പുകളും ഉണ്ടാകണം.

അംഗനവാടിയോടനുബന്ധിച്ച് മിനി കളിസ്ഥലം നിർമ്മിക്കണം.

സ്വന്തമായി സ്ഥലമുള്ളവർക്കു അംഗനവാടി കെട്ടിടം നിർമ്മിക്കുന്നതിന് സഹായിക്കണം. സ്ഥലമില്ലാത്തവർക്കു ഭൂമി വാങ്ങി കെട്ടിടം നിർമ്മിച്ചു കൊടുക്കണം.

അംഗനവാടികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് വാർഷികാഘോഷം സംഘടിപ്പിച്ച് മെച്ചപ്പെട്ട അംഗനവാടികൾക്ക് പ്രോത്സാഹന സമ്മാനം കൊടുക്കണം.

പഞ്ചായത്തിലെ അവശ-ദുർബ്ബലവിഭാഗത്തിൽപ്പെട്ട കിണറില്ലാത്തവർക്ക് കിണർകുഴിക്കുന്നതിനും ഉള്ളവ ചുറ്റുമതിൽ കെട്ടി സംരക്ഷിക്കുന്നതിനും സഹായിക്കുക.

പൊതുവിതരണകേന്ദ്രത്തിലും മാവേലി സ്റ്റോറിലും നല്ല സാധനങ്ങൾ കൃത്യമായ അളവിൽ യഥാസമയം ലഭ്യമാകുന്നതിനു നടപടി സ്വീകരിക്കണം.

പഞ്ചായത്തിൽ ഒരു സഞ്ചരിക്കുന്ന മാവേലി സ്റ്റോർ ഏർപ്പെടുത്തുക.

ഗവ: ആഫീസുകളിൽ ഉണ്ടാകുന്ന അനാവശ്യകാലതാമസവും മറ്റിടപെടുലുകളും നിയന്ത്രിക്കുക.

ദുർബ്ബലവിഭാഗത്തിൽപ്പെട്ടവരുടെ കുട്ടികളുടെ വിദ്യാഭ്യാസം, വിവാഹം എന്നിവയക്കു സഹായവും വായ്പയും ലഭ്യമാക്കുക.

തൊഴിൽ പരിശീലനത്തിനും സ്വയംതൊഴിൽ സംരംഭത്തിനുമുള്ള വായ്പയും സബ്സിഡിയും ലഭ്യമാക്കുക.

വായനാശീലം വളർത്തുന്നതിനും വാർത്താവിനിമയ രംഗം മെച്ചപ്പെടുത്തുന്നതിനും വേണ്ടതു പ്രായോഗികമാക്കുക.

നിർമ്മാണതൊഴിലാളികൾക്കും മറ്റ് അപകടകരമായ മേഖലകളിൽ പ്രവർത്തിക്കുന്നവർക്കും ഇൻഷുറൻസ് പദ്ധതിനടപ്പിലാക്കുക.

മച്ചേൽ വാർഡിലെ മലവിള മേപ്പൂക്കട വാർഡിലെ അന്തിയൂർക്കോണം എന്നിവ കേന്ദ്രമാക്കി ഓരോ പൊതു വിതരണ കേന്ദ്രങ്ങൾ സ്ഥാപിക്കുക.

ബസ് യാത്രക്കാർക്ക്, അത്യാവശ്യം വേണ്ട കവലകളിൽ വെയിറ്റിംഗ് ഷെഡ് പണിയണം.

" ഏറ്റവും അടിത്തട്ടിലുള്ള വർക്കു പോലും ഇതെന്റെ നാടാണെന്നും ഇതിന്റെ നിർമ്മിതിയിൽ എനിക്കും പങ്കുണ്ടെന്നും ബോധ്യമാവണം അതാണ് സ്വരാജിലേയ്ക്കുള്ളവഴി "

*ഗാന്ധിജി*

## ഭവന നിർമ്മാണത്തെ സംബന്ധിക്കുന്ന വിവരം

| വാർഡ് നമ്പർ | വീട് ആവശ്യമുള്ള കുടുംബങ്ങളുടെ എണ്ണം (IRDP സർവ്വേ പ്രകാരം) | വിവിധ പരിപാടികളിലായി അനുവദിച്ച വീടുകൾ | പൂർത്തികരിച്ച വീടുകൾ | അനുവദിച്ചതിൽ ഇനി പൂർത്തീകരിക്കാനുള്ള വീട് | ഇനിയും അനുവദിക്കേണ്ട വീടുകളുടെ എണ്ണം |
|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 |
| 1 | 40 | 13 | 12 | 1 | 27 |
| 2 | 42 | 12 | 10 | 2 | 30 |
| 3 | 44 | 11 | 10 | 1 | 33 |
| 4 | 56 | 15 | 14 | 1 | 41 |
| 5 | 66 | 16 | 14 | 2 | 50 |
| 6 | 50 | 15 | 14 | 1 | 35 |
| 7 | 25 | 9 | 8 | 1 | - |
| 8 | 22 | 9 | 8 | 1 | 16 |
| 9 | 35 | 10 | 9 | 1 | 12 |
| 10 | 25 | 11 | 10 | 1 | 24 |
| 11 | 40 | 9 | 8 | 1 | 16 |
| 12 | | 7 | 5 | 2 | 33 |

## വികലാംഗരെ സംബന്ധിച്ച വിവരങ്ങൾ

Ref. വികലാംഗ സർവെ ഫാറം

| വാർഡ് | 5 വയസ്സുള്ളവർ | | 5-നും10 നും | | 10-18 | | 18-25 | | 25-45 | | 45-60 | | 60 നുമേൽ | | ആകെ | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | പു. | സ്ത്രീ. | പു. | സ്ത്രീ. | പു. | സ്ത്രീ. | പു. | സ്ത്രീ. | പു. | സ്ത്രീ. | പു. | സ്ത്രീ. | പു. | സ്ത്രീ. | പു. | സ്ത്രീ. |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 |
| I | - | - | - | - | - | - | 1 | - | 1 | 1 | - | - | - | - | 2 | 1 |
| II | - | 1 | 1 | - | 1 | - | - | 1 | 3 | 2 | - | - | 1 | - | 6 | 4 |
| III | - | - | - | - | 2 | - | 1 | - | 1 | 2 | 2 | - | - | - | 6 | 2 |
| IV | - | - | 2 | 1 | 1 | - | 1 | 1 | 3 | 1 | 3 | - | - | - | 10 | 3 |
| V | - | 1 | 1 | - | 3 | 2 | 1 | 2 | 6 | 2 | - | 4 | 1 | 1 | 12 | 12 |
| VI | - | - | - | - | 3 | 1 | 5 | - | 2 | 3 | 1 | 1 | 1 | - | 12 | 5 |
| VII | - | - | - | - | 1 | - | - | - | 2 | 1 | - | - | - | - | 3 | 1 |
| VIII | - | - | - | - | 1 | - | 1 | 1 | 2 | - | - | 1 | - | - | 4 | 2 |
| IX | - | - | - | - | - | - | - | - | 1 | - | - | - | - | - | 1 | - |
| X | - | - | - | - | - | 1 | - | 1 | 3 | - | - | 1 | - | - | 3 | 3 |
| XI | - | - | - | - | 1 | - | - | - | 3 | - | - | - | - | - | 3 | 1 |
| XII | - | - | 1 | - | - | 2 | 1 | 3 | 5 | - | 1 | 1 | - | - | 8 | 6 |
| ആകെ | - | 2 | 5 | 1 | 12 | 7 | 11 | 9 | 32 | 12 | 7 | 8 | 3 | 1 | 70 | 40 |

## ട്രൈസം - തൊഴിൽ പരിശീലനം നേടിയവരുടെ വിവരം

| വാർഡ് നമ്പർ | പരിശീലനം വിഷയത്തിന്റെ പേര് 1990 - 91 മുതൽ | പരിശീലനം ലഭിച്ചവരുടെ എണ്ണം | സ്വയം തൊഴിൽ കണ്ടെത്തിയവരുടെ എണ്ണം | ഇതര തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർ | അവശേഷിക്കുന്നവർ |
|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 |
| 1 | - | - | - | - | - |
| 2 | - | - | - | - | - |
| 3 | Book Binding (2) | 2 | 2 Wage employed | | - |
| 4 | Book Binding | 1 | 1 | - | - |
| 5 | ബനിയൻ നിർമ്മാണം | 1 | 1 Wage employed | | - |
| - | - | | | | |
| 6 | മേസനറി, ബുക്ക്ബൈൻഡിംഗ്, വെൽഡിംഗ്, ബ്യൂട്ടീഷ്യൻ | 5 | 1 | 2 | 2 (ട്രെയിനിംഗിലാണ്) |
| 7 | - | - | - | - | - |
| 8 | സ്ക്രീൻ പ്രിന്റിംഗ്, ബുക്ക് ബൈൻഡിംഗ് | 2 | 1 | 1 | - |
| 9 | മേസനറി, എംബ്രോയിഡറി, ബുക്ക് ബൈൻഡിംഗ് | 3 | 1 | 2 | - |
| 10 | എംബ്രോയിഡറി | 1 | - | 1 | - |
| 11 | ബുക്ക്ബൈന്റിംഗ് | 2 | 1 | 1 | - |
| 12 | ബുക്ക് ബൈന്റിംഗ് | 1 | | 1 | - |

## DWCRA പദ്ധതിപ്രകാരം രൂപപ്പെട്ട തൊഴിൽ സംരംഭങ്ങളുടെ വിവരം

| വാർഡ് | തൊഴിൽ സംരംഭത്തിന്റെ ഇനം | ആരംഭിച്ച വർഷം | പ്രവർത്തിക്കുന്ന അംഗങ്ങളുടെ എണ്ണം | പ്രവർത്തനക്ഷമത സംബന്ധിച്ച കുറിപ്പ് |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| 7 | ലെതർവർക്സ് | 1996 | 10 | പരിശീലനത്തിൽ |

## മലയിൻകീഴ് ഗ്രാമപഞ്ചായത്ത്

IRDP സർവ്വേ പ്രകാരം - ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ളവരുടെ
വിവരം 1991 - 92

| വാർഡ് നമ്പർ | സർവ്വേ പ്രകാരം കണ്ടെത്തിയ ആകെ കുടുംബങ്ങളും എണ്ണം | ഇതിൽ SC/ST കുടുംബങ്ങൾ | നാളിതുവരെ സാമ്പത്തിക സഹായം ലഭിച്ച കുടുംബങ്ങൾ | ഇതിൽ SC/ST | സഹായം ലഭിച്ചതുവഴി ദാരിദ്ര്യരേഖയ്ക്കുമുകളിലെത്തിയ കുടുംബങ്ങൾ | ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള ആകെ കുടുംബങ്ങൾ (സഹായം ലഭിച്ചവർ ഉൾപ്പെടെ) |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| 1 } 2 | 310 | 13 | 12 | 6 | 5 } | 298 |
| | | 8 | 16 | 8 | 6 | |
| 3 | 199 | 13 | 26 | 14 | 15 | 184 |
| 4 | 283 | 30 | 37 | 18 | 12 | 271 |
| 5 | 475 | 31 | 23 | 14 | 10 | 465 |
| 6 | 373 | 20 | 33 | 19 | 11 | 362 |
| 7 | 181 | 7 | 14 | 7 | 9 | 176 |
| 8 | 139 | 11 | 8 | 8 | 10 | 129 |
| 9 | 274 | 7 | 21 | 6 | 8 | 266 |
| 10 | 219 | 24 | 21 | 13 | 8 | 211 |
| 11 | 197 | 21 | 25 | 16 | 12 | 185 |
| 12 | 291 | 26 | 21 | 14 | 15 | 276 |

## ഗ്രാമീണ കൈത്തൊഴിലുകാർക്ക് ആധുനിക ഉപകരണങ്ങൾ നൽകുന്ന പരിരാടി (RAP)

| വാർഡ് നമ്പർ | IRDP സർവ്വേ പ്രകാരം ഗ്രാമീണ കൈത്തൊഴിലുകാരുടെ എണ്ണം | സഹായം ലഭിച്ചവരുടെ എണ്ണം | ഇനി സഹായത്തിന് അർഹതയുള്ളവരുടെ എണ്ണം | കുറിപ്പ് |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| 1 | 16 | 1 | 15 | |
| 2 | 14 | 1 | 13 | |
| 3 | 15 | 1 | 14 | |
| 4 | 28 | 5 | 23 | |
| 5 | 18 | 1 | 17 | |
| 6 | 27 | 7 | 20 | |
| 7 | 12 | 4 | 8 | |
| 8 | 13 | 6 | 7 | |
| 9 | 11 | 5 | 6 | |
| 10 | 19 | 5 | 14 | |
| 11 | 15 | 4 | 11 | |
| 12 | 13 | 4 | 9 | |

# മലയിൻകീഴ് ഗ്രാമ പഞ്ചായത്ത്

## പെൻഷനുകൾ, ധനസഹായം സംബന്ധിച്ച വിവരങ്ങൾ

(Ref- പെൻഷൻ രജിസ്റ്റർ)

| | വില്ലേജ് | അഗതി പെൻഷൻ | വിധവ പെൻഷൻ | വികലാംഗ പെൻഷൻ | വാർദ്ധക്യ പെൻഷൻ | അവശ കലാ കാരസാഹിത്യ പെൻഷൻ | അവശ കായിക താര പെൻഷൻ | ക്ഷയ രോഗ പെൻഷൻ | കുഷ്ഠ രോഗി പെൻഷൻ | ക്യാൻസർ രോഗി പെൻഷൻ | കർഷക തൊഴി ലാളി പെൻഷൻ | തൊഴിലില്ലായ്മ വേതനം | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | |
| 1990-91 | | - | 16 | 16 | 9 | 2 | - | 2 | 1 | 4 | 24 | 55 | |
| 1991-92 | | - | 11 | 6 | 8 | 3 | - | 1 | 1 | 2 | 12 | 49 | |
| 1992-93 | | - | 30 | 9 | 13 | 1 | - | 2 | - | 4 | 16 | 64 | |
| 1993-94 | | - | 14 | 11 | 5 | 2 | - | 3 | 1 | 10 | 18 | 42 | |
| 1994-95 | | - | 4 | 1 | 2 | 3 | - | 1 | 1 | 2 | 20 | 26 | |
| 1995-96 | | - | 16 | 3 | 4 | 4 | - | 2 | 1 | 3 | 14 | 32 | |

# മലയിൻകീഴ് ഗ്രാമപഞ്ചായത്ത്

## അംഗൻ വാടികളിൽ നിന്ന് ശേഖരിച്ച വിവരം

| | | | |
|---|---|---|---|
| 1) | a) | പഞ്ചായത്തിലെ ആകെ ജനസംഖ്യ | 28746 |
| | b) | പുരുഷൻമാർ | 14246 |
| | c) | സ്ത്രീകൾ | 14500 |
| 2) | a) | പട്ടികജാതി ജനസംഖ്യ | 3022 |
| | b) | പട്ടികവർഗ്ഗ ജനസംഖ്യ | 5 |
| 3) | | അംഗൻവാടികളുടെ എണ്ണം | 16 |
| 4) | a) | ഒരു വയസ്സിന് താഴെ പ്രായമുള്ള കുട്ടികൾ | 363 |
| | b) | 1-2 വയസ്സുവരെ പ്രായമുള്ള കുട്ടികൾ | 404 |
| | c) | 2-3 വയസ്സുവരെ പ്രായമുള്ള കുട്ടികൾ | 379 |
| | d) | 3-5 വയസ്സുവരെ പ്രായമുള്ള കുട്ടികൾ | 771 |
| 5) | a) | വാർഡിലെ ആകെ ഗർഭിണികളുടെ എണ്ണം | 134 |
| | b) | ഇവരിൽ പ്രത്യേക പരിചരണം ആവശ്യമുള്ളവരുടെ എണ്ണം | 49 |
| 6) | | മുലയൂട്ടുന്ന അമ്മമാരുടെ എണ്ണം (6 മാസം വരെ പ്രായമുള്ള കുട്ടികളുള്ള) | 154 |
| 7) | a) | കഴിഞ്ഞ വർഷത്തിൽ ആകെ ജനനങ്ങൾ | 241 |
| | b) | ചാപിള്ള ജനനങ്ങൾ | 3 |
| 8) | a) | ഒരു വയസ്സിന് താഴെ പ്രായത്തിൽ മരിച്ച കുട്ടികളുടെ എണ്ണം. (95-96) - | 4 |
| | b) | 1-3 വയസ്സുവരെ മരിച്ച കുട്ടികളുടെ എണ്ണം | 1 |
| | c) | 3-6 വയസ്സുവരെ മരിച്ച കുട്ടികളുടെ എണ്ണം | – |
| 9) | a) | ഗർഭ സംബന്ധമായ അസുഖങ്ങളാൽ മരിച്ച സ്ത്രീകളുടെ എണ്ണം | – |
| | b) | മറ്റു മരണങ്ങളുടെ എണ്ണം | 118 |
| 10) | a) | അനുപൂരക പോഷകാഹാരം ലഭിക്കുന്ന കുട്ടികളുടെ എണ്ണം | 538 |
| | b) | അനുപൂരക പോഷകാഹാരം ലഭിക്കുന്ന ഗർഭിണികളുടെ എണ്ണം | 81 |
| | c) | അനുപൂരക പോഷകാഹാരം ലഭിക്കുന്ന മുലയൂട്ടുന്ന അമ്മമാരുടെ എണ്ണം | 91 |

## മലയിൻകീഴ് ഗ്രാമപഞ്ചായത്ത്

### കുട്ടികളുടെ ആരോഗ്യപോഷണ നിലവാരം

| പ്രായം | നോർമൽ | | 1-ാം ഗ്രേഡ് | | 2-ാം ഗ്രേഡ് | | 3-ാം ഗ്രേഡ് | |
|---|---|---|---|---|---|---|---|---|
| | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ |
| 1 വയസ്സിൽ താഴെ | 142 | 128 | 69 | 59 | 13 | 3 | 2 | - |
| 1-3 വയസ്സ് | 240 | 224 | 166 | 159 | 19 | 16 | 1 | - |
| 3-6 വയസ്സ് | 248 | 213 | 174 | 166 | 24 | 21 | 4 | 4 |

1-ാം ഗ്രേഡ് – ലഘുവായ പോഷണക്കുറവുള്ളവർ

2-ാം ഗ്രേഡ് – മിതമായ പോഷണക്കുറവുള്ളവർ

3-ാം ഗ്രേഡ് – ഗുരുതരമായ പോഷണക്കുറവുള്ളവർ

## മലയിൻകീഴ് ഗ്രാമപഞ്ചായത്ത്

### 8.3 കുട്ടികളുടെയും ഗർഭിണികളുടെയും പ്രതിരോധ കുത്തിവയ്പ്

| കുട്ടികൾ | ബി.സി.ജി | ഡി.പി.റ്റി | | | | പോളിയോ | | | | ഡി.റ്റി | | | | മീസിൽസ് |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | 1D | 2D | 3D | BD | 1D | 2D | 3D | BD | 1D | 2D | 3D | BD | |
| 1വയസ്സിൻ താഴെ | 380 | 308 | 299 | 273 | 21 | 318 | 291 | 272 | 38 | 7 | 1 | - | - | 186 |
| 1-3വയസ്സ് | 821 | 756 | 747 | 750 | 698 | 749 | 744 | 645 | 508 | 15 | 17 | - | 10 | 515 |
| 3-6വയസ്സ് | 877 | 824 | 805 | 801 | 703 | 805 | 795 | 780 | 713 | 61 | 55 | - | 63 | 599 |

ടെറ്റനസ്സ് ടോക്സോയിഡ് (TT)

| | 1D | 2D | BD |
|---|---|---|---|
| ഗർഭിണികൾ | 99 | 84 | 3 |

| | |
|---|---|
| ഇരുമ്പ്/ഫോളിക്കാസിഡ് ഗുളികകൾ ലഭിച്ച ഗർഭിണികളുടെ എണ്ണം | 443 |
| ഇരുമ്പ്/ഫോളിക്കാസിഡ് ഗുളികകൾ ലഭിച്ച കുട്ടികളുടെ എണ്ണം | 1027 |
| വിറ്റാമിൻ എ തുള്ളിമരുന്ന് ലഭിച്ച കുട്ടികളുടെ എണ്ണം | 1031 |
| ആശുപത്രിയിൽ നടന്ന പ്രസവങ്ങളുടെ എണ്ണം | 232 |
| വീട്ടിൽ നടന്ന പ്രസവങ്ങളുടെ എണ്ണം | 1 |

## കക്കൂസുകൾ സംബന്ധിച്ച വിവരം

| വാർഡ് നമ്പർ | സാനിട്ടറി കക്കൂസുകൾ ഇല്ലാത്ത വീടുകളുടെ എണ്ണം (IRDP സർവ്വേ പ്രകാരം) | വിവിധ പദ്ധതികളിലായി ഇതുവരെ അനുവദിച്ച കക്കൂസുകളുടെ എണ്ണം (1992 നു ശേഷം) | പൂർത്തീകരിച്ചവയുടെ എണ്ണം | ഇനി കക്കൂസുകൾ വേണ്ട കുടുംബാങ്ങളുടെ എണ്ണം |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| 1 | 75 | 10 | 10 | 65 |
| 2 | 80 | 9 | 9 | 71 |
| 3 | 98 | 7 | 7 | 91 |
| 4 | 145 | 6 | 6 | 139 |
| 5 | 240 | 6 | 6 | 234 |
| 6 | 190 | 7 | 7 | 183 |
| 7 | 95 | 6 | 6 | 89 |
| 8 | 70 | 6 | 6 | 64 |
| 9 | 140 | 7 | 7 | 133 |
| 10 | 110 | 7 | 7 | 113 |
| 11 | 98 | 6 | 6 | 92 |
| 12 | 140 | 7 | 7 | 133 |

# മലയിൻകീഴ് ഗ്രാമപഞ്ചായത്ത്

## പൊതുവിതരണ സംവിധാനത്തെ ക്കുറിച്ചുള്ള വിവരങ്ങൾ

## 1995-1996

| ARD നമ്പർ | കാർഡുടമക ളുടെ എണ്ണം | | | ഗുണഭോക്താക്കളുടെ എണ്ണം | | | പ്രതിവർഷം വിതരണം ചെയ്ത ഭഷ്യവസ്തുക്കൾ (ക്വന്റൽ) | | | | | | | മണ്ണെണ്ണ | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | NE | E | ആകെ | മേജർ (12 വയസ്സിന് മേൽ) | മൈനർ (3--12 വയസ്സ്) | ആകെ | അരി എല്ലാം ഇനവും | ഗോതമ്പ് | റവ | മൈദ | പഞ്ചസാര | പാമോയിൽ | ആകെ | പെർമിറ്റുകളുടെ എണ്ണം | പെർമിറ്റ് വഴിവിതരണം ചെയ്തത് (ലി) | കാർഡ് വഴി വിതരണം ചെയ്തത് (ലി) |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 |
| 197 | 173 | 238 | 411 | 1068 | 284 | 1892 | 576 | 240 | 12 | 48 | 96 | Nil | Nil | 24 | 318 | 1330 |
| 201 | 120 | 330 | 450 | 1800 | 350 | 2150 | 360 | 260 | 4 | 206 | 96 | Nil | Nil | 65 | 9444 | 15120 |
| 204 | 168 | 170 | 238 | 808 | 137 | 945 | 99 | 60 | 63 | 810 | 3618 | Nil | Nil | 30 | 3560 | 11850 |
| 202 | 156 | 179 | 335 | 1217 | 197 | 2631 | 336 | 240 | 10.80 | 216 | 674500 | Nil | Nil | 31 | 3148 | 13640 |
| 206 | 82 | 184 | 266 | 962 | 131 | 1093 | 123 | 201 | 540 | 1040 | 320 | Nil | Nil | 26 | 1525 | 3890 |
| 207 | 184 | 187 | 377 | 1426 | 221 | 1647 | 6680 | 63.33 | 90 | 90 | 13.16 | Nil | Nil | 7 | 104 | 104 |
| 209 | 202 | 155 | 357 | 1140 | 259 | 2939 | 960 | 240 | 12 | 30 | 175 | Nil | 1417 | 15 | 189.56 | 1320 |
| 210 | 120 | 220 | 340 | 1246 | 156 | 1392 | 125 | 26.27 | 90 | 180 | 556.8 | Nil | 3453.8 | 15 | 182 | 1040 |
| 211 | 76 | 107 | 153 | 722 | 100 | 822 | 770 | 100 | 800 | 2300 | 38.68 | Nil | 715.03 | 15 | 2448 | 6286 |
| 212 | 99 | 147 | 241 | 964 | 126 | 1090 | 250 | 140 | 4 | 10 | 44 | Nil | Nil | 17 | 2000 | 12500 |
| 502 | 130 | 284 | 414 | 1571 | 251 | 1822 | 528 | 408 | Nil | Nil | 86 | Nil | Nil | 51 | 7400 | 14500 |
| 571 | 139 | 146 | 285 | 1083 | 174 | 1257 | 434 | 217 | 450 | 2070 | 53 | Nil | Nil | 10 | 1174 | 9826 |
| 572 | 191 | 115 | 306 | 1100 | 183 | 1283 | 432 | 96 | 11 | 24 | 48 | Nil | Nil | Nil | 1100 | 12000 |
| ആകെ | 1840 | 2462 | 4164 | 15107 | 2569 | 20963 | 5661 | 2291.6 | 1238.1 | 485.7 | 4512.97 | | 5585.83 | 291 | 32592.56 | 103406 |



# സംസ്ക്കാരം

ഒരു പ്രദേശത്തെ ജനസമൂഹത്തിന്റെ സംസ്ക്കാരം അവർക്ക് പൈതൃകമായി ലഭ്യമായ സാമൂഹികവും ബൗദ്ധികവും ശാസ്ത്രീയവും വൈഞ്ജാനികവുമായ അവബോധമാണ്. മാനവികത, മതങ്ങൾ, ആരാധനാസമ്പ്രദായങ്ങൾ, ആചാരനുഷ്ഠാനങ്ങൾ, വിനോദങ്ങൾ, ആഘോഷങ്ങൾ, കലകൾ, സാഹിത്യം, വിദ്യാഭ്യാസം ഇവയെല്ലാം സാംസ്കാരികതയുടെ പ്രതീകങ്ങളാണ്. സാംസ്ക്കാരിക വളർച്ചയുടെ പടവുകൾ കണ്ടെത്താൻ ഐതീഹ്യങ്ങളുടേയും കെട്ടുകഥകളുടേയും ഉള്ളിൽനിന്നും, അന്നം ക്ഷീരപാനം ചെയ്യുമ്പോലെ, ചരിത്രസത്യങ്ങളെ നിർമ്മീലനം ചെയ്യേണ്ടതുണ്ട്.

ഗ്രാമീണതയുടെ ശാലിനത പരിത്യജിച്ച് നാഗരികതയിലേക്കു പായുമ്പോൾ ക്ഷേത്രശംഖൊലിയും,പള്ളിമണിനാദവും, ഞാറ്റുപാട്ടും, കൊയ്ത്തുപാട്ടും,സാറ്റലൈറ്റ് ചാനലിനും പോപ്-റോക് സംഗീത വിരുന്നുക ൾക്കും വഴിമാറുന്നു.ഗ്രാമം കുടുമയും കച്ചമുറിയും പുടവയും കവണിയും വലിച്ചെറിഞ്ഞ് പാന്റ്സും ജീൻസും ചുരിദാറും മിഡിയും അണിഞ്ഞുകഴിഞ്ഞു. വിവാഹം മുതൽ ശവസംസ്കാര ചടങ്ങുകൾ വരെയുള്ള ആചാരാനുഷ്ഠാനങ്ങൾ ആഢംബരത്തിനു വേദികളാക്കുന്നു. പ്ടാഹകാരുടേയും കരക്കാരുടേയും കാരണവർമാരുടേയും കാലഘട്ടം പോയ്മറഞ്ഞു. ഈ ആധുനികവൽകരണത്തിനിടയിൽ നാമറിയാതേ നമുക്കു നഷ്ടപ്പെട്ടു കൊണ്ടിരിക്കുന്ന ചില തില്ലേ? ചരിത്രത്തിന്റെ ഇടനാഴികളിലൂടെ തെരഞ്ഞാൽ .........

മലയിൻകീഴ് എന്ന സ്ഥലനാമാഗമത്തെപ്പറ്റി പല വ്യാഖ്യാനങ്ങൾ നിലവിലുണ്ട്. മുക്കുന്നിമലയുടെ കീഴേ(കിഴക്കേ) എന്നൊരുപക്ഷം, മാളയിക്കൽ മലയിൻകീഴ് ആയി എന്നൊരു വാദം വേറെ. ഗ്രാമത്തിന്റെ അധിപനായി സങ്കൽപിച്ച് പൂജിച്ചുപോന്നിരുന്ന 'ഭൂതത്താന്റെ' നിവാസമായ; കാറ്റുപാറ, ഭൂതത്താൻപാറ, തണ്ണിപാറ, ടർന്നപാറ, ആനപാറ, എന്നിവയുൾപ്പെട്ട എള്ളുമലയുടെ 'കീഴേ'(താഴെ) യുത്തു പ്രദേശമായതിനാൽ 'മലയിൻകീഴ്' എന്ന നാമം വന്നു എന്നും അഭിപ്രായമുണ്ട്. തിരുവല്ലാചെപ്പേടിൽ 'മലയിൻകീഴാൽ' എന്നും ശ്രീകൃഷ്ണ സ്വാമി ക്ഷേത്രത്തിലെ തൃക്കൊടി മരച്ചുവട്ടിൽ 'ഗിരിമൂല'മെന്നു സംസ്കൃതീകരിച്ചും ഈസ്ഥലനാമം രേഖപെടുത്തിക്കാണുന്നു.

പൊന്തയും കാവുകളും കൊച്ചരുവികളും തോടുകളും പുൽമേടുകളും പച്ചിലപാടങ്ങളും ചേർന്നു മനോഹരമാക്കിയ ഒരു പ്രാചീനകാലം നമുക്കുണ്ടായിരുന്നു. താരതമ്യേന ജനപ്പാർപ്പു കുറഞ്ഞ ഒരു മേഖലയായിരുന്നു ഇവിടം. പുലയർ സമുദായക്കാരായിരുന്നു മലയിൻകീഴിലെ ആദിമർ എന്നൊരു ശ്രുതിയുണ്ട്. പിൽകാലത്ത് നായർ, ഈഴവർ, നാടാർ മുതലായ സമുദായക്കാർ തിങ്ങി നിറഞ്ഞു. നുറുമേനി വിളയുന്ന മണ്ണും മേച്ചിൽപുറങ്ങളും ഈ ഭൂഭാഗത്തെ കൃഷിക്കും കന്നുകാലിവളർത്തലിനും അനുയോജ്യമാക്കി. പാലോട്ടുവിള, കോയിക്കവിള,

ഞാറവിള, കാവുവിള, ചാമവിള, നെല്ലിവിള, തുണ്ടുവിള, മലവിള, ചരുവിള, തോട്ടത്തിൽ,ഇളംതോട്ടത്തിൽ എന്നീ സ്ഥലനാമങ്ങൾ കൃഷിയിടങ്ങളേയും കുറ്റിക്കാട്, കുഴയക്കാട് എന്നിവ പൊന്ത കാടുകളേയും അനുസ്മരിപ്പിക്കുന്നു. നെല്ലു, വാഴ, കമുക്, വെറ്റില, ഇഞ്ചി, മഞ്ഞൾ, എള്ള്, ഇടക്കാലവിളകൾ ഇവ പ്രധാനകൃഷികളായിരുന്നു. പിൽകാലത്ത് മരച്ചീനികൃഷിയും പ്രചാരത്തിലായി. പാലിനായി എരുമയേയും പശുവിനേയും ആടിനെയും ചക്കടവണ്ടിയും വില്ലുവണ്ടിയും വലിക്കാൻ കാളയേയും നിലം ഉഴുവാനായി പോത്തിനേയും ഉപയോഗിച്ചുപോന്നു. പാലോട്ടുവിള, പാലിയോട്, ശാന്തംമൂല, മറുകിൽ എന്നി പ്രദേശങ്ങളിൽ നെയ്ത്തുശാലകൾ ഉണ്ടായിരുന്നു. മൈലോട് അമ്മാം തോട്ടത്തിൽ തച്ചുശാസ്ത്രവിദഗ്ധരായ മരപ്പണിക്കാരും കാരോട്ടുകോണത്തെ കല്ലാശാരിമാരും ഈറ്റയിൽ കരകൗശലവസ്ത്തുക്കളും തൊപ്പിക്കുടയും പായയും തീർക്കുന്ന കോട്ടമ്പൂരു, ആരുവാകോട്, നെരപ്പൂകോണം നിവാസികളും അവരവുടെ കുലത്തൊഴിൽ നൂറ്റാണ്ടകളുടെ പാരമ്പര്യമുള്ളവരാണ്. ക്ഷേത്രവുമായി ബന്ധപ്പെട്ട കഴകം, വാദ്യം, തളി എന്നീ തൊഴിലുകൾ ചെയ്യുന്നവർ ക്ഷേത്രസമീപത്ത് വസിച്ചു.

സഹസ്രാബ്ദങ്ങൾക്കു മുമ്പ് തുകലനെന്ന ദ്രാവിഡ രാജാവിന്റെ ആക്രമണങ്ങളാൽ അശരണരായി തിരുവല്ല ദേശത്തുന്നിന്നും പാലായനം ചെയ്ത വേദപണ്ഡിതരും ആഢ്യന്മാരുമായ ഒരു സംഘം ആര്യനമ്പൂതിരിമാർ മലയിൻകീഴെത്തി രാജസഹായത്താൽ ഭൂവുടമകളായി മഠങ്ങൾസ്ഥാപിച്ച് പാർത്തു. നമ്പൂതിരിമാരുടെ സാനിദ്ധ്യം മലയിൻകീഴിന്റെ സാംസ്കാരികവും സാമൂഹ്യവുമായ അന്തരീക്ഷത്തിൽ വലിയ ചലനങ്ങൾ സൃഷ്ടിച്ചു. അദ്ധ്യാത്മികതയുടെ വേലിയേറ്റത്തോടൊപ്പം ജന്മിത്തവും ജാതിവ്യവസ്ഥയും അയിത്തവും ന്നിലവിൽവന്നു. ഇളമൺമഠം, നെയ്തുശ്ശേരി മഠം, കുറിഞ്ചിമഠം, മൂവേടത്തുമഠം,

മേച്ചേരിമഠം മുതലായ മഠങ്ങളിൽ പാർത്തിരുന്ന തിരുവല്ലാനമ്പുതിരിമാർ പത്തില്ലത്തുപോറ്റിമാർ എന്നറിയപെട്ടു കൂവക്കരമഠം, കാരയ്ക്കാട്ടുമഠം ഇവയും വൻ ഭൂസ്വത്തിന് ഉടമകളായിമാറി. നായൻമാർകൃഷികാരും,കാര്യസ്ഥരും,ദളിതർ കർഷകരുമായിരുന്നു. അവർണ്ണരെ ക്ഷേത്രത്തിൽ പ്രവേശിപ്പിച്ചിരുന്നില്ല. പാട്ട വസ്തു നായർ തൊട്ടാലേ ശുദ്ധമാകൂ എന്ന ആചാരവും നിലവിലുണ്ടായിരുന്നു.സ്ത്രീകൾക്ക് സമൂഹത്തിൽ മാന്യമായ സ്ഥാനം നൽകിയിരുന്നു.

പത്തില്ലത്തുപോറ്റിമാരുടെ തിരോധാനവും സാമൂഹിക രംഗത്തുവന്ന സമത്വചിന്തയും ജാതിവ്യവസ്ഥയെതൂത്തെറിഞ്ഞു. 1917 നോടടുത്ത് തച്ചോട്ടുകാവ് നിവാസിയായിരുന്ന സ്വാമി ശിവശങ്കർജി യുടെ നേതൃത്വത്തിൽ തണ്ണിപാറയിൽ നടന്ന പന്തിഭോജനം സാമൂഹികമായ ഉച്ചനീചത്വത്തിനെതിരെ ഈ പഞ്ചായത്തിൽ നടന്ന ആദ്യത്തെ വിപ്ലവം തന്നെയാണ് ക്ഷേത്രപ്രവേശന വിളംബരവും ഭൂപരിഷ്കരണ നിയമവും വന്നതോടെ ജന്മിത്തവും അയിത്തവും പിൻവാങ്ങാൻ തുടങ്ങി.

ചരിത്രം സുഷുപ്തി കൊള്ളുന്ന മലയിൻകീഴ് ശ്രീകൃഷ്ണസ്വാമി ക്ഷേത്രം മലയിൻകീഴ് പഞ്ചായത്തിന്റെ സാംസ്കാരികതയുടെ കേന്ദ്രബിന്ദുവാണ് ആചാരാനുഷ്ഠാനങ്ങൾക്ക് കോട്ടംവരാതെ ഇന്നും പ്രൗഢിയോടെ ഈ ക്ഷേത്രം നിലകൊള്ളുന്നു. കയണിമംഗലം ശിവ ക്ഷേത്രം, മച്ചേൽദേവിക്ഷേത്രം, തച്ചോട്ടുകാവ് ശാസ്താക്ഷേത്രം, ഇരട്ടക്കലുങ്ങ് ഭഗവതിക്ഷേത്രം, നാഗമണ്ഡലംകാവ്, മുക്കംപാലമൂട് നാഗർക്ഷേത്രം, ചെറുപൊറ്റയിൽ തമ്പുരാൻക്ഷേത്രം, വലിയറത്തല ക്ഷേത്രം ഇവ പ്രധാനപ്പെട്ട ഹൈന്ദവ ദേവാലയങ്ങളാണ്. പ്രകൃതി പൂജയുടെ ഗതകാലപ്രതീകങ്ങളായിരുന്ന കാവുകളിൽ ചിലതൊക്കെ ഇന്നും അവ

ശേഷിക്കുന്നുണ്ട്. മാടൻ, ഭദ്രകാളി, ശാസ്താവ്, തമ്പുരാൻ, മന്ത്രമൂർത്തി, നാഗർ,

ഭൂതത്താൻ, യോഗീശ്വരൻ എന്നി മൂർത്തികളെ പൂജിച്ചാരാധിച്ചു പോരുന്ന നിരവധി കാവുകളും തെക്കതുകളും ഈപഞ്ചായത്ത് അതിർത്തിക്കുള്ളിലുണ്ട്.

ക്ഷേത്രങ്ങളിൽ വിപുലമായ ഉത്സവാഘോഷങ്ങൾ സംഘടിപ്പിച്ചു പോരുന്നു. നാടകാദി കലാരൂപങ്ങൾക്കു ഉത്സവവേദികളിൽ പ്രാമുഖ്യം നൽകുന്നു. മലയിൻകീഴ് ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിലെ ആറാട്ടുമഹോത്സവം ജാതിമതഭേദമന്യേ സർവരും ഒരു പ്രാദേശിക ഉത്സവമായി കൊണ്ടാടുന്നു. ഗജവീരൻമാരും പഞ്ചവാദ്യങ്ങളും കതിനാവെടികളും അലങ്കാര പൊലിമയും പ്രൗഢമാക്കുന്ന ആറാട്ടു മഹോത്സവം ഈനാട്ടിലെ സാംസ്കാരികതയുടെ പടഹധ്വനിയാണ്. പ്രാചീന ക്ഷേത്രകലകളായ കഥകളി ചാക്യാർകൂത്ത് ഓട്ടൻതുള്ളൽ ഹരികഥ ഇവയെല്ലാം ഈ മഹോത്സവത്തിന് ചാരുതനൽകുന്നു.

19-ാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തോടെ മലയിൻകീഴ് പഞ്ചായത്തിന്റെ പല പ്രദേശങ്ങളിലും ക്രിസ്തു മത പ്രചാരണം ആരംഭിച്ചു. ആർതർ പാസ്റ്റർ, ഐശയാ ഉപദേശി എന്നിവർ തിരുസഭാപ്രവർത്തനങ്ങൾക്കുതുടക്കം കുറിച്ചു. 1864 ൽ മേപ്പൂക്കടയിൽ മലയിൻകീഴ് L.M.S പള്ളി എന്നപേരിൽ ആദ്യത്തെ ക്രിസ്തീയ ദേവാലയം ആരംഭിച്ചു. പിൽകാലത്ത് ഇതിന്റെ പേര് മലയിൻകീഴ് C.S.I ചർച്ച് എന്നായി. അന്തിയൂർകോണം റോമൻ കാത്തലിക് ചർച്ച്, തുമരിച്ചൽ ലൂഥറൻ മിഷൻ ചർച്ച് എന്നിവയടക്കം പെന്തകോസ്ത്പള്ളികൾ ഉൾപ്പെടെ 25 ക്രിസ്തീയ ദേവാലയങ്ങളുണ്ട്. പൊന്നറകോണത്തു പ്രവർത്തിക്കുന്ന "സോളിഡ് റോക് തിയോളജിക്കൽ സെമിനാരി" I.N.L.അന്യരാജ്യക്കാരും വിഭിന്നസംസ്ഥാനകാരുമടങ്ങുന്ന നൂറുകണക്കിനു വിദ്യാർത്ഥികൾക്കു പൗരോഹിത്യത്തിന്റെ മഹത്വം പകർന്നു നൽകുന്നു.

മതസൗഹാർദത്തിന്റെ മണ്ണാണ് മലയിൻകീഴിന്റേത്. ആ പാരമ്പര്യം എന്നും കാത്തു സൂക്ഷിക്കപ്പെട്ടിട്ടുണ്ട്. നൂറ്റാണ്ടുകൾക്കു മുമ്പ് മലയിൻകീഴിൽ ചേക്കേറിയ ഒരു മുസ്ലിം കടുംബമാണ് ഇസ്ലാംമതത്തിന് ഇവിടെ ബീജാവാപം ചെയ്തത്. 'ദേശക്കാവൽ' നിർവ്വഹിച്ച' മൊയ്തീൻ കണ്ണി' നെ പഴമക്കാർ ഇന്നും സ്മരിക്കുന്നു.

പഞ്ചവാദ്യത്തിൽ അതിവിദഗ്ധരായ കലാകാരൻമാർക്കു ജന്മം നല്കിയ പ്രദേശമാണിത്. മലയിൻകീഴ് ശ്രീകൃഷ്ണസ്വാമി ക്ഷേത്രം കേന്ദ്രമാക്കി" ശ്രീകൃഷ്ണാ പഞ്ചവാദ്യസംഘ" മെന്ന പേരിലാരംഭിച്ച കലാസംഘടന ആ ദിവ്യ ക്ഷേത്ര വാദ്യ കല ഉറവവറ്റാതെ സംരക്ഷിക്കപ്പെടുവാനുള്ള ശ്രമത്തിലാണ്. പതിറ്റാണ്ടുകൾക്കുമുമ്പിൽ" മാർത്താണ്ഡവർമ്മ മഹാരാജാവ് "ധർമ്മരാജ" അടക്കമുള്ള ഏതാനും ചരിത്രനാടകങ്ങൾ മികച്ച കലാമേന്മയോടെ അവതരിപ്പിച്ചുകൊണ്ടുള്ള കണ്ണശ്ശമെമ്മോറിയൽ ആർട്സ് അന്റ് സ്പോട്സ് ക്ലബ്ബ്, ചാന്തുംമൂല പുലരി ആർട്സ് അന്റ് സ്പോട്സ് ക്ലബ്ബ്, മേപ്പൂക്കട സത്യൻ മെമ്മോറിയേൽ, കൃഷ്ണപുരം കലാവിലാസിനി എന്നിവ മലയിൻകീഴിന്റെ കലാ ചരിത്രത്തിൽ പുതിയ ഒരദ്ധ്യായം എഴുതിചേർക്കുകയാണുണ്ടായത്. മലയിൻകീഴ് ശാസ്ത്രീ മെമ്മോറിയൽ ആർട്സ് ക്ലബ്ബ്, മഞ്ചാടി ശ്രീകൃഷ്ണകലാസമിതി, തച്ചോട്ടുകാവു യുണൈറ്റഡ് ആർട്സ് &സ്പോർട്സ് ക്ലബ്ബ് അന്തിയൂർകോണം നവ ശിൽപി തിയേറ്റേഴ്സ് എന്നീ സംഘടനകൾ ഈ ഗ്രാമ പഞ്ചായത്തിലെ കലാ സാംസ്കാരിക മേഖലയ്ക്കു വിപുലമായ സംഭാവനകൾ നൽകിയിട്ടുണ്ട്. സാംസ്കാരികരംഗത്തു തലയുയർത്തി നിൽക്കുന്ന ധാരാളം കലാകായിക സംസ്കാരിക സംഘടനകൾ സജീവമായി രംഗത്തുണ്ട്.

പുരാതന കാലം മുതൽ സമീപകാലം വരെ ദീനക്കേടുകൾക്ക്" മരുന്നു പാതി മന്ത്രം പാതി" എന്നൊരു വിശ്വാസമാണുണ്ടായിരുന്നത്. നാട്ടു വൈദ്യവും പച്ചിലമരുന്നും പ്രചാരത്തിലിരുന്നു.മന്ത്രവാദത്തിന് അപസ്മാരം, ചിത്തഭ്രമം, ഉൻമാദം, പ്രേതബാധ ഇവയെ അകറ്റാൻ കഴിവുണ്ടെന്നു വിശ്വസിച്ചിരുന്നു. മന്ത്രവാദികൾക്കു സമൂഹത്തിൽ പ്രാമാണിത്ത മുണ്ടായിരുന്നു ഇടുപിടിക്കൽകൃഷ്ണൻ, കൃഷ്ണപിള്ള, വേലായുധൻപിള്ള, തറട്ടയിൽ നാരായണപിള്ള, വയലോരത്ത് രായർ സ്വാമി, ഇവർ ഒരു കാലത്ത് പ്രഗത്ഭ മാന്ത്രികൻമാരായിരുന്നു. മന്ത്രവാദത്തിലെന്നപോലെ നാട്ടുവൈദ്യത്തിലും മർമ്മ ചികിത്സയിലും കമ്പടികളിയിലും 'ആശാൻ' ആയിരുന്ന 'കാളുവൈദ്യർ' പാരമ്പര്യമായി നാട്ടു വൈദ്യം പ്രയോഗിച്ചുപോന്ന നാരായണൻ വൈദ്യർ,കുറ്റികാട് പരമു വൈദ്യർ, ശാന്തംമൂല ഭാർഗ്ഗവ സ്വാമി, ഒറ്റമൂലി ചികിത്സയിൽ അദ്വിതീയ പാളയത്തിൽ പഞ്ചമി; മൃഗവൈദ്യൻ പുറത്തേകാട്ടു നാരായണപിള്ള എന്നിവരുടെ നാമധേയങ്ങൾ ശ്രവണഗോചരമായി ഇന്നും നിലനിൽക്കുന്നു. വിഷ ചികിത്സയിൽ ആശാരി വിളാകത്ത് കൊച്ചുകൃഷ്ണപിള്ള സമർത്ഥനായിരുന്നു.

അലോപതി ചികിത്സയും ശാസ്ത്രീയ ബോധവും പ്രചാരത്തിൽ വന്നതോടെ നാട്ടുവൈദ്യവും മന്ത്രവാദവും അപ്രത്യക്ഷമായിത്തുടങ്ങി. അലോപ്പതി ചികിത്സാരീതി 7 ദശാബ്ദങ്ങൾക്കു മുമ്പാണ് മലയിൻകീഴിൽ പ്രചാരത്തിൽ വന്നത്. ഡോ.കൃഷ്ണപിള്ള, ഡോ.ഡാനിയൽ എന്നിവരാണ് ആദ്യകാല ഭിഷഗ്വരർ. ആദ്യമായി 'മലേറിയ ആശുപത്രി' എന്ന പേരിൽ മേപ്പൂക്കടയിൽ ആരംഭിച്ച സർക്കാർ ആശുപത്രി പിൽകാലത്ത് മണിയറവിള P.H.C. ആയി മാറി. ആധുനിക ചികിത്സാസൗകര്യങ്ങളും വൈദ്യ ശാസ്ത്ര ബോധവും സുലഭമായ ഇക്കാലത്ത് പണ്ട് 'കുരുക്കുത്തിവയ്പ്

ഒരു കാലത്ത് "വോളീബാൾ" എന്ന കായിക വിനോദത്തിന്റെ ഈറ്റില്ലമായിരുന്ന മലയിൻകീഴ് കളിക്കളങ്ങളുടെ ദൗർലഭ്യവും പ്രോത്സാഹനങ്ങളുടെ അപര്യാപ്തതയും ഇതിനെ പ്രതികുലമായി ബാധിച്ചിരിക്കുന്നു. ഇന്ന് ഇതുപത്തെട്ടും വരിച്ചീലും കൊയ്ത്തു കഴിഞ്ഞുള്ള ആഘോഷം കഴിഞ്ഞാൽശിവരാത്രിക്കു മുമ്പ് ഊരുതെണ്ടി പാടാനിറങ്ങിയിരുന്ന കാണിക്കാരന്റെ" ഉപ്പോടു മുളവോടു വാരിതാ മാതാവേ..." എന്ന രാപാട്ടു കേട്ട രാവുമറന്നു' ചുക്കും ചൊറിയും' 'കമ്പേറുദോഷങ്ങളും' അകറ്റാൻ പടിപ്പുരമുറ്റത്തെത്തുന്ന രാപാട്ടുകാരന് പുന്നെല്ല് നൽകാൻ പാടങ്ങളെവിടെ? കൂരയപ്പന് കളമെഴുത്തും പാട്ടും നേർന്ന് നാട്ടിൽ നിന്നും" ചുമ" യെ തുരത്തിയിരുന്ന കാലം മാഞ്ഞുപോയി കളവും പാട്ടും എക്കാലത്തേക്കുമായി മാഞ്ഞുപോയിരിക്കുന്നു. മൂന്നാമോണനാളിൽ 'തേവരെ" പതിവായി പാടിയുണർത്താൻ കണിയൻമാരെത്തിയിരുന്നു. ഇന്നാ നന്തുണിയുടെ തന്ത്രികൾ തുരുമ്പെടുത്തു തകർന്ന് പോയിരിക്കുന്നു.

അത്തക്കളവും പൂവിളിയും തിരുവാതിരയും കുമ്മിയടിയും തുമ്പിതുള്ളലും ഉറിയടിയും ആധുനികവൽകരിച്ച് പുന സൃഷ്ടിക്കപ്പെടുന്നു. അങ്കണത്തൽ നിന്നും തെരുവോരങ്ങളിലേക്കു അത്തപൂക്കളത്തെ സാംസ്കാരിക സംഘടനകൾ പറിച്ചുനട്ടപ്പോൾ കൊഴുപ്പേകാൻ ബ്രേക്ക് ടാൻസും സിനിമാ പ്രദർശനവും .........നാടൻ കലാ രൂപങ്ങളായ പരിചകളി,കമ്പടികളി, കാക്കാരി കളി എന്നിവ നമ്മുടെ ഗ്രാമ പഞ്ചായത്തിൽ പ്രചാരത്തിലുണ്ടായിരുന്നു. ഇന്ന് വിരലിലെണ്ണാവുന്ന നാടൻ കലാ കാരൻമാർ മാത്രമേ അവശേഷിക്കുന്നുള്ളു, വില്ലുവണ്ടിയോട്ട മത്സരം, തലപന്തുകളി, കുക്കുടുകളി, കബടികളി, പാണ്ടികളി, പല്ലാംകുഴി, കുട്ടിയും കോലും ഈ കായിക വിനോദത്തിന് ഈ മേഖലയിൽ അപചയം സംഭവിച്ചിരിക്കുന്നു.

ഭയന്ന്,ഓടിഒളിച്ചിരുന്ന ഗ്രാമീണരേയും പള്ളി കൂടത്തിലെ പഠനം ഉപേഷിച്ച വിദ്യാർത്ഥിക ളേയും ഓർക്കണം.

അശരണർക്ക് അഭയ ഹസ്തമായി കവയിത്രി സുഗതകുമാരി നയിക്കുന്ന "അഭയ" എന്നു പേരുള്ള പ്രസ്ഥാനം മലയിൻകീഴ് പഞ്ചായ ത്തിൽ സ്ഥിതിചെയ്യുന്നു. മദ്യത്തിന്റേയും മയ ക്കമരുന്നിന്റേയും ലോകത്തിൽ അലഞ്ഞു തിരി യുന്നവർക്കും ആലംബഹീനർക്കും ആശ്രയ മായ ഈ മഹാസംരംഭം ഈ ഗ്രാമ പഞ്ചായ ത്തിന് അഭിമാനമാണ്.

ഒരു കാലത്ത് തമിഴ് ഭാഷ ഈ പ്രദേ ശത്ത് പ്രചാരത്തിലിരുന്നു. മലയാഴ്മയായും, സംസ്കൃതവുമായി കലർന്ന് മലയാളമായും ഭാഷപരിണമിച്ചു. ശ്രീകൃഷ്ണ സ്വാമി ക്ഷേത്ര ത്തിലെ ശ്രീ കോവിലിൽ AD. 1778 ൽ എഴുത പ്പെട്ടിട്ടുള്ളതാണെങ്കിലും 800 വർഷത്തെ പഴ ക്കമുള്ള ശൈലിയിലുള്ള ലിപിയിൽ, ഒരു വട്ടെ ഴുത്ത്കാണപെടുന്നുണ്ട്. വട്ടെഴുത്ത് നൂറ്റാണ്ടു കളോളം ഈ ദേശത്ത് പ്രചാരത്തിലിരുന്നു എന്ന് അനുമാനിക്കേണ്ടിയിരിക്കുന്നു. മലയാള ഭാഷയിലെ പ്രഥമ ഗദ്യഗ്രന്ഥം എന്നു വിശേഷി ക്കപെടുന്ന 11-ാം ശതകത്തിലെ തിരുവല്ലാ ശാസനങ്ങളിൽ മലയിൻകീഴ് ദേവസ്വം സ്വത്തു വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട് (മലൈയിൽ കീഴാൽ കൊള്ളും പാട്ടനെൽ തൊണ്ണൂറ്റാറുകലം ഇരട്ടിപ്പാട്ടം....")

മലയാള ഭാഷക്ക് മലയിൻകീഴ് നൽകിയ ഏറ്റവും വലിയ സംഭാവന കണ്ണശ്ശന്റെ "ഭാഷാ ഭഗവദ്ഗീത" യാണ്. എഴുത്തച്ഛന്റെ ഗുരു സ്ഥാനീയരെന്നു വിശേഷിപ്പിച്ചു പോരുന്ന കണ്ണ ശ്ശൻമാരാണ് കൈരളിയെ പിച്ചനടത്തിയതും നാരായത്തുമ്പിൽ നടനമാടിച്ചതും, 15-ാം ശത കത്തിൽ ഇളമൺമഠത്തിലെ കൊഴുവനായി മല യിൻകീഴെത്തിയ കണ്ണശ്ശ മാധവപണിക്കർ തന്റെ ഭാഷാ ഗീത രചിച്ചത് മലയിൻകീഴുവച്ചാ യിരുന്നു " ഉരചേർന്നമരാവതിയു റ്റന-ചെലവ്മെഴും മലയിൻകീഴ്.തിരുമാതിൻ വല്ലഭനരുളാലെ" യാണ് താൻ ഗീത രചിക്കു ന്നത് എന്ന് കവീശ്വരൻ തന്നെ ബോധിപ്പിക്കു ന്നുണ്ട്. അബ്രാഹ്മണർക്ക് ദേവഭാഷ നിഷേധി ച്ചിരുന്ന കാലഘട്ടത്തിൽ മലയാളത്തിൽ ഗീത വിവർത്തനം നടത്തി കണ്ണശ്ശൻ വിപ്ളവം സൃഷ്ടിക്കുകയായിരുന്നു. കണ്ണശ്ശനെക്കുറി ച്ചുള്ള പഠനവുമായി ബന്ധപ്പെട്ട് യശ:ശരീര രായ ഉള്ളൂർ S. പരമേശ്വര അയ്യർ, വള്ളത്തോൾ നാരായണമേനോൻ, കുറ്റിപ്പുറത്ത് കേശവൻ നായർ, വെണ്ണിക്കുളം ഗോപാലക്കുറുപ്പ്, സാഹി ത്യപഞ്ചാനനൻ P.K. നാരായണക്കുറുപ്പ്, ഡോ.ശൂരനാട് കുഞ്ഞൻപിള്ള തുടങ്ങിയ സാഹിത്യവിചഷണർ നിരവധിതവണ മല യിൻകീഴ് സന്ദർശിച്ചിട്ടുണ്ട്. എല്ലാ വിജയദശമി നാളിലും ഡോ.പുതുശ്ശേരി രാമചന്ദ്രന്റെ നേതൃ ത്വത്തിൽ കണ്ണശ്ശൻ അനുസ്മരണം സംഘടി പ്പിച്ചു പോരുന്നുണ്ട്. ആദികവിക്ക് സമുചിത മായ ഒരു സ്മാരകം ഇനിയും ഇവിടെ പണി തിട്ടില്ലാ എന്നത് വലിയൊരു ന്യൂനത തന്നെ.

പണ്ടു മുതൽ തന്നെ ഗ്രാമവാസികൾക്ക് അടി സ്ഥാന വിദ്യാഭ്യാസം ലഭിച്ചിരുന്നു. ക്ഷേത്രം കേന്ദ്രീകരിച്ച് ഒരു ബ്രഹ്മവിദ്യാപീഠം ഉണ്ടായി രുന്നു . ഗുരുകുല വിദ്യാഭ്യാസ സമ്പ്രദായം നില ത്തെഴുത്തുശാലകളായും കുടിപ്പള്ളിക്കുടങ്ങ ളായും പരിണമിച്ചു. കുറിച്ചിക്കരയിൽ കാളി പ്പിള്ള ആശാൻവക കുടിപ്പള്ളിക്കുടം പ്രവർത്തി ച്ചിരുന്നു. ഒന്നര നൂറ്റാണ്ടു മുമ്പ് തന്നെ മല യിൻകീഴ് പ്രൈമറിസ്ക്കൂൾ ആരംഭിച്ചു പിൽകാ ലത്ത് മലയാളം 7-ാം ക്ലാസ് വരെയുമായി. ഈ സ്കൂൾ ഇപ്പോൾ മലയിൻകീഴ് V.H.S.S , G.H.S, L.P.B.S, L.P.G.S എന്നിവയായി പ്രവർത്തിക്കു ന്നു. 1864 ൽ മേപ്പൂക്കടയിൽ ഒരു കൃസ്ത്യൻ മിഷണറി സ്ക്കൂൾ നിലവിൽ വന്നു. അന്തി യുർകോണം സ്ക്കൂളിനും വളരെ വർഷത്തെ പഴക്കമുണ്ട്.

വിദ്യാധിരാജ ചട്ടമ്പിസ്വാമി തിരുവടികളുടെ

മാതൃഗൃഹം മലയിൻകീഴ് മച്ചേൽപ്രദേശത്തായിരുന്നു. സ്വാമികൾ നിരവധി തവണ ഇവിടം സന്ദർശിച്ചിരുന്നു. മലയിൻകീഴ് കിഴക്കേതിൽ വീട്ടിൽ ജനിച്ചയാളാണ് മഹാ തപസ്വിയായ വില്ലിക്കിറിയിലെ മൗനസ്വാമികൾ . 30 സംവത്സരം കൗപീനധാരിയായി മൗനം അവലംബിച്ച് തപസ്സിലാണ്ട സ്വാമികളുടെ സമാധിസ്ഥലം കന്യാകുമാരി ജില്ലയിലെ വില്ലുക്കുറിയിലാണ്. ശ്രീരാമകൃഷ്ണമിഷനിലെ സന്ന്യാസിവര്യൻ നിസ്വാനന്ദ സ്വാമികൾ മലയിൻകീഴ് ഇടവിളാകത്തുവീട്ടിൽ ജനിച്ചു വളർന്നയാളാണ്.

പണ്ടു കാലം മുതൽക്കുതന്നെ ജനങ്ങൾക്ക് എഴുത്തിലും വായനയിലും കമ്പമുണ്ടായിരുന്നു. പത്തുവൃത്തം, പതിനാലുവൃത്തം , ഇരുപത്തിനാലുവൃത്തം,മുതലായ പുസ്തകങ്ങൾ കാൽനടവിൽ പ്പനക്കാരിൽ നിന്നും ജനം വാങ്ങി വായിച്ചുപഠിച്ചിരുന്നു. അപമൃത്യുവിനേയും കൊലപാതകങ്ങളേയും അപലപിച്ചുകൊണ്ട് വിലാപകവിതകളെഴുതി പാട്ടുപുസ്തകങ്ങളാക്കി "ചന്ത"യിൽ പാടി വിൽപ്പന നടത്തിയിരുന്നു. 1915-മാണ്ടോടടുത്ത് പനവിളാകത്തു വീട്ടിന്റെ പടിപ്പുരയിൽ നാട്ടാർ കൂടിയിരുന്ന് പത്രം വായിക്കുമായിരുന്നു. ക്രമേണ പുസ്തകങ്ങൾ വാങ്ങിച്ച് കൈമാറി വായിച്ചു. ഇതൊരു ഗ്രന്ഥശാലക്ക് തുടക്കം കുറിച്ചു. അതാണ് ഇന്നത്തെ 'ശ്രീകൃഷ്ണവിലാസം ഗ്രന്ഥശാല' ദീർഘകാലം കരയോഗമന്ദിരത്തിൽ പ്രവർത്തിച്ചിരുന്ന ഗ്രന്ഥശാലയിലാണ് ഈ പ്രദേശത്ത് ആദ്യമായി നാഴികമണി (ഘടികാരം) സ്ഥാപിച്ചത്. അപൂർവ്വവും അമൂല്യവുമായ ഒത്തിരി ഗ്രന്ഥങ്ങളുടെ ശേഖരമുള്ള നെയ്യാറ്റിൻകര താലൂക്കിലെ ഏറ്റവും വലിയ ഗ്രന്ഥശാലയാണിത്. സ്ഥല പരിമിതിയാണ് ഇന്നിതിന്റെ പ്രവർത്തനങ്ങൾക്കു അസൗകര്യമുണ്ടാക്കുന്നത്. മണപ്പുറം ഗ്രാമ സ്വരാജ് ഗ്രന്ഥശാല, കരുപ്പൂര്, കുന്നംപാറ, കൃഷ്ണപുരം, മഞ്ചാടി, പുങ്കോട്, എന്നിവിടങ്ങളിലെ ഗ്രന്ഥശാലകൾ ഇവയുടെ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തേണ്ടതുണ്ട്.

പാരമ്പര്യമായി ആർജിച്ച നേട്ടങ്ങൾ നഷ്ടപ്പെടുത്താതെ ആധുനികതയുടെ നല്ല വശങ്ങളെ ഉൾകൊള്ളുന്നതാണ് സാംസ്കാരികമായ പുരോഗമനം.

## സ്പെഷ്യൽ ഗ്രമസഭയിൽ ഉയർന്നുവന്ന അഭിപ്രായങ്ങളും നിർദ്ദേശങ്ങളും

ഗതകാല സംസ്കാരത്തെ പ്രതിഫലിപ്പിക്കുമാറ് നാടൻ കലാരൂപങ്ങളേയും നാടൻ കായികവിനോദങ്ങളേയും ഉൾക്കൊള്ളിച്ചു കൊണ്ട് ഗ്രാമോത്സവം സംഘടിപ്പിക്കണം.

വിവാഹാദിചടങ്ങുകളുടെ അത്യാഡംബരത്തിനെതിരേ ബോധവൽക്കരണം നടത്തണം.

ഗ്രാമസഭയുടെ നേതൃത്ത്വത്തിൽ സമൂഹമിശ്രവിവാഹം സംഘടിപ്പിക്കണം.

കാവുകളെ വെട്ടി നശിപ്പിക്കുന്നതും അനധികൃതമായി പാറപൊട്ടിക്കുന്നതും തടയണം.

കൃഷിയിടങ്ങൾ നികത്തുന്നതും തോടുകൾ നികത്തി റോഡുപണിയുന്നതും കൃഷിഭൂമി തരിശിടുന്നതും നിയമം മൂലം നിരോധിക്കണം.

പാരമ്പര്യകുലത്തൊഴിലുകളെ പ്രോത്സാഹിപ്പിക്കാൻ ധനസഹായം നൽകണം.

കലാ-കായിക-സാംസ്കാരിക സംഘടനകൾക്ക് കളിക്കോപ്പുകളും, ധനസഹായവും പ്രോത്സാഹനവും നൽകണം.

വലിയറത്തലയിലുള്ള മിനിസ്റ്റേഡിയം മെച്ചപ്പെടുത്തുകയും, വാർഡടിസ്ഥാനത്തിൽ മിനിസ്റ്റേഡിയങ്ങൾ നിർമ്മിക്കുകയും വേണം

പ്രചീനകലാകാരന്മാരേയും സാംസ്കാരിക നായകന്മാരെയും ആദരിക്കുന്ന ചടങ്ങ് വർഷത്തിലൊരിക്കൽ സംഘടിപ്പിക്കണം.

നാട്ടു വൈദ്യസമ്പ്രദായത്തിന്റെ നല്ല വശങ്ങൾകണ്ടെത്താൻ സെമിനാറുകൾ സംഘടിപ്പിക്കണം

വ്യാജമദ്യത്തിനെതിരെ ശക്തമായ നടപടികൾ സ്വീകരിക്കുകയും ലഹരി പദാർത്ഥങ്ങ

ളുടെ ഉപയോഗത്തിനെതിരേ ബോധവൽക്കരണം നടത്തുകയും വേണം.

മലയിൻകീഴ് ഗ്രന്ഥശാലാ മന്ദിരം വലുതാക്കാൻ സാമ്പത്തിക സഹായം ചെയ്യുകയും ഗ്രന്ഥശാലകളില്ലാത്ത വാർഡുകളിൽ അവ നിർമ്മിക്കുകയും വേണം.

നിലവിലുള്ള ഗ്രന്ഥശാലകൾക്ക് സാമ്പത്തിക സഹായം വർദ്ധിപ്പിക്കണം

ജനകീയ പങ്കാളിത്തത്തോടെ കലാകായിക മേളകൾ വാർഡ് തലം മുതൽ സംഘടിപ്പിക്കണം.

എല്ലാ വാർഡുകളിലും സാംസ്കാരിക കേന്ദ്രങ്ങൾ പണിയണം.

വാർഡ് തലത്തിൽ രൂപീകരിക്കുന്ന സാംസ്കാരിക സമിതികളെ ഏകോപിപ്പിച്ച് പഞ്ചായത്തുതല സാംസ്കാരിക സമിതിക്ക് രൂപം നൽകണം.

" സംസ്കാരമുള്ള മാനവകുടുംബത്തിൽ അധ്വാനത്തിന് അനുപമായ സ്ഥാനമുണ്ട് "

*ഗാന്ധിജി*



# വനിതാ ക്ഷേമം

ഇരുപത്തൊന്നാം നൂറ്റാണ്ടിലേക്കു അധിക ദൂരമില്ലെങ്കിലും നമ്മുടെ സ്ത്രീകളുടെ സാമൂഹികസ്ഥിതി അത്ര മെച്ചമായ അവസ്ഥയിലല്ല. എങ്കിലും സാമൂഹിക പ്രവർത്തനരംഗത്ത് മുൻ കാലങ്ങളെ അപേക്ഷിച്ച് സ്ത്രീകളുടെ പങ്കാളിത്തം വർദ്ധിച്ചിട്ടുണ്ട്. ലോകമെങ്ങും സാമൂഹിക ജീവിത്തിൽ സ്ത്രീയുടെ സ്ഥാനം ഉയർത്താനും പുരുഷന്റെതിനു തുല്ല്യമാക്കാനുമുള്ള പ്രവർത്തനങ്ങൾ നടക്കുകയാണ്. അതിന് ചുവടൊത്തു നിന്നു കൊണ്ടു മാത്രമേ ഭാരതത്തിലെയും കേരളത്തിലെയും സ്ത്രീകൾക്ക് മുന്നേറാനാകൂ. നമ്മുടെ പഞ്ചായത്തിലെയും സ്ഥിതി ഇതു തന്നെയാണ്.

അടുക്കളയുടെ അതിരുകൾക്കുള്ളിൽ മാത്രം ഒതുങ്ങാൻ വധിക്കപ്പെട്ടവരാണ് നമ്മുടെ ഭൂരിപക്ഷം സ്ത്രീകളും. സാമൂഹികമായ ഏതു പ്രവർത്തനത്തിലും പുരുഷന്മാർക്കൊപ്പം നിൽകാൻ ശേഷിയുള്ളവർ തന്നെയാണ് അവരും. പക്ഷേ സാഹചര്യങ്ങൾ അവരെ അതിന് അനുവദിക്കുന്നില്ല. സ്വന്തം ക്രിയാശേഷി നഷ്ടമായി അവർ വീടിന്റെ പാർശ്വങ്ങളിലേക്ക് ഒതുങ്ങിപ്പോകുന്നു. പരസ്പരം വിലയറിയുന്ന സ്ത്രീ പുരുഷ ആരോഗ്യകരമായ കൂട്ടായ്മയിലൂടെ മാത്രമേ സമൂഹത്തിന് മന്നേറാൻ കഴിയൂ.

വികസിത പ്രക്രിയയിൽ സ്ത്രീകളും പങ്കാളികളായാൽ മാത്രമേ സ്ത്രീയുടെ ജീവിതനിലവാരം മെച്ചപ്പെടുത്താനാവൂ. സ്ത്രീകളെ പ്രാദേശിക വികസന പ്രക്രീയയിൽ ഉൾപ്പെടുത്തണം. കൃഷി, തൊഴിൽ, വ്യവസായം, സഹകരണം, ആരോഗ്യം തുടങ്ങിയവ എല്ലാ മേഖലകളിലും സ്ത്രീകളെ ലക്ഷ്യമാക്കിക്കൊണ്ടുള്ള വികസന പദ്ധതികൾക്കു രൂപംകൊടുക്കണം.

മലയിൻകീഴ് ഗ്രാമ പഞ്ചായത്തിലെ വനിതാ ക്ഷേമപ്രവർത്തനങ്ങൾ ഏതാണ്ടു സജീവമാണ്. മഹിളാസമാജങ്ങളോ, സ്ത്രീപ്രധാനമായ മറ്റ് സംഘടനകളോ സജീവമായി രംഗത്തില്ല. ഈ സ്ഥിതി മാറേണ്ടതുണ്ട്. വിവിധ ഗ്രാമ സഭകൾ സ്ത്രീകളുടെ നിരവധി പ്രശ്നങ്ങൾ മന്നോട്ടു വച്ചു. അവയ്ക്കുള്ള പരിഹാര മാർഗ്ഗങ്ങൾ ചൂണ്ടികാട്ടാനും ഗ്രാമസഭകൾക്കു കഴിഞ്ഞു. പ്രശ്നങ്ങൾ, സാധ്യതകൾ-പരിഹാരങ്ങൾ എന്ന് രണ്ടായിതിരിച്ചുകൊണ്ട് അവയെ കാണാം.

## സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങൾ

1. സ്ത്രീധനവുമായി ബന്ധപ്പെട്ട് നിരവധി പേർ ഇപ്പോഴും ദുരിതമനുഭവിക്കുന്നു. എല്ലാ വിഭാഗങ്ങളിലും ഇത് കാണാം.
2. മദ്യനിരോധനം നിലവിലുണ്ടെങ്കിലും സ്ത്രീകൾ അതിന്റെ ദുരിതം ചുമക്കുന്നു.
3. പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ പ്രസവ വാർഡോ, ഗർഭിണികൾക്ക് വേണ്ട പ്രത്യേക ചികിൽസാ സൗകര്യമോ ഇല്ല.
4. പൊതു സ്ഥലങ്ങളിൽ പ്രാഥമികാവശ്യങ്ങൾ നിർവഹിക്കാനുള്ള സൗകര്യങ്ങൾ ഇല്ല.
5. സുരക്ഷിതത്വത്തെ കുറിച്ച് ഇപ്പോഴും ഭയാശങ്കകൾ നിലനിൽക്കുന്നു. സ്ത്രീകൾക്കു നേരേയുള്ള ഉപദ്രവം കുറയ്ക്കുക.
6. സ്ത്രീകൾക്ക് സ്വന്തം നിലയിൽ തുടങ്ങാവുന്ന ചെറുകിട വ്യവസായ യൂണിറ്റുകൾക്ക് ധന സഹായം ലഭ്യമാക്കുന്നതിന് സംവിധാനങ്ങളില്ല.
7. തൊഴിൽ മേഖലയിൽ കൂലി നിരക്കിൽ വിവേചനം നിലനില്ക്കുന്നു.

8. മഹിളാ സമാജങ്ങൾ പോലുള്ള സംഘടനകളുടെ പ്രവർത്തനം ഊർജ്ജിതമാക്കണം.

9. തൊഴിൽ മേഖലകളിൽ പരിശീലനം നേടാൻ സൗകര്യങ്ങൾ കുറവ്.

10. ഗതാഗത സൗകര്യങ്ങൾ ഉണ്ടെങ്കിലും അവ യാത്രയ്ക്ക് സഹായമാകുന്നില്ല. ഉദ്യോഗസ്ഥകൾക്കും തൊഴിലാളി സ്ത്രീകൾക്കും വിദ്യാർഥിനികൾക്കും രൂക്ഷമാണ് യാത്രക്ളേശം.

## സാധ്യതകൾ പരിഹാരങ്ങൾ

1. സ്ത്രീധനപ്രശ്നങ്ങൾ, സ്ത്രീ പീഡനം എന്നിവക്കെതിരെ ശക്തമായ നടപടികൾവേണം. നിർധനപെൺകിടാങ്ങളുടെ വിവാഹത്തിന് പഞ്ചായത്ത് ധനസഹായം നല്കുക. സമൂഹവിവാഹത്തിനുള്ള സാധ്യതകൾ ആരായുക.

2. സമ്പൂർണ്ണ മദ്യനിരോധനം നടപ്പാക്കുക. മലയിൻകീഴിനെ മദ്യവിമുക്ത പഞ്ചായത്താക്കാൻ വേണ്ട പ്രവർത്തനം തുടങ്ങുക.

3. മലയിൻകീഴ് (മണിയറവിള) പ്രാഥമികാരോഗ്യകേന്ദ്രത്തിൽ സ്ത്രീ രോഗചികിത്സാ വിദഗ്ധനെ (ഗൈനക്കോളജിസ്റ്റ്) നിയമിക്കുക.

4. കവലകളിൽ വിശ്രമ കേന്ദ്രങ്ങളും (വെയിറ്റിംങ് ഷെഡ്) മൂത്രപ്പുരയും നിർമിക്കുക.

5. സ്ത്രീയെ ചൂഷണം ചെയ്യുന്ന തരം പോസ്റ്ററുകളും പ്രസിദ്ധീകരണങ്ങളും മറ്റ് ദൃശ്യമാധ്യ-മങ്ങളും നിരുത്സാഹപ്പെടുത്തുക. സ്ത്രീകൾക്കെതിരായുള്ള കയ്യേറ്റ ശ്രമങ്ങളെ ഗൗരവമായെടുത്ത് നടപടി സ്വീകരിക്കുക. മലയിൻകീഴ് പോലീസ് സ്റ്റേഷനിൽ വനിതാ സെൽ സ്ഥാപിക്കുക.

6. വനിതകൾക്കായി കൂൺകൃഷി, കോഴി വളർത്തൽ, പൂന്തോട്ടകൃഷി, കറിപൗഡർ നിർമ്മാണം, തുടങ്ങിയ ചെറുകിടവ്യവസായ യൂണിറ്റുകൾ തുടങ്ങാൻ അവസരം ഉണ്ടാക്കുക. ധന സഹായം കിട്ടാൻ നടപടികൾ സ്വീകരിക്കണം.

7. മഹിളാ സമാജങ്ങളുടെ നേതൃത്വത്തിൽ മേൽപറഞ്ഞവ ആരംഭിക്കാം.

8. മഹിളാസമാജങ്ങളിൽ തൊഴിൽ പരിശീലന ശില്പശാലകൾ സംഘടിപ്പിക്കുക.

9. സ്ത്രീകൾക്കു മാത്രമായി കൂടുതൽ ബസ്സ് സർവ്വീസ് ആരംഭിച്ച് യാത്രാ ക്ലേശം പരിഹരിക്കണം.

10. പഞ്ചായത്ത് കേന്ദ്രീകരിച്ച് വനിതാ സഹകരണ സംഘം രൂപീകരിക്കുക.

11. എല്ലാ വാർഡിലും മഹിളാ സമാജം. തുടങ്ങി സമാജം വഴി തൊഴിലധിഷ്ഠിത പരിശീലനം നല്കി തൊഴിലവസരങ്ങൾ സൃഷ്ടിക്കുക.

12. സ്ത്രീകളുടെയും കുട്ടികളുടെയും കലാകായിക പരിപോഷണത്തിന് പാരമ്പര്യ കലകൾക്ക് പ്രോത്സാഹനം കൊടുക്കുന്നതിനുള്ള നടപടിയുണ്ടാകണം.

13. അംഗനവാടികൾ ഇല്ലാത്ത എല്ലാ വാർഡിലും അംഗൻവാടികൾ സ്ഥാപിക്കുകയും എല്ലാ അംഗനവാടികളിലും ക്രെഷ് സൗകര്യമുണ്ടാക്കുകയും വേണം.

14. എല്ലാ വാർഡുകളിലും വനിതാ വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുകയും ഉള്ളവയുടെ പ്രവർത്തനം കാര്യക്ഷമമാക്കുകയും ചെയ്യണം.

15. വായന ശാലകൾ വനിതകൾക്കു കൂടി സൗകര്യ പ്രദമാക്കണം.

16. അടുക്കളത്തോട്ടം നിർമ്മാണത്തിനാവശ്യമായ എല്ലാ പ്രവർത്തനങ്ങളിലും വനിതകൾക്കു മുൻതൂക്കം കൊടുക്കുകയും വിത്ത്, വളം, സാങ്കേതിക ഉപദേശം ഇവ ലഭ്യമാക്കുകയും വേണം.

# സഹകരണം - മലയിൻകീഴ് പഞ്ചായത്ത്

"തനിക്കു താനും പുരയ്ക്കുതൂണും" എന്ന നിരാശാജനകമായ ചിന്തയുമായി കഴിഞ്ഞിരുന്ന ഒരു തലമുറയ്ക്ക് വിശേഷിച്ചും കർഷക സമൂഹത്തിന് പുതിയ വെളിച്ചം പകർന്നുകൊടുത്ത ഒരു രജത രശ്മിയാണ് സഹകരണ തത്വം. തനിക്കും മറ്റുള്ളവർക്കും പ്രശ്നങ്ങണ്ടെന്നും അവയ്ക്കു പരിഹാരം കാണാൻ അയൽക്കാരനുമായി സഹകരിച്ചാൽ ഇരുവർക്കും പ്രശ്നങ്ങൾക്ക് എളുപ്പമായ പരിഹാരം സാദ്ധ്യമാണെന്നും മനസ്സിലാക്കിയ പഴമക്കാരുടെ മനസ്സിലുദിച്ച മനോഹരമായ പ്രവർത്തനശൈലിയാണ് പരസ്പരസഹായസഹകരണ സംഘങ്ങൾ. ഉത്തമർണ്ണൻമാരുടെ പീഡനങ്ങളിൽ നിന്നും കർഷകർക്ക് മോചനമേകാൻ ഈ പ്രസ്ഥാനത്തിന് വളരെയധികം സംഭാവനകളർപ്പിക്കുവാൻ കഴിഞ്ഞു. അങ്ങനെ ആരുടേയും സമ്മർദ്ദത്തിനും പ്രേരണയ്ക്കും വശംവദരാകാതെ വ്യക്തികൾക്കുകേകുന്നു. പ്രശ്നങ്ങൾക്കു കൂട്ടായ പരിഹാരമാർഗ്ഗം തേടിയ പൂർവ്വികർ സഹകരണ പ്രസ്ഥാനത്തിനു ബീജാവാപം ചെയ്യുകയായിരുന്നു. അവരുടെ അർപ്പണ മനോഭാവവും സേവനോത്സുകതയും സർവ്വോപരി നിസ്വാർത്ഥതയും ആ വിത്തിനെ വളർന്നു പന്തലിക്കുവാൻ സഹായിക്കുകയും ചെയ്തു.

സഹകരണം ഇന്ന് ഒരു വിഷയമായല്ല, പിന്നെയോ ഒരു ജീവിതസരണിയായി-ജനതയുടെ ആകെക്കൂടിയ സംസ്ക്കാരമായി വളരേണ്ടിയിരിക്കുന്നു. പക്ഷേ പഴമക്കാർ അവരുടെ പ്രശ്നങ്ങൾക്ക് പരസ്പര സഹായസഹകരണ സംഘങ്ങൾ വഴി പരിഹാരമാർഗ്ഗങ്ങളും തീരുമാനങ്ങളും കണ്ടെത്തിയിരുന്നു. ഇന്ന് കഥമാറി മട്ടുമാറി, സർക്കാരിന്റെ നിയന്ത്രണം ഏർപ്പെടുത്തപ്പെട്ടു. സഹകരണ നിയമങ്ങളും ചട്ടങ്ങളും സംഘാങ്ങളുടെ ആശയാഭിലാഷങ്ങൾക്ക് അതിരുകൾ സൃഷ്ടിക്കുന്നു. എങ്കിലും പ്രകാശപൂർണ്ണമായ ഒരു ഭാവി സഹകരണ പ്രസ്ഥാനത്തിന് ഉണ്ടാക്കുകതന്നെ ചെയ്യുമെന്ന് നമുക്കാശിക്കാം.

മലയിൻകീഴ് പഞ്ചായത്തിനകത്ത് പ്രവർത്തിക്കുന്ന സഹകരണസ്ഥാപനങ്ങൾ പലതാണ്. ക്രഡിറ്റ് സഹകരണരംഗത്ത് പ്രവർത്തിക്കുന്നതിൽ പ്രമുഖമായ സ്ഥാനം വഹിക്കുന്നത് മലയിൻകീഴ് സർവ്വീസ്സ്ഹകണബാങ്ക് ലിമിറ്റഡ്. നമ്പർ . 605, ആണ്. ആ സ്ഥാപനത്തിന് ഈ പഞ്ചായത്ത് അതൃർത്തിയിലുള്ള കർഷകരുടെ മുഴുവൻ സുന്ദര സ്വപ്നങ്ങളും പൂവണിയിപ്പിക്കുവാൻ ആവില്ല. കാർഷികാവശ്യങ്ങൾക്ക് മുൻതൂക്കം നല്കിമാത്രം പ്രവർത്തിക്കുവാൻ മറ്റു ഏജൻസികൾ വഴി വായ്പ ലഭിക്കുന്ന പ്രസ്തുത ബാങ്കിന് സ്വന്തമായി ആർജ്ജിക്കുവാനാ ഫണ്ടിൽ നിന്നു മാത്രമേ കാർഷികേതര ആവശ്യങ്ങൾക്കു വായ്പനല്കുവാനാവുകയുള്ളൂ. അതിനും പരിമിതികൾവളരെയധികം നിക്ഷേപസമാഹരണത്തിൽ ജില്ലാ സഹകരണ ബാങ്ക്, ഫിനാൻഷ്യൽ എന്റർപ്രൈസ്, സർക്കാർ ട്രഷറി, വാണിജ്യ ബാങ്കുകൾ പോസ്റ്റാഫീസ് എന്നിങ്ങനെയുള്ള സ്ഥാപനങ്ങൾ കൂടിരംഗത്തുള്ളപ്പോൾ ഒരു പ്രൈമറി സ്ഥഹകരണ സംഘത്തിന്റെ നിലനില്പുതന്നെ ഭീഷണിയെനേരിടുന്നു. ബിസിനസ്സുരംഗത്തും കൂടി അത്തരം മത്സരം കടന്നുകൂടുമ്പോൾ പ്രശ്നം കൂടുതൽ രൂക്ഷമാകുകയും ചെയ്യുന്നു.

വീടുവയ്ക്കാൻ കൃഷിഭൂമി വാങ്ങാനും നന്നാക്കാനും വ്യവസായങ്ങൾ നടത്താൻ എന്നിങ്ങനെ മറ്റാവശ്യങ്ങൾക്ക് വെവ്വേറേ സഹകരണസംഘങ്ങളിൽ കൂടിമാത്രമേ സഹായം കണ്ടെത്താനാവൂ.

“പലതുള്ളിപെരുവെള്ളം” എന്ന ആപ്ത വാക്യം സഹകരണസ്ഥാപനങ്ങൾക്ക് ഒരു ജീവത് മന്ത്രമാണ്. സഹകരണബാങ്കിൽ മാത്രമേ നിക്ഷേപങ്ങൾ നടത്തുകയുള്ളുവെന്ന് ജനങ്ങൾ ദൃഢനിശ്ചയം ചെയ്താൽ മാത്രമേ ഇന്നത്തെ അവസ്ഥയിൽ സഹകരണ പ്രസ്ഥാനം വിജയിക്കുകയുള്ളൂ. എന്നാൽ മാത്രമേ സംഘാങ്ങളുടെ കാർഷികേതര ആവശ്യങ്ങൾ പരിഹരിക്കാൻ ക്രെഡിറ്റ് സഹകരണ സംഘങ്ങൾക്ക് കഴിയുകയുള്ളൂ. പ്രൈമറി സംഘങ്ങൾ സ്വരൂപിക്കുന്ന ധനം അതാത് സംഘാതൃത്തിയിൽ തന്നെ മുടക്കേണ്ടിവരുമെന്നുള്ള കാര്യം മറക്കരുത്. മലയിൻകീഴ് പഞ്ചായത്തിനകത്ത് പ്രവർത്തിക്കുന്നുവെന്ന് രേഖപ്പെടുത്തിയിട്ടുള്ള സഹകരണസംഘങ്ങൾ പലതുമുണ്ട്. കൊട്ടും കുരവയുമായി വന്ന് പൂക്കുറ്റി കണക്ക് കത്തിയമർന്നവയും ഇതിൽപ്പെടും. മണപ്പുറം ആസ്ഥാനമാക്കി പ്രവർത്തിച്ചുവന്ന ഗീ ഗ്രേഡിഗ് ചോക്ക് ഇൻഡസ്ട്രീയൽ എന്നീ സംഘങ്ങൾക്ക് സ്വന്തമായി ഭൂമിയും കെട്ടിടവുമൊക്കെ ഉണ്ടായിരുന്നതാണ്. വെൺമാറനല്ലൂരും, മൂങ്ങോട്ടും, മണപ്പുറത്തും, കൃഷ്ണപുരത്തും പ്രവർത്തിച്ചുവരുന്ന ക്ഷീര വ്യവസായ സഹകരണ സംഘങ്ങൾ കഴിഞ്ഞാൽ മറ്റുപലതും ഏട്ടിലെപശുക്കളാണ്. ജനകീയാസൂത്രണം ഈ രംഗത്തെ അപാകതകൾ അവസാനിപ്പിക്കുവാൻ പ്രചോദനമരുളുമാറാകട്ടെ.

വർദ്ധിച്ച ജന[redacted]സംഖ്യക്ക് അനുപാതികമായി സേവനമേഖല വർദ്ധിപ്പിക്കുവാൻ സഹകരണസംഘങ്ങൾക്കു കഴിഞ്ഞിട്ടില്ലെന്നുള്ളതു ദു:ഖസത്യം അവശേഷിക്കുന്നു.

സഹകരണ സംഘങ്ങൾ നടത്തുന്ന സ്ഥാപനങ്ങളിൽ വിശ്വാസമർപ്പിച്ചും അവിടെ നിന്നും നിത്യോപയോഗ സാധനങ്ങൾ സ്വീകരിച്ചും, ഇത്തിരി മുതൽ ഒത്തിരി വരെയുള്ള നിക്ഷേപങ്ങൾ അതാതു സഹകരണ സംഘങ്ങളിൽ മാത്രം നിക്ഷേപിച്ചും ഒരു ജീവിത ശൈലി സ്വീകരിക്കുവാൻ ഈ കൊച്ചു ഗ്രാമത്തിന്റെ പ്രൗഢമായ ജനസമൂഹം ശ്രദ്ധിക്കുമെങ്കിൽ, ഈ നാട്ടിലെ സഹകരണ പ്രസ്ഥാനം അജയ്യമാകും, അതിന്റെ കൈകൾക്ക് മക്കളുടെ കല്യണത്തിന് ധനംനേടുന്ന വിധവയായ മാതാവിന്റെ കണ്ണിർ തുടയ്ക്കാൻ വിദ്യാസഹായം തേടുന്ന സമർസ്ഥരായ വിദ്യാർത്ഥികൾക്ക് സഹായഹസ്തം നീട്ടാൻ സാധാരണ കർഷകന്റെ നിത്യജീവിതത്തിന് ഒരത്താണി തീർക്കാൻ, നാടിന്റെ പൂരോഗതിക്ക് ഊന്നൽ നല്കുന്ന പ്രവർത്തനങ്ങളോട് കൈകോർക്കുവാൻ സഹകരണ പ്രസ്ഥാനത്തിന്റെ വിജയ ഗാഥ, സുവർണ്ണ ലിപികളിൽ ആലേഖനം ചെയ്യുവാൻ കഴിയുകയും ചെയ്യും. അത്തരം ഒരു പ്രവണത ഈ നാട്ടിൽ വിടർന്നു പരിലസിക്കട്ടെയെന്ന് നമുക്കാശിക്കാം.

സഹകരണ മേഖല എന്നത് ചുരുക്കം ചില സ്ഥാപനങ്ങളിൽ മാത്രം ഒതുക്കി നിർത്താതെ താഴെ പറയുന്ന ജീവിതത്തിന്റെ സമസ്ത മേഖലകളിലുടെയും നെടുകേയും കുറുകെയും സഞ്ചരിക്കുന്ന രക്ത ധമനികളാക്കിമാറ്റാനും ഗ്രാമസഭകളിലുടെ പൊന്തിവന്നിട്ടുള്ള നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ ചില ആവശ്യങ്ങൾ കൂടെ അനുബന്ധമായി താഴെ ചേർക്കുന്നു.

(1) നിത്യോപയോഗ സാധനങ്ങൾ ന്യായവിലയ്ക്ക് ലഭിക്കുവാൻ ഇടയാക്കും വിധം കൺസ്യൂമർ സ്റ്റോറുകൾ തച്ചോട്ടുകാവ്, ബ്ളോക്കാഫീസ് നട, കുന്നംപാറ, വലിയറത്തല, മച്ചേൽ, എന്നിവിടങ്ങളിൽ ആരംഭിക്കുക.
(2) സഹകരണാടിസ്ഥാനത്തിൽ സാദ്ധ്യതയുള്ള സ്ഥലങ്ങളിൽ ഓരോ ഹോട്ടലുകൾ ആരംഭിക്കുകയും അവയ്ക്ക് സബ്സിഡി നിര

ക്കിൽ ഭക്ഷ്യ ധാന്യങ്ങൾ വിതരണം നടത്തുകയും ചെയ്യുക.

(3) പട്ടിക ജാതി-പട്ടിക വർഗ്ഗക്കാർ തിങ്ങി പാർക്കുന്ന പ്രദേശങ്ങളിൽ അവർക്ക് മുൻതൂക്കം നൽകികൊണ്ട് സഹകരണ സംഘങ്ങൾക്ക് രൂപം നൽകി മെഴുകുതിരി നിർമ്മാണം, കൗതുകവസ്തുക്കളുടെ നിർമ്മാണം, റെഡിമെയ്ഡ് വസ്ത്രനിർമ്മാണ യൂണിറ്റുകൾ എന്നിവ സ്ഥാപിക്കുക.

(4) കെട്ടിടനിർമ്മാണ രംഗത്ത് ഇടത്തട്ടുകാരുടെ ചൂഷണം അവസാനിപ്പിക്കുവാൻ കെട്ടിട നിർമ്മാണ സാമഗ്രികളുടെ നിർമ്മാണ-വിതരണ സഹകരണ സംഘങ്ങൾക്ക് രൂപം നൽകുക.

(5) വളരെയധികം തൊഴിൽ സാദ്ധ്യകളുള്ള നെയ്ത്ത് സഹകരണ സംഘങ്ങൾ സാഥാപിക്കണം.

(6) മുട്ടയ്ക്കും ഇറച്ചിക്കുംവേണ്ടി സഹകരണാടിസ്ഥാനത്തിൽ ആദായകരമായ കോഴിവളർത്തൽ കേന്ദ്രങ്ങൾക്കു രൂപം നൽകണം.

(7) നമ്മുടെ പ്രദേശത്ത് സുലഭമായി ലഭിക്കുന്ന പഴവർഗ്ഗങ്ങൾ ഉപയോഗിച്ച് ജൂസ്, ജാം തുടങ്ങിയവ നിർമ്മിക്കുന്നതിനുള്ള സഹകരണ സംഘങ്ങൾക്ക് രൂപം നൽകുക.

(8) വളരെയധികം പൊതു കുളങ്ങളുള്ള നമ്മുടെ പഞ്ചായത്തിൽ മത്സ്യം വളർത്തൽ യൂണിററുകൾ സഹകരണാടിസ്ഥാനത്തിൽ ആരംഭിക്കുക.

(9) തൊഴിലധിഷ്ഠിതമായ വ്യവസായ സഹകരണസംഘങ്ങൾ അന്തിയൂർക്കോണം, മണപ്പുറം, കൃഷ്ണപുരം, കുന്നുംപാറ, മലയിൻകീഴ്, തച്ചോട്ടുകാവ് എന്നിഭാഗങ്ങളിൽ സ്ഥാപിക്കുക.

(10) 605-ാം നമ്പർ സർവ്വീസ് സഹകരണസംഘത്തിന്റെ ശാഖകൾ അന്തിയൂർക്കോണം, വലിയറത്തല എന്നീ മേഖലകളിൽ സ്ഥാപിക്കുക.

(11) അന്തിയൂർക്കോണം കാപ്പിവിള മിൽക്ക്സൊസൈറ്റിയുടെ നിർജ്ജീവാവസ്ഥ മാറ്റി പ്രവർത്തനം പുനരാരംഭിച്ച് ഈ പ്രദേശത്തെ ക്ഷീരകർഷകർക്ക് ഗുണകരമാകുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

(12) വെൺമാറല്ലൂർ ക്ഷീരവ്യലസായ സഹകരണസംഘത്തിൽ ക്ഷീരകർഷകരെ സഹായിക്കാൻ ഒരു കാലിത്തീറ്റ നിർമ്മാണ ഫാക്ടറി സ്ഥാപിക്കുക മഞ്ചാടിയിൽ ഒരു മിനി ഡയറി യൂണിറ്റ് സ്ഥാപിച്ച് പ്രവർത്തനം വ്യാപകമാക്കുക.

(13) ചെറുകിട, ഇടത്തരം കർഷകർക്ക് പ്രയോജനം ലഭിക്കത്തക്ക വിധം വിത്ത്, വളം, കിടനാശിനി, പണി ആയുധങ്ങൾ എന്നിവയുടെ ഉല്പാദന വിപണന നഹകരണ സംഘങ്ങൾക്ക് രുപം നൽകുക.

(14) കാർഷിക വികസന ബാങ്കിന്റെ ഒരു ബ്രാഞ്ച് മലയിൻകീഴ് പഞ്ചായത്തിൽ തുറന്ന് പ്രവർത്തമാരംഭിക്കുക.

(15) അസംഘടിത മേഖലയിൽ പണി എടുക്കുന്ന കരിങ്കൽ ചല്ലി അടിക്കുന്നവർക്ക് വായ്പ ലഭിക്കുവാൻ ഉതകുന്ന വിധം അവരുടെതായ സഹകരണ സംഘങ്ങൾക്ക് രൂപം നൽകുക.

(16) പഞ്ചായത്തിന്റെ സമഗ്ര വികസനത്തിന് ഉതകുന്ന വിധം ഒരു ഹൗസിംഗ് സഹകർണ സംഘം രൂപീകരിക്കുക.

" ഗ്രാമീണർ പരസ്പരം സഹകരിക്കുകയും പൊതു നന്മയ്ക്കു വേണ്ടി പ്രതിഫലം പറ്റാതെ അധ്വാനം അർപ്പിക്കുകയും ചെയ്താൽ സ്വയം സേവിക്കുന്നതിന് അവർക്ക് എന്തു ചെയ്യാൻ കഴിയുമെന്നു കണ്ടെത്തുകയാണ് "

*ഗാന്ധിജി*

# 1 സഹകരണ സംഘങ്ങൾ.

1. പ്രൈമറി അഗ്രി: ക്രെഡിറ്റ് സഹകരണ സംഘം
    1. മലയിൻകീഴ് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് ക്ളിപ്തം 605

2. കൈത്തറി
    1. നീറമൺകുഴി ഹാൻഡ്ലൂം വീവേഴ്സ് നംമ്പർ 3368
    2. മേപ്പൂക്കട ഹാൻഡ്ലൂം വീവേഴ്സ് H.18

3. മറ്റിനം
    1. മലയിൻകീഴ് വിനിയോജക സഹകരണസംഘം 1952
    2. കൃഷ്ണപുരം ഡിസട്രിബ്യൂട്ടേഴ്സ് സഹകരണസംഘം Du.189
    3. വലിയറത്തല എണ്ണ ഉല്പാദക ക്രയവിക്രയസഹകരണസംഘം T.562
    4. അൺഎംപ്ലോയീസ് സർട്ടിഫിക്കറ്റ് ഹോൾഡേഴ്സ് & സ്കിൽവർക്കേഴ്സ് സഹകരണസംഘം T.113, അന്തിയൂർക്കോണം
    5. അന്തിയൂർക്കോണം ടെയിലറിംഗ് & ഗാർമെന്റ് മേക്കിംഗ് ഇൻഡസ്ട്രിയൽ സഹകരണസംഘം T.269

4. ലേബർ കോൺട്രാക്റ്റ് സൊസൈറ്റി
    1. നെയ്യാറ്റിൻകര താലൂക്ക് ലേബർ കോൺട്രാക്ട് സൊസൈറ്റി Ltd. T. 410
    2. പരരക്ഷകലേബർ കോൺട്രാക്റ്റ് സഹകരണസംഘം ക്ളിപ്തം നംമ്പർ T.1067

5. ക്ഷീര സഹ:സംഘം
    1. വെൺമാറനല്ലൂർ ക്ഷീര വ്യവസായ സഹകരണസംഘം 3221
    2. മണപ്പുറം ക്ഷീരവ്യവസായ സഹകരണസംഘം 4036
    3. കൃഷ്ണപുരം ക്ഷീരവ്യവസായ സഹകരണസംഘം 4016
    4. മുള്ളുമല ക്ഷീര വ്യവസായ സഹകരണസംഘം T.126

# സഹകരണ സംഘം സംബന്ധിച്ച വിവരങ്ങൾ

I
1) സ്ഥാപനത്തിന്റെ പേര് : മലയിൻകീഴ് സർവ്വീസ് സഹകരണ ബാങ്ക്
2) പ്രവർത്തന പരിധി : മലയിൻകീഴ് പഞ്ചായത്തും വിളവൂർക്കൽ പഞ്ചായത്തിന്റെ ഒന്നും രണ്ടും വാർഡുകളും
3) ക്രെഡിറ്റ്/നോൺ ക്രെഡിറ്റ് : ക്രെഡിറ്റ്
4) പ്രവർത്തനം ആരംഭിച്ച വർഷം : 1923 (മലയാള വർഷം 21.06.1099)
5) ആകെ അംഗങ്ങൾ : 10065
6) ഒരു ഓഹരിയുടെ വില : 10 രൂപ
7) അംഗീകൃത ഔഹരി മൂലധനം : 10550000 രൂപ
8) പിരിഞ്ഞ് കിട്ടിയ ഓഹരി മൂലധനം : 3400050 രൂപ
9) സർക്കാർ ഓഹരിയുണ്ടോ? ഉണ്ടെങ്കിൽ ലഭിച്ച തുക : ഉണ്ട് 426000 രൂപ
10) പരമാവധി കടം എടുക്കാവുന്ന തുക : അംഗങ്ങൾക്ക് 50,000 രൂപ ബാങ്കിൽ നിന്ന് കടം വാങ്ങാവുന്നതാണ്.

## II പൊതുജനങ്ങളിൽ നിന്നും സ്വീകരിച്ച നിക്ഷേപങ്ങൾ

a) സ്ഥിരം : Rs 2,60,00,750/-
b) ഹ്രസ്വകാലം : Rs 49,95,000/-

## III നൽകിയിട്ടുള്ള വായ്പകൾ

a) കാർഷിക വായ്പകൾ

| ഇനം | തുക |
|---|---|
| 1) കാർഷിക വായ്പ (S.T) | 6787408.00 രൂപ |

b) മറ്റ് വായ്പകൾ

| 1) ഇനം | തുക |
|---|---|
| 2) സ്വർണ്ണ പണയ വായ്പ | 3500000.00 രൂപ |
| 3) ഹയർ പർച്ചേഴ്സ് വായ്പ | 858420.00 രൂപ |
| 4) M.T വായ്പ | 21956124.00 രൂപ |

c) പ്രത്യേക വായ്പകൾ

| 1) ഇനം | തുക |
|---|---|
| 2. LT, MNP | 368000.00 |

## സ്ഥാപനങ്ങളിൽ നിന്ന് സ്വീകരിച്ച വായ്പകൾ

| സ്ഥാപനം | സ്വഭാവം | തുക |
|---|---|---|
| ജില്ലാ ബാങ്ക് | S T കാർഷികം | 5488700 രൂപ |

## നല്കിയ വയ്പകൾ  കാലാവധി കഴിഞ്ഞിട്ട് കിട്ടാനുള്ളവ

| | വായ്പാസ്വഭവം | തുക |
|---|---|---|
| 1 | കാർഷികം S T | 2845600 രൂപ |
| 2 | M T വായ്പ | 3268000 രൂപ |
| 3 | സ്വർണ്ണപണയ വായ്പ | 1820000 രൂപ |
| 4 | മറ്റു വായ്പകൾ | 260000 രൂപ |

## സ്ഥാപനത്തിന്റെ ചെലവുകൾ

| | | |
|---|---|---|
| 1. | Establishments charges | 14 ലക്ഷം |
| 2. | Contingennnies | 3 ലക്ഷം |

## വായ്പാ സഹ:സ്ഥാപനങ്ങൾ പ്രവർത്തനങ്ങൾ

1. വായ്പാ വിതരണം
2. റേഷൻ വിതരണഡിപ്പോ
3. കൺസ്യൂമർ സ്റ്റോറുകൾ നടത്തുന്നു
4. ചിട്ടികൾ നടത്തുന്നു
5. ഡെപ്പോസിറ്റ് സ്വീകരിച്ച് ബാങ്കിംഗ് പ്രവർത്തനം നടത്തിവരുന്നു.

2

| | | |
|---|---|---|
| 1. | സ്ഥാപനത്തിന്റെപേര് | പരരക്ഷക ലേബർ കോൺട്രാക്ട് സഹകരണസംഘം ക്ളിപ്തം No.T 1067 |
| 2. | പ്രവർത്തന പരിധി | നെയ്യാറ്റിൻകരതാലൂക്ക്, വട്ടിയൂർക്കാവ്, വെള്ളനാട് ബ്ളോക്ക് |
| 3. | ക്രഡിറ്റ്/നോൺക്രഡിറ്റ് | നോൺക്രഡിറ്റ് |
| 4. | പ്രവർത്തനം ആരംഭിച്ച വർഷം | 1991 |
| 5. | ആകെ അംഗങ്ങൾ | 73 |
| 6. | ഒരു ഓഹരിയുടെ വില | 50 രൂപ |
| 7. | അംഗീകൃത ഓഹരി മൂലധനം | 8,50,000 രൂപ |
| 8. | പിരിഞ്ഞ് കിട്ടിയ ഓഹരി മൂലധനം | 11600 |
| 9. | സർക്കാർ ഓഹരിയുണ്ടോ | ഇല്ല |

| | | |
|---|---|---|
| 1. | സ്ഥാപനത്തിന്റെ പേര് | നെയ്യാറ്റിൻകര താലൂക്ക് ലേബർ കോൺട്രാക്റ്റ് സൊസൈറ്റി No. LTD. T. 410 |
| 2. | പ്രവർത്തന പരിധി | നെയ്യാറ്റിൻകര താലൂക്ക് |
| 3. | ക്രെഡിറ്റ് /നോൺക്രഡിറ്റ് | നോൺക്രഡിറ്റ് |
| 4. | പ്രവർത്തനം ആരംഭിച്ച വർഷം | 1.6.1975 |
| 5. | ആകെ അംഗങ്ങൾ | 667 |
| 6. | ഒരു ഓഹരിയുടെ വില | A ക്ളാസ്സ്1000, Bക്ളാസ്സ്10, Cക്ളാസ്സ് 500 (Govt) |
| 7. | അംഗീകൃത ഓഹരി മൂലധനം | – |
| 8. | പിരിഞ്ഞ് കിട്ടിയ ഓഹരി മൂലധനം | 23,320 |
| 9. | സർക്കാർ ഓഹരി ഉണ്ടോ? | ഉണ്ട് |
| 10 | ഉണ്ടെങ്കിൽ ലഭിച്ച തുക | 10,000/– |

## ക്ഷീര സഹ.സംഘം (ആപാകോസ് ഉൾപ്പെടെ) 1996 – ഓക്ടോബർ

| ക്രമ നമ്പർ | സംഘത്തിന്റെ പേര് | മൊത്തം ശേഖരിക്കുന്ന പാൽ | പഞ്ചായത്തിൽ തന്നെ വിൽക്കുന്നുത് | പുറത്തേയ്ക്ക് അയയ്ക്കുന്നത് |
|---|---|---|---|---|
| 1. | വെണ്മാറനല്ലൂർ ക്ഷീര വ്യവസായ സഹകരണ സംഘം ക്ളിപ്തം 3221 | 5970. ലി | 2670.ലി | 3300. ലി |
| 2. | മണപ്പുറം ക്ഷീര വ്യവസായ സഹകരണ സംഘം. 4036 | 1662.2.ലി | 874.3.ലി | 771.8.ലി |
| 3. | കൃഷ്ണപുരംക്ഷീര വ്യവസായ സഹകരണ സംഘം. 4016 | | | |
| 4. | മുള്ളുമല ക്ഷീര വ്യവസായ സഹകരണ സംഘം. T.126 | | | |

# പട്ടികജാതി പട്ടിക വർഗ്ഗക്ഷേമം

"ഒന്നു നില്ക്കണേഞങ്ങളിന്ത്യതൻ
മണ്ണിലെങ്ങും മനുഷ്യപ്പുഴുക്കളായ്
ഇന്നു നാളെകളില്ലാതെ കേവലം-
മണ്ണുതിന്നുമരിച്ചു വീഴുന്നവർ"

അധഃ സ്ഥിതരുടെ ജീവിതത്തിന്റെ ഒരു പഴയകാല ചിത്രം ഈ വരികളിൽ മുഴങ്ങി കേൾക്കുന്ന. സാമൂഹ്യ-സാമ്പത്തിക രംഗങ്ങളിൽ പുറം കാലുകൊണ്ടു തട്ടിഎറിയപ്പെട്ടിരുന്ന ഒരു ജനത സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തപ്പെട്ടചരിത്രം കേരളത്തിന്റേതു മാത്രമാണ്. സമുദായത്തിന്റെ അടിത്തട്ടിൽ ചവിട്ടി മെതിക്കപ്പെട്ടിരുന്നവരുടെ ഉയർത്തെഴുന്നേല്പിനും കാരണമായ സംഭവങ്ങളാണ് സാമുദായിക ജീവിത വ്യവസ്ഥകളിൽവന്ന മാറ്റം. ജന്മി കുടിയാൻ ബന്ധങ്ങളിൽ വന്നമാറ്റം, വ്യാവസായിക വളർച്ച, തൊഴിലാളി വർഗ്ഗത്തിന്റെ പിറവി, സംഘടനാ ബോധം, സംഘടിത ശക്തി ഇതെല്ലാം അതിന് പ്രേരകശക്തികളായി ത്തീർന്നു. ഇത്തരത്തിലുണ്ടായ പരിവർത്തനം അവരുടെ ജീവിത ദർശനത്തിലും ജീവിതമൂല്യത്തിലും മാറ്റം വരുത്തി.

പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ ഉന്നമനം ലക്ഷ്യമാക്കിക്കൊണ്ടുള്ള പദ്ധതികൾ കുടുതൽ വിജയകരമാക്കിത്തീർക്കേണ്ടതുണ്ട്. ഇവരുടെ സർവ്വതോന്മുഖമായ പുരോഗതിയും ക്ഷേമവും ഉന്നമാക്കിക്കൊണ്ടുള്ള പ്രവർത്തനം ത്വരിതപ്പെടുത്തേണ്ടതാണ് അദ്ധ്വാനിക്കുന്ന, ഈ ജനവിഭാഗങ്ങൾക്കു സഹായകരമായ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പക്കുന്നതിൽ സാമ്പത്തിക പരിമിതികളും പരാധീനതകളും ഒരിക്കലും തടസ്സമായി നില്ക്കാൻ പാടില്ല.

മലയിൻകീഴ് ഗ്രാമപഞ്ചായത്തിലെ ജനസംഖ്യ 28746 ഇതിൽ 3022 പേർ പട്ടികജാതിയിലും 5പേർ പട്ടിക വർഗ്ഗത്തിലും പെട്ടവരാണ്. ഇവരിൽ 1476 പുരുഷന്മാരും 1546 സ്ത്രീകളും ഉണ്ട് പുരുഷൻമാരിൽ 1180 -ഉം സ്ത്രീകളിൽ 1141 -ഉം പേർ സാക്ഷരരാണ് പല മേഖലകളിലും ഇവരുടെ ജീവിത നിലവാരം ഏറെമെച്ചപ്പെടേണ്ടതായിട്ടുണ്ട്. ഈ പഞ്ചായത്തിൽ 16 അംഗീകൃത ഹരിജൻ കോളനികൾ ഉണ്ട്. പാർപ്പിടം, കക്കൂസ്, കുടിവെള്ളം, വൈദ്യുതി തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമല്ലാത്തവർ അനവധിയുണ്ട്. ഇവരിൽ അഭ്യസ്തവിദ്യരും, സർക്കാർ സർവ്വീസിലും മറ്റു സ്ഥാപനങ്ങളിലും തൊഴിലെടുക്കുന്നവരും ഉണ്ട്. ഭൂരിപക്ഷംപേരും വിവിധ തൊഴിലുകളിലേർപ്പെട്ടുട്ടുള്ളവരാണ്. കുട്ടികളുടെ വിദ്യാഭ്യാസത്തിൽ രക്ഷകർത്താക്കൾ ശ്രദ്ധിക്കുന്നതിനാൽ കൊഴിഞ്ഞുപോക്ക് വിരളമാണ്. സാക്ഷരതയുടെ കാര്യത്തിൽ പുത്തൻ തലമുറ മുന്നേറുന്നുണ്ടെങ്കിലും തുടർ സാക്ഷരത പ്രവർത്തനത്തിന്റെ ആവശ്യം ഏറെ നിലനില്കുന്നു. ബഹുജന സംഘടനാപ്രവർത്തനത്തിലും സാമൂഹ്യസാംസ്ക്കാരിക മേഖലകളിലും ഉയർന്നുവന്നവരുടെ എണ്ണം വളരെ കുറവാണ്. അമിതമായ അദ്ധ്വാനവും ആരോഗ്യസംരക്ഷണത്തിലുള്ള അശ്രദ്ധയും ആരോഗ്യകുറവിനും രോഗകാരണങ്ങൾക്കും ഇടയാക്കുന്നു. അന്ധവിശ്വാസത്തിലും അനാചാരത്തിലും വിശ്വസിക്കുന്നവരുടെ എണ്ണവും തീരെകുറവല്ല. ജാതിപരമായ ഉച്ചനീചത്വം പഞ്ചായത്തിന്റെ എല്ലാഭഗത്തും പ്രകടമായിട്ടില്ലെങ്കിലും അതിന്റെ അവശിഷ്ടങ്ങൾ പല പ്രദേശങ്ങളിലും ആളുകളിലും നിലനിൽകുന്നുവെന്ന യാഥാർത്ഥ്യവും വിസ്മരിക്കാ

നാവും സർക്കാരിൽ നിന്നും ഈ വിഭാഗത്തിനുവേണ്ടി കലാകാലങ്ങളിൽ പല പദ്ധതികളും ആനുകൂല്യങ്ങളും നടപ്പിലാക്കി എങ്കിലും അതിനൊത്ത നേട്ടം അഥവാ മാറ്റം സമൂഹത്തിൽ മൊത്തത്തിൽ ഉണ്ടായിട്ടില്ലയെന്നുള്ളതും ഒരു വസ്തുതയാണ്. ഈ വിഭാഗത്തിൽപ്പെട്ടവരുടെ പരമ്പരാഗത വ്യവസായങ്ങൾ പലതും അന്യം നിന്നിരിക്കുന്നു. ഇവ പുനർജിവിപ്പിച്ചു ഓജസ്സും തേജസ്സും നൽകി പ്രായോഗികമാക്കേണ്ടതാണ്.

പട്ടികജാതി പട്ടിക വർഗ്ഗക്ഷേമത്തെ കുറിച്ച് പരിയലോചിക്കുമ്പോൾ ചുവടെ ചേർക്കുന്ന പ്രശ്നങ്ങളും സാദ്ധ്യതകളും വിശകലനം ചെയ്യേണ്ടിയിരിക്കുന്നു.

## പ്രശ്നങ്ങൾ

കോളനികളിലും പട്ടികജാതി പട്ടികവർഗ്ഗകുടുംബങ്ങളിലും പാർപ്പിടം, കുടിവെള്ളം, വൈദ്യുതി എന്നിവയും കക്കൂസും എല്ലായിടത്തും പൂർണ്ണമായും ലഭിച്ചിട്ടില്ല.

സുരക്ഷിതത്വവും അടിസ്ഥാന സൗകര്യങ്ങളും ഇല്ലാത്ത വീടുകൾ അനവധിയുണ്ട്.

പല കാരണങ്ങളാൽ പട്ടയം കിട്ടാത്തവരും വളരെ പേരുണ്ട്

ഗതാഗതസൗകര്യം പലസ്ഥലങ്ങളിലും വളരെ കഷ്ടത്തിലാണ്.

കോളനികളോടനുബന്ധിച്ചു വിനോദ വിശ്രമകേന്ദ്രങ്ങൾ ഒന്നുമില്ല.

സാമൂഹ്യമായ ഉച്ചനീചത്വങ്ങൾ ഒരു പരിധി വരെ നിലനില്ക്കുന്നു.

കലാ-കായിക-സാംസ്കാരിക ഉന്നതിക്കു വേണ്ട പ്രോൽസാഹനം ലഭിയ്ക്കുന്നില്ല.

സാക്ഷരതാ പ്രവർത്തനത്തിന്റെ അപര്യാപ്തത നിലനില്പുണ്ട്.

## നിർദ്ദേശങ്ങളും-സാധ്യതകളും

1. പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട തൊഴിൽ രഹിതർക്ക് സഹകരണ അടിസ്ഥാനത്തിൽ സൊസൈറ്റി രൂപീകരിച്ച് തൊഴിൽ നൽകുന്നതിനുള്ള ക്രമീകരണം ഏർപ്പെടുത്തുക.

2. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരുടെ കുട്ടികൾക്ക് വിവാഹത്തിനും, വിദ്യാഭ്യാസത്തിനും ചികതിത്സയ്ക്കും സഹായം നൽകുക.

3. തുടർവിദ്യാഭ്യാസം ലഭിക്കുന്നതിന് കൊഴിഞ്ഞ് പോയ വിദ്യാർത്ഥികളെ കണ്ട് പിടിച്ച് പ്രോത്സാഹനം നൽകുക.

4. ശിശുമന്ദിരങ്ങൾ, സാംസ്ക്കാരിക നിലയങ്ങൾ എന്നിവ സ്ഥാപിച്ച് വിദ്യാഭ്യാസപരമായും സാംസ്ക്കാരികപരമായും വളർച്ച്യ്ക്കു വേണ്ട നടപടി സ്വീകരിക്കുക.

5. വാസയോഗ്യമല്ലാത്ത വീടുകൾ പുനരുദ്ധരിക്കുന്നതിന് സാമ്പത്തിക സഹായം നൽകുക.

6. കുടിവെള്ളം, കക്കൂസ്, വൈദ്യുതി എന്നിവ ലഭിക്കുന്നതിന് പ്രത്യേക പരിഗണന നൽകി നടപ്പാക്കുക.

7. കുടിൽ വ്യാവസായം പ്രോൽസാഹിപ്പിക്കുന്നതിന് ഹരിജൻ - ഗിരിജൻ സഹകരണ സംഘങ്ങൾ സ്ഥാപിക്കുക.

8. I H D P കോളനിയിൽ സർക്കാർ ഡിസ്പെൻസറികൾ സ്ഥാപിച്ച് വൈദ്യസഹായം ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുക.

9. നിരക്ഷരരെ കണ്ടുപിടിച്ച് അവർക്ക് തുടർ വിദ്യാഭ്യാസം നൽകുക.

10. പുറംപോക്കിൽ താമസിക്കുന്ന ഹരിജനങ്ങളെ പുനരധിവസിപ്പിക്കുക.

11. ഭൂമിയില്ലാത്ത ഹരിജനങ്ങൾക്ക് ഭൂമിയും പാർപ്പിടവും നൽകുക.

12. ഹരിജൻ വെൽഫെയർ സൊസൈറ്റിയുടെ ആഭിമുഖ്യത്തിലുള്ള മഹിളാ സമാജങ്ങൾക്ക് ധനസഹായം നൽകുക.

13. പ്രവർത്തന രഹിതമായ മഹിളാ സമാജങ്ങളെ പുനരുജ്ജീവിപ്പിക്കുക.

14. അഞ്ച് വീടുകളുള്ള ഏര്യയെ

സെറ്റിൽമെന്റ് കോളനിയായി പ്രഖ്യാപിക്കുക.

15. പറയാട്ട്കോണം, അരുവാക്കോട്, എന്നി I H D P കോളനികളിൽ സഹകരണ സംഘങ്ങൾ രൂപീകരിക്കുക.

16. കോട്ടമ്പൂര് കോളനിയിലെ ഈറ്റ വ്യാവസ സഹകരണ സംഘം പ്രവർത്തനക്ഷമമാക്കുക.

17. ഈ പഞ്ചായത്തിലെ എല്ലാ ഹരിജനങ്ങൾക്കും പട്ടികജാതി-പട്ടിക വർഗ്ഗ വികസന വകപ്പിന്റെയും, സാമൂഹ്യക്ഷേമ വകുപ്പിന്റെയും സാമ്പത്തിക സഹായം നൽകുക.

18. മതപരമായി വിവേചനം കൂടാതെ എല്ലാ പട്ടിക ജാതി-പട്ടിക വർഗ്ഗങ്ങൾക്കും പിന്നോക്ക വിഭാഗത്തിന് നൽകുന്ന ആനുകൂല്യം നൽകുക.

19. മലയിൻകീഴ് പ്രവർത്തന രഹിതമായി കിടക്കുന്ന എല്ലാ വിവിധോദ്ദേശ്യ ഹരിജൻ സഹകരണ സംഘങ്ങളും പ്രവർത്തനക്ഷമമാക്കുക.

# വിഭവ സമാഹരണം

തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകര താലൂക്കിൽ തിരുവനന്തപുരം നഗരത്തിൽ നിന്ന് 13 കിലോമീറ്റർ മാറി സ്ഥിതിചെയ്യുന്നു. മലയിൻകീഴ് പഞ്ചായത്തിന് 16.38 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുണ്ട്. 1991 ലെ സെൻസസ് അനുസരിച്ച് ജനസംഖ്യ 28746 ആണ്. കാർഷിക ഗ്രാമപ്രദേശങ്ങൾ പ്രധാനമായും ഉൾക്കൊള്ളുന്ന ഈ പഞ്ചായത്തിന്റെ ആസ്ഥാനം നഗരപ്രാന്ത ചെറുപട്ടണമായ മലയിൻകീഴിലാണ്. ജനസാന്ദ്രത അനുദിനം ഏറി വരുന്നതുകൊണ്ടും അപക്വമായ വികസന ശ്രമങ്ങൾ കൊണ്ടും വീർപ്പുമുട്ടുന്ന തിരുവനന്തപുരം നഗരത്തിൽ നിന്നുള്ള സമ്മർദ്ദം ഈ പഞ്ചായത്തിന്റെ പ്രദേശങ്ങളെ ഒരു ഉപഗ്രഹനഗരത്തിന്റെ സ്വഭാവത്തിലേക്കു ക്രമേണ മാറ്റിക്കൊണ്ടിരിക്കുന്നു. ഇടത്തരം വരുമാനക്കാരായ ജീവനക്കാരും തൊഴിലാളികളും കർഷകരും കർഷകത്തൊഴിലാളികളുമാണ് ബഹുഭൂരിപക്ഷം ആളുകളും വൻമുതൽമുടക്കുള്ള വ്യവസായങ്ങളൊന്നും തന്നെ ഈ പഞ്ചായത്തിലില്ല. പൊതു, സ്വകാര്യ, സഹകരണമേഖലകളിലൊന്നും തന്നെ കാര്യമായ മുതൽമുടക്കുള്ള പദ്ധതികളുമില്ല. ചെറുകിട കർഷകവൃത്തി, ചെറുവാണിജ്യസ്ഥാപനങ്ങൾ, പ്രതിസന്ധികൾ നേരിടുന്ന കുടിൽ വ്യവസായങ്ങൾ, ഏറെക്കുറേ അശാസ്ത്രീയമായ മൃഗപരിപാലനം, ശരാശരിയിലും താഴ്ന്ന ധനവിനിമയ നിരക്ക്, ധനകാര്യസ്ഥാപനങ്ങളിലെ നിക്ഷേപങ്ങളുടേയും അവിടെ നിന്നും ലഭിക്കുന്ന വായ്പകളുടേയും പരിമിതി എന്നീ ഘടകങ്ങളൊക്കെ നിരത്തി പരിശോധിച്ചാൽ ഈ പഞ്ചായത്തിന്റെ വളർച്ചാ നിരക്ക് സംസ്ഥാന ശരാശരിക്കൊപ്പം എത്തുന്നില്ലെന്നു കാണാം. ഈ അവസ്ഥയെ പൊതു സാഹചര്യങ്ങളുമായി താരതമ്യപ്പെടിത്തിക്കൊണ്ട് പഞ്ചായത്തിന്റെ വിഭവസാദ്ധ്യതകൾ വിലയിരുത്തേണ്ടതാണ്. ഗ്രാമസഭകളിലുയർന്നു വന്ന വികസന നിർദ്ദേശങ്ങൾ ക്രോഡീകരിച്ച് വിഭവാധിഷഠിതമായി ക്രമപ്പെടുത്തുമ്പോൾ ഇനിപറയുന്ന കാര്യങ്ങളിൽ ശ്രദ്ധയൂന്നണം.

1. പ്രാദേശിക വിഭവങ്ങളുടെ ലഭ്യതയും പരമാവധി ഉപയോഗവും
2. സമ്പൂർണ്ണ സ്വയം പര്യാപ്തത നേടൽ
3. ദുർബല വിഭഗങ്ങളുടെ വരുമാനത്തിലും ജീവിതനിലവാരത്തിലും ക്രമേണയുള്ള വർധനവ്
4. വിഭവങ്ങളുടേയും ഉല്പന്നങ്ങളുടേയും ആവർത്തന ഉപയോഗം; അതുവഴി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കൽ.

മേൽപ്പറഞ്ഞ ലക്ഷ്യങ്ങൾ നേടുന്നതിന് അനുഗുണമായ കർമ്മപദ്ധതികളാണ് നാം ആവിഷ്ക്കരിക്കുന്നത്. ഈ ഘട്ടത്തിൽ പരിഗണിക്കേണ്ടത് ഇവയാണ്.

1. വിഭവങ്ങൾ കണ്ടെത്തി അവയുടെ പ്രാധാന്യം നിർണ്ണയിക്കുക.
2. ആഴത്തിലുള്ള ശാസ്ത്രീയ അന്വേഷണങ്ങളിലൂടെ സാദ്ധ്യതകൾ തിരിച്ചറിയുക
3. വിഭവങ്ങളുടെ സാങ്കേതിക സാദ്ധ്യതകൾ കൂടി പരിഗണിച്ച് കർമ്മ പദ്ധതികൾ രൂപവൽക്കരിക്കുക

ആധികാരവികേന്ദ്രീകരണം ഫലവത്താകുന്നതോടേ കന്ദ്രീകൃത ഫണ്ടിൽ (സംസ്ഥാനഗവൺമെന്റ്) നിന്നുള്ള ധനാഗമം കുറയുകയോ ക്രമേണ ഇല്ലാതാകുകയോ ചെയ്യും. വുകസന കാര്യങ്ങൾ ആവിഷ്ക്കരിച്ച് ഫലപ്രദമായി നട

പ്പിലാക്കുന്നതിനുള്ള ഉത്തരവാദിത്വത്തോടൊപ്പം അതിനാവശ്യമായ വിഭവം കണ്ടെത്തി വിനിയോഗിക്കുന്നതിനുള്ള ബാദ്ധ്യതയും പ്രാദേശിക ഭരണ കൂടത്തിൽ വന്നു ചേരുകയാണ്. നിലവിൽ ഗവൺമെന്റിന്റെ വിവിധ പദ്ധതികളിൻമേലും നികുതി വിഹിതമായും പൊതു ഖജനാവിൽ നിന്നും ധനം ലഭിക്കുന്ന രീതിക്കു അടുത്ത പഞ്ചവത്സര പദ്ധതിക്കാലമാകുന്നതോടെ മാറ്റം വന്നേയ്ക്കാം. ഒരു രാഷ്ട്രത്തേയോ സംസ്ഥാനത്തേയോ ഒന്നായി കണക്കിലെടുത്തുകൊണ്ട് ഒരേ അച്ചിൽ വാർത്തെടുക്കുന്ന പദ്ധതികൾ പ്രാദേശിക സമൂഹത്തിന്റെ ആവശ്യകതയോ വിഭവലഭ്യതയോ കണക്കിലെടുക്കുന്നില്ല. അതിനാൽ തനതു വികസനാശയങ്ങൾ രൂപപ്പെടുത്തുകയും അതു നടപ്പിൽ വരുത്തുന്നതിനു തനതു വിഭവശേഷി കണ്ടെത്തി ചൂഷണം ചെയ്യുകയുമുണ്ടാകുമ്പോൾ മാത്രമാണ് സ്വയം പര്യാപ്തമായ ഒരു ഭരണ സംവിധാനം പഞ്ചായത്തിനുണ്ടാകുന്നത്.

കാർഷികോൽപ്പാദനത്തിന് ആവശ്യമായ വിഭവങ്ങളായ ഭൂപ്രകൃതി, സൂര്യതാപം, വെള്ളം എന്നീവിഭവങ്ങൾ നമുക്കുണ്ട്. കാർഷിക വിളകളുടെ ഉൽപാപാദക്ഷമത പലമടങ്ങു വർദ്ധിപ്പിക്കുവാൻ കഴിയണം. ഭൂമിക്കനുയോജ്യമായ വിളകൾ കണ്ടെത്തുക, ഭക്ഷ്യ- നാണ്യ വിളകളുടെ ഉല്പന്നങ്ങൾ ശാസ്ത്രീയമായി സംഭരിക്കുകയും സംസ്ക്കരിക്കുകയും ചെയ്യുക. അവയ്ക്ക് ഏറ്റവും നല്ല വിപണി കണ്ടുപിടിക്കുക ഇവയ്ക്കെല്ലാം ആവശ്യമായ സാങ്കേതിക സൗകര്യങ്ങൾ ചൂഷണം ചെയ്യുന്നതിനു ജനങ്ങളെ പ്രാപ്തരാക്കുക എന്നിവ വിഭവശേഷി മെച്ചപ്പെടുത്തുന്നതിനുള്ള അടിസ്ഥാന കാര്യങ്ങളാണ്. മനുഷ്യശേഷി ധാരാളവും ഭൂമി പരിമിതവും എന്ന അവസ്ഥയാണുള്ളത്. ഉൽപ്പാദനവും തൊഴിലും ഏറ്റവും കൂടുതൽ ലഭ്യമാക്കാവുന്ന തരത്തിൽ പദ്ധതികളാവിഷ്ക്കരിക്കണം.

പഞ്ചായത്തിന്റെ ധനാഗമനമാർഗ്ഗങ്ങളെ പൊതുവിൽ രണ്ടായി തിരിക്കാം. നികുതികൾ, കെട്ടിട-പാട്ടവാടക, ഫീസുകൾ, ലേലവരുമാനം എന്നിങ്ങനെയുള്ള തനതു വരുമാനവും കേന്ദ്രീകൃത ഖജനാവിൽ നിന്നുള്ള ഗ്രാന്റുകളും. ഇതിൽ തനതു വരുമാനംകുറവും ഗ്രാന്റുകൾ കൂടുതലും എന്നതാണ് ഇപ്പോഴത്തെ അവസ്ഥ.

പഞ്ചായത്തിലെ ദേശവൽകൃതബാങ്ക്ശാഖകളും സഹകരണ ബാങ്കും നൽകുന്ന വിവിധ കാർഷിക, വ്യാവസായികവായ്പകൾ പ്രത്യുല്പാദനപരമായി വിനിയോക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളോ ഉൾക്കാഴ്ച്ചയോ ഉപഭോക്താക്കൾ ആർജ്ജിച്ചിട്ടില്ലെന്നു കാണാവുന്നതാണ്. വിവിധ ധനകാര്യസ്ഥാപനങ്ങൾ 1994-95 വർഷം നൽകിയ കാർഷിക വ്യവസായിക വായ്പകളുടെ വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.

പ്രത്യുല്പ്പാദനപരമായ പദ്ധതികൾകൾക്കു തടസ്സം കൂടാതെ വായ്പകൾ ലഭ്യമാക്കാവുന്ന തരത്തിൽ ദേശവൽകൃതബാങ്കുകളുടെ വായ്പാനിക്ഷേപ അനുപാതത്തിൽ മാറ്റം വരുത്തേണ്ടതുണ്ട്. പ്രാദേശികമായി പ്രവർത്തിക്കുന്ന സഹകരണസ്ഥാപനങ്ങളിലെ നിക്ഷേപം കാര്യമായി വർദ്ധിപ്പിക്കുന്നതിനുള്ള സംഘടിത ശ്രമമാണു മറ്റൊരുമാർഗ്ഗം. സഹകരണ മേഖലയിലെ ധനകാര്യസ്ഥാപനങ്ങൾക്കാണ് വായ്പയിലൂന്നിയ വികസന പ്രക്രിയയിൽ മുഖ്യപങ്കുവഹിക്കാൻ കഴിയുക. എന്നാൽ സ്വന്തം വിഭവശേഷി വികസിപ്പിച്ചെടുക്കാൻ എന്തു ചെയ്യാൻ കഴിയും എന്നതായിരിക്കണം സ്വയംപര്യാപ്തത ലക്ഷ്യമിടുന്ന ഭരണകൂടത്തിന്റെ മുഖ്യലക്ഷ്യം. അതിനു നിർദ്ദേശിക്കുന്നതു ചുവടെ ചേർക്കുന്നവയാണ്.

മാനുഷികവിഭവശേഷി : പഞ്ചായത്തിലെ ജനസംഖ്യ 28746 ആണ്. (1991 ലെ പൊതു സെൻസസ്) ഇവരുടെ അദ്ധ്വാനശേഷി ഉപയോഗിക്കുന്നതിനുള്ള പദ്ധതികൾ പ്രത്യേകമായി ആവിഷ്ക്കരിക്കുന്നതോടൊപ്പം ഓരോ വാർഡിലെയും വികസന പ്രവർത്തനങ്ങളിൽ പ്രയോജനപ്പെടുത്തുന്നതിനുള്ള സംവിധാനവുമുണ്ടാ

ക്കണം. ഓരോ വാർഡിലും കുറഞ്ഞത് 200 പേർ അടങ്ങുന്ന വികസന സേനകൾ രൂപവൽക്കരിക്കണം. ആ പ്രദേശത്ത് പഞ്ചായത്തിന്റെ ധനം ഉപയോഗിച്ചു നടപ്പാക്കുന്ന കായികവും ബൗദ്ധികവുമായ വികസനജോലികൾ അവരെകൂട്ടായി ഏൽപ്പിച്ചുകൊണ്ട് പരമാവധി തൊഴിൽദിനങ്ങൾ സൃഷ്ടിക്കണം. ആവിഷ്ക്കരിച്ചു നടപ്പാക്കപ്പെടുന്ന ഓരോ പ്രവൃത്തിയുടേയും വേതനഘടകം അതു നടപ്പാക്കുന്ന വികസന സേനാംഗങ്ങൾക്ക് അവകാശപ്പെട്ടതായിരിക്കണം. കാർഷിക വികസനം, നീർത്തട വികസനം, പച്ചക്കറിയുല്പാദനം, സംഭരണം സംസ്ക്കരണം വിപണനം, റോഡുകളുടെയും പാതകളുടെയും നിർമ്മാണവും പരിപാലനവും, പൊതു സാമൂഹികാരോഗ്യം, അടിസ്ഥാന വിദ്യാഭ്യാസം എന്നീമേഖലകളിലൊക്കെ ഇപ്രകാരം കണ്ടെത്തുന്ന മാനവശേഷി വിനിയോഗിക്കാവുന്നതാണ്. പഞ്ചായത്തിലെ വികസന പ്രവർത്തനങ്ങൾക്കു വിനിയോഗിക്കാവുന്ന വിഭവത്തിന്റെ ഇരുപതു ശതമാനമെങ്കിലും ഇപ്രകാരം കണ്ടെത്താൻ കഴിഞ്ഞേയ്ക്കും.

## കൃഷി, ഭൂവിനിയോഗം

പഞ്ചായത്തിന്റെ പരിധിയിൽ 84.73 ഹെക്ടർ പുറമ്പോക്ക് ഭൂമിയുണ്ട്. ഈ ഭൂമിയിൽ കൃഷിക്ക് അനുയോജ്യമായ ഇടങ്ങളിൽ വികസന സേനയുടെ സേവനമുപയോഗിച്ച് കാർഷിക വിളകൾ ഉല്പാദിപ്പിക്കാവുനവന്നതാണ്. കൃഷിക്കനുയോജ്യമല്ലാത്ത ഇടങ്ങളിൽ പരിസ്ഥിതിക്കനുയോജ്യമായ കെട്ടിടങ്ങൾ നിർമ്മിച്ച് വനിതാ/ പട്ടികജാതി- പട്ടിക വർഗ്ഗക്ഷേമ സഹകരണ സംഘങ്ങൾക്കു ചെറു വ്യവസായങ്ങൾ നടത്തുന്നതിനായി വാടകയ്ക്കു നല്കാം.

## വ്യവസായം

ഈ പഞ്ചായത്തിൽ ഘന വ്യവസായങ്ങളില്ല. അതിനുള്ള സാദ്ധ്യതയും കുറവാണ്. പരിമിതമായ ഗ്രാനൈറ്റ്, ഇഷ്ടികമണ്ണ് എന്നിവ അസംസ്കൃത വസ്തുക്കളാക്കിയുള്ള വ്യവസായങ്ങൾ പരിസ്ഥിതി നാശം വരുത്തുമെന്നതിനാൽ പൊതുവെ സ്വീകാര്യവുമല്ല. കൈത്തറി, മെഴുകുതിരി നിർമ്മാണം, തീപെട്ടി നിർമ്മാണം ലഘു ഭക്ഷ്യ വിഭവ സംസ്കരണം എന്നിങ്ങനെയുള്ള കുടിൽ വ്യവസായങ്ങളെ പരാമവധി പ്രോത്സാഹിപ്പിക്കേണ്ടതാണെങ്കിലും അവ പഞ്ചായത്തിന്റെ ധനശേഷി പ്രത്യക്ഷത്തിൽ വർദ്ധിപ്പിക്കുന്നില്ല. പഞ്ചായത്തിന്റെ പൊതു സാഹചര്യം വെച്ചു പരിശോധിക്കുമ്പോൾ ഏറെ അഭികാമ്യമായിത്തോന്നുന്നത് കാർഷിക ബന്ധ വ്യവസായങ്ങളാണ്. ഭക്ഷ്യധാന്യ ഉൽപ്പാദനം പഞ്ചായത്തിൽ ഏറെക്കുറെയില്ലാതായിക്കൊണ്ടിരിക്കുന്നു. നാളികേരം, പാൽ, റബർ, പച്ചക്കറി, വാഴ എന്നിവയാണ് പ്രധാന കാർഷികോൽപ്പന്നങ്ങൾ ഇവയുടെ ഉല്പാദനം പരമാവധികൂട്ടി ഉല്പന്നങ്ങൾ ശേഖരിച്ചു സംസ്കരിച്ചു വിപണനം ചെയ്യുന്നതിനുള്ള വ്യാവസായിക കാഴ്ചപ്പാടു വളർത്തണം. ഉദാഹരണമായി റബ്ബറിന്റെ സംസ്കൃതോല്പന്നമായ ക്രേബ് റബ്ബർ ഉല്പാദിപ്പിക്കുന്നതിനുള്ള ഫാക്ടറി സ്ഥാപിക്കാവുന്നതാണ്. നാളികേരത്തിന്റെ ഉല്പന്നങ്ങളായി ടിന്നിലടച്ച തേങ്ങാപ്പാൽ, ക്രീം, വെളിച്ചെണ്ണ, ലഘുപാനീയം, ചിരട്ടയുൽപ്പന്നങ്ങൾ എന്നവയുടെ കുടിൽവ്യവസായങ്ങൾ പ്രോത്സാഹിപ്പിച്ച് കയറ്റുമതിയിലൂന്നിയ വിപണന ശ്രമം പൊതു മേഖലയിൽ നടത്താം. പച്ചക്കറിയും വാഴപ്പഴവും ധാരാളമായി ഉല്പാദിപ്പിച്ച് ആഭ്യന്തര വിപണിയിലും വിദേശവിപണിയിലും എത്തിക്കുന്നതിനും ഇതു പരിശ്രമം പൊതു ഉടമയിൽ പഞ്ചായത്തിനേറ്റെടുക്കാം. അതുപോലെ മാംസത്തിനായി മൃഗപരിപാലനം പ്രോത്സാഹിപ്പിക്കാം. സങ്കരയിനം ആടുകളേയും ശീമപ്പന്നികളേയും യൂണിറ്റടിസ്ഥാനത്തിൽ വളർത്തുന്നതിന് പദ്ധതിയാവിഷ്ക്കരിക്കാം. ഇങ്ങനെ വളർത്തുന്ന മൃഗങ്ങളെ വാങ്ങി സംസ്ക്കരിച്ചു വിപണയിലെത്തിക്കുന്നതിനുള്ള ഒരു വ്യവസായ സ്ഥാപനത്തിനും വൻ

സാദ്ധ്യതകളണുള്ളത്. തിരുവനന്തപുരത്ത് വികസിച്ചു വരുന്ന അന്താരാഷ്ട്ര വിമാനത്താവളവും വിഴിഞ്ഞത്തുവരാൻ പോകുന്ന വൻ വാണിജ്യ തുറമുഖവും ഇത്തരം ഉല്പന്നങ്ങളുടെ കയറ്റുമതി സാദ്ധ്യത പതിരമടങ്ങും വർദ്ധിപ്പിക്കും. ലാഭകരമായും പരിസ്ഥിതി മലിനീകരണം ഒഴിവാക്കിയും നടപ്പിലാക്കാൻ കഴിയുന്ന ഇത്തരം വ്യവസായങ്ങളിൽ ശ്രദ്ധയൂന്നുകവഴി അനേകം ആളുകൾക്കു പ്രത്യക്ഷമായും പരോക്ഷമായും തൊഴിൽ നല്കാൻ കഴിയും.

കെട്ടിട നിർമ്മാണ മേഖല ഈ പഞ്ചായത്തിൽ സജീവമാണ്. ഏർപ്പാടുകാരാൽ പൂരിതമായിരിക്കുന്നു തിരുവനന്തപുരം നഗരത്തിൽ നിന്നും ഒട്ടേറെ ഇടത്തരക്കാർ ഇവിടേക്കു തള്ളിക്കയറി വാസമുറപ്പിച്ചു കൊണ്ടിരിക്കുന്നു. ബഹു നില മന്ദിരങ്ങളും ഫ്ളാറ്റുകളും പണിയുന്ന ഏർപ്പാടുകളിലും ചില വൻകിട നിർമ്മാതാക്കൾ ഏർപ്പെടാൻ പോകുന്നു. അശാസ്ത്രീയവും അനിയത്രിതവുമായ കെട്ടിട നിർമ്മാണ പ്രക്രിയ ഗ്രാമത്തിന്റെ കാർഷിക സ്വഭാവത്തെ മാറ്റിമറിക്കും. ഗ്രാമീണ പാതകൾ ധാരാളമായി ഉണ്ടായി ക്കൊണ്ടിരിക്കുന്നതിനാൽ കൃഷി ഭൂമികളിലെ കെട്ടിട നിർമ്മാണവും പെരുകി വരുന്നു. ഇതു നിയന്ത്രിക്കുന്നതോടൊപ്പം നിർമ്മിക്കപ്പെടുന്ന കെട്ടിടങ്ങൾ പരിസ്ഥിതിക്കനുയോജ്യമായിരിക്കണം എന്ന് നിഷ്ക്കർഷിക്കേണ്ടതുണ്ട്. ഇതിനായി പഞ്ചായത്തുടമയിൽ ഒരു നിർമ്മിതി കേന്ദ്രം ആരംഭിക്കാം. ചെലവു കുറഞ്ഞ കെട്ടിട നിർമ്മണ സാമഗ്രികൾ ഉൽപ്പാദിപ്പിക്കുക, ഭാവിയിൽ ധാരാളം വിപണന സാധ്യതയുള്ള റബ്ബർ തടി സംസ്ക്കരണത്തിനായി ഒരു കേന്ദ്രം സ്ഥാപിക്കുക എന്നിവകൂടി എറ്റെടുക്കാം. ലാഭകരവും മലിനീകരണ വിമുക്തവുമായ ഈ വ്യവസായം പഞ്ചായത്തിന്റെ ധനശേഷിക്ക് ഒരു മുതൽ കൂട്ടായിരിക്കും. പൊതു മേഖലയിൽ ഏറ്റെടുക്കുന്ന ഇത്തരം വ്യവസായ സംരംഭങ്ങൾക്കു വേണ്ടുന്ന ധന സഹായത്തിനായി ദേശീയ കാർഷിക വികസന ബാങ്കിനെയും ദേശീയ വ്യവസായ വികസന ബാങ്കിനെയും സമീപിക്കാവുന്നതാണ്.

## മറ്റു വരുമാന സാദ്ധ്യതകൾ

നികുതി വരുമാനം പഞ്ചായത്തിന്റെ പ്രധാന വരുമാനമാണിപ്പോൾ. താഴ്ന്ന വരുമാനക്കാരും ഇടത്തരക്കാരും നല്കേണ്ടി വരുന്ന നികുതി ഇടയ്ക്കിടെ വർദ്ധിപ്പിച്ച് വരുമാനം കൂട്ടുന്ന രീതി പൊതുവെ വിമർശന വിധേയമാണ്. ബഹുനില മന്ദിരങ്ങൾ, ആഡംബര ഭവനങ്ങൾ, വാങ്ങി വാണിജ്യ സ്ഥാപനങ്ങൾക്കായി വാടകയ്ക്കു നല്കിയിരിക്കുന്ന കെട്ടിടങ്ങൾ, സ്വകാര്യ റോഡുകൾ, ഗസ്റ്റ് ഹൗസുകൾ, വൻതുക ഫീസുവാങ്ങി പഠിപ്പിക്കുന്ന സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയിന്മേൽ കാലോചിതമായ നികുതി ചുമത്തണം. ഒരു നിശ്ചിത തുകയ്ക്ക്മേൽ ചെലവഴിച്ച് സ്വകാര്യ വ്യക്തികൾ നടത്തുന്ന വിവാഹമുൾപ്പടെയുള്ള ആഘോഷങ്ങൾക്കും നികുതിചുമത്തണം. നികുതി സ്രോതസ്സുകൾ കൃത്യമായി തിട്ടപ്പെടുത്തി വസൂലാക്കുന്നതിനുള്ള സംവിധാനം ചിട്ടപ്പെടുത്തണം. നിലവിലുള്ള നികുതികൾ കാലാനുസൃ തമായി പരിഷ്ക്കരിക്കുന്നതിനും നടപടിയുണ്ടാകണം.

## സാമൂഹ്യക്ഷേമ-ദുരിതാശ്വാസ പ്രവർത്തനങ്ങൾ

ഈ ഇനത്തിൽ ആവശ്യമായി വരുന്ന തുക പ്രത്യേകമായി കണ്ടെത്തുന്നതിന് എല്ലാ വാർഡുകളിലും വികസന നിധി രൂപവൽക്കരിക്കണം. വ്യക്തികൾ നടത്തുന്ന ക്രയവിക്രയങ്ങളുടെ ലാഭവിഹിതത്തിൽ ഒരു ചെറിയ പങ്ക്, വ്യക്തികളിൽ നിന്നോ സ്ഥാപനങ്ങളിൽ നിന്നുള്ള സംഭാവനകൾ ഒക്കെ സ്വീകരിക്കാവുന്ന തരത്തിലും ഇങ്ങനെ ലഭിക്കുന്ന ധനം യഥാവിധി വിനിയോഗിക്കുന്നതിനും ഉപയുക്തമായ നിയമാവലി തയ്യാറാക്കണം. നിർദ്ധനരും

അവശത അനുഭവിക്കുന്നവരുമായ ഗ്രാമവാസികൾക്ക് ചെറിയ സാമ്പത്തിക വായ്പാ സഹായങ്ങൾ ചെയ്യാൻ ഇതു വഴി കഴിയും.

## ധനവിനിയോഗം

എല്ലാ വിഭവങ്ങളും ജനങ്ങളാണ് സൃഷ്ടിക്കുന്നത്. ഓരോ തലത്തിലുള്ള പ്രവർത്തനത്തിനും ആ തലത്തിൽ തന്നെ കഴിയുന്നത്ര വിഭാവം സമാഹരിക്കണം. ധനസമാഗഹരണം പോലെ കുറ്റമറ്റ ധനവിനിയോഗവും പരമപ്രധാനമാണ്. കഴിഞ്ഞ നാലു വാർഷിക പദ്ധതിക്കാലത്ത് പഞ്ചായത്തു സംമാഹരിച്ച തനതു വിഭവവും ഗ്രാന്റ് ഇനത്തിൽ കിട്ടിയതുമായ മൊത്തം വരുമാനത്തിന്റെ വിവരം പട്ടികയായി നല്കിയിട്ടുണ്ട്

എപ്പോഴാണ് ഭാരതം പൂർണ്ണ സ്വാതന്ത്ര്യം നേടുക എന്ന ചോദ്യത്തിന് ഗാന്ധിജി നല്കിയ ഉത്തരം ശ്രദ്ധേയമാണ്. "സ്വന്തം ശ്രമം കൊണ്ട് തങ്ങളുടെ സ്ഥിതിക്കു മാറ്റം വരുത്താമെന്ന് എപ്പോൾ ജനസാമാന്യത്തിന് തോന്നന്നുവോ, അപ്പോൾ മാത്രം." അധികാരം ജനങ്ങൾക്കു ലഭിച്ചു കഴിഞ്ഞു. അധികാരലബ്ധി വികസനത്തിനും സ്വയം പര്യാപ്തതയ്ക്കുമുള്ള ഉപാധിമാത്രം. കറയറ്റ ശ്രമം ഒന്നുമാത്രമാണ് ഉറച്ച നിലനില്പിന്നാധാരം.

## വരവ് സംബന്ധിച്ച വിവരങ്ങൾ (1995-96)
**Ref. C, B**

| ഇനം<br>1 | ധനാഭ്യർത്ഥന<br>2 | പിരിച്ചത്<br>3 | ബാക്കി<br>4 |
|---|---|---|---|
| കെട്ടിട നികുതി | 2,24,138.00 | 2,24,138.00 | Nil |
| സർവ്വീസ് ചാർജ്ജ് | Nil | Nil | Nil |
| തൊഴിൽ നികുതി | 1,37,131.00 | 1,37,131.00 | Nil |
| വാഹന നികുതി | Nil | Nil | Nil |
| വിനോദ നികുതി | 19,700.00 | 19,700.00 | Nil |
| അഡി. വിനോദ നികുതി | 11,820.00 | 11,820.00 | Nil |
| പ്രദർശന നികുതി | 3,280.00 | 3,280.00 | Nil |
| പ്രദർശന നികുതിയിന്മേലുള്ള സർചാർജ്ജ് | 820.00 | 820.00 | Nil |
| ചന്തവരവ് | 26,117.00 | 26,117.00 | Nil |
| ലാന്റ് സെസ്സ് | Nil | Nil | Nil |
| ലൈസൻസ് ഫീസ് | 4,209.00 | 4,209.00 | Nil |
| കെട്ടിട നികുതി സർച്ചാർജ്ജ് | Nil | Nil | Nil |
| വസ്തു കൈമാറ്റ നികുതി 75% | 2,35,176.00 | 2,35,176.00 | Nil |
| വസ്തു കൈമാറ്റ നികുതി 25% | 20,736.00 | 20,736.00 | Nil |
| സർക്കാർ ഗ്രാന്റുകളും മറ്റും ഒഴികെയുള്ള മറ്റു വരവുകളും United fund | 2,00,900.00 | 2,00,900.00 | Nil |
| സംഭാവന | Nil | Nil | Nil |
| ഡെപ്പോസിറ്റ് | 200.00 | 200.00 | Nil |
| മറ്റുള്ളവ | 77,240.00 | 77,240.00 | Nil |
| **ആകെ** | **9,61,467.00** | **9,61,467.00** | **Nil** |

## ചെലവ് സംബന്ധിച്ച വിവരങ്ങൾ

**Ref. C, B. (1995-96)**

| ഇനം | തുക |
|---|---|
| ഭരണം | 560514.00 |
| പൊതുമരാമത്ത് | 450244.00 |
| വിദ്യാഭ്യാസം | NIL |
| ജലവിതരണം, ഓടകൾ, പൊതുജനാരോഗ്യം | 16342.00 |
| തെരുവു വിളക്കുകൾ കത്തിക്കുന്നത് | 142569.00 |
| മറ്റുള്ളവ | 72965.50 |
| ആകെ | 1242634.50 |

### 1.25 പൊതു സാമ്പത്തിക നില Ref. B

| | പൊതുകണക്ക് | മൂലധനകണക്ക് | കടം സംബന്ധിച്ച കണക്ക് |
|---|---|---|---|
| 1 | 2 | 3 | 4 |
| വരവ് | 230300 | 2750000 | 101000 |
| ചെലവ് | 1261500 | 2750000 | 101000 |

| (b) പഞ്ചായത്തിലെ മൊത്തം കെട്ടിടങ്ങളുടെ എണ്ണം | 1991-92 | 1992-93 | 1993-94 | 1994-95 | 1995-96 |
|---|---|---|---|---|---|
| | | | | | 87.48 |



## ലേല വരുമാനം സംബന്ധിച്ച വിവരങ്ങൾ

**Ref.** ലേല രജിസ്റ്റർ

| ചന്ത | സ്റ്റാൾ | ചവറ് | പട്ട മരങ്ങൾ | ഫലവൃക്ഷങ്ങൾ | ഷോപ്പിംഗ് കോംപ്ലെക്സ്/ കടകൾ | മറ്റുള്ളവ | ആകെ |
|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 |
| 1. സർവ്വീസ് സഹകരണ ബാങ്കു വക (പാലോട്ടുവിള)<br>2. രേണുകാദേവി, ശ്രീഭവൻ, ശാസ്തമംഗലം (മേപ്പൂക്കട)<br>3. കൃഷ്ണൻനായർ, ഭാസ്ക്കരമന്ദിരം, മച്ചേൽ (മച്ചേൽ) | NIL | NIL | NIL | NIL | NIL | NIL | NIL |

## പഞ്ചായത്ത് രാജ് നിയമപ്രകാരം മറ്റു വകുപ്പുകളിൽ നിന്നും അനുവദിച്ച തുക സംബന്ധിച്ച വിവരങ്ങൾ

Ref. Q

| വകുപ്പ് | തുക | | ആകെ |
|---|---|---|---|
| | പദ്ധതി വിഹിതം | പദ്ധതിയേതര വിഹിതം | |
| മൃഗസംരക്ഷണം | ഇല്ല | 2,500/- | 2,500/- |
| ആരോഗ്യം | 6,900/- | 74,725/- | 81,625/- |
| കൃഷി | 2,72,480/- | ഇല്ല | 2,72,480/- |
| ഹോമിയോ | ഇല്ല | 100.00 | 100.00 |
| പി. ഡബ്ല്യു. ഡി. | ഇല്ല | ഇല്ല | ഇല്ല |
| ഡയറി എക്സ്റ്റൻഷൻ | 30,870/- | 4,360/- | 35,230/- |
| ഹരിജന ക്ഷേമം | ഇല്ല | ഇല്ല | ഇല്ല |
| വിധവ പെൻഷൻ | 58,320/- | ഇല്ല | 58,320/- |
| വിധവയുടെ മക്കൾക്ക് കല്യാണ സഹായം | 4,000/- | ഇല്ല | 4,000/- |
| വാർദ്ധക്യകാലപെൻഷൻ | 29,480/- | ഇല്ല | 29,480/- |
| ആകെ | 4,02,050/- | 81,685/- | 4,83,735/- |



ഗ്രാന്റ് വിവരങ്ങൾ

**Ref.** ഗ്രാന്റ് രജിസ്റ്ററും, സ്പെഷ്യൽ ഗ്രാന്റ് രജിസ്റ്ററും

| | | | അടിസ്ഥാന നികുതി | | | | | |
|---|---|---|---|---|---|---|---|---|
| VRM<br>രൂപ | MI<br>രൂപ | VTC<br>രൂപ | 25%<br>രൂപ | 75%<br>രൂപ | Spl. Grant<br>രൂപ | YRY<br>രൂപ | Untide Fund<br>രൂപ | ആകെ<br>രൂപ |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 |
| ഇല്ല | ഇല്ല | ഇല്ല | ഇല്ല | 20736.00 | ഇല്ല | 116300.00 | ജനറൽ- 200900.00<br>S.C.P. - 127390.00<br>328290.00 | 465326.00 |

## ലൈസൻസ് ഫീസ് സംബന്ധിച്ച വിവരങ്ങൾ

**Ref. R**

| വാർഡ് | സ്ഥാപനങ്ങളുടെ എണ്ണം | | | | | ആകെ ഫീസ് |
|---|---|---|---|---|---|---|
| | വ്യവസായം വ്യാപാരം | ഹോട്ടലുകൾ | സാധാരണ കടകൾ | മറ്റുള്ളവ | ആകെ | |
| 1 | 2 | 3 | 4 | 5 | 6 | 7 |
| I | — | 4 | 14 | 10 | 28 | 722 |
| II | — | 3 | 34 | 3 | 40 | 845 |
| III | — | 2 | 23 | 7 | 32 | 728 |
| IV | — | 1 | 8 | 2 | 11 | 200 |
| V | 1 സാമിൽ | 5 | 12 | 5 | 23 | 545 |
| VI | — | — | 4 | — | 4 | 80 |
| VII | — | — | — | — | — | — |
| VIII | — | — | 4 | — | 4 | 85 |
| IX | — | — | 3 | — | 3 | 55 |
| X | — | — | 8 | 2 | 10 | 230 |
| XI | 1 തീപ്പെട്ടി കോൽ | 1 | 8 | 2 | 12 | 255 |
| XII | — | — | — | — | — | — |
| ആകെ | 2 | 16 | 118 | 31 | 167 | 3745 |

| വാർഡ് | കെട്ടിടങ്ങളുടെ എണ്ണം | ഒന്നിൽക്കൂടുതൽ നിലയുള്ള കെട്ടിടങ്ങളുടെ എണ്ണം | മേൽപ്പുരയുടെ സ്വഭാവം — ഒരു നിലയുള്ള കെട്ടിടങ്ങൾ | | | | വിവിധ ഭവന നിർമ്മാണ പദ്ധതികളിലൂടെ നിർമ്മിച്ച വീടുകളുടെ എണ്ണം |
|---|---|---|---|---|---|---|---|
| | | | കോൺക്രീറ്റ് | ഓട് | ഓല | മറ്റുള്ളവ | |
| I | 611 | 4 | 114 | 276 | 174 | 15 | 28 |
| II | 622 | 7 | 65 | 198 | 268 | 70 | 14 |
| III | 799 | 9 | 209 | 177 | 351 | 26 | 27 |
| IV | 1035 | 6 | 308 | 270 | 363 | 40 | 48 |
| V | 845 | 4 | 70 | 225 | 510 | 24 | 12 |
| VI | 825 | 6 | 100 | 264 | 372 | 35 | 48 |
| VII | 585 | 5 | 75 | 276 | 215 | 8 | 6 |
| VIII | 509 | 3 | 42 | 171 | 202 | 40 | 51 |
| IX | 747 | 4 | 103 | 248 | 331 | 20 | 41 |
| X | 680 | 4 | 82 | 166 | 312 | 16 | 29 |
| XI | 851 | 6 | 178 | 311 | 330 | 7 | 19 |
| XII | 889 | 15 | 133 | 369 | 339 | 20 | 13 |
| ആകെ | 8927 | 73 | 1479 | 2951 | 3767 | 321 | 336 |

## മലയിൻകീഴ് ഗ്രാമപഞ്ചായത്ത്

### പതിച്ചു കൊടുക്കാവുന്ന ഭൂമി സംബന്ധിച്ച വിവരങ്ങൾ

| വില്ലേജിന്റെ പേര് | വിസ്തീർണ്ണം (ഹെക്ടറിൽ) | | | | | | | സ്ഥാവര വസ്തുക്കളുടെ വിവരം | റിമാർക്ക് |
|---|---|---|---|---|---|---|---|---|---|
| | പുരയിടം | | | | | | | | |
| | ഹെ | ആർ | ച. മീ. | നിലം | തരിശ് | മറ്റുള്ളവ | ആകെ | | |
| മലയിൻകീഴ് Block No. 6 | — | 38 | 60 | — | — | — | 38-60 | | കാടു പുറമ്പോക്ക് |
| Block No. 7 | — | — | — | — | — | — | — | — | — |
| ആകെ | — | 38 | 60 | — | — | — | — | — | — |



### പൊതുമരാമത്ത് പണിസംബന്ധിച്ച വിവരങ്ങൾ Ref. Work Bill Register

| പണിയുടെ സ്വഭാവം | എസ്റ്റിമേറ്റ് തുക | യഥാർത്ഥ ചെലവ് | | |
|---|---|---|---|---|
| | | ഗ്രാന്റ് തുക | പഞ്ചാ. ഫണ്ട് | ആകെ |
| റോഡ് | 3,00,000/- | 2,91,459.00 | — | 2,91,459.00 |
| തോട് | — | — | — | — |
| കെട്ടിടം | — | — | — | — |
| നടപ്പാലം | — | — | — | — |
| മറ്റുള്ളവ | — | — | — | — |
| ആകെ | 3,00,000/- | 2,91,459.00 | — | 2,91,459.00 |

# ഇതൊരു തുടക്കം മാത്രം

സാമൂഹ്യസാംസ്കാരിക രംഗങ്ങളിൽ വിവിധങ്ങളായ പ്രവർത്തന പാരമ്പര്യമവകാശപ്പെടാനുള്ള അർഹത നമ്മുടെ പഞ്ചായത്തിന്റെ ഒരു സവിശേഷത തന്നെയാണ്. എല്ലാ ജനവിഭാഗങ്ങൾ തമ്മിലുമുള്ള ഈ സൗഹൃദം, ജാതി-മത-കക്ഷിരാഷ്ടീയത്തിനതീതമായ ഈ കൂട്ടായ്മ, നമ്മുടെ പഞ്ചായത്തിലെ ജനകീയസൂത്രണ പദ്ധതി പ്രവർത്തനങ്ങളുടെ വിജയത്തിന് ആവേശമരുളുന്നു. സമൂഹത്തിന്റെ പ്രതിബദ്ധതയും പ്രവർത്തന ശേഷിയും ഉണർന്നിരിക്കുന്നു. ഈ ഗ്രാമത്തിന്റെ സർവ്വതോന്മുഖമായ് മാറ്റത്തിനും മുന്നേറ്റത്തിനും മഹത്തായ സംഭാവനകളർപ്പിക്കാൻ ഈ ആവേശത്തിനും ഉണർവ്വിനും കഴിയും. വിശ്വാസ്യതപുലർത്തി അർപ്പണബോധത്തോടെ ലക്ഷ്യപ്രാപ്തിക്കായി നമുക്ക് ഒത്തൊരുമിച്ച് പ്രവർത്തിക്കാം. ഇവിടെ നിന്നാകട്ടെ തുടക്കം.

മലയിൻകീഴ് ഗ്രമപഞ്ചായത്തിന് വേണ്ടി

സ്നേഹാദരപൂർവ്വം

**അനിത**

*പ്രസിഡന്റ്*

നമ്മുടെ പഞ്ചായത്തിന്റെ ഭൂപ്രകൃതിയെയും മറ്റു വിവരങ്ങളെയും സംബന്ധിച്ച് ഈ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിട്ടുള്ള കാര്യങ്ങൾ സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസിലെ ശാസ്ത്രജ്ഞന്മാരായ ശ്രീ. ജെ. ബാലസുബ്രഹ്മണ്യം, ഡോ. വി. നന്ദകുമാർ എന്നിവർ ശാസ്ത്രീയമായി അവലോകനം ചെയ്ത് അംഗീകരിച്ചിട്ടുള്ളതാകുന്നു.

## സന്ദർശക ഡയറിയിൽ നിന്ന്

[illegible] day in my life of 92 years. Here the foundations of a new India are being built. God and Gandhiji will bless your efforts. Make sure not one child goes without food even for a day.

L C Jain

29 Nov 1996

Milap Vatika
19C, Block UA
Jawahar Nagar, Delhi-7



ദേശീയ പ്ലാനിംഗ് ബോർഡ് അംഗം ഡോക്ടർ ജയിൻ



പഞ്ചായത്തിന്റെ ചരിത്രാന്വേഷണത്തിനുവേണ്ടി ചേർന്ന കാരണവർമ്മാരുടെ യോഗത്തിൽ ദേശീയ പ്ലാനിംഗ് ബോർഡ് അംഗം ഡോ. ജയിൻ



പഞ്ചായത്ത് ജീവനക്കാർ



വികസന റിപ്പോർട്ട് എഴുതി തയ്യാറാക്കിയ ഡി. ആർ. പി. കൗൺസിൽ